## അല്ലാഹുവിന്റെ വചനം

هُوَالَّذِیۡۤ اَرۡسَلَ رَسُوۡلَہٗ بِالۡہُدٰی وَدِیۡنِ الۡحَقِّ لِیُظۡہِرَہٗ عَلَی الدِّیۡنِ کُلِّہٖ ۙ وَلَوۡ کَرِہَ الۡمُشۡرِکُوۡنَ (الصّف:10)

'തന്റെ ദൂതനെ നേർമാർഗത്തോടും സത്യമതത്തോടും കൂടി അയച്ചവനത്രെ അവൻ; അദ്ദേഹം അതിനെ എല്ലാ മതങ്ങളുടേയുംമേൽ വിജയിപ്പിക്കുന്നതിനു വേണ്ടി; ബഹുദൈവവിശ്വാസികൾ വെറുത്താലും ശരി.' (61:10)


بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 8

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 5-6

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2023 ഫെബ്രുവരി 2–9 /ഹി.ശം. 1402 തബ്‌ലീഗ് 2–9/ ഹിജ്റ 1444 റജബ് 10–17


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹു തആല ബിനസ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയ വും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ മഹത്തായ പ്രവചനം

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"**ബി ഇൽഹാമില്ലാഹി തആലാ വ ഇഅ്‌ലാമിഹി അസ്സവജല്ല** റഹീമും കരീമും വലിയവനും അതിശ്രേഷ്ഠനും അവൻ എല്ലാ വസ്തുക്കളുടെമേലും സർവശക്തനാണ്(**ജല്ല ശാനുഹൂ വ അസ്സസ്മുഹൂ**)എന്നെ തന്റെ ഇൽഹാമുകൊണ്ട് സംബോധന ചെയ്ത് പറഞ്ഞു: "ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നല്കുന്നു. നീ എന്നോടു ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർഥനകൾക്ക് സ്വീകാരം നല്കുകയും നിന്റെ യാത്ര(ലുധിയാന, ഹോശിയാർപൂർ യാത്ര) അനുഗ്രഹകരമാക്കുകയും ചെയ്തിരിക്കുന്നു. അത്ഭുതശക്തിയുടേയും ഔദാര്യത്തിന്റേയും സായൂജ്യത്തിന്റേയും അടയാളം നിനക്കു നല്കുന്നു. വരപ്രസാദത്തിന്റേയും അനുഗ്രഹവായ്പിന്റേയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്ക് കരസ്ഥമാകുകയാണ്. അല്ലയോ ജയശാലീ! നിനക്കു സമാധാനം! ജീവിതത്തെ ആഗ്രഹിക്കുന്നവർക്ക് മരണത്തിന്റെ പിടിയിൽനിന്ന് രക്ഷലഭിക്കാനും ഖബ്റുകളിൽ മറവു ചെയ്യപ്പെട്ടവർ പുറത്തുവരുമാറാകാനും ഇസ്‌ലാം മതത്തിന്റെ മേന്മയും ദൈവ വചനത്തിന്റെ പെരിമയും ജനങ്ങൾക്കു വെളിപ്പെടുന്നതിനും ഞാൻ സർവശക്തനും ഇച്ഛിക്കുന്നത് ചെയ്യുന്നവനുമാണെന്ന് ലോകത്തിന് മനസ്സിലാകുന്നതിനും ഞാൻ നിന്നോടൊപ്പമാണെന്ന് അവർക്കു ദൃഢബോധ്യം വരുന്നതിനും ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തേയും ഗ്രന്ഥത്തേയും പരിശുദ്ധ പ്രവാചകൻ മുഹമ്മദു മുസ്തഫാ(സ)യേയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും കുറ്റവാളികളുടെ മാർഗം വെളിപ്പെടുമാറാകുന്നതിനുംവേണ്ടിയത്രെ ഇപ്രകാരം പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് നിനക്കു സുവിശേഷമായിരിക്കട്ടെ!

പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നല്കപ്പെടും. ഒരു പാവനപുത്രൻ നിനക്കു ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽനിന്നും നിന്റെ സന്തതിയിൽനിന്നുമുള്ളവൻ തന്നെയായിരിക്കും.

സുന്ദരനായ പരിശുദ്ധ സുതൻ. നിന്റെ വിരുന്നുകാരൻ ഇതാ വരുന്നു. അവന്റെ പേര് **അൻമവാഈൽ** എന്നും ബശീർ എന്നുമാണ്. അവന് പാവനമായ ആത്മാവും നല്കപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽനിന്നെല്ലാം അതീതനായിരിക്കും. അവൻ **നൂറുല്ലാഹ്**(ദൈവത്തിന്റെ പ്രഭ) ആയിരിക്കും. ആകാശത്തുനിന്ന് വരുന്നവൻ അനുഗൃഹീതൻ.

അവന്റെ വരവോടുകൂടി വരുന്നവനോടൊപ്പം അനുഗ്രഹമുണ്ട്. അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യമുള്ളവനുമായിരിക്കും. അവൻ ലോകത്തുവന്ന് തന്റെ മസീഹിഗുണവും റൂഹുൽഹഖ്ഖിന്റെ (സത്യത്തിന്റെ ആത്മാവ്)അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ **കലിമത്തുല്ലാഹ്**(അല്ലാഹുവിന്റെ വചനം)ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹം അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും.(ഇതിന്റെ അർഥം മനസ്സിലായിട്ടില്ല). തിങ്കളാഴ്ച അനുഗ്രഹപൂർണമായ തിങ്കളാഴ്ച. വാത്സല്യപുത്രൻ. മഹാഭാഗ്യവാനായുള്ളവൻ. **മള്ഹറുൽ അവ്വലി വൽആഖിരി– മള്ഹറുൽ ഹഖ്ഖി വൽ അലാഇ– കഅന്നല്ലാഹ നസല മിനസ്സമാഇ** ആദ്യന്തരഹിതനായ അല്ലാഹു പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റേയും ഔന്നത്യത്തിന്റേയും നിലയനവുമായുള്ളവൻ; അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിയതുപോലെ. അവന്റെ ആവിർഭാവം എത്രയും അനുഗൃഹീതവും ദൈവത്തിന്റെ പ്രതാപം വെളിപ്പെടുന്നതിന് കാരണവുമായിരിക്കും. ഏതൊരുവനെ അല്ലാഹു തന്റെ അഭീഷ്ടമാകുന്ന പരിമളംകൊണ്ട് പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രതാപശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലയ്ക്കുമീതെ അല്ലാഹുവിന്റെ നിഴലുണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നു വരികയും ബന്ധനസ്ഥരുടെ മോചനത്തിന് കാരണമാകുകയും ചെയ്യും. ഭൂമിയുടെ മുക്കിലും മൂലയിലും അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവനിൽനിന്ന് അനുഗ്രഹം കൈക്കൊള്ളും. അനന്തരം അവൻ സ്വർഗത്തിൽ തനിയ്ക്കുള്ള സ്ഥാനത്തേക്ക് കരേറ്റപ്പെടും. **വകാന അംറൻമ്മഖ്ളിയ്യൻ** ഇതു വിധിച്ചുപോയ കാര്യമാകുന്നു."

**(മജ്മൂഅ ഇശ്തിഹാറാത്ത്, വാല്യം 1, പേജ് 100, ഇശ്തിഹാർ 1886 ഫെബ്രുവരി 20)**


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَآ اِلٰہَ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہِ

# വസ്വിയ്യത്തിന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും

## സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ പ്രത്യേക അനുമതിയോടും കല്പനയോടുംകൂടി 1905-ൽ വസ്വിയ്യത്ത് വ്യവസ്ഥിതിക്ക് അടിത്തറയിട്ടു; അദ്ദേഹം അൽവസ്വിയ്യത്ത് എന്ന കൃതി രചിച്ചപ്പോൾ. അദ്ദേഹം അല്ലാഹുവിന്റെ കല്പനയാൽ, ജമാഅത്തിന്റെ നല്ലവരും പരിശുദ്ധരും മുത്തഖികളുമായവർക്ക് അന്ത്യവിശ്രമത്തിനുള്ള ഒരു ഖബർസ്ഥാനമുണ്ടാക്കുകയും അതിൽ ഖബറടക്കുന്നതിന് ഈ നിബന്ധന വെക്കുകയും ചെയ്തു;"അത്തരം വ്യക്തി തന്റെ വരുമാനത്തിന്റെ പത്തിലൊരുഭാഗം ഇസ്‌ലാമിന്റെ പ്രബോധനത്തിനും പ്രചാരണത്തിനുംവേണ്ടി നല്കുക. മരിച്ചതിനുശേഷം തന്റെ മൊത്തം സ്വത്തിന്റെ- അത് കുറച്ചോ കൂടുതലോ ആണെങ്കിൽത്തന്നെയും പത്തിലൊരു ഭാഗം വസ്വിയ്യത്ത് ചെയ്യുക." ഈ ഖബർസ്ഥാനിന്റെ പേര് ബിഹിശ്തി മഖ്ബറ എന്നാണെന്ന് അല്ലാഹു അദ്ദേഹത്തിനോടു പറഞ്ഞു.

ബിഹിശ്തി മഖ്ബറയിൽ ഖബറടക്കപ്പെടുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉപര്യുക്ത നിബന്ധനകൾ വെച്ചു. ഇത് എങ്ങനെയുള്ള ത്യാഗമാണെന്നാൽ ഇസ്‌ലാമിനുവേണ്ടി ഇത്ര വലിയ ത്യാഗം ചെയ്യുന്നയാൾ തീർച്ചയായും സ്വർഗവാസിയായിരിക്കുമെന്ന് നമ്മൾ വിശ്വസിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ഖബർസ്ഥാനും ഇതിൽ മറയടക്കപ്പെടുന്നവർക്കുംവേണ്ടി ധാരാളം ദുആകളും ചെയ്തു.അവിടന്ന് പറയുന്നു:

✹ഞാൻ ദുആചെയ്യുകയാണ്. അല്ലാഹുവേ! ഇതിൽ അനുഗ്രഹം ചൊരിയേണമേ. ഇതിനെ ബിഹിശ്തി മഖ്ബറയാക്കേണമേ. ഇതിനെ യഥാർഥത്തിൽ ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചവരും ദുൻയാവിനോടുള്ള സ്നേഹം ഉപേക്ഷിച്ചവരും നിന്റേതായി തീർന്നവരും തങ്ങളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കിയവരും നബി(സ)തിരുമേനിയുടെ സ്വഹാബിമാരെപ്പോലെ വിശ്വസ്തതയുടേയും സത്യസന്ധതയുടേയും മാതൃക കാണിച്ചവരുമായ ഈ ജമാഅത്തിലെ പരിശുദ്ധാത്മാക്കളുടെ ശയനഗൃഹമാക്കിത്തീർക്കേണമേ. ആമീൻ യാ റബ്ബൽആലമീൻ.

✹ വീണ്ടും ഞാൻ ദുആ ചെയ്യുന്നു. സർവശക്തനായ എന്റെ അല്ലാഹുവേ!ഈ സ്ഥലത്തെ യഥാർത്ഥിൽ നിന്റേതു മാത്രമായിത്തീരുകയും പ്രവർത്തനങ്ങളിൽ തങ്ങളുടെ ഭൗതികോദ്ദേശ്യങ്ങൾ കലരാതിരിക്കുകയും ചെയ്ത എന്റെ ജമാഅത്തിൽപ്പെട്ട ആ പരിശുദ്ധാത്മാക്കളുടെ ഖബറിടമാക്കിത്തീർക്കേണമേ. ആമീൻ യാ റബ്ബൽആലമീൻ.

✹മൂന്നാമതും ഞാൻ ദുആ ചെയ്യുന്നു. സർവശക്തനും ഉദാരനുമായ എന്റെ അല്ലാഹുവേ! പൊറുത്തു കൊടുക്കുന്നവനും കരുണാമയനുമായ അല്ലാഹുവേ! നിന്റെ ഈ ദൂതനിൽ സത്യമായി വിശ്വസിക്കുന്നവർക്കും ഒരു കപടതയും സ്വാർഥതയും ദുർഭാവനയും വെച്ചു പുലർത്താത്തവർക്കും സത്യവിശ്വാസത്തിന്റേയും  അനുസരണത്തിന്റേയും കടമ നിറവേറ്റുന്നവർക്കും നിന്റെ വഴിയിലും ഹൃദയാത്മനാ ജീവൻ ബലിയർപ്പിച്ചവർക്കും നീ ഇഷ്ടപ്പെടുന്നവർക്കും നിന്റെ സ്നേഹത്തിൽ തികച്ചും അലിഞ്ഞു ചേർന്നവരാണെന്ന് നീ അറിയുന്നവർക്കും നിന്റെ ദൂതനോടു വിശ്വസ്തതയോടും പൂർണമര്യാദയോടും സന്തോഷപരമായ സത്യവിശ്വാസത്തോടും ഉള്ളഴിഞ്ഞ സ്നേഹത്തോടും ജീവൻ വകവെക്കാതെയുള്ള പ്രവർത്തനത്തോടുംകൂടി ബന്ധം വെക്കുന്നവർക്കും ഈ സ്ഥലത്ത് ഖബറിടം നില്കേണമേ. ആമീൻ യാ റബ്ബൽആലമീൻ.

എല്ലാ മാസവും തന്റെ വരുമാനത്തിന്റെ പത്തിലൊരുഭാഗവും മരിച്ചതിനുശേഷം തന്റെ സ്വത്തിന്റെ പത്തിലൊരുഭാഗവും ഇസ്‌ലാമിന്റെ പ്രചാരണത്തിനുവേണ്ടി നല്കുക എന്നത് ഒരു വലിയ ത്യാഗമാണ്. ജമാഅത്തംഗങ്ങളുടെ വലിയൊരു ഭാഗം ക്ഷമയോടും സ്ഥൈര്യത്തോടുംകൂടിയും അങ്ങേയറ്റം സന്തോഷത്തോടുകൂടിയും ഈ ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നു. എന്നല്ല, ചിലയാളുകളുണ്ട് അവർ ഇതിനെ ക്കാളേറെ ചെയ്തുകൊണ്ടിരിക്കുന്നു. അൽഹംദുലില്ലാഹ്. എങ്കിലും നമുക്ക് നമ്മുടെ മുൻഗാമികളുടെ ത്യാഗങ്ങളുടെമേലും ദൃഷ്ടിപതിപ്പിക്കേണ്ടതുണ്ട്. നബി(സ)തിരുമേനിയുടെ സ്വഹാബത്തിനോടു ധനത്തിനോടൊപ്പം ജീവൻ ത്യാഗം ചെയ്യാനും ആവശ്യപ്പെട്ടിരുന്നു. അവർ ധനത്തിനോടൊപ്പം കണക്കില്ലാതെ ജീവനും ത്യാഗം ചെയ്തു. ഇസ്‌ലാമിനെ മുഴുലോകത്തും വ്യാപിപ്പിച്ചു. നമ്മളിൽനിന്ന് വെറും ധനത്യാഗമാണ് ആവശ്യപ്പെടുന്നത്. ജീവത്യാഗം ആവശ്യപ്പെടുന്നില്ല. ഇന്ന് ഇസ്‌ലാമിനെ മുഴുലോകത്തും വിജയിപ്പിക്കേണ്ടത് മസീഹ് മൗഊദിന്റെ ജമാഅത്തിന്റെ ഉത്തരവാദിത്വമാണ്. ഇസ്‌ലാം ലോകത്ത് വിജയിക്കുകതന്നെ ചെയ്യും. പക്ഷേ, നമ്മൾ നോക്കേണ്ടത് നമ്മൾ ഇതിൽ എത്രമാത്രം ഭാഗഭാക്കായെന്നാണ്. ധനം അല്ലാഹുവിന്റെ കല്പനയാലും അവന്റെ ഫള്ലുകൊണ്ടുമാണ് വരുന്നത്. അതിനാൽ അതു സൂക്ഷിച്ചുവെക്കുന്നതിനുപകരം അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നതും സ്വന്തം അന്ത്യത്തിനും ആഖിറത്തിനും വേണ്ടി കുറച്ച് പാഥേയമുണ്ടാക്കുന്നതും ബുദ്ധിപരവും സൗഭാഗ്യവുമാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2004-ൽ, ഖിലാഫത്ത് ജൂബിലി വർഷമായ 2008 നുള്ളിൽ ജമാഅത്തിലെ വരുമാനമുള്ളവരിൽ പകുതിപ്പേർ വസ്വിയ്യത്ത് വ്യവസ്ഥിതിയിൽ ചേരണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. പക്ഷേ, കഷ്ടമെന്നു പറയട്ടെ, നമുക്കിതുവരെ ഹുദൂറിന്റെ ആഗ്രഹം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. നമ്മൾ എത്രയും വേഗം വസ്വിയ്യത്തിന്റെ അനുഗൃഹീത വ്യവസ്ഥിതിയിൽ ചേർന്നുകൊണ്ട് നമ്മുടെ ദുൻയാവും ആഖിറത്തും നന്നാക്കിത്തീർക്കുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. വസ്വിയ്യത്തിന്റെ പ്രാധാന്യത്തേയും അനുഗ്രഹങ്ങളേയും സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കുറച്ചു നിർദേശങ്ങൾ താഴെ ചേർക്കുകയാണ്.

ബദ്ർ ആഴ്ചപ്പതിപ്പ് "മുസ്‌ലിഹ് മൗഊദ് സ്പെഷ്യൽ പതിപ്പ്"


| വിഷയങ്ങൾ | പേജ് നമ്പർ |
|---|---|
| മുസ്‌ലിഹ് മൗഊദിനെ കുറിച്ച് പ്രവചനം | 1 |
| പത്രാധിപക്കുറിപ്പ് | 2 |
| ഖുത്ബ ജുമുഅ 2022 ഡിസംബർ 30 | 3 |
| പ്രവചനത്തിന്റെ പശ്ചാത്തലം | 10 |
| ശുദ്ധിപ്രസ്ഥാനം | 14 |
| 22 അഹ്മദീ മുബല്ലിഗുമാരുടെ യാത്ര അയപ്പ് | 17 |
| ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ദൈവദത്തമായ ഖുർആനിക ജ്ഞാനം | 19 |
| മക്കാവിജയം! ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റ തൂലികയിലൂടെ | 20 |
| ഹുദൂർ അയ്യദഹുല്ലായുടെ ജർമൻ പര്യടനം | 22 |


**ഈമാൻ സമ്പൂർണമായിനില്ക്കുന്നതിന്റെ അവസ്ഥയാണ് വസ്വിയ്യത്ത്**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: "ജമാഅത്തിനോടു വസ്വിയ്യത്തിന്റെ പ്രാധാന്യം പറയുക. ഇത് അല്ലാഹു സ്ഥാപിച്ചിട്ടുള്ള മാർഗമാണെന്ന് പറയുക. അങ്ങനെയായാൽ ഇതുവരെ ശ്രദ്ധയുണ്ടായിട്ടില്ലാത്ത ആയിരക്കണക്കിനാളുകൾ വസ്വിയ്യത്ത് മുഖേന തങ്ങളുടെ ഈമാൻ പൂർണമാക്കിക്കാണിക്കുന്നതായിരിക്കും........വസ്വിയ്യത്തിന്റെ ആഹ്വാനം അല്ലാഹുവിൽനിന്നുള്ളതാണ്. അതുമായി ധാരാളം പാരിതോഷികങ്ങൾ ബന്ധപ്പെട്ടിരിക്കുന്നു. ഇതുവരെ വസ്വിയ്യത്ത് ചെയ്തിട്ടില്ലാത്തവർ, അവർ വസ്വിയ്യത്ത് ചെയ്ത് തങ്ങളുടെ ഈമാൻ പൂർണമാണെന്നതിന് തെളിവു നല്കുക. കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)എഴുതിയിരിക്കുന്നു:"ആരാണോ വസ്വിയ്യത്ത് ചെയ്യാത്തത് എനിക്ക് അവരുടെ ഈമാനിൽ സംശയമുണ്ട്. ഈമാൻ സമ്പൂർണമായി നില്ക്കുന്നതിന്റെ അവസ്ഥയാണ് വസ്വിയ്യത്ത്."(ഖുത്ബാത്തെ മഹ്മൂദ്, വാല്യം 10, പേജ് 166)

**ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നതിന്റെ കർമപരമായ തെളിവാണ് വസ്വിയ്യത്ത്**

ഞാനെന്റെ ജമാഅത്തിലെ സഹോദരന്മാരോടു പറഞ്ഞിരുന്നു, വസ്വിയ്യത്തിന്റെ കാര്യം വളരെ പ്രധാനപ്പെട്ട കാര്യമാണെന്ന്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിന് എങ്ങനെയുള്ള പ്രത്യേകതയാണ് പ്രദാനം ചെയ്തിട്ടുള്ളതെന്നാൽ, അല്ലാഹുവിന്റെ പ്രത്യേക ഇൽഹാമുകളനുസരിച്ചാണ് അത് സ്ഥാപിച്ചത്. ഒരു മുഅ്മിനും അതിന്റെ പ്രാധാന്യവും മഹത്വവും നിഷേധിക്കാൻ സാധ്യമല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)സ്ഥാപിച്ചിട്ടുള്ള എല്ലാ വ്യവസ്ഥിതിയും ദൈവികവും ഈശ്വരീയവും വെളിപാടുപരവുമായ വ്യവസ്ഥിതിയാണ്. എന്നാൽ, അല്ലാഹുവിന്റെ പ്രത്യേകമായ ഇൽഹാമനുസരിച്ച് സ്ഥാപിക്കപ്പെട്ടതാണ് വസ്വിയ്യത്ത് വ്യവസ്ഥിതി. മറ്റുള്ള കാര്യങ്ങൾ സാധാരണ ഇൽഹാമനുസരിച്ച് സ്ഥാപിക്കപ്പെട്ടതാണ്. എന്നാൽ, വസ്വിയ്യത്തിന്റെ മസ്അല അഥവാ പ്രശ്നം പ്രത്യേക ഇൽഹാമനുസരിച്ച് സ്ഥാപിക്കപ്പെട്ടതാണ്. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നതിന്റെ കർമപരമായ തെളിവാണ് വസ്വിയ്യത്ത്. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന പ്രതിജ്ഞ ഒരു ഏറ്റുപറച്ചിലായിരുന്നു. അതിനെ സംബന്ധിച്ച് ഒരു മുഅ്മിനെന്താണ് ചെയ്യുന്നത്. ധാരാളമാളുകൾ ഈ പ്രതിജ്ഞ പൂർത്തിയാക്കുന്നതിനുവേണ്ടി വലിയ വലിയ ത്യാഗങ്ങൾ ചെയ്യുന്നു. പലരും ഈ പ്രതിജ്ഞ ചെയ്ത് നിശബ്ദരായിത്തീരുന്നു. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കണമെന്നാഗ്രഹിക്കുന്ന പലരുമുണ്ട്. പക്ഷേ, അതിന് വഴി കാണുന്നില്ല. എന്താണ് ചെയ്യേണ്ടതെന്ന് അവർക്കറിയില്ല. ഈ പ്രതിജ്ഞ നിറവേറ്റിയ നിരവധിയാളുകളുണ്ട്. എന്താണ് ചെയ്യേണ്ടതെന്ന് അത്ഭുതപ്പെട്ടുകൊണ്ടിരുന്ന അനവധിയാളുകളുമുണ്ടായിരുന്നു. പ്രതിജ്ഞ നിറവേറ്റാൻ പരിശ്രമിച്ചുകൊണ്ടിരുന്നവർക്ക് അറിയില്ല തങ്ങളുടെ പ്രതിജ്ഞ പൂർത്തിയായോ ഇല്ലേ എന്ന് !.......

അപ്പോൾ അല്ലാഹുവിന്റെ ആവേശം അലയടിച്ചുയർന്നു. അവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന പറഞ്ഞു: തങ്ങളുടെ പ്രതിജ്ഞ പൂർത്തിയായോ ഇല്ലേ എന്നറിയാൻ ആഗ്രഹിക്കുന്നവർക്ക് അതറിയാനുള്ള വസ്വിയ്യത്തിന്റെ മാർഗം അതനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ട്, അവർക്ക് തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കാൻ സാധിക്കുന്നതാണ്. കാരണം വസ്വിയ്യത്തിൽ നിബന്ധനയുണ്ട്:

"അത്തരം വിശ്വാസപൂർണത കൈവരിച്ചവരെല്ലാം ഒരേ സ്ഥലത്ത് ഖബറടങ്ങണമെന്ന് അല്ലാഹു ഉദ്ദേശിച്ചത് ഭാവിതലമുറകൾ അവരെ ഒരേ സ്ഥലത്തുകണ്ട് തങ്ങളുടെ വിശ്വാസം പുതുക്കാനാണ്."

അപ്പോൾ ആരെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചിട്ടുള്ള മാർഗത്തിൽ വസ്വിയ്യത്ത് ചെയ്യുകയും അതിൽ നിലകൊള്ളുകയും ചെയ്തിട്ട് സമ്പൂർണമായ ഈമാൻ ഉണ്ടാകാതിരിക്കന്നതെങ്ങനെ." ആരുടെ മനസ്സിലാണോ സമാധാനം ഇല്ലാതിരുന്നത്, തന്റെ പ്രതിജ്ഞ പൂർത്തിയായിട്ടുണ്ടോ ഇല്ലേ എന്നറിയാത്തതുകൊണ്ട് അസ്വസ്ഥനായിരുന്നത് അവർക്കുവേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ ഇൽഹാമനുസരിച്ച് അവർ വസ്വിയ്യത്ത് ചെയ്യാനാണ് പറഞ്ഞിട്ടുള്ളത്.(ഖുത്ബാത്തെ മഹ്മൂദ് വാല്യം 11, പേജ് 370)

(ശേഷം പേജ് 13ൽ)

# ഖുത്ബ ജുമുഅ

**ഇന്നലെ രാത്രി ഞാൻ സ്വർഗത്തിൽ പ്രവേശിച്ചപ്പോൾ കണ്ടു, ജഅ്ഫർ മലക്കുകളോടൊപ്പം പറന്നുകൊണ്ടിരിക്കുന്നു. ഹംസത്താണെങ്കിൽ സിംഹസനത്തിൽ ചാരി ഇരിക്കുന്നു. (അൽഹദീഥ്)**

ചില സ്വഹാബാക്കളെ കുറിച്ച് മുമ്പേ പറഞ്ഞു കഴിഞ്ഞതാണ്. അവരെ കുറിച്ച് ചില വിവരങ്ങൾ പിന്നീട് മുന്നിൽ വരികയുണ്ടായി........ അക്കാര്യങ്ങളും ഏതാനും ഖുത്ബകളിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് എനിക്കുതോന്നി. അങ്ങനെ എല്ലാവർക്കും അക്കാര്യങ്ങൾ അറിയാൻ സാധിക്കുന്നതായിരിക്കും. കൂടുതൽ ആളുകൾക്ക് അക്കാര്യങ്ങൾ കേൾക്കാനുമാകും.

നബി(സ)തിരുമേനിക്ക് ഹംസത്ത് എന്ന പേര് വളരെധികം ഇഷ്ടമായിരുന്നു.

ദുആ മുഴുവനാക്കും മുമ്പേ എന്നിൽനിന്ന് അസത്യവിശ്വാസം അകലുകയും എന്റെ ഹൃദയം വിശ്വാസത്താൽ പൂരിതമാകുകയും ചെയ്തു. പുലർച്ചെ ഞാൻ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. എല്ലാ കാര്യങ്ങളും വിശദീകരിച്ചു. അപ്പോൾ നബി(സ)തിരുമേനി എനിക്കുവേണ്ടി, എന്റെ സ്ഥിരചിത്തതയ്ക്കായി ദുആ ചെയ്തു.(ഹദ്റത്ത് ഹംസത്ത് (റ))

**മദ്യം നിഷിദ്ധമാക്കിയതോടെ അവർ അതിനെ സമീപിച്ചിട്ടില്ല. ദൈവകല്പനകൾ പാലിക്കുന്നതിന്റെ ഈ നിലവാരമാണ് സ്വഹാബാക്കൾ കാണിച്ചത്. മദ്യം നിറച്ചുവെച്ചിരുന്ന മൺപാത്രങ്ങളെല്ലാം ഉടനെ ഉടച്ചു കളഞ്ഞു.**

**നബി(സ)തിരുമേനിയുടെ പിതൃവ്യനും ഉന്നതസ്ഥാനീയനുമായ ബദ്‌രി സ്വഹാബീ ഹദ്റത്ത് ഹംസ(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ഖുത്ബ ജുമുഅ 2022 ഡിസംബർ 30/1401 ഫതഹ് 30**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുതആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ അനുസ്മരണം അവസാനിച്ചപ്പോൾ ഞാൻ ഇപ്രകാരം പറഞ്ഞിരുന്നു: 'ബദ്‌രി സ്വഹാബാക്കളുടെ അനുസ്മരണം കഴിഞ്ഞെങ്കിലും ചില സ്വഹാബാക്കളെ കുറിച്ചുള്ള ചില വിവരങ്ങൾ പിന്നീട് മുന്നിൽ വരികയുണ്ടായി. അതു പിന്നീട് വിവരിക്കുകയോ അല്ലെങ്കിൽ ഇതിന്റെ പ്രസിദ്ധീകരണം നടക്കുമ്പോൾ അതിൽ ഉൾപ്പെടുത്തുകയോ ചെയ്യുന്നതാണെന്ന് പറഞ്ഞിരുന്നു. എന്നാൽ, ചിലർ എന്നെ ഇപ്രകാരം എഴുതി അറിയിക്കുകയുണ്ടായി. 'ഈ ചരിത്രങ്ങൾ കേട്ട് ഞങ്ങൾക്ക് വളരെധികം പ്രയോജനമുണ്ടായി. അതുകൊണ്ട് വിട്ടുപോയ ഭാഗങ്ങളും ഖുത്ബകളിൽ പരാമർശിച്ചാൽ നന്നായിരുന്നു.' അതുകൊണ്ട് അക്കാര്യങ്ങളും ഏതാനും ഖുത്ബകളിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് എനിക്കുതോന്നി. അങ്ങനെ എല്ലാവർക്കും അക്കാര്യങ്ങൾ അറിയാൻ സാധിക്കുന്നതായിരിക്കും. കൂടുതൽ ആളുകൾക്ക് അക്കാര്യങ്ങൾ കേൾക്കാനുമാകും.

ഏതായാലും ഇതുസംബന്ധമായുള്ള ആദ്യ വിശദീകരണം ഹദ്റത്ത് ഹംസ(റ)യെ കുറിച്ചുള്ളതാണ്. അദ്ദേഹം നബി(സ)തിരുമേനിയുടെ പിതൃവ്യനായിരുന്നു. നബി(സ)തിരുമേനിക്ക് അദ്ദേഹം ഏറെ പ്രിയങ്കരനായിരുന്നു. നബി(സ)തിരുമേനിയുടെ വിവിധ നിവേദനങ്ങളിൽനിന്നും ഹദ്റത്ത് ഹംസ(റ)യുടെ രക്തസാക്ഷിത്വത്തിൽനിന്നും അത് സ്പഷ്ടവുമാണ്. ആ സംഭവം നടന്നപ്പോൾ നബി(സ)തിരുമേനിയുടെ പ്രതികരണം അതിലേക്കാണ് വെളിച്ചം വീശുന്നത്. ചില കാര്യങ്ങൾ സംക്ഷിപ്തമായി ആവർത്തിക്കുന്നതാണ്.

നിവേദനത്തിൽ വരുന്നു, നബി(സ)തിരുമേനിക്ക് ഹംസത്ത് എന്ന പേര് വളരെധികം ഇഷ്ടമായിരുന്നു. ജാബിർ ബിൻ അബ്ദുല്ലാഹ്(റ) നിവേദനം. ഞങ്ങളിൽ ഒരാളുടെ വീട്ടിൽ ഒരു ആൺകുഞ്ഞ് പിറന്നു. ആ കുട്ടിക്ക് എന്തു പേരിടണമെന്ന് അയാൾ ചോദിച്ചപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ഹംസ ബിൻ അബ്ദുൽ മുത്വലിബിന്റെ യഥാർഥ നാമം! ഹംസ എന്നുതന്നെ അവന് പേരിടുക. കാരണം പേരുകളിൽവെച്ച് എനിക്കേറ്റവും പ്രിയപ്പെട്ടത് അതാകുന്നു.(മുസ്തദറക് അലസ്സ്വഹീഹയ്ൻ ലിൽഹാക്കിമി,ഭാഗം 5, പേജ് 1831, കിതാബു മഅ്രിഫത്തുസ്സ്വഹാബ, ഹദീഥ് 4888, പ്രസാധനം, നസാറുൽബാസ്, രിയാള്)

ഹദ്റത്ത് ഹംസത്തിന്റെ ഭാര്യമാരേയും മക്കളേയും സംബന്ധിച്ച് ത്വബഖാത്തുൽ കുബ്റായിൽ ഇപ്രകാരം രേഖപെടുത്തിയിരിക്കുന്നു: 'ഒന്നാമതായി അദ്ദേഹം ഔസ് ഗോത്രക്കാരനായ മിൽബീൻ മാലിക്കിന്റെ മകളെ വിവാഹം ചെയ്തു. അതിൽ യഅ്ലാ, ആമിർ എന്നീ കുട്ടികളുണ്ടായി. തന്റെ മകൻ യഅ്ലായുടെ നാമത്തിൽത്തന്നെ ഹദ്റത്ത് ഹംസത്തിന് അബുൽയഅ്ലാ എന്ന ഒരു സംജ്ഞാനാമവുമുണ്ട്. ഹദ്റത്ത് ഹംസത്തിന്റെ രണ്ടാമത്തെ ഭാര്യയായ ഹദ്റത്ത് ഖൗല ബിൻത് ഖയ്സ് അൻസ്വാരിയായിൽനിന്ന് ഹ്റത്ത് ഉമാറ ജനിച്ചു. ഇദ്ദേഹത്തിന്റെ പേരിൽ അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂഉമാറ എന്നു വെച്ചു. ഹദ്റത്ത് ഹംസത്ത്(റ)ന്റെ ഒരു വിവാഹം ഹദ്റത്ത് അസ്മാ ബിൻ ഉമയ്സിന്റെ സഹോദരി ഹദ്റത്ത് സൽമാ ബിൻ ഉമയ്സുമായി നടന്നു. അവരുടെ വയറ്റിൽനിന്ന് ഒരു മകൾ ഹദ്റത്ത് ഉമാമ ജനിച്ചു. ഹദ്റത്ത് അലി, ഹദ്റത്ത് ജഅ്ഫർ, ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ എന്നിവർക്കിടയിൽ പിണക്കമുണ്ടായത് ഈ ഉമാമ കാരണമാണ്. കാരണം തന്റെ കൂടെ ഉമാമ കഴിയണമെന്ന് ഇവരെല്ലാവരും ആഗ്രഹിച്ചിരുന്നു. എന്നാൽ, നബി(സ)തിരുമേനി ഹദ്റത്ത് ജഅ്ഫർ ബിൻ അബീ ത്വാലിബ്(റ)ന് അനുകൂലമായി വിധി പറഞ്ഞു. കാരണം ഹദ്റത്ത് ഉമാമയുടെ മാതൃസഹോദരി ഹദ്റത്ത് അസ്മാ ബിൻ ഉമയ്സ് ഹദ്റത്ത് ജഅ്ഫർ(റ)ന്റെ ഭാര്യാപദത്തിലായിരുന്നു. ഹദ്റത്ത് ഹംസത്തിന്റെ മകൻ യഅ്ലായുടെ മക്കൾ ഉമാറ, ഫള്ൽ, സുബയ്ർ, അഖീൽ, മുഹമ്മദ് എന്നിവരായിരുന്നു. എന്നാൽ, എല്ലാവരും മരിച്ചുപോയി. ഹദ്റത്ത് ഹംസത്തിന്റെ മക്കളാരും ജീവിച്ചിരുന്നില്ല, അദ്ദേഹത്തിന്റെ സന്താനപരമ്പര മുന്നോട്ടു പോകുകയും ചെയ്തില്ല.(ത്വബഖാത്തുൽ കുബ്റാ, ഭാഗം 2, പേജ് 46, ദാറുൽഫിക്ർ ബെയ്റുത്ത്)

ഹദ്റത്ത് ഹംസത്തിന്റെ മകൾ ഉമാമയെ സംബന്ധിച്ച് ഹദ്റത്ത് അലി, ഹദ്റത്ത് ജഅ്ഫർ, ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ തുടങ്ങിയവരുടെ ഏതൊരു പിണക്കത്തെ പറ്റിയാണോ ഇപ്പോൾ പറഞ്ഞത് അതിന്റെ വിശദീകരണം ബുഖാരിയിൽ ഇപ്രകാരമാണ് വന്നിട്ടുള്ളത്. ഹദ്റത്ത് ബറാഅ് ബിൻ ആസിബ് നിവേദനം. നബി(സ)തിരുമേനി ദുൽഖഅ്ദ മാസം ഉംറ ചെയ്യാൻ നിശ്ചയിച്ചപ്പോൾ മക്കാവാസികൾ നബി(സ)തിരുമേനിയുടെ മക്കാപ്രവേശനത്തെ എതിർക്കുകയുണ്ടായി. അവസാനം നബി(സ)തിരുമേനി അവരുമായി ഒരു ഉടമ്പടി ചെയ്തു. അടുത്ത വർഷം അവർ നബി(സ)തിരുമേനിയെ ഉംറ ചെയ്യാനും മക്കയിൽ മൂന്നുദിവസം തങ്ങാനും അനുവദിക്കുന്നതായിരിക്കും. അങ്ങനെ കരാറിലെ ഈ നിബന്ധനകളിൽ മുഹമ്മദു റസൂലുല്ലാഹ് കരാർ ചെയ്തിരിക്കുന്നു എന്നെഴുതിയപ്പോൾ മക്കക്കാർ തങ്ങൾ അതിനു സമ്മതിക്കുകയില്ലെന്ന് പറഞ്ഞു. താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്ന് ഞങ്ങൾ സമ്മതിക്കുന്നുണ്ടെങ്കിൽ ഞങ്ങൾ താങ്കളെ തടയുകയില്ലല്ലോ? അതുകൊണ്ട് മുഹമ്മദ് ബിൻ അബ്ദുല്ലാഹ് എന്നെഴുതിയാൽ മതി. അപ്പോൾ നബി(സ)തിരുമേനി ഹദ്റത്ത് അലിയോടു റസൂലുല്ലാഹ് എന്ന പദം മായിച്ചുകളയാൻ പറഞ്ഞു. ഹദ്റത്ത് അലി(റ) പറഞ്ഞു: 'ഒരിക്കലും അതു ചെയ്യാൻ വിടരുത്. അല്ലാഹുവാണ! ഞാനൊരിക്കലും അങ്ങയുടെ സ്ഥാനനാ മം മായിക്കുന്നതല്ല.' നബി(സ)തിരുമേനി എഴുതിയ കടലാസ് അലിയിൽനിന്ന് വാങ്ങി. നബി(സ)തിരുമേനിക്ക് എഴുത്ത് നല്ല വശമുണ്ടായിരുന്നില്ല. ഈ നിബന്ധനകളിൽ മുഹമ്മദ് ബിൻ അബ്ദുല്ലാഹ് സമാധാന ഉടമ്പടി ചെയ്തിരിക്കുന്നുവെന്ന് മാറ്റിയെഴുതി. അതിലുള്ള മറ്റു കാര്യങ്ങൾ ഇപ്രകാരമായിരുന്നു. മക്കയിൽ ആരും ആയുധവുമായി വരികയില്ല. ഉറയിൽ തൂക്കിയിട്ട വാളുമാത്രമെ കൊണ്ടുവരാവു. മക്കക്കാരെ ആരേയും കൂടെ കൊണ്ടുവരരുത്; ആരെങ്കിലും അങ്ങനെ ആഗ്രഹിച്ച് മുന്നോട്ടുവന്നാലും ശരി. അതുപോലെ തങ്ങളോടൊപ്പം വന്ന ആരെങ്കിലും മക്കയിൽ തങ്ങണമെന്നാഗ്രഹിക്കുന്നെങ്കിൽ അതിനു വിഘാതം നില്ക്കുന്നതുമല്ല. എന്തായാലും ഉടമ്പടി പ്രകാരം അടുത്ത വർഷം നബി(സ)തിരുമേനി മക്കയിൽ വന്നു. കാലാവധി കഴിഞ്ഞപ്പോൾ ഖുറയ്ശികൾ ഹദ്റത്ത് അലിയുടെ അടുത്ത് വന്ന് പറഞ്ഞു: 'നിങ്ങളുടെ സ്നേഹിതനോടു പറയുക. അനുവദിച്ച സമയം കഴിഞ്ഞിരിക്കുന്നുവെന്ന്. ഇനി ഇവിടം വിട്ടു പോകുക.' അങ്ങനെ നബി(സ)തിരുമേനി അവിടെനിന്ന് യാത്ര തിരിച്ചു. ഹദ്റത്ത് ഹംസയുടെ പേരക്കുട്ടി ഉപ്പാപ്പാ ഉപ്പാപ്പ എന്നു വിളിച്ചുകൊണ്ട് നബി(സ)തിരുമേനിയെ പിന്തുടർന്നു വന്നു. ഹദ്റത്ത് അലി(റ) അവളെ കൈപിടിച്ച് ഫാത്വിമയുടെ അടുത്തുവന്നു. പറഞ്ഞു:

'എന്റെ പിതൃവ്യപുത്രിയെ കൂടെ കൂട്ടിക്കൊള്ളുക.' അങ്ങനെ അവളെ യാത്രാമൃഗത്തിന്റെ പുറത്തു കയറ്റി. തുടർന്ന് ഹദ്‌റത്ത് അലിയും ഹദ്‌റത്ത് ജഅ്ഫറും ആ കുട്ടിയുടെ കാര്യത്തിൽ തർക്കിച്ചു. ഹദ്‌റത്ത് അലി താനാണ് അവളെ എടുത്തതെന്നും അവൾ തന്റെ പിതൃവ്യപുത്രിയാണെന്ന് പറഞ്ഞു. ഹദ്‌റത്ത് ജഅ്ഫർ പറഞ്ഞു: 'ഇവൾ എന്റേയും പിതൃവ്യ പുത്രിയാണ്. മാത്രവുമല്ല ഇവളുടെ മാതൃസഹോദരി എന്റെ ഭാര്യയുമാണ്.' അപ്പോൾ ഹദ്‌റത്ത് സയ്ദ്(റ) പറഞ്ഞു: 'എന്റെ പിതൃവ്യപുത്രി കൂടിയാണിവൾ.' തുടർന്ന് നബി(സ)തിരുമേനി ആ കുട്ടിയെ അവളുടെ മാതൃസഹോദരിയുടെ കൂടെ നിറുത്താൻ വിധിച്ചു. എന്നിട്ടു പറഞ്ഞു: 'മാതൃസഹോദരി മാതൃതുല്യയാണ്.' അലിയോടു പറഞ്ഞു: 'താങ്കൾ എന്റെ സ്വന്തവും ഞാൻ താങ്കളുടെ സ്വന്തവുമാണ്.' ജഅ്ഫറിനോടു പറഞ്ഞു: 'താങ്കൾ രൂപത്തിലും സ്വഭാവത്തിലും എന്നോടു സാദൃശ്യമുള്ളയാളാണ്.' ഹദ്‌റത്ത് സയ്ദിനോടു പറഞ്ഞു:'താങ്കൾ എന്റെ സഹോദരനും സുഹൃത്തുമാണ്.' ഹദ്‌റത്ത് അലി(റ), നബി(സ)തിരുമേനിയോടു പറഞ്ഞു: 'ഹദ്‌റത്ത് ഹംസയുടെ മകളെ അങ്ങയ്ക്ക് വിവാഹം ചെയ്തുകൂടേ?' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ഹംസ എന്റെ മുലകുടി ബന്ധത്തിലുള്ള സഹോദരനാണ്. അതുകൊണ്ട് ഞാൻ ഹംസയുടെ മകളുടെ പിതൃവ്യനാണ്.'(സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി, ബാബു ഉംറത്തുൽ ഖളാ ഹദീഥ് നമ്പർ 4251)

ഈ ചെറിയ ചെറിയ പ്രശ്നങ്ങളും സംഭവങ്ങളിൽ പരിഹരിക്കപ്പെടുന്നു. ചിലപ്പോൾ ഖളായിൽ കേസുകൾ വരാറുണ്ട്. അതായത് മാതൃസഹോദരിയുടെ അടുത്ത് എന്തിനു പോകണം? മാതാമഹിയുടെ അടുത്ത് എന്തിനു പോകണം? എന്നൊക്കെ! ഇവിടെ അതിന് തീരുമാനമായി. ഒരു കുട്ടിയെ മാതൃസഹോദരിയുടെ അതുപോലെ മാതാമഹിയുടെ അടുക്കൽ ഏല്പിക്കേണ്ടതിനെ കുറിച്ച് തർക്കമുണ്ടാകുന്നു.

ഹദ്‌റത്ത് ഹംസ(റ)യുടെ ഇസ്‌ലാംമത സ്വീകരണത്തെ കുറിച്ച് റൗളുൽ അൻഫിൽ ഇപ്രകാരം വന്നിരിക്കുന്നു. ഇബ്നു ഇസ്ഹാഖ് ഒഴിച്ച് ചിലർ ഹദ്‌റത്ത് ഹംസ(റ)യുടെ ഇസ്‌ലാംമത സ്വീകരണത്തെ കുറിച്ച് ഒരു കാര്യം കൂടുതൽ ചേർത്തിട്ടുണ്ട്. അതിപ്രകാരമാണ്. ഹദ്‌റത്ത് ഹംസത്ത്(റ) വിവരിക്കുന്നു. എന്റെ ഭൃത്യ വന്ന് എന്നോടു കാര്യങ്ങൾ പറഞ്ഞപ്പോൾ(ഇതു ഞാൻ മുമ്പേ മുഴുവൻ വിവരിച്ചിട്ടുള്ളതാണ്) ഞാൻ കോപിച്ചുകൊണ്ട് നബി(സ) തിരുമേനിയുടെ ദീനിനെ വിശ്വസിച്ചിരിക്കുന്നു എന്ന് പറഞ്ഞു. എന്നാൽ, പിന്നീട് എനിക്ക് എന്റെ പിതാമഹന്മാരുടേയും സമുദായത്തിന്റേയും മതം പരിത്യജിച്ചതിൽ മനസ്താപമുണ്ടായി. ഞാൻ ആ വലിയ കാര്യങ്ങളെ കുറിച്ച് രാത്രിമുഴുവൻ പലതരം സംശയങ്ങളിൽ കുടുങ്ങുകയും ഒരു പോളക്കണ്ണ് അടക്കാനാകാതെ കഴിച്ചുകൂട്ടുകയും ചെയ്തു. അതു കഴിഞ്ഞ് ഞാൻ കഅ്ബ മന്ദിരത്തിൽപോയി. അല്ലാഹുവിനോടു കരഞ്ഞു പ്രാർഥിച്ചു. അല്ലാഹുവേ! എന്റെ ഹൃദയത്തെ സത്യം സ്വീകരിക്കാൻ വിശാലമാക്കേണമേ. എന്നിലുള്ള സംശയങ്ങളും ആശങ്കകളും ദൂരീകരിക്കേണമേ. ദുആ മുഴുവനാക്കും മുമ്പേ എന്നിൽനിന്ന് അസത്യവിശ്വാസം അകലുകയും എന്റെ ഹൃദയം വിശ്വാസത്താൽ പൂരിതമാകുകയും ചെയ്തു. പുലർച്ചെ ഞാൻ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. എല്ലാ കാര്യങ്ങളും വിശദീകരിച്ചു. അപ്പോൾ നബി(സ)തിരുമേനി എനിക്കുവേണ്ടി, എന്റെ സ്ഥിരചിത്തതയ്ക്കായി ദുആ ചെയ്തു.(റൗളുൽ അൻഫ്, ഭാഗം 2, പേജ് 44–45, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

ഹദ്‌റത്ത് അമ്മാർ ബിൻ അബൂ അമ്മാറിൽനിന്ന് മറ്റൊരു നിവേദനം ഇപ്രകാരം വന്നിരിക്കുന്നു. ഹദ്‌റത്ത് ഹംസത്ത് ബിൻ അബ്ദുൽ മുത്വലിബ് നബി(സ)തിരുമേനിയോടു ഹദ്‌റത്ത് ജിബ്‌രീലിനെ യഥാർഥ രൂപത്തിൽ കാണിച്ചു തരാൻ അഭ്യർഥിച്ചു. നബി(സ)തിരുമേനി പറഞ്ഞു: താങ്കൾക്ക് അദ്ദേഹത്തെ കാണാനുള്ള ശക്തിയില്ല. ഹംസ ചോദിച്ചു, എന്തുകൊണ്ടില്ല? അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ശരി, അങ്ങനെയാണെങ്കിൽ താങ്കൾ അവിടെത്തന്നെ ഇരിക്കൂ. നിവേദകൻ പറയുന്നു, മുശ്‌രിക്കീങ്ങൾ ത്വവാഫ് ചെയ്യുമ്പോൾ വസ്ത്രം ഊരിവെക്കുന്ന മരപലകയ്ക്കുമേൽ ഹദ്‌റത്ത് ജിബ്‌രീൽ(അ) അവതരിച്ചു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഇനി താങ്കൾ ശിരസ്സുയർത്തി നോക്കിക്കൊള്ളുക.'

അദ്ദേഹം മേൽപ്പോട്ടു നോക്കിയപ്പോൾ ഹദ്‌റത്ത് ജിബ്‌രീൽ(അ)ന്റെ ഇരുകാലുകളും പുഷ്യരാഗ രത്നം പോലെ കണ്ടു. തൽസമയം അദ്ദേഹം മോഹാലസ്യപ്പെട്ടുവീണു. നവരത്നങ്ങളിൽ ഒന്നായ ഗോമേദകത്തിനാണ് 'സബർജദ്' എന്നു പറയുന്നത്. (അത്ത്വബഖാത്തുൽ കുബ്റാ, ഭാഗം 3, പേജ് 8, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(അൽമുൻജിദ് സബർ എന്ന പദം)

ഹിജ്റ വർഷം രണ്ട് സഫർ മാസം നബി(സ)തിരുമേനി മുഹാജിരീങ്ങളുടെ ഒരു സംഘവുമായി മദീനയിൽനിന്ന് അബ്‌വായിലേക്ക് അങ്കപ്പുറപ്പാട് നടത്തി. അതിൽ ഹദ്‌റത്ത് ഹംസത്ത്(റ)നും പങ്കെടുക്കാൻ സൗഭാഗ്യമുണ്ടായി. ആ യുദ്ധദൗത്യത്തിന് നബി(സ) തിരുമേനിയുടെ വെള്ള നിറത്തിലുള്ള പതാകയേന്തിയിരുന്നത് ഹദ്‌റത്ത് ഹംസത്ത്(റ) ആയിരുന്നു. നബി(സ)തിരുമേനി തന്റെ അഭാവത്തിൽ ഹദ്‌റത്ത് അബൂബക്‌റിനെ മദീനയിലെ അമീറാക്കി നിശ്ചയിച്ചു. മറ്റൊരു നിവേദനത്തിൽ ഹദ്‌റത്ത് സയ്ദ് ബിൻ ഉബാദ(റ) എന്നും വന്നിട്ടുണ്ട്. ആ ദൗത്യത്തിൽ യുദ്ധമുണ്ടായില്ല. ബനൂ ളംറയുമായി സമാധാന കരാർ നടക്കുകയുണ്ടായി. നബി(സ)തിരുമേനി സ്വയം സന്നിഹിതരായ ആദ്യ യുദ്ധമായിരുന്നു അത്. ആ യുദ്ധത്തിന്റെ മറ്റൊരു പേര് വദ്ദാൻ എന്നാണ്. (സുബുലുൽ ഹുദാ വർറശാദ്, ഭാഗം 4, പേജ് 14, ബാബു അഥ്ഥാലിഥു ഫീ ഗസ് വത്തിൽ അബ് വാഅ്, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഇതു സംബന്ധിച്ച് ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തു ഖാത്തമുന്നബിയ്യീനിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: വാളെടുത്തുള്ള യുദ്ധത്തിന് ദൈവാനുമതി ഹിജ്റ വർഷം രണ്ട് സഫ്ർ മാസത്തിലാണ് ലഭിച്ചത്. ഖുറയ്ശികളുടെ രക്തചൊരിച്ചിലിനുള്ള തീരുമാനങ്ങളും അവരുടെ ഭയാനകമായ നടപടികൾക്കുമെതിരിൽ മുസ്‌ലിമീങ്ങൾ സുരക്ഷിതരായിരിക്കുന്നതിന് പെട്ടെന്ന് എന്തെങ്കിലും നടപടി സ്വീകരിക്കേണ്ട ആവശ്യമുണ്ടായിരുന്നു. അതുകൊണ്ട് അവിടന്ന് അതേ മാസത്തിൽ മുഹ്ജിരീങ്ങളുടെ ഒരു സംഘത്തെ കൂടെക്കൂട്ടി അല്ലാഹുവിന്റെ പേരെടുത്തുകൊണ്ട് മദീനയിൽനിന്ന് പുറപ്പെട്ടു. പുറപ്പാടിനു മുമ്പേ, നബി (സ)തിരുമേനി തന്റെ അസാന്നിദ്ധ്യത്തിൽ ഖസ്റജ് ഗോത്രപ്രമാണിയായ സഅ്ദ് ബിൻ ഉബാദയെ അമീറായി നിശ്ചയിച്ചു. മദീനയിൽനിന്ന് തെക്കുപടിഞ്ഞാറു ഭാഗത്ത്, മക്കയിലേക്ക് യാത്രതിരിച്ചു. അവസാനം വദ്ദാൻ എന്ന സ്ഥലത്തെത്തി. അവിടെ ളംറഗോത്രം അധിവസിച്ചിരുന്നു. ഈ ഗോത്രം ബനൂകഹാനയുടെ ഒരു ശാഖയായിരുന്നു. ഇവർ ഖുറയ്ശികളുടെ പിതൃവ്യ പുത്രസ്ഥാനക്കാരായിരുന്നു. അവിടയെത്തി നബി(സ)തിരുമേനി ബനുളംറയുടെ പ്രധാനിയുമായി സംഭാഷണം നടത്തി. അവർ പരസ്പരം രഞ്ജിപ്പിലാകുകയും ഒരു ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തു. അതിലുണ്ടായിരുന്ന നിബന്ധനകൾ ഇപ്രകാരമായിരുന്നു. ളംറഗോത്രം മുസ്‌ലിമീങ്ങളുമായി സുഹൃത്ബന്ധം വെച്ചു പുലർത്തുന്നതും മുസ്‌ലിമീങ്ങൾക്കെതിരിൽ ശത്രുക്കളെ സഹായിക്കുന്നതുമല്ല. മറുവശത്ത് മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്നും അപ്രകാരം ളുറഗോത്രവുമായി സുഹൃത്ബന്ധം വെച്ചു പുലർത്തുമെന്നും ആവശ്യമുള്ളപ്പോൾ സഹായിക്കുമെന്നും ഉടമ്പടി ചെയ്തു. ഈ ഉടമ്പടി രേഖാമൂലമാക്കുകയും അതിൽ ഇരുകക്ഷികളും ഒപ്പു വെക്കുകയും ചെയ്തു. പതിനഞ്ചുദിവസത്തെ ഇടവേളയ്ക്കുശേഷം നബി(സ)തിരുമേനി മടങ്ങി വന്നു. വദ്ദാൻ യുദ്ധത്തിന് അബ്‌വാ യുദ്ധമെന്നും പേരുണ്ട്. കാരണം വദ്ദാന്റെ അടുത്തുള്ള പ്രദേശത്തായിരുന്നു അബ്‌വാക്കാർ പാർത്തിരുന്നത്. ഈ സ്ഥലത്തുവെച്ചാണ് നബി(സ)തിരുമേനിയുടെ മാതാവ് ചരമം പ്രാപിച്ചത്." ചരിത്രകാരന്മാർ എഴുതുന്നു, നബി(സ)തിരുമേനിക്ക് ആ യുദ്ധത്തിൽ ളംറഗോത്രക്കാരെ കുറിച്ച് മാത്രമല്ല മക്ക ഖുറയ്ശികളെ കുറിച്ചും ചിന്തയുണ്ടായിരുന്നു. അതിനർഥം സത്യത്തിൽ ഈ യുദ്ധദൗത്യം ഖുറയ്ശികളുടെ ആപൽക്കരമായ നടപടികൾക്ക് അറുതി വരുത്തുകയും അവരുടെ സാർഥവാഹക സംഘങ്ങളും മറ്റും മുസ്‌ലിമീങ്ങൾക്കെതിരിലും അറേബ്യൻ ഗോത്രങ്ങൾക്കിടയിലും പടർത്തിക്കൊണ്ടിരുന്ന വിഷലിപ്തവും അപകടകരവുമായ സ്വാധീനങ്ങൾ ഇല്ലാതാക്കുകയും മാത്രമായിരുന്നു. അക്കാരണത്താൽത്തന്നെ മുസ്‌ലിമീങ്ങളുടെ അവസ്ഥ അന്നാളുകളിൽ വളരെ വഷളായിക്കൊണ്ടിരുന്നു."(സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 327–328)

ഏതായിരുന്നാലും തദവസരത്തിൽ ഹദ്‌റത്ത് ഹംസയായിരുന്നു നബി(സ)തിരുമേനിയുടെ ധ്വജവാഹൻ.

ഹിജ്റ വർഷം 2–ന് ജുമാദുൽഅവ്വലിൽ മക്കഖുറയ്ശികളുടെ നീക്കത്തെ കുറിച്ച് അറിവു ലഭിച്ചപ്പോൾ നബി(സ)തിരുമേനി 150, 200 പേരടങ്ങുന്ന മുഹാജിരീങ്ങളുടെ ഒരു സംഘത്തോടൊപ്പം ഉശയ്റയിലേക്ക് പുറപ്പെട്ടു. നബി(സ)തിരുമേനി തന്റെ സ്ഥാനത്ത് തന്റെ മുലകുടിബന്ധത്തിലുള്ള സഹോദരൻ അബൂ സലമ ബിൻ അബ്ദുൽ അസദിനെ അമീറായി നിശ്ചയിക്കുകയും ചെയ്തു.

ആ യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ ധവള പതാക ഹദ്‌റത്ത് ഹംസത്ത്(റ) തന്നെയായിരുന്നു ഉയർത്തിപ്പിടിച്ചിരുന്നത്. ആ യുദ്ധത്തിൽ നബി(സ) തിരുമേനി പലയിടങ്ങളിലൂടെ യാത്ര ചെയ്ത് അവസാനം സമുദ്രതീരപ്രദേശമായ യമ്പഅ്ന്റെ അടുത്തുള്ള ഉശയ്റയിലെത്തി. ഖുറയ്ശികളുമായി ഏറ്റുമുട്ടിയെങ്കിലും ളംറ ഗോത്രത്തോടു ചെയ്തതിനു സമാനമായ ഉടമ്പടി ബനൂമദ്‌ലജ് ഗോത്രക്കാരുമായി ചെയ്ത് മടങ്ങിപ്പോകുകയാണ് ചെയ്തത്. (സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 329)(സുബുലുൽഹുദാ വർറശാദ് ഭാഗം 4, പേജ് 17, ബാബു അസ്സാദിസു ഫീ ബയാനീ ഗസ്‌വത്തുൽ ഉശയ്റ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ബദ്ർ യുദ്ധവേളയിലെ ദ്വന്ദയുദ്ധത്തെപ്പറ്റി ഹദീഥുകളുടെ വെളിച്ചത്തിൽ പറഞ്ഞു കഴിഞ്ഞു. ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) അതു വിശദീകരിച്ചുകൊണ്ട് എഴുതുന്നു: "ഇരുസൈന്യവും യുദ്ധത്തിന് മുഖാമുഖം വന്നുനിന്നു. ദൈവിക ശക്തിവിലാസത്തിന്റെ ഇടപെടലാണെന്നു പറയാം. ഖുറയ്ശികൾക്ക് ഇസ്‌ലാമികസൈന്യത്തിന്റെ എണ്ണം, ഉള്ളതിനെക്കാൾ അധികമായി അഥവാ ഇരട്ടിയായി തോന്നിക്കുന്ന തരത്തിലായിരുന്നു സൈന്യങ്ങളുടെ സ്ഥാനക്രമീകരണമുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ അവിശ്വാസികൾ ചകിതരായിരുന്നു. മറുഭാഗത്ത് മുസ്‌ലിമീങ്ങൾക്ക് ഖുറയ്ശികളുടെ എണ്ണം, ഉള്ളതിനെക്കാൾ കുറവായി അനുഭവപ്പെട്ടു. തൽഫലമായി മുസ്‌ലിമീങ്ങൾ ഉത്സാഹഭരിതരായിരുന്നു. ചകിതരായവരെ ഉത്സാഹിപ്പിക്കുന്നതിനു വേണ്ടി ഇസ്‌ലാമികസൈന്യത്തിന്റെ ശരിയായ എണ്ണം അറിയാൻ ഖുറയ്ശികൾ ശ്രമം നടത്തി. കുതിരപ്പുറത്തുകയറി ഇസ്‌ലാമികസൈന്യത്തെ നാലുപാടും പരിശോധിച്ച് എണ്ണം അറിഞ്ഞു വരാനും അവരുടെ വല്ല സഹായസൈന്യവും എവിടെയെങ്കിലും ഒളിഞ്ഞിരിപ്പുണ്ടോ എന്നു മനസ്സിലാക്കാനും വേണ്ടി ഖുറയ്ശി പ്രമാണിമാർ ഉമയ്ർ ബിൻ വഹബിനെ അയച്ചു. അങ്ങനെ ഉമയ്ർ കുതിരപ്പുറത്തുകയറി മുസ്‌ലിം സൈന്യത്തെ നാലുപാടും വീക്ഷിച്ചുവെങ്കിലും മരണത്തെപ്പോലും നിസ്സംഗതയോടും നിശ്ചയദാർഢ്യത്തോടും കൂടി പ്രൗഢമായ നിലയിൽ സമീപിക്കുന്ന മുസ്‌ലിമീങ്ങളുടെ രൂപഭാവങ്ങൾ കണ്ട് ഭയന്നാണ് അയാൾ തിരിച്ചെത്തിയത്. അയാൾ പറഞ്ഞു: 'അല്ലയോ ഖുറയ്ശീ സംഘമേ! മുസ്‌ലിം സൈന്യത്തിലെ ഒട്ടകങ്ങൾ മനുഷ്യരെയല്ല, മരണങ്ങൾ വഹിച്ചു പോകുന്നതായിട്ടാണ് ഞാൻ കണ്ടത്. യഥ്‌രിബിലെ പെണ്ണൊട്ടകങ്ങളുടെ മേൽ നാശം താണ്ഡവമാടുന്നതുപോലുണ്ട്."

ഇതുകേട്ട ഖുറയ്ശികൾ അസ്വസ്ഥരായി. അവർക്ക് ജാമ്യമായി വന്ന സുറാഖ എത്രമാത്രം ഭയന്നുവെന്നാൽ അയാൾ പിന്തിരിഞ്ഞോടുകയും ചെയ്തു. ആളുകൾ അദ്ദേഹത്തെ തടഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു:........ 'ഞാൻ കണ്ടതൊന്നും നിങ്ങൾ കാണുന്നില്ലല്ലോ.'

ഹക്കീം ബിൻ ഹിസാം ഉമയ്റിന്റെ അഭിപ്രായം കേട്ടതോടെ പരിഭ്രാന്തനായി ഉത്ബ് ബിൻ റബീഅയുടെ അടുത്തുവന്നു പറഞ്ഞു: 'അല്ലയോ ഉത്ബാ!

നിങ്ങൾ നബി(സ)തിരുമേനിയിൽനിന്ന് അംറ് ഹള്ർമിയുടെ പ്രതികാരം ആഗ്രഹിക്കുന്നുണ്ടോ? അയാൾ നിങ്ങളുടെ സഖ്യഗോത്രക്കാരനായിരുന്നു. നിങ്ങൾക്ക് അദ്ദേഹത്തിന്റെ ഭാഗത്തുന്നിന്ന് രക്തവില നല്കി ഖുറയ്ശികളുമായി തിരിച്ചു പോയിക്കൂടെ? അത് എന്നെന്നേക്കുമായി നിങ്ങളുടെ സൽപേരിന് കാരണമാവുകയല്ലേയുള്ളൂ. നേരത്തെ പരിശ്രമിച്ചിരുന്ന ഉത്ബ ഉടനെ പറഞ്ഞു: 'അതേ, അതേ, എനിക്ക് സമ്മതമാണ്.' പറഞ്ഞു: 'ഹക്കീം, നോക്കൂ! ഇവർ മുസ്‌ലിമീങ്ങളാണെങ്കിലും നമ്മളും ഇവരും പരസ്പരം ബന്ധുക്കളാണല്ലോ? സഹോദരൻ സഹോദരനെതിരേയും പിതാവ് പുത്രനെതിരേയും വാളോങ്ങുന്നത് ശരിയാണോ? നീ ഒരു കാര്യം ചെയ്യുക. അബുൽ ഹിക്കം അഥവാ അബൂജഹലിന്റെ അടുത്തുപോയി അയാളുടെ മുമ്പിൽ ഈ നിർദേശം വെയ്ക്കുക. ഉത്ബയാകട്ടെ, ഒട്ടകപ്പുറത്തു കയറിക്കൊണ്ട് ജനങ്ങളോടു പറഞ്ഞു: 'ബന്ധുക്കളോടു യുദ്ധം ചെയ്യുന്നതു ശരിയല്ല. നമ്മൾ തിരിച്ചു പോവുകയാണ് വേണ്ടത്. മുഹമ്മദിനെ(സ) അദ്ദേഹത്തിന്റെ പാട്ടിനു വിടുക. അദ്ദേഹം മറ്റു അറബിഗോത്രങ്ങളെ നേരിട്ടുകൊള്ളട്ടെ. ഫലം നമുക്ക് കണ്ടറിയാം. തന്നെയുമല്ല, ഈ മുസ്‌ലിമീങ്ങളോടു യുദ്ധം ചെയ്യുക എളുപ്പവുമല്ല. ഞാൻ ഭീരുവാണെന്ന് നിങ്ങൾ പറയുമായിരിക്കും. ഞാൻ, പക്ഷേ, ഭീരുവല്ല. മരണം വില കൊടുത്തു വാങ്ങിയവരാണ് ഇവരെന്നാണ് തോന്നുന്നത്.' നബി(സ) തിരുമേനി ദൂരെനിന്ന് ഉത്ബയെ കണ്ടപ്പോൾ പറഞ്ഞു: 'അവിശ്വാസികളുടെ സൈന്യത്തിൽ മാന്യവ്യക്തിയുണ്ടെങ്കിൽ ആ ചെമന്ന ഒട്ടകപ്പുറത്ത് ഇരിക്കുന്ന വ്യക്തിയാണ്. ഇവർ അദ്ദേഹം പറയുന്നത് അംഗീകരിച്ചാൽ അവർക്ക് നല്ലത്. എന്നാൽ, ഹക്കീം ബിൻ ഹിസാം, അബൂജഹലിന്റെ അടുത്തുപോയി സംഗതി അവതരിപ്പിച്ചപ്പോൾ ആ ഫിർഔനുണ്ടോ അതിനു വഴങ്ങുന്നു. അയാൾ ഉടനെ പറഞ്ഞു: 'നന്നായിരിക്കുന്നു! ഇപ്പോൾ ഉത്ബ തന്റെ മുമ്പിൽ ബന്ധുക്കളെ കാണാൻ തുടങ്ങിയിരിക്കുന്നു!' അനന്തരം അയാൾ അംറ് ഹള്ർമിയുടെ സഹോദരൻ ആമിർ ഹള്ർമിയെ വിളിച്ചു പറഞ്ഞു: 'നിങ്ങളുടെ സംഖ്യകക്ഷിയായ ഉത്ബ പറഞ്ഞത് നിങ്ങൾ കേട്ടുവോ? അതും നിങ്ങളുടെ സഹോദരന്റെ മരണത്തിന് പ്രതികാരം ചെയ്യാനുള്ള സമയം അടുത്തെത്തി നില്ക്കുമ്പോൾ! ആമിറിന്റെ കണ്ണുകൾ ചെമന്നു. അയാൾ അറബികളുടെ പുരാതന രീതിയനുസരിച്ച് വസ്ത്രം കീറിപ്പറിച്ച് നഗ്നനായി വിലപിക്കാൻ തുടങ്ങി: അയ്യോ! എന്റെ സഹോദരന്റെ മരണം പ്രതികാരം ചെയ്യാതെ പോവുന്നല്ലോ! അയ്യോ എന്റെ സഹോദരന്റെ മരണം പ്രതികാരം ചെയ്യാതെ പോകുന്നല്ലോ. മരുഭൂമിയിലെ ആ ശബ്ദം ഖുറയ്ശിസൈന്യത്തിന്റെ നെഞ്ചകങ്ങളിൽ ശത്രുതയുടെ തീനാളം ആളിക്കത്തിച്ചു. യുദ്ധത്തിന്റെ തീച്ചൂള ശക്തിയായി എരിയാൻ തുടങ്ങി."

"ഏതായാലും അബൂജഹലിന്റെ പരിഹാസവാക്കുകൾ ഉത്ബയുടെ ശരീരത്തിലും വിദ്വേഷത്തിന്റെ അഗ്നി പടർത്തി. കോപാന്ധനായ അയാൾ സഹോദരനായ ശെയ്ബയെയും മകനായ വലീദിനെയും കൂട്ടി അവിശ്വാസികളുടെ സൈന്യത്തെയും കടന്ന് അറബികളുടെ പരമ്പരാഗതരീതിയനുസരിച്ച് ദ്വന്ദയുദ്ധത്തിന് അതായത് രണ്ടുപേർ ചേർന്നുള്ള നേരിട്ടുള്ള യുദ്ധത്തിന് വെല്ലുവിളിച്ചു. അൻസ്വാർ അവരെ നേരിടാൻ മുന്നോട്ടുവന്നെങ്കിലും നബി(സ) തിരുമേനി അവരെ തടഞ്ഞുകൊണ്ട് പറഞ്ഞു: 'ഹംസാ, നിങ്ങൾ തയ്യാറാവുക. അലീ, നിങ്ങളും തയ്യാറാവുക. ഉബയ്ദാ, നിങ്ങളും ഒരുങ്ങിയിരിക്കുക. ഈ മൂന്നുപേരും നബി(സ)തിരുമേനിയുടെ അടുത്ത ബന്ധുക്കളായിരുന്നു. അപകടം നിറഞ്ഞ സ്ഥലത്ത് ഏറ്റവുമാദ്യം തന്റെ ബന്ധുക്കൾ മുന്നോട്ടു വരണമെന്ന് അവിടന്ന് ആഗ്രഹിച്ചിരിന്നു. മറുഭാഗത്ത് അൻസ്വാറിനെ കണ്ടപ്പോൾ ഉത്ബ വിളിച്ചു പറഞ്ഞു: 'ഇവരെ ഞങ്ങളെന്തറിയാൻ! ഞങ്ങളോടു കിടപിടിക്കാൻ പോന്നവർ മുന്നിൽ വരട്ടെ.' അങ്ങനെ, ഹംസത്ത്, അലി, ഉബയ്ദാ എന്നിവർ മുന്നോട്ടു വന്നു. അറബി രീതിയനുസരിച്ച് ആദ്യം പരിചയം പുതുക്കി. ശേഷം ഉബയ്ദ ബിൻ മുത്വലിബ് വലീദിനെ നേരിട്ടു. ഹംസത്ത്, ഉത്ബയോടും അലി ശെയ്ബയോടും പൊരുതി. ഹംസയും അലിയും ഒന്നു രണ്ടു വെട്ടിനുള്ളിൽ തന്നെ തങ്ങളുടെ എതിരാളികളെ വകവരുത്തി. എന്നാൽ, ഉബയ്ദയും വലീദും തമ്മിലുള്ള പോര് അല്പനേരം നീണ്ടു നിന്നു. ഒടുവിൽ രണ്ടുപേരും ഗുരുതരമായ പരിക്കേറ്റു വീണതോടെ ഹംസത്തും അലിയും മുന്നോട്ടു വന്ന് വലീദിന്റെ കഥകഴിക്കുകയും ഉബയ്ദയെ എടുത്ത് കൂടാരത്തിൽ കൊണ്ടുവരുകയും ചെയ്തു. ഉബയ്ദക്ക് പക്ഷേ, ആ പരിക്കിൽനിന്ന് രക്ഷപ്പെടാനായില്ല. ബദ്റിൽനിന്ന് തിരിച്ചു പോകും വഴി അദ്ദേഹം വഫാത്തായി.(സീറത്ത് ഖാത്തമുന്നബിയ്യീൻ , ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് എം.എ(റ)(358–360)

ഹദ്റത്ത് ഹംസത്ത്(റ), ബദ്റിൽവച്ച് ഖുറയ്ശി നേതാവായ ത്വുഅയ്മ ബിൻ അദിയെ വധിച്ചിരുന്നു. (സ്വഹീഹുൽബുഖാരി, കിതാബുൽ മഗാസി, ബാബു ഖിസ്സ്വത്തു ഗസവത്തു ബദ്ർ)

ഹദ്റത്ത് ഹംസ(റ) മദ്യലഹരിയിൽ ഹദ്റത്ത് അലിയുടെ ഒട്ടകങ്ങളെ കൊന്നുവെന്നും ബദ്ർ യുദ്ധവുമായി ബന്ധപ്പെട്ട് നിവേദനം ചെയ്യപ്പെടുന്നുണ്ട്. മദ്യം നിഷിദ്ധമാക്കുന്നതിനു മുമ്പേയുള്ള സംഭവമാണിത്. ഇതിന്റെ വിശദീകരണം ബുഖാരിയിൽ ഇപ്രകാരം വന്നിരിക്കുന്നു. ഹദ്റത്ത് അലി ബിൻ ഹുസയ്ൻ തന്റെ പിതാവ് ഹുസയ്ൻ ബിൻ അലിയിൽനിന്ന് നിവേദനം: 'ഹദ്റത്ത് അലി ബിൻ അബീത്വാലിബ്(റ) പറഞ്ഞു: ബദ്റിലെ യുദ്ധസ്വത്തിൽനിന്ന് പ്രായമായ ഒരു ഒട്ടകം നബി(സ) തിരുമേനിയോടൊപ്പം എനിക്കും കിട്ടി. മറ്റൊരു പ്രായമായ ഒട്ടകത്തെകൂടി നബി(സ)തിരുമേനി എനിക്കു തന്നു. ഒരു ദിവസം അവ രണ്ടിനേയും ഞാൻ ഒരു അൻസ്വാരിയുടെ വീട്ടുവാതിൽക്കൽ കൊണ്ടുപോയി നിറുത്തി. കുറെ ഇദ്ഖർ പുല്ലു പറിച്ച് അവയുടെ പുറത്തു കയറ്റിക്കൊണ്ടുപോയി വില്ക്കുവാൻ ഞാനാഗ്രഹിച്ചു. എന്റെ കൂടെ ഖയ്നഖാഅ് ഗോത്രക്കാരനായ ഒരു തട്ടാനുണ്ടായിരുന്നു. അത് അയാൾക്കു നല്കി ഫാത്വിമയുമായുള്ള വിവാഹസദ്യക്ക് കാശുണ്ടാക്കുകയായിരുന്നു എന്റെ ലക്ഷ്യം. അന്നേരം ഹംസ ബിൻ അബ്ദുൽമുത്വലിബ് ആ വീട്ടിലിരുന്ന് മദ്യപിക്കുകയായിരുന്നു. അദ്ദേഹത്തോടൊപ്പം ഒരു ഗായികയുമുണ്ട്. അവൾ പാട്ടുപാടി: 'ഓ ഹംസാ! ഈ തടിച്ച ഒട്ടകങ്ങളെ ശ്രദ്ധിക്കുക. അവയെ പിടിച്ചെടുക്കുക. ഉടനെ ഹംസ ആ ഒട്ടകങ്ങളുടെ നേരെ വാളും കൊണ്ട് ചാടിയെഴുന്നേറ്റ് അവയുടെ പൂഞ്ഞയ്ക്ക് വെട്ടുകയും വയറ് കുത്തിക്കീറിയിട്ട് അവയുടെ കരൾ മുറിച്ചെടുക്കുകയും ചെയ്തു. ഇബ്നു ജുറയ്ജ് പറഞ്ഞു: ഞാൻ ഇബ്നു ശിഹാബിനോട് ചോദിച്ചു: പൂഞ്ഞിലെ ഇറച്ചിയും മുറിച്ചു കളഞ്ഞുവോ? അദ്ദേഹം പറഞ്ഞു: അവ രണ്ടിന്റെയും പൂഞ്ഞ് വെട്ടിയെടുത്തു കൊണ്ടുപോയി. ഇബ്നു ശിഹാബ് പറഞ്ഞു: ഹ: അലി(റ) പറഞ്ഞു, എനിക്ക് ഇതു കണ്ടപ്പോൾ വളരെ വിഷമമായി. ഞാൻ നബി(സ)തിരുമേനിയുടെ അടുക്കൽച്ചെന്ന് വർത്തമാനങ്ങളെല്ലാം പറഞ്ഞു. നബി(സ)തിരുമേനിയുടെ അടുത്ത് സയ്ദ് ബിൻ ഹാരിഥ ഉണ്ടായിരുന്നു. നബി(സ)തിരുമേനി സയ്ദിന്റെ കൂടെ പുറപ്പെട്ടു. കൂടെ ഞാനും പുറപ്പെട്ടു. ഹംസയുടെ അടുത്ത് പ്രവേശിച്ചു. നബി(സ)തിരുമേനി അദ്ദേഹത്തോടു ദേഷ്യഭാവം പ്രകടിപ്പിച്ചു. ഉടനെ ഹംസ നബി(സ)തിരുമേനിയുടെ നേരെ തലയുയർത്തി നോക്കിയിട്ട് ഇപ്രകാരം പറഞ്ഞു: 'നിങ്ങളെല്ലാവരും എന്റെ പിതാക്കന്മാരുടെ അടിമകളല്ലാതെ മറ്റാരാണ്?!' ഉടനെ നബി(സ)തിരുമേനി പിന്നോട്ടു കാൽവെച്ച് അവരുടെ മുമ്പിൽ നിന്ന് അപ്രത്യക്ഷനായി. ഈ സംഭവം മദ്യനിരോധനത്തിന് മുമ്പേയായിരുന്നു.(സ്വഹീഹുൽബുഖാരി, കിതാബുൽമുസാഖാത്ത് ഹദീഥ് നമ്പർ 2375)

ഈയവസ്ഥയിൽ അദ്ദേഹത്തോട് സംസാരിക്കാതിരിക്കുന്നതാണ് നല്ലതെന്ന് അവർ പറഞ്ഞു. എന്നാൽ, പിന്നീടു നോക്കുക, മദ്യം നിഷിദ്ധമാക്കിയതോടെ അവർ അതിനെ സമീപിച്ചിട്ടില്ല. ദൈവകല്പനകൾ പാലിക്കുന്നതിന്റെ ഈ നിലവാരമാണ് സ്വഹാബാക്കൾ കാണിച്ചത്. മദ്യം നിറച്ചുവെച്ചിരുന്ന മൺപാത്രങ്ങളെല്ലാം ഉടനെ ഉടച്ചുകളഞ്ഞു.(സ്വഹീഹ് മുസ്‌ലിം, ഹദീഥ് നമ്പർ 5138)

ഈയിടെയായി ആളുകൾ പറയുന്നതുപോലെ മെല്ലെ മെല്ലെ ഉപേക്ഷിക്കാം എന്നു പറഞ്ഞില്ല. ഒന്നാമതായി ലഹരിയിൽ അകപ്പെടുന്നതുതന്നെ തെറ്റാണ്; ഇസ്‌ലാമിൽ നിഷിദ്ധമാക്കപ്പെട്ടതാണ്. പിന്നെ പറയുന്നതോ, സാവധാനം ഉപേക്ഷിച്ചുകൊള്ളാം, തങ്ങൾക്ക് സമയം തരണമെന്ന്. ഏതായാലും അക്കാലത്ത് നടന്ന ഒരു സംഭവമാണിത്. അതിനുശേഷം അവരുടെ ത്യാഗത്തിന്റെ നിലവാരവും വർധിച്ചുകൊണ്ടിരുന്നു. അതുകഴിഞ്ഞ് ഹദ്റത്ത് ഹംസയ്ക്ക് ലജ്ജ തോന്നിയിരിക്കണം.

ബദ്ർ യുദ്ധത്തിനുശേഷം ബനൂ ഖയ്നഖാഅ് യുദ്ധം ആസന്നമായപ്പോൾ ഹദ്റത്ത് ഹംസ(റ) അതിലും മുൻപന്തിയിലുണ്ടായിരുന്നു. ഈ യുദ്ധത്തിലും ഹദ്റത്ത് ഹംസ തന്നെയാണ് നബി(സ) തിരുമേനിയുടെ പതാക വഹിച്ചിരുന്നത്. വെള്ള നിറത്തിലുള്ള പതാകയായിരുന്നു അത്.(സുബുലുൽഹുദാ വർറശാദ് ഭാഗം 4, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) അതിനു നല്കിയ വിശദീകരണം ഇപ്രകാരമാണ്: നബി(സ)തിരുമേനി മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്ത് മദീനയിൽ ചെന്നപ്പോൾ മദീനയിൽ യഹൂദികളുടെ മൂന്നു ഗോത്രങ്ങളുണ്ടായിരുന്നു. ബനൂ ഖയ്നഖാഅ്, ബനൂനളീർ, ബനൂ ഖുറയ്ള്വ എന്നിങ്ങനെയാണ് അവയുടെ പേര്. മദീനയിലെത്തിയ ഉടനെ നബി(സ)തിരുമേനി ഈ ഗോത്രങ്ങളുമായി സമാധാനസന്ധിയിലേർപ്പെട്ടു. പരസ്പരം സൗഹാർദത്തിനും സമാധാനത്തിനും അസ്തിവാരമിട്ടു. സന്ധിപ്രകാരം, മദീനയിൽ ശാന്തി സമാധാനം നിലനിറുത്താൻ ഇരുകക്ഷികളും ബാധ്യസ്ഥരായിരുന്നു. മദീനയുടെ പുറത്തുനിന്ന് ഏതെങ്കിലും ശത്രു ആക്രമിച്ചാൽ എല്ലാവരും ഒരുമിച്ച് അതിനെ നേരിടും. തുടക്കത്തിൽ ഈ കരാർ യഹൂദികൾ പാലിച്ചു കൊണ്ടിരുന്നു. ചുരുങ്ങിയത് ബാഹ്യമായ നിലയിലെങ്കിലും മുസ്‌ലിമീങ്ങളുമായി കലഹത്തിനുനിന്നില്ല. എന്നാൽ, മദീനയിൽ മുസ്‌ലിമീങ്ങൾക്ക് അധികാരം വർധിക്കുന്നുവെന്ന് അറിഞ്ഞപ്പോൾ അവരുടെ ഭാവം മാറാൻ തുടങ്ങി. മുസ്‌ലിമീങ്ങളുടെ വർധിച്ചുവരുന്ന ഈ സ്വാധീനത്തെ തടയണമെന്ന് അവർ നിശ്ചയിച്ചു. അതിന് അവർ നല്ലതും തീയതുമായ എല്ലാവിധ പദ്ധതികളും ആവിഷ്കരിക്കാൻ തുടങ്ങി.

മുസ്‌ലിമീങ്ങളിൽ ഭിന്നിപ്പുണ്ടാക്കി അവരിൽ ആഭ്യന്തരകലഹം ഉണ്ടാക്കാൻ പോലും അവർ മടിച്ചില്ല. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: ഒരിക്കൽ ഔസ്, ഖസ്റജ് എന്നീ ഗോത്രങ്ങളിലെ നിരവധിപേർ ഒരുമിച്ചു കൂടിയിരിക്കുകയായിരുന്നു. അവർ പരസ്പരം സ്നേഹത്തിന്റെയും ഐക്യത്തിന്റെയും കാര്യങ്ങൾ സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു. അന്നേരം കുഴപ്പക്കാരായ ചില യഹൂദികൾ ബുആഥ് യുദ്ധത്തെക്കുറിച്ച് സംസാരിക്കാൻ തുടങ്ങി ഹിജ്റത്തിനു ഏതാനും വർഷം മുമ്പേ ഈ രണ്ടു ഗോത്രങ്ങൾക്കിടയിൽ നടന്ന ഘോരയുദ്ധമായിരുന്നു അത്. ഔസിലെയും ഖസ്റജിലെയും നിരവധിയാളുകൾ പരസ്പരം ആളുകളെ കൊന്നിരുന്നു. ഈ യുദ്ധത്തെ സംബന്ധിച്ച പരാമർശമുണ്ടായ ഉടനെ എടുത്തു ചാടുന്ന ആളുകളുടെ ഹൃദയങ്ങളിൽ പഴയ ഓർമകൾ നാമ്പെടുക്കുകയും കഴിഞ്ഞുപോയ വിദ്വേഷങ്ങൾ അവരുടെ കൺമുമ്പിൽ തെളിഞ്ഞു വരുകയും ചെയ്തു. തൽഫലമായി പ്രശ്നം പരസ്പരം വാക്കുതർക്കങ്ങളിൽകൂടി കടന്നു പോയി, ആ സദസ്സിൽവെച്ചുതന്നെ മുസ്‌ലിമീങ്ങളിൽ വാളുയർത്തുന്ന നിലവരെയെത്തി. ഏതായാലും നബി(സ)തിരുമേനിക്ക് കൃത്യസമയത്ത് ഇതിനെപ്പറ്റി അറിവ് ലഭിച്ചതോടെ ഉടനെത്തന്നെ മുഹാജിറുകളുടെ ഒരു സംഘത്തോടൊപ്പം അവിടെയെത്തുകയും ഇരുകക്ഷികളെയും പറഞ്ഞു മനസ്സിലാക്കി രംഗം ശാന്തമാക്കുകയും ചെയ്തു. 'ഞാൻ ഉണ്ടായിരിക്കെ നിങ്ങൾ ജാഹിലിയ്യാ രീതി അവലംബിക്കുകയാണല്ലോ. ഇസ്‌ലാം മുഖേന നിങ്ങളെ പരസ്പരം സഹോദരങ്ങളാക്കിക്കൊണ്ട് അല്ലാഹു നിങ്ങളോടു ചെയ്ത അനുഗ്രഹത്തെ നിങ്ങൾ വിലമതിക്കുന്നില്ലല്ലോ' എന്ന് അവിടന്ന് അപലപിക്കുകയും ചെയ്തു. അവിടത്തെ ഈ ഉപദേശം അൻസ്വാറിനെ എത്രമാത്രം സ്വാധീനിച്ചുവെന്നാൽ, അവരുടെ കണ്ണുകളിൽനിന്ന് കണ്ണീർ പൊടിയുകയും തങ്ങളുടെ ചെയ്തികളിൽ പശ്ചാത്തപിച്ചുകൊണ്ട് പരസ്പരം ആലിംഗനം ചെയ്യുകയും ചെയ്തു.

ബദ്ർ യുദ്ധം കഴിഞ്ഞ് അല്ലാഹു തന്റെ അനുഗ്രഹത്താൽ മുസ്‌ലിമീങ്ങൾക്ക്–അവർ എണ്ണത്തിലും വണ്ണത്തിലും കുറവായിരുന്നിട്ടും കൂടി ഖുറയ്ശികളുടെ വൻയുദ്ധസന്നാഹത്തിനുമേൽ വിജയം നല്കുകയും ശത്രുസൈന്യത്തിലെ വലിയ നേതാക്കളുടെ കഥകഴിയുകയും ചെയ്തതോടെ യഹൂദികളുടെ ഉള്ളിൽ എരിഞ്ഞുകൊണ്ടിരുന്ന അസൂയയുടെ തീ ആളിക്കത്തുകയും അവർ മുസ്‌ലിമീങ്ങളോട് തുറന്ന നിലയിൽ കയർക്കുകയും ചെയ്തു. ഖുറയ്ശിസൈന്യത്തെ തോൽപ്പിക്കുന്നത് വലിയ കാര്യമൊന്നുമല്ലെന്നും നബി(സ)തിരുമേനി നമ്മളെ നേരിടുകയാണെങ്കിൽ യുദ്ധം എന്താണെന്ന് കാണിച്ചു കൊടുക്കുമെന്നും അവർ സദസ്സുകളിൽ പരസ്യമായി പറയുകയും ചെയ്തു.

ഒരു സദസ്സിൽ നബി(സ)തിരുമേനിയുടെ മുഖത്തുനോക്കി ഇത്തരത്തിലുള്ള വാക്കുകൾ പറയുകയുണ്ടായി. നിവേദനത്തിൽ വന്നിരിക്കുന്നു. ബദ്ർ യുദ്ധം കഴിഞ്ഞ് നബി(സ)തിരുമേനി മദീനയിൽ വന്നതിനു ശേഷം ഒരു ദിവസം യഹൂദികളെ ഒരുമിച്ചുകൂട്ടി അവരെ ഉപദേശിക്കുകയും അങ്ങയുടെ വാദം അവരുടെ മുമ്പിൽ സമർപ്പിച്ചുകൊണ്ട് അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു. സമാധാന നിർഭരവും സഹതാപപരവുമായ അവിടത്തെ പ്രസംഗത്തിന് യഹൂദി നേതാക്കന്മാർ ഈ വാക്കുളിലാണ് മറുപടി നല്കിയത്: മുഹമ്മദേ!(സ). താങ്കൾ കുറച്ചു ഖുറയ്ശികളെ വധിച്ച് അഹങ്കരിക്കുകയാണെന്ന് തോന്നുന്നു. അവർക്ക് യുദ്ധതന്ത്രങ്ങളൊന്നും അറിയുമായിരുന്നില്ല. ഞങ്ങളുമായി നിങ്ങൾ പോരാടുകയാണെങ്കിൽ പോരാടുന്നവർ ഇങ്ങനെയായിരിക്കുമെന്ന് നീ അറിയുന്നതായിരിക്കും. യഹൂദികൾ സാധാരണ ഭീഷണിയിൽ ഒതുങ്ങിയില്ല. അവർ നബി(സ)തിരുമേനിയെ വധിക്കാനുള്ള നടപടികളും സ്വീകരിച്ചു തുടങ്ങിയിരുന്നുവെന്ന് മനസ്സിലാകുന്നുണ്ട്. കാരണം ആ ദിനങ്ങളിൽ ഒരു മുഖ്‌ലിസ്സ് സ്വഹാബിയായ ത്വൽഹ ബിൻ ബറാഅ് മരിക്കാൻ പോകുമ്പോൾ താൻ രാത്രിയിൽ മരിക്കുകയാണെങ്കിൽ നബി(സ)തിരുമേനിയെ അറിയിക്കരുതെന്ന് വസിയ്യത്ത് ചെയിതിരുന്നു. താൻ മുഖേന നബി(സ)തിരുമേനിക്ക് ഒരു അപകടവും ഉണ്ടാകരുതെന്ന് കരുതിയാണ് അദ്ദേഹം അത് പറഞ്ഞത്. ബദ്ർ യുദ്ധത്തിനുശേഷം യഹൂദികൾ തുറന്ന നിലയിൽ അക്രമം ആരംഭിച്ചിരുന്നു. കാരണം മദീനയിൽ യഹൂദികളുടെ ഗോത്രമായ ബനൂഖയ്നഖാഅ് ശക്തരും ധീരരുമായിരുന്നു. അതിനാൽ ആദ്യമേ അവരാണ് ഉടമ്പടി ലംഘിക്കാൻ തുടങ്ങിയത്. ചരിത്രകാരന്മാർ എഴുതുന്നു....... മദീനയിലെ യഹൂദികളിൽ വെച്ച് ബനൂഖയ്നഖാഅ് ആണ് ആദ്യമായി നബി(സ)തിരുമേനിയുമായി ചെയ്ത ഉടമ്പടി ലംഘിച്ചതും ബദ്ർ യുദ്ധത്തിനു ശേഷം അഹങ്കരിക്കാനും തുടങ്ങിയത്. കൂടാതെ അസൂയയും വെറുപ്പും വെച്ച് പുലർത്തുകയും വാഗ്ദാന ലംഘനും നടത്തുകയും ചെയ്തു.

എന്നാൽ, മുസ്‌ലിമീങ്ങൾ തങ്ങളുടെ നേതാവിന്റെ ഉപദേശങ്ങൾക്കനുസരിച്ച് സഹനത്തോടെ നിലനിന്നു. മാത്രവുമല്ല തങ്ങളാൽ ഒരു കാര്യത്തിലും മുൻകൈ എടുത്തതുമില്ല. ഹദീഥിൽ വന്നിരിക്കുന്നത് ഈ ഉടമ്പടിക്ക് ശേഷം നബി(സ)തിരുമേനി പ്രത്യേകമായി യഹൂദികളോട് ഔദാര്യം ചെയ്യുമായിരുന്നു എന്നാണ്.

ഒരിക്കൽ ഒരു മുസ്‌ലിമും യഹൂദിയും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായി. എല്ലാ നബിമാരിലും ശ്രേഷ്ഠൻ ഹദ്റത്ത് മൂസാ(അ) ആണെന്ന് അയാൾ പറയുകയുണ്ടായി. ഇതുകേട്ട മുസ്‌ലിമിന് ദേഷ്യം വരുകയും നബി(സ)തിരുമേനിയാണ് ശ്രേഷ്ഠനെന്ന് പറഞ്ഞ് യഹൂദിയുടെമേൽ അതിക്രമം പ്രവൃത്തിക്കുകയും ചെയ്തു. ഈ സംഭവം അറിഞ്ഞ നബി(സ)തിരുമേനി സ്വഹാബിയോട് ദേഷ്യപ്പെടുകയും ശകാരിക്കുകയും ചെയ്തു. അല്ലാഹുവിന്റെ നബിമാരുടെ ശ്രേഷ്ഠത വിവരിക്കലല്ല നിങ്ങളുടെ ജോലിയെന്ന് പറയുകയും ചെയ്തു. തുടർന്ന് നബി(സ)തിരുമേനി മൂസാ(അ)ന്റെ ഭാഗികമായ ശ്രേഷ്ഠതകൾ വിവരിച്ചുകൊണ്ട് യഹൂദിയെ സമാശ്വസിപ്പിച്ചു. എന്നാൽ, സാന്ത്വനവാക്കുകൾക്ക് വീപരീതമായി യഹൂദികൾ ദ്രോഹപ്രവർത്തനത്തിൽ അതിരുകവിയുകയും അവരിൽനിന്നുതന്നെ യുദ്ധം പൊട്ടിപുറപ്പെടുകയും ചെയ്തു. അവരുടെ ഹൃദയങ്ങളിൽ നിറഞ്ഞിരുന്ന വിദ്വേഷം ഹൃദയത്തിൽ ഒതുക്കിനിറുത്താൻ സാധിക്കാതെ വരുകയും അത് പിന്നീട് ഈ രീതിയിൽ പുറത്ത് വരികയുമാണ് ചെയ്തത്. ഒരിക്കൽ ഒരു മുസ്‌ലിം സ്ത്രീ യഹൂദിയുടെ കടയിൽ സാധനം വാങ്ങുന്നതിന് വന്നു. ആ സമയത്ത് കടയിൽ ഉണ്ടായിരുന്ന അക്രമകാരികളായ യഹൂദികൾ ആ സ്ത്രീയെ ശല്യപ്പെടുത്തി. അതിൽ ആ കടക്കാരനും പങ്കുചേർന്നു. സ്ത്രീയുടെ അരക്കെട്ടിലെ വസ്ത്രത്തിന്റെ അഗ്രഭാഗത്ത് മുള്ള് ഉപയോഗിച്ചുകൊണ്ട് അത് പിറകിലെ വസ്ത്രത്തിൽ തൂകിയിട്ടു. അവസാനം അവരുടെ ദുർന്നടപ്പ് മനസ്സിലാക്കിയ സ്ത്രീ അവിടെ നിന്നു തിരിച്ച് പോരാൻ ശ്രമിക്കവെ അവർ വിവസ്ത്രയായി. ഈ കാഴ്ച്ച കണ്ട് കടക്കാരനും കൂട്ടുകാരും ഉറക്കെ ചിരിക്കുകയുണ്ടായി.

മുസ്‌ലിം സ്ത്രീ ലജ്ജ കാരണം സഹായത്തിന് ബഹളംവെച്ചു, അവിചാരിതമായി ഒരു മുസൽമാൻ ആ സമയത്ത് അടുത്തുണ്ടായിരുന്നു. അയാൾ വന്നു പോരാടുകയും കടക്കാരൻ കൊല്ലപ്പെടുകയും ചെയ്തു.

ഇതിനെ തുടർന്ന് നാലു ഭാഗത്തുനിന്നും ആ മുസൽമാന്റെമേൽ വാളുകൾ പതിഞ്ഞു. അഭിമാനിയായ അദ്ദേഹം അവിടെ മരിച്ചു വീഴുകയും ചെയ്തു. ഈ സംഭവം അറിഞ്ഞ മുസ്‌ലിമീങ്ങളുടെ കണ്ണുകളിൽ നിന്നു രക്തമൊഴുകാൻ തുടങ്ങുകയും ചെയ്തു. മറുഭാഗത്ത് യഹൂദികൾ ഈ സംഭവത്തെ പ്രശ്നമാക്കാൻ ആഗ്രഹിച്ചുകൊണ്ട് സംഘടിക്കുകയും കലാപാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. നബി(സ)തിരുമേനിക്ക് ഈ വാർത്ത ലഭിച്ചപ്പോൾ ബനൂഖയ്നഖായിലെ പ്രധാനികളെ ഒരുമിച്ചുകൂട്ടി അവരോടു പറഞ്ഞു, ‘നിങ്ങളുടെ ഈ സമീപനം ശരിയായതല്ല. ഇത്തരം അതിക്രമങ്ങളിൽനിന്ന് വിട്ടുനിൽക്കുകയും അല്ലാഹുവിനെ ഭയക്കുകയും ചെയ്യുക.’ എന്നാൽ, അവർ ഈ സംഭവത്തിൽ വിലപിക്കുകയും മാപ്പ് അപേക്ഷിക്കുകയും ചെയ്യുന്നതിന് പകരം അഹങ്കാരഭാഷണത്തോടെ ഭീഷണി മുഴക്കിക്കൊണ്ട് ‘ബദ്റിന്റെ വിജയത്തിൽ അഹങ്കരിക്കണ്ട. ഞങ്ങളുമായി നേരിടുന്ന അവസരത്തിൽ മനസ്സിലാവും എതിരാളികൾ എങ്ങനെ ആയിരിക്കും’ എന്നു പറഞ്ഞു. ദരിദ്രരായ ഒരു കൂട്ടം സ്വഹാബാക്കളുമായി ബനൂഖയ്നഖായുടെ കോട്ടയിലേക്ക് നബി(സ)തിരുമേനി നീങ്ങി. ഇത് അവസാനത്തെ അവസരമായിരുന്നു. എന്നാൽ, തങ്ങളുടെ പ്രവൃത്തിയിൽ ലജ്ജിതരാവേണ്ടതിനു പകരം യുദ്ധത്തിന് അവർ പ്രേരിപ്പിച്ചു. അങ്ങനെ യുദ്ധത്തിനുള്ള വിളംബരമുണ്ടാകുകയും മുസ്‌ലിമീങ്ങളും യഹൂദികളും പരസ്പരം പോരാടാനായി ഒരുങ്ങുകയും ചെയ്തു.

ചുരുക്കത്തിൽ അങ്ങനെ യുദ്ധവിളംബരമുണ്ടായി. ഇസ്‌ലാമിന്റേയും യഹൂദിയ്യത്തിന്റേയും ശക്തികൾ പരസ്പരം പോരാടാൻ ഇറങ്ങിപ്പുറപ്പെടുകയും ചെയ്തു.

അക്കാലഘട്ടത്തിന്റെ സമ്പ്രദായമനുസരിച്ച് യുദ്ധത്തിന്റെ രീതി തങ്ങളുടെ കോട്ടയിൽ സുരക്ഷിതരായി ഇരിക്കുകയും എതിരാളികൾ കോട്ട വളയുകയും അതുമല്ലെങ്കിൽ പരസ്പരം നേരിടുകയും അതല്ലെങ്കിൽ കോട്ട വളഞ്ഞ് സൈന്യം കോട്ടയെ തങ്ങളുടെ പരിധിയിലാക്കാൻ സാധിക്കാതെ നിരാശരാവുകയും ചെയ്യുക എന്നതായിരുന്നു. അതുമല്ലെങ്കിൽ കോട്ട വളഞ്ഞ സൈന്യം കോട്ടയുടെ വാതിലുകൾ തുറന്ന് തങ്ങൾക്കാണ് വിജയമെന്ന് പറയും. എന്നാൽ, ഈ അവസരത്തിൽ ബനൂഖയ്നഖാ കോട്ട വാതിലുകൾ അടച്ച് അതിനുള്ളിൽത്തന്നെ ഇരുന്നു. നബി(സ)തിരുമേനി പതിനഞ്ചു ദിവസത്തോളം അവരുടെ കോട്ട വളഞ്ഞു.

അവസാനം ബനൂഖയ്നഖായുടെ അഹങ്കാരം അവസാനിക്കുകയും തങ്ങളുടെ സ്വത്തുക്കൾ മുസ്‌ലിമീങ്ങളുടേതാണ് എന്നാൽ, തങ്ങളുടെ ജീവനിലും ബന്ധുക്കളിലും മുസ്‌ലിമീങ്ങൾക്ക് ഒരു അവകാശങ്ങളും ഉണ്ടാകുന്നതല്ലെന്ന ഉടമ്പടിയോടെ അവർ കോട്ടയുടെ വാതിൽ തുറക്കുകയും ചെയ്തു.

നബി(സ)തിരുമേനി അവരുടെ ഈ ഉടമ്പടി മാനിച്ചു. കാരണം മൂസായുടെ അധ്യാപനപ്രകാരം അവരെ എല്ലാവരേയും വധിക്കണമായിരുന്നു. ഉടമ്പടി പ്രകാരം അവരിൽ മൂസായുടെ ശരീഅത്തായിരുന്നു നടപ്പിൽ വരേണ്ടിയിരുന്നത്. എന്നാൽ, ഇത് അവരിൽ നിന്നുമുണ്ടായ ആദ്യത്തെ കൃത്യമായിരുന്നു. കൂടാതെ അവരുടെ ദുഷ്ചെയ്തികൾക്ക് കാരുണ്യത്തിന്റെ പ്രതീകമായ നബി(സ)തിരുമേനിയുടെ അവസാനത്തെ ചികിത്സയുമായിരുന്നു. ആദ്യത്തെ പ്രവൃത്തിയിൽത്തന്നെ ആകൃഷ്ടരാവണമെന്നില്ല. മറുഭാഗത്ത് വാഗ്ദാന ലംഘകരായ ഗോത്രം മദീനയിൽ നിൽക്കുന്നതുതന്നെ കാപട്യത്തിന് സമമായിരുന്നു. പ്രത്യേകിച്ചു ഔസ്, ഖസ്റജ് ഗോത്രങ്ങളിലെ കപടന്മാരായവർ ആദ്യമേ മദീനയിലുണ്ടുതാനും. പുറത്തുനിന്നുള്ള അറേബ്യയിലെ എതിരാളികളും മുസ്‌ലിമീങ്ങളെ ബുദ്ധിമുട്ടിച്ചിരിക്കുകയായിരുന്നു.

അത്തരം അവസ്ഥകളിൽ നബി(സ)തിരുമേനി വിധിക്കാൻ സാധ്യതയുള്ള കാര്യം ബനൂഖയ്നഖാ മദീന വിട്ടുപോകണമെന്നതായിരുന്നു. ഈ ശിക്ഷ അവരുടെ കുറ്റകൃത്യത്തിന്നെതിരിലും അപ്രകാരം തന്നെ അക്കാലത്തെ അവസ്ഥകൾ പരിഗണിച്ചും വളരെ നിസ്സാരമായ ഒരു ശിക്ഷയായിരുന്നു. യഥാർഥത്തിൽ അതിൽ സ്വന്തം സംരക്ഷണത്തിന്റെ വശമായിരുന്നു പരിഗണിച്ചിരുന്നത്. ഇല്ലെങ്കിൽ അറേബ്യയിലെ വീടുംകുടിയുമില്ലാത്ത ജനതകളുടെ പക്കൽ വീടൊഴിഞ്ഞുപോകൽ വലിയ കാര്യമൊന്നുമല്ലായിരുന്നു. പ്രത്യേകിച്ചും ഏതെങ്കിലും ഗോത്രത്തിന്റെ സ്വത്തുക്കളും സ്ഥലങ്ങളും തോട്ടങ്ങളും ഒന്നും ഇല്ലാത്ത സ്ഥിതിയിൽ, ബനൂഖയ്നഖായെപോലെ! പിന്നീടാണെങ്കിൽ ഏതെങ്കിലും ഗോത്രത്തിന് വലിയ ശാന്തിയോടും സമാധാനത്തോടുംകൂടി ഒരു സ്ഥലമുപേക്ഷിച്ച് മറ്റൊരു സ്ഥലത്തുപോയി താമസിക്കാനുള്ള അവസരം കിട്ടുമ്പോൾ. അങ്ങനെ ബനൂഖയ്നഖാഅ് വളരെ സമാധാനത്തോടുകൂടി മദീന വിട്ട് ശാമിലേക്ക് പോയി. അവരുടെ യാത്രയ്ക്കുള്ള അത്യാവശ്യമായ ഏർപാടുകളും കാവലും ചെയ്യുന്നതിന് നബി(സ)തിരുമേനി തന്റെ സ്വഹാബിയായ ഉബാദ ബിൻ സ്വാമിത്തിനെയാണ് ഏല്പിച്ചത്. അദ്ദേഹം അവരുടെ സഖ്യകക്ഷികളിൽപ്പെട്ടവരായിരുന്നു. അങ്ങനെ ഉബാദ ബിൻ സ്വാമിത്ത്(റ) കുറച്ചു ദൂരംവരെ ബനൂഖയ്നഖായുടെ കൂടെ പോകുകയും പിന്നീട് അവരെ സുരക്ഷിതമായി മുമ്പോട്ടയക്കുകയും മടങ്ങിവരികയും ചെയ്തു. യുദ്ധസാമഗ്രികളും തൊഴിലായുധങ്ങളുമായി മുസ്‌ലിമീങ്ങൾക്ക് യുദ്ധമുതലായി കിട്ടിയത്.

ബനൂഖയ്നഖായെ കുറിച്ച് ചില നിവേദനങ്ങളിൽ വന്നിരിക്കുന്നത്, അവർ കോട്ടയുടെ വാതിൽ തുറന്നുകൊണ്ട് തങ്ങളെ നബി(സ)തിരുമേനിയിൽ ചുമതലപ്പെടുത്തിയെന്നാണ്. എന്നാൽ, അവരുടെ അഹങ്കാരവും അക്രമവും കാരണം അവരിലെ യുദ്ധക്കൊതിയന്മാരായവരെ വധിക്കാനായിരുന്നു നബി(സ)തിരുമേനി ആഗ്രഹിച്ചിരുന്നത്. എന്നാൽ, മുനാഫിഖുകളുടെ നേതാവായിരുന്ന അബ്ദുല്ലാഹ് ബിൻ സുലൂലിന്റെ നിർദേശപ്രകാരം അങ്ങ് ഈ ആഗ്രഹം വേണ്ടെന്നു വെച്ചു. (എന്നാൽ, ഇത് സംബന്ധമായ തെളിവുകളൊന്നുമില്ല). നിവേദനം സത്യമാണെന്ന് ഗവേഷകന്മാരും മനസ്സിലാക്കുന്നില്ല........ മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നത് ബനൂഖയ്നഖാ വാതിൽ തുറക്കാനുണ്ടായ കാരണം തങ്ങളുടെ ബന്ധുക്കളെ വെറുതെ വിടുമെന്ന ഉടമ്പടി കാരണമാണ്. അതിനാൽത്തന്നെ നബി(സ)തിരുമേനി ഇക്കാര്യം സ്വീകരിച്ചുകൊണ്ട് മറ്റോരു മാർഗം സ്വീകരിച്ചു. വധിക്കാൻ ശ്രമിച്ചില്ല. അതിനാൽ ഇത് തെറ്റായ കാര്യമാണ്. ബനൂഖയ്നഖായിൽ നിന്നു തങ്ങളുടെ ജീവന് രക്ഷവേണമെന്ന ഉടമ്പടി സമർപണംതന്നെ തങ്ങൾക്ക് വധശിക്ഷയല്ലാതെ മറ്റൊന്നും ലഭിക്കില്ലെന്ന ഉറച്ച വിശ്വാസം അവർക്കുണ്ടായിരുന്നു എന്നാണ് തെളിയിക്കുന്നത്. എന്നാൽ, അവർ നബി(സ)തിരുമേനിയിൽ നിന്നു കാരുണ്യം ആഗ്രഹിച്ചിരുന്നു. ഈ വാഗ്ദാനം ലഭിച്ചയുടൻ അവർ കോട്ടയുടെ വാതിലുകൾ തുറക്കാൻ ആഗ്രഹിച്ചു. കാരണം തങ്ങൾക്ക് വധശിക്ഷ ലഭിക്കില്ലെന്ന് മനസ്സിലായി. നബി(സ)തിരുമേനിയുടേത് കാരുണ്യത്തിന്റെ ഹൃദയമായതിനാൽ അവർക്ക് മാപ്പ് നൽകി. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ദു:സ്വഭാവവും തെറ്റുകളും കാരണത്താൽ ഭൂമിയിൽ ജീവനോടെ വിടാൻ പറ്റാത്തവരായിരുന്നു അവരെന്ന് മനസ്സിലാകുന്നു. അതിനാൽ നിവേദനത്തിൽ നിന്ന്

മനസ്സിലാകുന്നത് ഏത് സ്ഥലത്തേക്കാണോ നാട് കടത്തിയിരുന്നത് അവിടെ ഒരു വർഷംപോലും കഴിഞ്ഞില്ല. രോഗം പടർന്നുപിടിക്കുകയും മുഴുവൻ ഗോത്രവും അതിന് കീഴടങ്ങി നശിക്കുകയും ചെയ്തു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ), പേജ് 457–461) ബനൂഖയ്നഖായുമായുള്ള യുദ്ധം ഹിജ്റ 2–ലാണ് നടന്നത്. (സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ), പേജ് 461) എന്തായിരുന്നലും ഹദ്റത്ത് ഹംസത്ത്(റ) അതിൽ ധ്വജവാഹകനായിരുന്നു.

ഹദ്റത്ത് ഹംസയുടെ ശഹാദത്തിനെ കുറിച്ച് പറയുകയാണെങ്കിൽ, ഉഹുദ് യുദ്ധത്തിലാണ് അദ്ദേഹം ശഹീദായത്. ഇത് സംബന്ധമായ വിവരണം നേരത്തെ നടത്തിയതാണ്. ഇതിനെ കുറിച്ച് നേരത്തെതന്നെ നബി(സ)തിരുമേനിയെ ദിവ്യദർശനത്തിലൂടെ അല്ലാഹു അറിയിച്ചിരുന്നു. അനസ് ബിൻ മാലിക്(റ) നിവേദനം. നബി(സ)തിരുമേനി സ്വപ്നത്തിൽ ഇപ്രകാരം കണ്ടതായി പറയുന്നു: 'ഞാൻ ഒരു കാട്ടാടിനെ പിന്തുടരുകയായിരുന്നു. ആ സമയത്ത് എന്റെ വാളിന്റെ വശം പൊട്ടിയിരുന്നു. കാട്ടാടിനെ കൊല്ലുക എന്നതിനെ സൈന്യാധിപനായി വ്യാഖ്യനിക്കുകയും വാളിന്റെ വശത്തെ തന്റെ കുടുംബത്തിലെ ആരെങ്കിലും ഒരാൾ എന്ന് വ്യാഖ്യാനിക്കുകയും ചെയ്തു. പിന്നീട് ഹദ്റത്ത് ഹംസയെ ശഹീദാക്കിയപ്പോൾ നബി(സ)തിരുമേനി സത്യനിഷേധികളുടെ ധ്വജവാഹകനായിരുന്ന ത്വൽഹയെ വധിക്കുകയും ചെയ്തു.(മുസ്തദറക് അലസ്സ്വഹീഹയ്ൻ ലിൽഹാക്കിമി, ഭാഗം 5, പേജ് 1834, കിതാബു മഅ്രിഫത്തുസ്സ്വഹാബ, ഹദീഥ് 4896, മക്തബ നസാറുൽബാസ് രിയാള്)

ഹദ്റത്ത് ഹംസത്ത്(റ)അവർകളുടെ മൃതശരീരം ശത്രുക്കൾ വികൃതമാക്കിയിരുന്നു. മൂക്ക് ഛേദിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ വയർ പിളർന്നിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ അവസ്ഥ കണ്ടപ്പോൾ ആ മഹാത്മാവിന് അസഹ്യമായ വേദനയുണ്ടായി. നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹു എനിക്ക് ഖുറയ്ശികളുടെമേൽ വിജയം നല്കിയാൽ ഞാൻ അവരുടെ 30 മൃതശരീരം വികൃതമാക്കുന്നതായിരിക്കും. ഒരു നിവേദനത്തിൽ ഇങ്ങനേയുമുണ്ട്, നബി(സ)തിരുമേനി സത്യം ചെയ്തുകൊണ്ട് പറഞ്ഞു: അവരുടെ 70 ആളുകളുടെ മൃ*തശരീരം വികൃതമാക്കുന്നതായിരിക്കും. അപ്പോഴാണ് ഈ ആയത്തിറങ്ങിയത്: വ ഇൻ ആഖബ്ത്തും ഫആഖിബൂ ബിമിഥ്‌ലി മാ ഊഖിബ്ത്തും ബിഹീ വലഇൻ സ്വബ്റത്തും ലഹു ഖയ്റുൻല്ലിസ്സ്വാബിരീൻ* നിങ്ങൾ പ്രതികാരം ചെയ്യുകയാണെങ്കിൽ നിങ്ങൾ ആക്രമിക്കപ്പെട്ടത് ഏത് അളവിലാണോ അതിനു തുല്യമായതുകൊണ്ടുമാത്രം നിങ്ങൾ പ്രതികാരം ചെയ്തുകൊള്ളുക. എന്നാൽ, നിങ്ങൾ ക്ഷമിക്കുകയാണെങ്കിൽ ക്ഷമാശീലർക്ക് അത് ഏറ്റവും നല്ലതുതന്നെ.(16:127) അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ക്ഷമിക്കുന്നതായിരിക്കും. താൻ സത്യം ചെയ്തതിന് കഫ്ഫാറ അഥവാ പ്രായശ്ചിത്തം കൊടുത്തു.(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, ഭാഗം 1, പേജ് 426, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റത്ത്)

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ.മാ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: "ഇന്നലെ രാത്രി ഞാൻ സ്വർഗത്തിൽ പ്രവേശിച്ചപ്പോൾ ഞാൻ കണ്ടു, ജഅ്ഫർ മലക്കുകളോടൊപ്പം പറന്നുകൊണ്ടിരിക്കുന്നു. ഹംസത്താണെങ്കിൽ സിംഹാസനത്തിൽ ചാരി ഇരിക്കുന്നു."(മുസ്തദറക് അലസ്സ്വഹീഹയ്ൻ ലിൽഹാക്കിമി, ഭാഗം 5, പേജ് 1832, കിതാബു മഅ്രിഫത്തുസ്സ്വഹാബ, ഹദീഥ് 4890, മക്തബ നസാറുൽ ബാസ് രിയാള്)

ഹദ്റത്ത് അനസ്(റ)നിവേദനം. നബി(സ)തിരുമേനി ഉഹുദ് ദിവസം ഹദ്റത്ത് ഹംസത്ത് എന്നിവരുടെ അടുത്തൂടെ പോയി. അദ്ദേഹത്തിന്റെ മൂക്കും ചെവിയും ഛേദിക്കപ്പെട്ടിരുന്നു. മൃതശരീരം വികൃതമാക്കപ്പെട്ടിരുന്നു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: സ്വഫിയായുടെ ദുഃഖവും വിഷമവും എനിക്കില്ലായിരുന്നെങ്കിൽ ഞാൻ ഇദ്ദേഹത്തെ ഇങ്ങനെതന്നെ വിടുമായിരുന്നു. ഏതുവരെയെന്നാൽ അല്ലാഹു ഇദ്ദേഹത്തെ പക്ഷികളുടേയും വന്യമൃഗങ്ങളുടേയും വയറ്റിൽനിന്നുതന്നെ ഉയർത്തുമായിരുന്നു. പിന്നീട് അദ്ദേഹത്തെ(റ) ഒരു പുതപ്പിൽ കഫൻ പൊതിഞ്ഞു.(മുസ്തദറക് അലസ്സ്വഹീഹയ്ൻ ലിൽ ഹാക്കിമി, ഭാഗം 5, പേജ് 1831, കിതാബു മഅ്രിഫത്തുസ്സ്വഹാബ, ഹദീഥ് 4887, മക്തബ നസാറുൽബാസ് രിയാള്)

ഹദ്റത്ത് ഹംസയുടെ ശഹാദത്തിലും അവിട ത്തെ മൃതശരീരംകണ്ട് വികാരങ്ങളുടെ പ്രകടനവും സ്വയം ക്ഷമയുടെ മാതൃക കാണിക്കലും നബി(സ)തിരുമേനിയുടെ എന്നല്ല ഹദ്റത്ത് ഹംസയുടെ സഹോദരിയേയും തന്റെ പിതൃസഹോദരിയേയും അതിനെ അനുസരിക്കുന്നവരാക്കുകയും ചെയ്ത കുറച്ചു കാര്യങ്ങൾ മുമ്പേ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. പിന്നീട് നെഞ്ചത്തടിച്ച് അലമുറയിട്ടു കരയുന്ന സ്ത്രീകളെ തടയുന്ന സംഭവവുമുണ്ട്. ഈ സംഭവം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)തന്റെ ഖിലാഫത്തിലെ ആദ്യത്തെ ജൽസസാലാനയിലെ ഒരു പ്രസംഗത്തിൽ വിവരിച്ചിരുന്നു. അതു ഞാൻ വിവരിച്ചു തരികയാണ്. ഇതിൽനിന്ന് നബി(സ)തിരുമേനിയുടെ മഹത്തായ സ്വഭാവവും അറിയാൻ കഴിയുന്നു. എന്തായാലും ഈ സംഭവം ഇവിടെ വിവരിക്കുന്നത് ഉചിതമായിരിക്കും. ഇതു ഇതിനുമുമ്പേ ഹ്രസ്വമായ ഹദീഥുകളെ ഉദ്ധരിച്ച് വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്.

അവിടന്ന് പറയുന്നു: "നബി(സ)തിരുമേനിക്ക് ഹദ്റത്ത് ഹംസത്ത്(റ)നോടുള്ള സ്നേഹത്തിന്റെ പ്രകടനം ഈ വാക്കുകളിൽ കാണാം. അത് ഉഹുദ് ദിവസം വൈകുന്നേരം നബി(സ)തിരുമേനി ഹദ്റത്ത് ഹംസയുടെ മയ്യിത്തിന്റെ അടുത്തുനിന്ന് പറഞ്ഞതാണ്. നബി(സ)തിരുമേനി പറഞ്ഞു: 'അല്ലയോ ഹംസാ! നിന്റെ വധസ്ഥലത്തുനിന്ന് എനിക്ക് ഇന്നുണ്ടായിരിക്കുന്ന ദേഷ്യവും ബുദ്ധിമുട്ടും അല്ലാഹു ഒരിക്കലും ഭാവിയിൽ കാണിക്കുകയില്ല. ആ നേരത്ത് നബി(സ)തിരുമേനിയുടെ പിതൃസഹോദരി ഹദ്റത്ത് സ്വഫിയായും, ഹദ്റത്ത് ഹംസയുടെ സഹോദരിയും വാർത്ത അറിഞ്ഞ് അവിടെ വന്നിരുന്നു. ക്ഷമയുടെ കോന്തല കൈയിൽനിന്ന് വിട്ടുപോകുമോ എന്ന് ഭയന്ന് ആദ്യം നബി(സ)തിരുമേനി മയ്യത്ത് കാണാൻ അനുവാദം അവർക്ക് നല്കിയിരുന്നില്ല. പക്ഷേ, അവർ ക്ഷമിക്കുമെന്ന് വാഗ്ദാനം ചെയ്തപ്പോൾ അനുവാദം കൊടുത്തു. അങ്ങനെ അവർ ഹദ്റത്ത് ഹംസയുടെ വധസ്ഥലത്ത് വന്നു. അല്ലാഹുവിന്റെ സിംഹവും റസൂലിന്റെ സിംഹവുമായ തന്റെ പ്രിയപ്പെട്ട സഹോദരൻ അക്രമികളുടെ കൈയാൽ നെഞ്ചു പിളർന്ന് കരൾ എടുത്ത നിലയിലും മുഖകമലം വികൃതമാക്കിയ അവസ്ഥയിലും മുന്നിൽ കിടക്കുന്നത് കണ്ട് അവരുടെ നെഞ്ചകം ദുഃഖത്താൽ അമർന്നുപോയിരുന്നു. എന്നാൽ, സ്വഫിയ ക്ഷമിക്കുമെന്നുള്ള തന്റെ വാഗ്ദാനത്തിൽ ഉറച്ചുനിന്നു. അക്ഷമയുടെ ഒരു വാക്യംപോലും വായിൽനിന്ന് പുറത്തുവരാൻ അനുവദിച്ചില്ല. പക്ഷേ, കണ്ണുനീരിനുമേൽ നിയന്ത്രണമുണ്ടായില്ല. ഇന്നാലില്ലാഹ് ചൊല്ലി. കരഞ്ഞ് കരഞ്ഞ് അവിടെ ഇരുന്നു. ദുഃഖം നിശബ്ദമായ കണ്ണുകളിൽനിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു. നിവേദകൻ പറയുന്നു: നബി(സ)തിരുമേനിയും അടുത്തിരുന്നു. അവിടത്തെ നയനങ്ങളിൽനിന്നും അനിയന്ത്രിതമായി കണ്ണീർ ഒഴുകാൻ തുടങ്ങി. ഹദ്റത്ത് സ്വഫിയായുടെ കണ്ണീർ അല്പം നിലയ്ക്കുമ്പോൾ നബി(സ)തിരുമേനിയുടെ കണ്ണീരും നിലയ്ക്കുമായിരുന്നു. ഹദ്റത്ത് സ്വഫിയായുടെ കണ്ണീരിന്റെ ഒഴുക്കിന് ശക്തി കൂടുമ്പോൾ നബി(സ)തിരുമേനിയുടെ കണ്ണീരിനും ശക്തികൂടുമായിരുന്നു. കുറച്ചുനിമിഷങ്ങൾ ഈ അവസ്ഥയിൽ കഴിഞ്ഞുപോയി. നബി(സ)തിരുമേനിയുടേയും അഹ്‌ലെ ബയ്ത്തിന്റേയും ദുഃഖാചരണം നിശബ്ദമായ ഈ കണ്ണീരുകളല്ലാതെ മറ്റൊന്നുമായിരുന്നില്ല. ഇതുതന്നെയാണ് നബി(സ)യുടെ സുന്നത്ത്.

മദീന മുഴുവൻ ദുഃഖകേന്ദ്രമായിത്തീർന്നിരുന്ന അവസ്ഥയിലാണ് അവിടന്ന് മദീനയിൽ പ്രവേശിച്ചത്. ഉഹുദിലെ ശുഹദാഇനെ ഓർത്ത് ഓരോ വീട്ടിൽനിന്നും അലമുറയിട്ടു കരയുന്നവരുടെ ശബ്ദം ഉയർന്നുകൊണ്ടിരുന്നു. ഇത് നബി(സ)തിരുമേനി കേട്ടപ്പോൾ വളരെ വേദനയോടെ പറഞ്ഞു: ഹംസയ്ക്കുവേണ്ടി കരയാൻ ആരുമില്ല. ഹംസയ്ക്കുവേണ്ടി കരയാൻ ആരെങ്കിലും ഉണ്ടെങ്കിൽത്തന്നെ ആരാണ് ഉണ്ടാകുക. അതായത് അഹ്‌ലെ ബയ്ത്തിനോടു ക്ഷമിക്കാൻ അവിടന്ന് രാവിലേയും വൈകുന്നേരവും ഉപദേശിച്ചുകൊണ്ടിരുന്നു. നബി(സ)തിരുമേനിയുടെ ഈ ദുഃഖഭരിതമായ വാക്കുകൾ ചില അൻസ്വാർ കേട്ടപ്പോൾ അവർ അസ്വസ്ഥരാകുകയും വീടുകളിലേക്ക് ഓടുകയും മറ്റുള്ള എല്ലാ അലമുറയിട്ടു കരച്ചിലുകളും ഉപേക്ഷിക്കാനും ഹംസയുടെമേൽ ദുഃഖിക്കാനും കൽപിച്ചു. ക്ഷണനേരംകൊണ്ട് എല്ലാ ഭാഗത്തുനിന്നും കഠിനമായ ദുഃഖത്തിന്റെ ഏങ്ങലടി ശബ്ദം ഉയർന്നു. ഓരോ വീടും ഹംസയുടെ വേർപാടിൽ ദുഃഖാർത്തരായിത്തീർന്നു.അൻസ്വാർ സ്ത്രീകൾ നെഞ്ചത്തടിച്ചു കരഞ്ഞുകൊണ്ടും കണ്ണീരൊഴുക്കിക്കൊണ്ടും നബി(സ)തിരുമേനിയുടെ കരുണയുടെ കേന്ദ്രത്തിൽ സംഘടിച്ചു. നബി(സ)തിരുമേനി ബഹളംകേട്ട് വെളിയിൽ നോക്കി. അപ്പോൾ അൻസ്വാർ സ്ത്രീകളുടെ ഒരു വമ്പിച്ച കൂട്ടത്തെ കണ്ടു. അവരുടെ സഹാനുഭൂതിയിൽ നബി(സ)തിരുമേനി അവർക്കുവേണ്ടി ദുആ ചെയ്തു. നന്ദി പ്രകടിപ്പിച്ചു. പക്ഷേ, അതിനൊടൊപ്പം പറഞ്ഞു: 'മരിച്ചവരുടെമേൽ അലമുറയിട്ടു കരയുന്നത് അനുവദനീയമല്ല. അങ്ങനെ ആ ദിവസംമുതൽ നെഞ്ചത്തടിച്ച് അലമുറയിട്ടു കരയുക എന്ന ആചാരം ഉപേക്ഷിക്കപ്പെട്ടു. നബി(സ)തിരുമേനിയുടെ കാല്പാദങ്ങളിൽ തങ്ങളുടെ ജീവൻ തെണ്ടമാണ്. ആത്മീയതയുടെ ആകാശത്തുനിന്ന് നമ്മെ ദീൻ പഠിപ്പിക്കാൻ ഇറങ്ങിയ ഉസ്താദിന്റെ സൽസ്വഭാവം എത്രമാത്രം മഹോന്നതമാണ്. ഈ ഉപദേശിക്കുന്നയാൾ എത്രമാത്രം ഉൾക്കാഴ്ചയുള്ളവനും സാമർഥ്യമുള്ള ആളുമാണ്. അദ്ദേഹത്തിന്റെ ദൃഷ്ടി മാനുഷികമായ പ്രകൃതിയുടെ പാതാളംവരെ ചെന്നെത്തുന്നു. ആ നേരത്ത് നബി(സ)തിരുമേനി അൻസ്വാരി സ്ത്രീകളെ അവർ തങ്ങളുടെ ശുഹദാഇനെ ഓർത്ത് അലമുറയിട്ടു കരഞ്ഞുകൊണ്ടിരിക്കുമ്പോൾ അങ്ങനെ ചെയ്യരുതെന്ന് പറഞ്ഞ് വിലക്കിയിരുന്നെങ്കിൽ ഒരു പക്ഷേ, ചില മനസ്സുകളിലെങ്കിലും അത് അപ്രിയമാകുമായിരുന്നു. ആ ക്ഷമ അവർക്ക് പരീക്ഷണമാകുമായിരുന്നു. എന്നാൽ, നോക്കുക! എത്ര യുക്തിനിർഭരമായ നിലയിലാണ് അത് ചെയ്തത്. അവിടന്ന് ആദ്യം അവരുടെ ദിശ തന്റെ പിതൃവ്യനായ ഹംസത്തിലേക്ക് തിരിച്ചു. പിന്നീട് നെഞ്ചത്തടിച്ച് അലമുറയിട്ടു കരയുന്നത് വിലക്കിയപ്പോൾ തന്റെ പി

## ത്വാലിബെ ദുആ

"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല." (മൽഫൂദാത്ത് വാള്യം 1, പേജ് 64)


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

## • ഹദീഥുന്നബ്വി(സ): •

'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'

(തിർമുദി, അബ്‌വാബുദഅ്‌വാത്ത്)

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

തൃവ്യനുവേണ്ടി അങ്ങനെ കരയുന്നതാണ് വിലക്കിയത്.

അല്ലാഹുവിന്റെ തിരഞ്ഞെടുപ്പ് അല്ലാഹുവിന്റെ തിരഞ്ഞെടുപ്പുതന്നെയാണ്. നോക്കൂ തന്റെ സൃഷ്ടികൾക്കുവേണ്ടി എത്ര മഹിമാവിലാസത്തോടെ ഉപദേശിക്കുന്ന ആളെയാണ് അയച്ചത്. മനുഷ്യപ്രകൃതിയുടെ നിഗൂഢതകളും സൂക്ഷ്മതകളും നല്ലവണ്ണം അറിയുന്നവനായ അല്ലാഹു തന്റെ അടിയാറുകളുടെ വികാരങ്ങളെ എത്രമാത്രം ശ്രദ്ധിക്കുന്നു.

നബി(സ)തിരുമേനിയുടെ ഈ മനോഹരമായ പ്രവർത്തനങ്ങളിൽ ദൃഷ്ടി പതിയുമ്പോൾ ഹൃദയം നെഞ്ചകത്ത് തുള്ളിച്ചാടുന്നു. മോഹിക്കാൻ തുടങ്ങുന്നു. അനിയന്ത്രിതമായി ഹൃദയത്തിൽനിന്ന്, നമ്മുടെ ജീവനുകളും നമ്മുടെ സ്വത്തുക്കളും നമ്മുടെ മക്കളും നിന്റെ കാല്പാദങ്ങളിൽ തെണ്ടമാണെന്നുള്ള ശബ്ദം ഉയരുന്നു. അല്ലാഹുവിന്റെ റസൂലേ!നിന്നിൽ ലക്ഷോപിലക്ഷം സ്വലാത്തും കോടാനുകോടി സലാമും! അദ്ദേഹത്തിന്റെ സൗന്ദര്യത്തിന്റേയും നന്മയുടേയും സമുദ്രം അറ്റമില്ലാത്തതും ഒരിക്കലും വറ്റാത്തതുമാണ്. അല്ലാഹുവിന്റെ റസൂലേ!നിന്നിൽ ലക്ഷോപലക്ഷം സ്വലാത്തും കോടാനുകോടി സലാമും! ഭൂമിയുടേയും ആകാശത്തിന്റേയും ഏകനായ അല്ലാഹുവാണ! ഭൂമിയിലും ആകാശത്തുമുള്ള അവന്റെ സകല സൃഷ്ടികളിലും നീ ഏകനും പങ്കുകാരനില്ലാത്തവനുമാണ്. നിന്നെപ്പോലെ ആരുമുണ്ടായിരുന്നില്ല. ഇനി ഉണ്ടാകുകയുമില്ല." (ഖുത്ബാത്തെ ത്വാഹിർ, ഖലീഫത്തുൽ മസീഹ് റാബിഅന്റെ പ്രസംഗം, ഖിലാഫത്തിനുമുമ്പേചെയ്ത തഖാരീർ ജൽസസാലാന, പേജ് 364 –366, ത്വാഹിർ ഫൗണ്ടേഷൻ 2006)

ഹദ്റത്ത് ഹംസ(റ)യുടെ സ്മരണയിൽ നബി(സ) തിരുമേനിയുടെ ഈ മാതൃകയുടേയും സ്മരണ കഴിഞ്ഞു. ഇവിടെ ഇത് അവസാനിക്കുന്നു.

ഇനി ചില മറ്റു സ്വഹാബാക്കളുടെ സ്മരണകൂടി ഉണ്ട്. അത് ഇൻശാ അല്ലാഹ് പിന്നീട് പറയുന്നതായിരിക്കും.

മറ്റന്നാൾ പുതുവർഷം ആരംഭിക്കുകയാണ്. ദുആ ചെയ്യുക. അല്ലാഹു പുതുവർഷത്തിൽ ബർക്കത്തുകൾ കൊണ്ടുവരുമാറാകട്ടെ. അവന്റെ സകല അനുഗ്രഹങ്ങളുംകൊണ്ട് നമ്മെ കടാക്ഷിക്കുമാറാകട്ടെ. ജമാഅത്തിനും ഇത് എല്ലാ തരത്തിലും അനുഗ്രഹപൂർണമാകുമാറാകട്ടെ. ശത്രുക്കളുടെ എല്ലാ പദ്ധതികളേയും അല്ലാഹു മണ്ണിൽ ചേർക്കുമാറകട്ടെ. ലോകത്തു വ്യാപിച്ചിട്ടുള്ള ജമാഅത്തുകൾക്ക് അല്ലാഹു മുമ്പേയുള്ളതിനെക്കാളുപരി തങ്ങളുടെ ജീവിതോദ്ദേശ്യം പൂർത്തിയാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

ഇപ്രകാരംതന്നെ മൊത്തത്തിൽ ലോകത്തിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരെ യുദ്ധങ്ങളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. അവസ്ഥകൾ ഭയാനകങ്ങളിൽ ഭയാനകമായി മുമ്പോട്ടു പോകുകയാണ്. നാശം വായ തുറന്ന് നില്ക്കുകയാണ്. ഒന്നും അറിയില്ല. എല്ലാവരും അവരുടെ നേട്ടങ്ങളാണ് ആഗ്രഹിക്കുന്നത്. അല്ലാഹു കരുണ ചൊരിയുമാറാകട്ടെ.

നമ്മുടെ കഠിനമായി ഉപദ്രവിക്കപ്പെട്ട സഹോദരങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു വരും വർഷത്തിൽ എല്ലാതരത്തിലുമുള്ള ദ്രോഹങ്ങളിൽനിന്നും കൈയേറ്റങ്ങളിൽനിന്നും അഹ്മദിയ്യ ജമാഅത്തിനെ സുരക്ഷിതമായി വെക്കുമാറാകട്ടെ.


## നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


**കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച ഖുത്‌ബ ജുമുഅ 2022 ഡിസംബർ 23**

സച്ചരിതരായവരുടെകൂടെ വസിക്കുന്നതിലൂടെ തഖ്‌വായുടെ യാഥാർഥ്യം മനസ്സിലാകുന്നതും അതിനുള്ള ഭാഗ്യം ലഭിക്കുന്നതുമാണ്. ഇതാണ് നമ്മുടെ ഉദ്ദേശ്യം. ഇത് ലോകത്ത് സ്ഥാപിക്കാനാണ് നാം ആഗ്രഹിക്കുന്നത്."

അവിടന്ന് പറയുന്നു: "നമ്മുടെ ജമാഅത്ത് ഈ ഉപദേശം എപ്പോഴും ഓർക്കേണ്ടതാണ്. അതെന്താണെന്നു വെച്ചാൽ, ഞാൻ പറഞ്ഞ കാര്യങ്ങൾ പ്രാവർത്തികമാക്കുക. എനിക്കെപ്പോഴെങ്കിലും വല്ല ചിന്തയും എന്നെ അലട്ടുന്നുവെങ്കിൽ അതിതാണ്; ലോകത്ത് പല ബന്ധങ്ങളുമുണ്ടാകുന്നു. ചിലത് സൗന്ദര്യത്തെ ആധാരമാക്കി. ചിലത് കുടുംബമഹിമയെ അല്ലെങ്കിൽ സമ്പത്തിനെ അതുമല്ലെങ്കിൽ കഴിവിനെ! എന്നാൽ, അല്ലാഹു ഇത്തരം കാര്യങ്ങളിലേക്ക് ശ്രദ്ധിക്കുന്നവനല്ല. അല്ലാഹു വളരെ വ്യക്തമായി പറയുന്നു: *ഇന്ന അക്‌റമക്കും യിൻദല്ലാഹി അത്ഖാക്കും*(49:14). അല്ലാഹുവിന്റെ പക്കൽ ഏറ്റവും ഉത്തമൻ ഭയഭക്തി ഉള്ളവനാണ്. അല്ലാഹു തഖ്‌വായിൽ നിലകൊള്ളുന്നവരെ നിലനിറുത്തുകയും അല്ലാത്തവരെ നശിപ്പിക്കുകയും ചെയ്യുന്നതാണ്. ഇത് ദുർബലമായ അവസ്ഥയാണ്. ഇവിടെ രണ്ടുപേർ ചേർന്നു നിൽക്കുക സാധ്യമല്ല. അതായത് മുത്തഖിയും അവിടെ താമസിക്കുക, ദ്രോഹിയും അശുദ്ധനും അവിടെ താമസിക്കുക. തീർച്ചയായും മുത്തഖി നിലനിൽക്കുകയും അശുദ്ധനായവൻ നശിക്കുന്നതുമാണ്. ആരാണ് മുത്തഖി എന്നതിനെ കുറിച്ചുള്ള അറിവ് അല്ലാഹുവിന് മാത്രമാണ്. ഇത് ഭയക്കേണ്ട അവസ്ഥയാണ്."

"മുത്തഖിയായ മനുഷ്യൻ ഭാഗ്യവാനാണ്. ശാപത്തിന്റെ കീഴിൽ വരുന്നവൻ ദുഷ്ടനാണ്."(മൽഫൂദാത്ത് വാള്യം 3, പേജ് 238–239, 1984 പതിപ്പ്)

അതുകൊണ്ട് നമ്മൾ എപ്പോഴും തൗബയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ട് അല്ലാഹുവിന്റെ അഭയത്തിൽവരാനും ശയ്ത്വാനിൽനിന്ന് രക്ഷപ്പെടാനും ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്.

ആ മഹാത്മാവ് പറയുന്നു: "ഈ പ്രസ്ഥാനത്തിൽ പ്രവേശിച്ചുകൊണ്ട് നിങ്ങളുടെ അസ്തിത്വം വേറിട്ട് നില്ക്കേണ്ടതാണ്. നിങ്ങൾ തികച്ചും പുതുജീവിതം നയിക്കുന്ന മനുഷ്യരായിത്തീരുക. നിങ്ങൾ മുമ്പേയുണ്ടായിരുന്നതുപോലെ ആയിത്തീരരുത്. ദൈവമാർഗത്തിൽ പരിവർത്തിക്കപ്പെടുന്നതോടെ നിങ്ങൾ ആശ്രിതരായിത്തീരുമെന്നോ നിങ്ങൾക്ക് ശത്രുക്കൾക്ക് ഉണ്ടാകുമെന്നോ വിചാരിക്കരുത്. ദൈവവുമായി ബന്ധം സ്ഥാപിക്കുന്നവൻ ഒരിക്കലും ആശ്രിതനായിത്തീരുന്നതല്ല. അവനിൽ ഒരിക്കലുംതന്നെ മോശമായ ദിനങ്ങൾ വരിക സാധ്യവുമല്ല. ദൈവം സുഹൃത്തും സഹായിയുമായിരിക്കുന്നവന് മുഴു ലോകവും ശത്രുവായിരുന്നാൽപോലും ഗൗനിക്കേണ്ടതില്ല. വിശ്വാസി പ്രയാസങ്ങളിൽ അകപ്പെട്ടാൽത്തന്നെ അതു അവനെ വേദനിപ്പിക്കുകയില്ല. പ്രത്യുത ആ ദിനങ്ങൾ അവനെ സംബന്ധിച്ചിടത്തോളം സ്വർഗീയ ദിനങ്ങളായിരിക്കും. അല്ലാഹുവിന്റെ മലക്കുകൾ മാതാവിനെപ്പോലെ അവനെ വാരിപ്പുണരുന്നു. അല്ലാഹു നേരിട്ട് അവരുടെ സംരക്ഷകനും സഹായിയുമാകുന്നുവെന്ന് ചുരുക്കം. സകല കാര്യങ്ങളും ചെയ്യാൻ കെല്പുള്ള ദൈവമാണ് അവൻ. അവൻ അദൃശ്യകാര്യങ്ങൾ അറിയുന്നവനും എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമാകുന്നു. അങ്ങനെയുള്ള ദൈവവുമായി ബന്ധം സ്ഥാപിക്കുന്നതുകൊണ്ട് ആർക്കെങ്കിലും ക്ലേശമുണ്ടാകുമോ? ഒരിക്കലുമില്ല. അത്തരം സാഹചര്യങ്ങളിൽ ലോകത്തെ വിസ്മയിപ്പിക്കുമാറ് അല്ലാഹു തന്റെ യഥാർഥ ദാസരെ രക്ഷിക്കുന്നു. തീയിൽ അകപ്പെട്ടിട്ടും ഹദ്റത്ത് ഇബ്റാഹീം രക്ഷപ്പെട്ടത് ലോകത്തെ സംബന്ധിച്ചിടത്തോളം അത്ഭുതകരമായ സംഭവമായിരുന്നില്ലേ? ഭയാനകമായ പ്രളയമുണ്ടായപ്പോൾ ഹദ്റത്ത് നൂഹും അദ്ദേഹത്തിന്റെ അനുചരന്മാരും സുരക്ഷിതരായിരുന്നത് നിസ്സാര സംഗതിയായിരുന്നുവോ? ഇത്തരം അസംഖ്യം ഉദാഹരണങ്ങളുണ്ട്. ഈ കാലഘട്ടത്തിൽത്തന്നെ അല്ലാഹു തന്റെ ശക്തിപ്രഭാവത്തിന്റെ അത്ഭുതപ്രതിഭാസങ്ങൾ കാണിച്ചിരിക്കുന്നു. നോക്കൂ! എനിക്കെതിരെ വധശ്രമക്കേസ്സ് കെട്ടിച്ചമക്കുകയുണ്ടായി. സമൂഹത്തിൽ സ്വാധീനമുള്ള പാതിരിയായ ഒരു ഡോക്ടർ ആയിരുന്നു കേസ്സ് നല്കിയത്. ആര്യസമുദായക്കാരും ചില മുസ്‌ലിമീങ്ങളും അയാളെ സഹായിച്ചു. ഒടുവിൽ അല്ലാഹു നേരത്തെ അറിയിച്ചതുപോലെതന്നെ സംഭവിച്ചു. അതായത് ഞാൻ നിരപരാധിയാണെന്ന് തെളിഞ്ഞു. അല്ലാഹു അദ്ദേഹത്തെ ആദരപൂർവം കുറ്റവിമുക്തനാക്കി.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹങ്ങളും ഉദ്ദേശ്യങ്ങളുമനുസരിച്ച് ജീവിതം നയിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ ജീവിതത്തിൽ യഥാർഥമായ നിലയിൽ പരിശുദ്ധമാറ്റം വരുത്തുന്നവരായിത്തീരട്ടെ. ഖാദിയാനിലും മറ്റു രാജ്യങ്ങളിലും നടക്കുന്ന ജൽസയിൽ പങ്കെടുക്കുന്നവർ ഈ ദിനങ്ങളിൽ തങ്ങളുടെ സമയം പ്രത്യേകമായ നിലയിൽ ദുആയിൽ കഴിച്ചുകൂട്ടുക. അല്ലാഹു നമുക്ക് ബയ്അത്തിന്റെ കടമകൾ നിർവഹിക്കാൻ തൗഫീഖ് നല്കുന്നതിന് ദുആ ചെയ്യുക. നമ്മൾ എന്തൊന്നായിത്തീരാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിക്കുന്നുവോ അല്ലെങ്കിൽ ജമാഅത്തിനോടു എന്തു പ്രതീക്ഷവെച്ചു പുലർത്തിയോ അതായിതീർന്നിട്ടുണ്ടോ എന്ന് ഓരോ അഹ്മദിയും ചിന്തിക്കേണ്ടതാണ്. ആയിത്തീർന്നിട്ടില്ലെങ്കിൽ നമ്മൾ എപ്പോഴും അതിന് പ്രവർത്തിക്കുകയും പ്രാർഥിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹു നമുക്കെല്ലാവർക്കും അതിനുള്ള തൗഫീഖ് നല്കുമാറകട്ടെ.

ഇനി ഞാൻ ചില പരേതാത്മക്കളെ സ്മരിക്കുന്നതാണ്. ജനാസകളുണ്ട്. ഹാജരായ ജനാസയാണ് ഒന്ന്. ജനാസ എത്തിയിട്ടില്ലേ? ഹാജറുള്ള ജനാസ യു.കെ.ജാമിഅ അഹ്മദിയ്യായിലെ സേവകനായിരുന്ന ഫള്ൽ അഹ്മദ് ഡോഗർ സാഹിബിന്റേതാണ്. ചൗദരി അല്ലാഹ് ദത്ത ഡോഗർ സാഹിബിന്റെ മകനായിരുന്നു. ഇദ്ദേഹം ഡിസംബർ 21 ന് 75–ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ

പരേതൻ മൂസിയായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യ ഉള്മ ഫള്ൽ സാഹിബയും നാലു ആൺകുട്ടികളും മൂന്നു പെൺകുട്ടികളുമുണ്ട്. 1992–ലാണ് ഇദ്ദേഹം ഇവിടെ യു.കെ.യിൽ വന്നത്. തുടർന്ന് ഇദ്ദേഹം ഇവിടെ ജോലി ചെയ്തുകൊണ്ടിരുന്നു. 1999–ൽ ഇദ്ദേഹം ജീവിതം വഖ്ഫു ചെയ്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ(റഹ്) മുന്നിൽ സമർപിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഇദ്ദേഹത്തിന്റെ വഖ്ഫ് സ്വീകരിച്ചു. ഇദ്ദേഹത്തിന് ഹുദൂർ അയ്യദഹുല്ലായുടെ വ്യക്തിപരമായ കാര്യങ്ങളിൽ ദീർഘകാലം സേവനം ചെയ്യാനുള്ള തൗഫീഖ് കിട്ടി. പിന്നീട് ഞാൻ ഇദ്ദേഹത്തെ ജാമിഅ അഹ്മദിയ്യ യു.കെ.യിൽ നിയമിച്ചു. വിവിധ ചുമതലകൾ ഇദ്ദേഹം നിർവഹിച്ചുപോന്നു. തുടർന്ന് ലൈബ്രറിയുടെ ഇൻചാർജായി നിയമിതനായി. മരണംവരെ ആ നിലയിലാണ് സേവനമനുഷ്ഠിച്ചുപോന്നത്. ജാമിഅ അഹ്മദിയ്യായുടെ ലൈബ്രറി സജ്ജമാക്കുന്നതിൽ ഇദ്ദേഹം സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് പ്രസിദ്ധീരിച്ച റിവ്യൂ ഓഫ് റിലീജ്യൺസിന്റെ മുഴുവൻ ലക്കങ്ങളും സ്കാൻ ചെയ്യുകയും അവയുടെ കോപ്പികൾ സൂക്ഷിച്ചു വെക്കുകയും ചെയ്തു. റൂഹാനീ ഖസാഇന്റെ ഒർജിനൽ പതിപ്പുകൾ സ്കാൻ ചെയ്ത് അദ്ദേഹം സൂക്ഷിച്ചു.

ഇദ്ദേഹത്തിന്റെ മക്കൾ പറയുന്നു, തന്റെ മക്കൾ അഹ്മദിയ്യാ ഖിലാഫത്തിനോടു ബന്ധം സ്ഥാപിക്കുന്നവരും അനുസരണം പുലർത്തുന്നവരും ആയിത്തീരണമെന്നത് ഇദ്ദേഹത്തിന്റെ വലിയ ആഗ്രഹമായിരുന്നു. ജമാഅത്തിന്റെ സേവനത്തിൽനിന്ന് ആരും റിട്ടയേർഡ് ആകുകയില്ലെന്ന് ഇദ്ദേഹം പറയുമായിരുന്നു. അവസാനശ്വാസംവരെ സേവനം ചെയ്ത പോകുന്നതിനാണ് വഖ്ഫ് എന്നു പറയുന്നത്. അവസാനകാലംവരെ സേവനം ചെയ്തു കൊണ്ടിരിക്കുന്നതിന് ഇദ്ദേഹം എന്നോടു ദുആക്ക് അപേക്ഷിക്കാറുണ്ടായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ ആഗ്രഹം പൂർത്തിയാക്കിക്കൊടുത്തു. ആശുപത്രിയിലേക്ക് പോകുന്നതിന് രണ്ടുദിവസം മുമ്പേവരെ

ഇദ്ദേഹം സേവനം ചെയ്തുകൊണ്ടിരുന്നു. ലൈബ്രറിയിൽച്ചെന്ന് ജോലി ചെയ്ത് തിരിച്ചുവന്നു.

ജാമിഅയിലെ ഉസ്താദ് ഹാഫിള് മശ്ഹൂദ് സാഹിബ് എഴുതുന്നു: ഫള്ൽ ഡോഗർ സാഹിബിന്റെ വ്യക്തിത്വത്തെ സംബന്ധിച്ച് അദ്ദേഹം ഖിലാഫത്തിനെ യഥാർഥമായി സ്നേഹിക്കുകയും ആത്മാർഥമായി തന്നെ അതിൽ അർപണം ചെയ്യുകയും ചെയ്ത വ്യക്തിയായിരുന്നുവെന്ന് പറയുന്നപക്ഷം അതൊട്ടുംതന്നെ അതിശയോക്തിയാകുകയില്ല. അദ്ദേഹം പറയുന്നു, ഫള്ൽ ഡോഗർ സാഹിബ് യഥാർഥ വഖ്ഫെ സിന്ദഗിയായിരുന്നു. ജാമിഅ അഹ്മദിയ്യ യു.കെ.യുടെ ലൈബ്രറിയെ അദ്ദേഹം സ്വന്തം മക്കളെപ്പോലെ പരിപാലിക്കുന്നത് കണ്ടിട്ടുണ്ട്. പഴയ കൈയെഴുത്തു പ്രതികൾ കൊണ്ടുവന്ന് സ്കാൻ ചെയ്ത് അവയെ മനോഹരമായി ബൈന്റുചെയ്ത് ലൈബ്രറിയെ അലങ്കരിക്കുമായിരുന്നു. പരിമിതികൾ ഏറെ ഉണ്ടായിരുന്നിട്ടും അദ്ദേഹത്തിന്റെ അശ്രാന്തപരിശ്രമം ഒന്നുകൊണ്ട് മാത്രമാണ് ജാമിഅ അഹ്മദിയ്യായുടെ ലൈബ്രറിയിൽ ഇപ്പോൾ ആയിരത്തിലേറെ ഗ്രന്ഥങ്ങളുള്ളത്. എന്റെ പിതാവ് ഹദ്റത്ത് സാഹിബ് സാദ മൻസ്വൂർ അഹ്മദ് സാഹിബ് വഫാത്തായ സമയത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് നല്കിയ ഖുത്ബയിൽ ഇദ്ദേഹത്തേയും പരമർശിക്കുകയും കൃതജ്ഞത അറിയിക്കുകയും ഇദ്ദേഹത്തിന്റെ സേവനങ്ങൾ ശ്ലാഘിക്കുകയും ചെയ്തിരുന്നു.

ജൽസാവേളകളിലും ഇദ്ദേഹം സദാ സേവനനിരതനായിരുന്നു. റബ്വയിൽ എന്നോടൊപ്പവും ഇദ്ദേഹം ജൽസാ ഡ്യൂട്ടികൾ നിർവഹിച്ചിട്ടുണ്ട്. രാപ്പകൽ ഇദ്ദേഹം കഠിനാധ്വാനം ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഡ്യൂട്ടി നിർവഹിക്കുന്നതിൽ ഒരു സങ്കോചവും ഇദ്ദേഹത്തിനുണ്ടായിരുന്നില്ല. ഇദ്ദേഹത്തിന്റെ ജാമാതാവ് ശാഹിദ് ഇഖ്ബാൽ സാഹിബ് സ്വിറ്റ്സർലാൻഡിൽ ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്വദ്റാണ്. അഥവാ സ്വദ്റായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു, സംസാരിക്കുമ്പോഴെല്ലാം നമസ്കരിച്ചോ എന്ന് ഇദ്ദേഹം ചോദിക്കുമായിരുന്നു. നമസ്കാരത്തിന് ഉപദേശിക്കുകയും പ്രത്യേകം ഉദ്ബോധിപ്പിക്കുകയും ചെയ്തിരുന്നു. അല്ലാഹു ഇദ്ദേഹത്തിന് മഗ്ഫിറത്തും കാരുണ്യവും നല്കി അനുഗ്രഹിക്കുമാറാകട്ടെ. ഇദ്ദേഹത്തിന്റെ സന്താനങ്ങളെ സദാ ജമാഅത്തിനോടു ചേർത്തുനിറുത്തുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ഗാഇബാണ്. റബ്വയിലെ മുറബ്ബിയായിരുന്ന മലിക് മുൻസ്വൂർ അഹ്മദ് ഉമർ സാഹിന്റെ ജനാസയാണ്. 80 വയസ്സായിരുന്നു. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ദൈവനുഗ്രഹത്താൽ മൂസിയായിരുന്നു. 1970-ൽ അദ്ദേഹം ജാമിഅ അഹ്മദിയ്യാ പാസ്സായി. തുടർന്ന് അറബി ഫാളിൽ പരീക്ഷയും ജയിച്ചു. 1971 മുതൽ 1973 ഇസലാമാബാദിലെ നംല് യൂണിവേഴ്സിറ്റിയിൽനിന്ന് ജർമൻഭാഷയിൽ ഡിപ്ലോമ എടുത്തു. ആദ്യകാലങ്ങളിൽ പാക്കിസ്താനിലെ വിവിധ സ്ഥലങ്ങളിൽ നിയമിതനായ ശേഷം 1974 ജനുവരിമാസം മുബല്ലിഗായി അദ്ദേഹത്തെ ജർമനിയിൽ അയച്ചു. ഒന്നരവർഷം അദ്ദേഹം അവിടെ ഉണ്ടായിരുന്നു. പിന്നീട് തിരിച്ചുവന്ന് പാക്കിസ്താനിലെ വിവിധ സ്ഥലങ്ങളിൽ നിയമിതനായി. അതുകഴിഞ്ഞ് 1983 ഒക്ടോബറിൽ വീണ്ടും അദ്ദേഹത്തെ ജർമനിയിൽ അയച്ചു. 1986 വരെ അമീർ എന്നനിലയിലും ഇൻചാർജ് മിഷണറി എന്ന നിലയിലും അവിടെ സേവനമനുഷ്ഠിക്കാൻ സൗഭാഗ്യം കിട്ടി. അതിന്നിടെ അസൈലമിൽ വരുന്നവർക്ക് ഭാഷ വശമാക്കിക്കൊടുത്ത് അവരെ സഹായിക്കുമായിരുന്നു. രശ്തനാത്വയിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ജാമിഅയിൽ ജർമൻ ഭാഷ പഠിപ്പിക്കുമായിരുന്നു. വഖ്ഫ് സിന്ദഗി എന്ന നിലയിൽ 40 വർഷംവരെ സേവനം ചെയ്യാൻ സൗഭാഗ്യം ലഭിച്ചു. ഇദ്ദേഹത്തിന്റെ ഒരു മകൾ ഫാഇസ റഈസ് ജപ്പാനിലെ ഇൻചാർജ് മിഷണറി അനീസ് റഈസ് സാഹിബിന്റെ ഭാര്യയാണ്. മകൻ സ്വബാഹ് സഫ്ർ മലിക് മുറബ്ബിയാണ്. മറ്റുമക്കളും അദ്ദേഹത്തിനുണ്ട്. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും കാരുണ്യവും പ്രദാനം ചെയ്യുമാറാകട്ടെ.

മൂന്നാമത്തെ അനുസ്മരണം ഗാംബിയ(Gambia)യായിലെ മുഅല്ലിമായ ഈസാ ജൗഫ് സാഹിബിന്റേതാണ്. ഇതും ഗാഇബാണ്. ഡിസംബറിലെ കഴിഞ്ഞ ദിവസം 61-ാമത്ത് വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

അവിടുത്തെ നാഇബ് അമീർ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു: വിജയകരമായ വളരെ നേട്ടങ്ങൾ കൈവരിച്ച മുബല്ലിഗായിരുന്നു അദ്ദേഹം. ജാമിഅയിൽനിന്ന് പഠനം പൂർത്തിയാക്കിയിരുന്നില്ലെങ്കിലും ജമാഅത്തിനുവേണ്ടി എന്തുത്യാഗവും ചെയ്യാനും സന്നദ്ധനായിരുന്നു. ഒരു പോരാളിയെപ്പോലെ പ്രവൃത്തിക്കാൻ അദ്ദേഹം എന്നും തയ്യാറായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സൈന്യത്തിലെ ഒരു എളിയ പോരാളിയാണ് താനെന്ന് അദ്ദേഹം പറയുമായിരുന്നു. ജമാഅത്ത് എന്തു കല്പിച്ചാലും അതു ചെയ്യാൻ അദ്ദേഹം എപ്പോഴും ഒരുക്കമായിരുന്നു. ജൽസയിലും മറ്റു പരിപാടികളിലും അദ്ദേഹം ജമാഅത്തംഗങ്ങളോടൊപ്പം കഴിയുകയും അവരുടെ ചോദ്യങ്ങൾക്ക് സമുചിതമായ മറുപടി നല്കുകയും അവർക്ക് ശിക്ഷണം നല്കുകയും ചെയ്യുമായിരുന്നു. പാക്കിസ്താനീ അഹ്മദികളുടെ ത്യാഗങ്ങളെ തെല്ലൊരു അസൂയയോടെയാണ് താൻ നോക്കിക്കാണുന്നതെന്നും എപ്പോഴും അവർക്കുവേണ്ടി പ്രാർഥിക്കുകയും അവരെ ആദരിക്കുകയും ചെയ്യുന്നുവെന്നും പറഞ്ഞിരുന്നു. ഖിലാഫത്തിനോടു സവിശേഷമായ സ്നേഹമായിരുന്നു. ദുആക്കുവേണ്ടി കത്തുകളെഴുതുകയും മറുപടി ലഭിക്കുമ്പോൾ സ്നേഹത്തോടെ അത് അറിയിക്കുകയും ചെയ്തിരുന്നു. അദ്ദേഹം തന്റെ സന്താനങ്ങളിലും ഖിലാഫത്തിനോടുള്ള സ്നേഹം ഉളവാക്കി. കാലത്തിന്റെ ഖലീഫയ്ക്ക് കത്തെഴുതാൻ കുട്ടികളേയും ഉപദേശിക്കുമായിരുന്നു. സിയറ ലിയോണിലെ(Sierra Leone) ഇപ്പോഴത്തെ മുറബ്ബി സാഹിബ് ഗാംബിയായിലും താമസിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: ഇദ്ദേഹം സെനഗലിലാണ് ജനിച്ചത്. പിന്നീട് പഠനാനന്തരം ജോലിക്കായി ഗാംബിയായിൽവന്നതായിരുന്നു. നാസിർ അഹ്മദിയ്യ സെക്കണ്ടറി സ്കൂളിൽ ഫ്രഞ്ചു ടീച്ചറായി ജോലി ചെയ്തുകൊണ്ടിരിക്കയാണ് അഹ്മദിയ്യത്ത് സ്വീകരിക്കുന്നത്. പിന്നീട് ആത്മാർഥതയിലും കൂറിലും അദ്ദേഹം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ നിർദേശ പ്രകാരം എല്ലാ കേന്ദ്രസ്റ്റാഫുകളും ഗാംബിയ വിട്ടപ്പോൾ അദ്ദേഹത്തെ നാസിർ അഹ്മദിയ്യ സെക്കണ്ടറി സ്കൂളിന്റെ പ്രിൻസിപ്പാളായി നിയമിച്ചു. ആ നിലയിൽ ഇദ്ദേഹം മികച്ച സേവനം കാഴ്ചവെച്ചു. തുടർന്ന് അദ്ദേഹത്തെ ഏരിയ മിഷണറിയാക്കുകും മരണംവരെ ആ സ്ഥാനത്ത് തുടരുകയും ചെയ്തു.

ഈസാ ജൗഫ് സാഹിബുമുഖേന നിരവധി സത്യദാഹികൾ അഹ്മദിയ്യത്തിൽ പ്രവേശിച്ചു. ദീനീപരമായ നല്ല അറിവും അദ്ദേഹത്തിനുണ്ടായിരുന്നു. സ്വന്തം വായനയിലൂടെയാണ് അദ്ദേഹം അറിവ് കരസ്ഥമാക്കിയത്. അനഹ്മദികളുമായി നല്ല ബന്ധമായിരുന്നു. അതുകൊണ്ടുതന്നെ പ്രദേശത്തെ മിക്ക ചീഫ് ഇമാമുമാരും അദ്ദേഹത്തെ ആദരിച്ചിരുന്നു. ഏതെങ്കിലും നാട്ടിൽ അഹ്മദിയ്യത്തിന് എതിർപ്പു നേരിടേണ്ടിവന്നാൽ അല്ലെങ്കിൽ ആരെങ്കിലും കുഴപ്പമുണ്ടാക്കിയാൽ മാന്യന്മാരായ ഈ വ്യക്തികൾ അവരെ കൈകാര്യം ചെയ്തിരുന്നു. എതിർക്കുന്നവർക്ക് വയറു നിറയെ കൊടുക്കുമായിരുന്നു.

അദ്ദേഹം എഴുതുന്നു, മറ്റൊരു സവിശേഷത അദ്ദേഹത്തിനുണ്ടായിരുന്നത് അറിവാണ്. പരന്ന വായനയുമുണ്ടായിരുന്നു അദ്ദേഹത്തിന്. ഞാൻ പറഞ്ഞതുപോലെ അഹ്മദിയ്യ സാഹിത്യത്തിൽ ഗഹനമായ അറിവുണ്ടായിരുന്നു. വാർഷിക ജൽസകളിൽ അദ്ദേഹത്തിന് പലപ്പോഴും പ്രസംഗിക്കാൻ സൗഭാഗ്യമുണ്ടായി. അതുപോലെ ജമാഅത്തി മാസികകളിൽ ലേഖനങ്ങളും പ്രസിദ്ധീകരിച്ചിരുന്നു.

വിനയവും താഴ്മയും അദ്ദേഹത്തിന്റെ സവിശേഷഗുണമായിരുന്നു. അഭിപ്രായം പറയാൻ യോഗ്യനുമായിരുന്നു. പ്രധാന തീരുമാനങ്ങളിൽ എപ്പോഴും അദ്ദേഹത്തെ ഉൾക്കൊള്ളിക്കുമായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പിന്നീട് ശരിയായ തീരാറുമുണ്ട്. തഹജ്ജുദ് നമസ്കരിക്കുകയും ദുആ ചെയ്യുകയും ചെയ്യുന്ന വ്യക്തിയായിരുന്നു. ധാരാളമായി സൽസ്വപ്നങ്ങൾ കാണുമായിരുന്നു. ദുആക്കുവേണ്ടി അദ്ദേഹത്തോടു പറയുമ്പോഴെല്ലാം ആദ്യം കാലത്തിന്റെ ഖലീഫയ്ക്ക് ദുആക്ക് എഴുതാൻ ഉപദേശിക്കുമായിരുന്നു. അതിനുശേഷം അദ്ദേഹം ദുആ ചെയ്യുമായിരുന്നു.

ഗാംബിയായിലെ മുബല്ലിഗ് മസ്ഊദ് സാഹിബ് പറയുന്നു: തബ്‌ലീഗ് ചെയ്യുന്നതിൽ അദ്ദേഹം വളരെയധികം താൽപര്യം കാണിച്ചിരുന്നു. മണിക്കൂറുകളോളം യാത്ര ചെയ്ത് അദ്ദേഹം ഉൾഗ്രാമങ്ങളിൽ തബ്‌ലീഗിന് പോകുമായിരുന്നു. അങ്ങേയറ്റം സ്വഭാവശുദ്ധിയുള്ള അദ്ദേഹം പ്രസന്നവദനനായിരുന്നു. സന്തോഷമോ സങ്കടമോ രോഗമോ പ്രയാസമോ ഉണ്ടായാൽപോലും എപ്പോഴും പുഞ്ചിരിക്കുമായിരുന്നു. ഏതൊരാളോടും പ്രസന്നവദനത്തോടുമാത്രമെ പെരുമാറിയിരുന്നുള്ളു. തന്നോടുമാത്രമാണ് അദ്ദേഹത്തിന് സ്നേഹക്കൂടതലെന്ന് ഏതൊരാളും വിചാരിച്ചിരുന്നു. അങ്ങനെയായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം. വളരെ ഹൃദയാലുവും ആർദ്രഹൃദയനുമായിരുന്നു. പരദൂഷണം ഒരിക്കലും പറഞ്ഞിരുന്നില്ല. ഒരു കാര്യത്തിലും അനവശ്യമായി ഇടപെടുമായിരുന്നില്ല. മേലുദ്യോഗസ്ഥരെ അങ്ങേയറ്റം അനുസരിച്ചിരുന്നു. കീഴുദ്യോഗസ്ഥരുടെ കാര്യങ്ങൾ ശ്രദ്ധിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. പറയുന്നു, അദ്ദേഹവുമായി ബന്ധപ്പെടാൻ ശ്രമിക്കുമ്പോഴൊക്കെ ഒഴിവ് ദിനങ്ങളിൽ അദ്ദേഹം പുറത്ത് തബ്‌ലീഗിന് പോയിരിക്കുന്നുവെന്നാണ് അറിയാൻ കഴിയുന്നത്. വാട്ട്സ് ആപ്പ് സ്റ്റാറ്റസായി ഖുർആൻ വചനങ്ങളും വാഗ്ദത്ത മസീഹിന്റേയും ഖലീഫമാരുടേയും തബ്‌ലീഗുപരവും തർബിയ്യത്തുപരവുമായ പോസ്റ്റുകളും ഖലീഫമാരുടെ ഫോട്ടോകളും നിത്യവും അഹ്മദിൾക്കും അനഹ്മദികൾക്കും പോസ്റ്റു ചെയ്യുമായിരുന്നു. തബ്‌ലീഗിനോടു ഒടുങ്ങാത്ത താൽപര്യമായിരുന്നു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും കാരണ്യവും പ്രദാനം ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ മക്കൾക്കും നിലനിറുത്താൻ തൗഫീഖ് നല്കുമാറാകട്ടെ. ജുമുഅക്കു ശേഷം ഇവരുടെ ജനാസ നമസ്കരിക്കുന്നതാണ്. ഇൻശാ അല്ലാഹ്.




**• ഹദീഥുന്നബ്‌വി(സ): •**

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി ന്‌ലകുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."(അബൂദാവൂദ്, കിതാബുൽമനാസിക്)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• ഹദീഥുന്നബ്‌വി(സ): •**

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**

**ത്വാലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനം; പശ്ചാത്തലം പ്രാധാന്യം പുലർച്ച

## ഹദ്റത്ത് മസീഹ് മൗഊദിന്റെ ലേഖനങ്ങളുടെ വെളിച്ചത്തിൽ

(സയ്യിദ് ബിശാറത്ത് അഹ്മദ് മുഹല്ല ബാബുൽഅമാൻ ഖാദിയാൻ)

വിവർത്തനം: മൗലവി മുഹമ്മദു മൻസിൽ മുറിയക്കണ്ണി

ആദരവുടയവനായ അല്ലാഹു ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇസ്‌ലാമിന്റേയും മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയുടേയും സത്യത്തിന് നൽകിയ അടയാളങ്ങളിൽ വളരെ വമ്പിച്ചൊരു അടയാളമാണ് മുസ്‌ലിഹ് മൗഊദ് അഥവാ വാഗ്ദത്തപരിവർത്തനകാരിയെ കുറിച്ചുള്ള പ്രവചനം. ഈ പ്രവചനത്തിന്റെ പശ്ചാത്തലം എന്തായിരുന്നു? അതിന്റെ പ്രാധാന്യവും മാഹാത്മ്യവും എത്രത്തോളമുണ്ട്? ഈ പ്രവചനംകൊണ്ടുദ്ദേശിക്കുന്നത് ആരെയാണ്? തുടങ്ങിയ എല്ലാ ചോദ്യങ്ങളുടേയും ഉത്തരങ്ങളും വിശദീകരണങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലേഖനങ്ങളിലുണ്ട്.

പ്രവചന പശ്ചാത്തലം:-

വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽഖാദിയാനി(അ)ന്റെ അതിമഹത്തായ ഗ്രന്ഥം "ബറാഹീനെ അഹ്മദിയ്യാ" പൊതുസമൂഹത്തിലേക്ക് വന്നതോടെ ഒരുഭാഗത്ത് ഇസ്‌ലാമിക ലോകത്ത് സന്തോഷത്തിന്റെ അലയടികളുയരുകയും മറുഭാഗത്ത് ഇസ്‌ലാമിന്റെ എതിരാളികളിൽ ഒരു അസ്വസ്ഥത ഉളവാകുകയും ചെയ്തിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ഗ്രന്ഥത്തിൽ ലോകത്തെ സംബോധന ചെയ്തുകൊണ്ട് ഇപ്രകാരം സുവാർത്ത നൽകി:

"അല്ലാഹു ഈ വിനീതദാസനെ ഇക്കാലഘട്ടത്തിൽ സൃഷ്ടിച്ചുകൊണ്ടും നൂറുക്കണക്കിന് ദിവ്യദൃഷ്ടാന്തങ്ങളും അദൃശ്യഅത്ഭുതസിദ്ധികളും ഈശ്വരീയ ജ്ഞാനങ്ങളും തന്നുകൊണ്ടും നൂറുക്കണക്കിന് ഖണ്ഡിതമായ തെളിവുകളുടെമേൽ ജ്ഞാനം പ്രദാനം ചെയ്തുകൊണ്ടും തീരുമാനിച്ചിട്ടുള്ളത്, യഥാർഥമായ ഖുർആനിക അധ്യാപനങ്ങൾ എല്ലാ സമുദായങ്ങളിലും എല്ലാ രാജ്യങ്ങളിലും നടപ്പിൽ വരുത്തുകയും അവരുടെമേൽ തന്റെ ഹുജ്ജത്ത് അഥവാ ന്യായപൂർത്തിവരുത്തുക എന്നതാണ്."(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 596, അടിക്കുറിന് അടിക്കുറിപ്പ്)

ഇത്തരത്തിലുള്ള വിളംബരം അദ്ദേഹം ഇന്ത്യയിൽ മാത്രമല്ല നടത്തിയത്. പ്രത്യുത കത്തുകൾ മുഖേന ഇന്ത്യയ്ക്ക് പുറത്തുള്ള രാജ്യങ്ങളിലും ഈ സന്ദേശമെത്തിക്കുകയും അവരിൽ ന്യായപൂർത്തി വരുത്തുകയും ചെയ്തു. ഇസ്‌ലാമിന്റെ യാഥാർഥ്യത്തിന്റേയും സത്യത്തിന്റേയും പെരുമ്പറ ലോകത്തിന്റെ നാനാഭാഗങ്ങളിലും മുഴങ്ങിക്കൊണ്ടിരിക്കുകയായിരുന്നപ്പോൾ അതിന്റെ ജീവൽദൃഷ്ടാന്തങ്ങളെ നോക്കിക്കാണുന്നതിന് ഓരോ എതിരാളിക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ) പൊതുവെക്ഷണം നൽകിയിരുന്നു. അതായത്, 1885-ൽ ഖാദിയാനിലെ വ്യാപാരികളുടേയും മറ്റു ഹിന്ദുസാഹിബുമാരുടെയും ഒരു കത്ത് ഹുദൂർ(അ)ന്റെ തിരുസന്നിധിയിൽ ലഭിക്കുകയുണ്ടായി. അതിൽ ഇപ്രകാരം അവർ ആവശ്യപെട്ടിരുന്നു: "താങ്കൾ ലണ്ടനും അമേരിക്കയുംവരെ ഈ വിഷയത്തിൽ രജിസ്റ്റേർഡ് കത്തുകൾ അയച്ചിരിക്കുകയാണ്. അതായത് സത്യാന്വേഷിയായ ഒരാൾ ഒരു വർഷംവരെ താങ്കളുടെ അടുത്തുവന്ന് ഖാദിയാനിൽ താമസിക്കുകയാണെങ്കിൽ അയാൾക്ക് ദൈവം ഇസ്‌ലാമിന്റെ സത്യതയെ സ്ഥാപിക്കുന്ന മനുഷ്യകരങ്ങൾക്കതീതമായ ദൃഷ്ടാന്തങ്ങൾ തീർച്ചയായും കാണിക്കുന്നതായിരിക്കുമെന്ന്! അതുകൊണ്ട് ഞങ്ങളാണെങ്കിൽ താങ്കളുടെ അയൽവാസികളും താങ്കളുടെ തന്നെ നഗരവാസികളുമാകുന്നു. ലണ്ടൻകാരേക്കാളും അമേരിക്കക്കാരേക്കാളും കൂടുതൽ അവകാശമുള്ളത് ഞങ്ങൾക്കാണ്.... എന്നാൽ, ഭൂമിയും ആകാശവും കീഴ്മേൽ മറിക്കുന്നതും പ്രകൃതി നിയമത്തെ ലംഘിക്കുന്നതുമായ ഒന്നുമില്ലാത്ത ദൃഷ്ടാന്തങ്ങൾ ഞങ്ങൾക്ക് മതിയായതാണ്. അത്തരം മനുഷ്യകരങ്ങൾക്കതീതമായ ദൃഷ്ടാന്തങ്ങൾ തീർച്ചയായും ഞങ്ങളാഗ്രഹിക്കുന്നു. അതിൽനിന്ന് സത്യവാനും പരിശുദ്ധനുമായ പരമേശ്വരൻ താങ്കളുടെ മതപരമായ വിശ്വാസ്യതയുടേയും സ്നേഹത്തിന്റേയും കൃപയുടേയും മാർഗത്തിലൂടെ താങ്കളുടെ ദുആകൾ സ്വീകരിക്കുന്നുവെന്നും സംഭവം ഉണ്ടാകുന്നതിനു മുമ്പേതന്നെ ദുആ സ്വീകാര്യതയിലൂടെ അറിയിപ്പ് നൽകുന്നുവെന്നും തന്റെ ചില പ്രത്യേകമായ രഹസ്യങ്ങൾ സംബന്ധിച്ച് അറിവ് നൽകുന്നുവെന്നും പ്രവചനങ്ങളായിക്കൊണ്ട് ആ രഹസ്യങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്നുവെന്നും അത്ഭുതകരമായ നിലയിൽ അങ്ങയെ സഹായിക്കുന്നുവെന്നും ഞങ്ങൾക്ക് അറിയാൻ കഴിയണം; അവൻ പുരാതനകാലംമുതലേ തന്റെ പ്രിയപ്പെട്ടവരോടും സമീപസ്ഥരോടും ഭക്തരോടും പ്രത്യേകദാസരോടും പെരുമാറിയതുപോലെ തന്നെ....... അടയാളങ്ങൾ കാണിക്കാൻ നിശ്ചയിക്കപ്പെട്ട വർഷം 1885 സെപ്തംബർ മുതൽ കണക്കാക്കപ്പെടുന്നതായിരിക്കും. അത് അവസാനിക്കുന്നത് 1886 സെപ്തംബറിന്റെ അവസാനവുമായിരിക്കും." (മജ്മൂഅ ഇശ്തിഹാർ, വാല്യം 1, പേജ് 92)

ഈ കത്തിന്റെ അവസാനത്തിൽ പത്ത് ഹിന്ദു സഹോദരങ്ങളുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കത്ത് ലഭിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം മറുപടി എഴുതി: "ദിവ്യാടയാളങ്ങൾ കാണിക്കുന്നതിന് ആവശ്യപ്പെട്ടു കൊണ്ടുള്ള നിങ്ങളുടെ കത്ത് എനിക്ക് ലഭിച്ചിരിക്കുന്നു. ഈ കത്ത് നീതിയിലും സത്യത്തിലും അധിഷ്ഠിതമാണ്. പൂർണമായും പത്ത് പേരടങ്ങിയ സത്യാന്വേഷികളുടെ ഒരു സംഘമാണ് അത് എഴുതിയിരിക്കുന്നത്. അതുകൊണ്ട് പൂർണമായ നന്ദിയോടുകൂടി അതിന്റെ വിഷയത്തെ സ്വീകരിക്കുകയും അംഗീകരിക്കുകയും കത്തിൽ നിങ്ങൾ നൽകിയ ഉറപ്പിന്മേൽ നിലകൊള്ളുമെങ്കിൽ തീർച്ചയായും അല്ലാഹുവിന്റെ സഹായത്താൽ ഒരു വർഷത്തിനുള്ളിൽ മനുഷ്യശക്തിക്കതീതമായ അടയാളം നിങ്ങൾക്ക് കാണിക്കപ്പെടുന്നതാണെന്ന് ഞാൻ ഉറപ്പ് നൽകുകയും ചെയ്യുന്നു. ഞാൻ നീതിയിലധിഷ്ഠിതമായ നിങ്ങളുടെ കത്ത് വായിച്ചതിൽ സന്തുഷ്ടനാണ്." (മജ്മൂഅ ഇശ്തിഹാർ, വാല്യം 1, പേജ് 95)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വിജ്ഞാപനത്തിൽനിന്നു മനസ്സിലാകുന്നത് ഇസ്‌ലാമിന്റെ സത്യതയുടെ അടയാളം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹിന്ദുക്കളുടെ കത്തു കാരണം അവിടന്ന് സന്തോഷവാനായിരുന്നു എന്നാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈയൊരു ആവശ്യത്തെ മുന്നിൽവെച്ചുകൊണ്ട് ഏകനും പങ്കുകാരനുമില്ലാത്തവനുമായ ദൈവത്തിലേക്ക് ശ്രദ്ധതിരിച്ചു. അല്ലാഹുവിന്റെ സഹായവാഗ്ദാനങ്ങളെ സംബന്ധിച്ച അറിവ് കരസ്ഥമാക്കിക്കൊണ്ട് അവിടന്ന് ഇസ്‌ലാമിന്റെ സത്യതയുടെ ഇക്കാലഘട്ടത്തിൽ വിളംബരം നടത്തുകയും അങ്ങേയറ്റത്തെ കേണപേക്ഷയോടും വിനയത്തോടും അടയാളത്തിനായി ദുആയിരക്കുകയും ചെയ്തു. അവിടന്ന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളിൽനിന്നു രക്ഷപ്പെടുന്നതിനും ദുആകളിൽ സമാധാനവും ഗഹനതയും ലഭിക്കുന്നതിനുമായി ഏകാന്തവാസം സ്വീകരിക്കാനുദ്ദേശിക്കുകയും ആ ലക്ഷ്യത്തിന് തന്റെ കുടുംബക്കാരിൽനിന്നും ബന്ധുമിത്രാദികളിൽ നിന്നും അകന്ന് ഹോശിയാർപൂരിൽ ധ്യാനമിരിക്കുകയും പൂർണമായ നിലയിൽ എല്ലാ ഭൗതികബന്ധങ്ങളും വിച്ഛേദിച്ചുകൊണ്ട് പ്രാർഥനാനിരതനാകുകയും ചെയ്തു. കാരുണ്യവാനായ അല്ലാഹു അദ്ദേഹത്തിന്റെ ഈ വ്യാകുലതയും ഇസ്‌ലാമിന്റെ സത്യതയ്ക്കായുള്ള അസ്വസ്ഥതയും കണ്ടുകൊണ്ട് അദ്ദേഹത്തെ ആശ്വസിപ്പിക്കുകയും അദ്ദേഹത്തിന്റെ പ്രാർഥനകൾക്ക് സ്വീകാരം നൽകിക്കൊണ്ട് മുസ്‌ലിഹ് മൗഊദിനെ അതായത് വാഗ്ദത്ത പരിവർത്തനകാരിയെ സംബന്ധിച്ച് അതിമഹത്തായ പ്രവചനം നടത്തുകയും ചെയ്തു. മുസ്‌ലിഹ് മൗഊദിന്റെ പ്രവചനത്തെക്കുറിച്ച് ഹിന്ദുക്കളുടേയും മുസ്‌ലിമീങ്ങളുടേയും ചില വിഭാഗങ്ങളിൽനിന്ന് ആക്ഷേപങ്ങളും ഉന്നയിക്കപ്പെട്ടു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വിജ്ഞാപനങ്ങൾ മുഖേനയും എഴുത്തുകൾ മുഖേനയും അവയ്ക്ക് മറുപടി നൽകി.

ഹുദൂറിന്റെ ഈ പ്രവചനശേഷം ഒരു പെൺകുട്ടി അദ്ദേഹത്തിന് ജനിച്ചു. അതുകൊണ്ട് "പ്രവചനം ആൺകുട്ടിയെ സംബന്ധിച്ചായിരുന്നു എന്നാൽ, പെൺകുട്ടിയാണ് ജനിച്ചത് ' എന്ന ആക്ഷേപം ഹദ്റത്ത് മസീഹ് മൗഊദിന്റെമേലുണ്ടായി. എന്നാൽ, അതിലും കൂടുതലായി ബഹളമുണ്ടാക്കിയതും ആക്ഷേപം ഉന്നയിച്ചതും "വീട്ടിൽ ആൺകുട്ടി ജനിക്കുന്നതിൽ എന്തടയാളമാണുള്ളതെന്നും വിവാഹത്തിനുശേഷം കുട്ടികൾ ഉണ്ടാവുക എന്നത് പ്രകൃതിനിയമമാണെന്നുമൊക്കെയായിരുന്നു. എന്നാൽ, ഈ പ്രവചനത്തിൽ ദൃഷ്ടിപായിക്കുകയാണെങ്കിൽ മനസ്സിലാകുന്നതാണ്, അല്ലാഹു ഒമ്പത് വർഷത്തെ കാലയളവിനുള്ളിൽ ഒരു മഹാനായ പുത്രനെ സംബന്ധിച്ച് ഒരു അറിയിപ്പ് നൽകിയിരുന്നു. ഇതുകൂടാതെ മറ്റു മക്കളുടെ ജനനത്തെ നിഷേധിച്ചിട്ടുമില്ലായിരുന്നു. അതായത് വാഗ്ദത്തപുത്രനെ കൂടാതെ മറ്റ് മക്കളൊന്നും ജനിക്കുകയില്ലെന്ന്! കൂടാതെ വിവാഹശേഷം മക്കളുണ്ടാകുക എന്നത് തീർച്ചയായും പ്രകൃതിനിയമമാണ്. എന്നാൽ, ഒരാൾക്കും തന്നെ ഇതു സംബന്ധിച്ച് സമയത്തിനുമുമ്പേ ഖണ്ഡിതമായ വാദമുന്നയിക്കാൻ സാധ്യമല്ല. ഇവിടെ പുത്രന്റെ ജനനത്തെ സംബന്ധിച്ച് ദൈവിക വാഗ്ദാനത്തിന്റെ ഖണ്ഡിതമായ വിളംബരം മാത്രമല്ല പ്രത്യുത, ധിഷണാശാലിയും മഹത്സ്ഥാനീയനും അളവറ്റ പ്രത്യേകതകളോടുകൂടിയതുമായ പുത്രനെ സംബന്ധിച്ച വിളംബരമായിരുന്നു. അവൻ മുഖേന ഹദ്റത്ത് മസീഹ് മൗഊദിന്റെ ജീവിതകാലത്തിനുശേഷം ഇസ്‌ലാം ദീനിന്റെ മഹത്തായ സേവനവും അവന്റെ ദീനീവ്യാപനത്തെ സംബന്ധിച്ച വിവരണവുമായിരുന്നു.

### ബശീർഅവ്വൽ(റ)ന്റെ ജനനവും ഹദ്റത്ത് മസീഹ് മൗഊദിന്റെ വിശദീകരണവും

ആദ്യമകളുടെ ജനനത്തിനുശേഷം 1887 ആഗസ്ത് 7ന് മസീഹ് മൗഊദിന്റെ വീട്ടിൽ ഒരാൺകുട്ടി ജനിച്ചു. ആ കുട്ടിയ്ക്ക് ബശീർ എന്ന് പേരിട്ടു. സാഹിബ് സാദാ ബശീറെ അവ്വൽ ജനിക്കുന്നതിനുമുമ്പേ അദ്ദേഹം ഗർഭസ്ഥ ശിശുവായിരിക്കുമ്പോൾതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ) 1886 ഏപ്രിൽ 8-ന് പ്രസിദ്ധീരിച്ച വിജ്ഞാപനത്തിൽ ഇക്കാര്യം ആവർത്തിച്ചു. "ഇപ്പോൾ പിറക്കാൻ പോകുന്ന കുട്ടി തന്നെയാണ് അതെന്ന് വെളിവാക്കപ്പെട്ടിട്ടില്ല. അല്ലെങ്കിൽ മറ്റൊരു നേരത്ത് 9 വർഷത്തിനുള്ളിൽ ആ കുട്ടി ജനിക്കുന്നതായിരിക്കും."(മജ്മൂഅ ഇശ്തിഹാറാത്ത്, വാല്യം 1, പേജ് 117)

പിന്നീട് സാഹിബ് സാദാ ബശീർ അവ്വൽ(റ)ജനിച്ചപ്പോൾ, "പ്രവചനത്തിൽ വാഗ്ദത്തം ചെയ്യപ്പെട്ട കുട്ടി ഇതുതന്നെയല്ലേ?" എന്ന മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവിയുടെ ചോദ്യത്തിന് മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "നവാജാതശിശുവിനെ സംബന്ധിച്ച് 1886 ഫെബ്രുവരി 20 ലെ വിജ്ഞാപനത്തിൽ പറയപ്പെട്ട കുട്ടി ഇതു തന്നെയാണെന്ന് ഒരു പത്രത്തിലും ഞാൻ

പ്രസിദ്ധീകരിച്ചിട്ടില്ല.'' (മക്തൂബാത്തെ അഹ്മദ്, വാള്യം 1, പേജ് 306, പുതിയ പതിപ്പ് 2005)

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൃഷ്ടിയിൽ പ്രവചനത്തിന്റെ പ്രധാന്യവും മഹത്ത്വവും**

അതേ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ വാഗ്ദാനങ്ങളും പ്രവചനങ്ങളും അടങ്ങിയ ഒരു ചെറുകൃതി ''സിറാജെ മുനീർ'' എന്ന പേരിൽ എഴുതാനുദ്ദേശിച്ചു. അതിൽ ഇതര പ്രവചനങ്ങളെ കൂടാതെ നവജാതസുതനെ സംബന്ധിച്ച പ്രവചനത്തിന്റെ വിവരണവും ഉദ്ദേശിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി അയച്ച ഒരു കത്തിൽ ഈ വാഗ്ദത്തസുതനെ സംബന്ധിച്ച പ്രവചനം ''സിറാജെ മുനീർ'' എന്ന ചെറുകൃതിയിൽ രേഖപ്പെടുത്തരുതെന്ന് അഭിപ്രായപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിനുകൊടുത്ത മറുപടിയിൽ എഴുതി:

''പുത്രനെ സംബന്ധിച്ച പ്രവചനം ലഘുലേഖയിൽ രേഖപ്പെടുത്തേണ്ടെന്ന് ധീരനായ സേവ്യൻ എനിക്കെഴുതിയ ആദ്യത്തെ കത്തിൽ അഭിപ്രായപ്പെട്ടിരുന്നു. ദൈവത്തിന് ഈ വിഷയകമായി എന്റെ അഭിപ്രായത്തെ താങ്കളുടെ അഭിപ്രായവുമായി യോജിപ്പില്ലാത്ത കാരണത്താലായിരുന്നു ഞാൻ ഇതുവരേക്കും താങ്കൾക്ക് മറുപടി നൽകാതിരുന്നത്. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ ഇതുസംബന്ധമായ വിളംബരം നടത്താനും പ്രസിദ്ധപ്പെടുത്താനും ദൈവകല്പനയുണ്ട്. എന്റെ യജമാനൻ എനിക്ക് നൽകിയ നിർദ്ദേശം പ്രാവർത്തികമാക്കാൻ ഞാൻ നിർബന്ധിതനാണ്. ഭൗതികമായ ഗുണം എന്താണ് ആവശ്യപ്പെടുന്നതെന്ന കാര്യം എനിക്കൊരു പ്രശ്നമേയല്ല. ദുൻയാവിന്റെ ആദരവും നിന്ദ്യതയുമായി എനിക്ക് ഒരു ബന്ധവുമില്ല. എനിക്കതിൽ ഒരുവിധ ആശങ്കയും പ്രശ്നവുമില്ല. ഏതു കാര്യങ്ങൾ പ്രസിദ്ധപ്പെടുത്താനാണോ ഞാൻ നിയോഗിതനായിട്ടുള്ളത്, തെറ്റുധാരണയാൽ നിറഞ്ഞു നിൽക്കുന്ന ഇക്കാലം അതിനെ എത്ര തന്നെ നിന്ദ്യമായി കണ്ടാലും വരുംകാലം അതിൽ നിന്ന് വളരെയധികം പ്രയോജനമെടുക്കുമെന്ന് എനിക്കറിയാം.'' (മക്തൂബാത്തെ അഹ്മദിയ്യ, വാള്യം 1, പേജ് 304-305)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ധൈര്യവും ദൃഢനിശ്ചയവും കണ്ടും ഈ പ്രവചനത്തെ ഒഴിവാക്കാൻ തയ്യാറല്ലെന്ന് അറിഞ്ഞും മൗലവി സാഹിബ് മറ്റൊരു കത്തയച്ചു. അതിലെഴുതി: ഇത്തരം പ്രവചനങ്ങൾകൊണ്ട് ഇസ്‌ലാമിന് പ്രയോജനമൊന്നുമില്ല. കൂടാതെ മുസ്‌ലിമീങ്ങൾക്ക് അത് അപമാനവുമാകും. ഈ അപമാനത്തിൽനിന്ന് രക്ഷപ്പെടാൻ മൗലവി സാഹിബ് ഇത്തവണ അഭിപ്രായം പറഞ്ഞത് ഇപ്പോൾ ''സിറാജെ മുനീർ'' എന്ന ലഘുലേഖ പ്രസിദ്ധീകരിക്കാനുള്ള ഉദ്ദേശ്യം ഒഴിവാക്കുക എന്നാണ്. അതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം മറുപടി നൽകി: ''സിറാജെ മുനീറിൽ ഇത്തരത്തിലുള്ള പ്രവചനങ്ങളാണുതെങ്കിൽ എന്റെ അഭിപ്രായം ''സിറാജെ മുനീർ'' പ്രസിദ്ധീകരിക്കുന്നത് ഒഴിവാക്കണമെന്നാണ് താങ്കൾ പറയുന്നത്. എന്തുകൊണ്ടെന്നാൽ, ഇത്തരം ഗ്രന്ഥങ്ങൾകൊണ്ട് മുസ്‌ലിമീങ്ങൾക്ക് വലിയ മാനഹാനി ഉണ്ടാകും.'' ഇതിനുള്ള മറുപടി പറയുകയാണ്. ''സിറാജെമുനീറിൽ നിസ്സംശയം ഇത്തരത്തിലുള്ള പ്രവചനങ്ങളുണ്ട്. പ്രത്യുത, ഏറ്റവും കൂടുതലായി ഈ പ്രവചനമുണ്ട്. എന്നാൽ, ഇത്തരം പ്രവചനങ്ങൾകൊണ്ട് മുസ്‌ലിമീങ്ങൾക്ക് വലിയ അപമാനമുണ്ടാകാമെന്ന താങ്കളുടെ രണ്ടാമത്തെ വാചകം ശരിയായ ഉൾക്കാഴ്ചയിൽ അധിഷ്ഠിതമല്ല.''

''മുസ്‌ലിമീങ്ങൾക്ക് കൂടുതൽ അപമാനമുണ്ടാകരുതെന്നും അവരുടെ സമ്പത്ത് അന്യായമായി നഷ്ടപ്പെടരുതെന്നുമുള്ള ചിന്ത മാത്രമാണുള്ളത്'' എന്ന താങ്കളുടെ ഈ വാക്യത്തിൽനിന്ന് സ്ഥാപിതമാകുന്നത് മകൻ ജനിച്ചതുകൊണ്ട് മുസ്‌ലിമീങ്ങൾക്ക് ഒരു പരിധിവരെ മാനഹാനി സംഭവിച്ചിട്ടുണ്ടെന്നും മേലിൽ സിറാജെ മുനീർ പ്രസിദ്ധീകരിക്കപ്പെടുന്നതിലൂടെ അതിനെക്കാൾ കൂടുതലുണ്ടാകുമെന്നുമാണ്. അതുകൊണ്ട് ഞാൻ പറയുന്നു: പ്രവചനങ്ങളുടെ സത്യമായ പുലർച്ച മുസ്‌ലിമീങ്ങൾക്ക് മാനഹാനി ഉണ്ടാക്കുമെങ്കിൽ എത്രത്തോളം ഈ അപമാനം ഉണ്ടായിട്ടുണ്ടോ അത് കുറവാണോ?'' (മക്തൂബാത്തെ അഹ്മദിയ്യ, വാള്യം 1, പേജ് 308 -309, 2008 പതിപ്പ്)

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ 1886 മാർച്ച് 22-ലെ വിജ്ഞാപനത്തിൽ ചില ആക്ഷേപങ്ങൾക്ക് മറുപടി നൽകിക്കൊണ്ട് പറഞ്ഞു: ''പ്രവചനത്തിന്റെ സാരം മൊത്തത്തിൽ വീക്ഷിക്കുന്ന ആർക്കും, ഒരു അജ്ഞനുപോലും ഒരു സംശയവുമുണ്ടാകാത്തവിധം മനസ്സിലാക്കാൻ കഴിയും അത് ദൈവികാടയാളമാണെന്ന്! മാനുഷിക ശക്തികൾക്കതീതമാണെന്ന്! അഥവാ സംശയമുണ്ടെങ്കിൽ ഇതുപോലുള്ള അടയാളങ്ങളടങ്ങിയ പ്രവചനങ്ങൾ സമർപ്പിക്കട്ടെ. ഇത് വെറും പ്രവചനം മാത്രമല്ല മറിച്ച് അല്ലാഹു നമ്മുടെ നബി(സ) തിരുമേനിയുടെ സത്യതയും മാഹാത്മ്യവും പ്രകടമാക്കുന്നതിന് വെളിവാക്കിയതാണ്. അവർ കണ്ണു തുറന്ന് നോക്കട്ടെ. കൂടാതെ യഥാർഥത്തിൽ ഈ അടയാളം ഒരു മരിച്ചവനെ ജീവിപ്പിക്കുന്നതിനെക്കാൾ നൂറുക്കണക്കിന് ഉന്നതവും പരിപൂർണവും മഹത്തരവുമായ സ്ഥാനത്താണ് നിലകൊള്ളുന്നത്....... ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താലും ഖാത്തമുൽ അമ്പിയായുടെ ഔദാര്യത്താലും ബർക്കത്തിനാലും ഈ വിനീതന്റെ പ്രാർഥന സ്വീകരിച്ചുകൊണ്ട് എങ്ങനെയുള്ള അനുഗൃഹീതമായ ആത്മാവിനെ അയക്കുമെന്നാണോ വാഗ്ദാനം ചെയ്തത്, അവന്റെ ബാഹ്യവും ആന്തരികവുമായ അനുഗ്രഹങ്ങൾ മുഴുലോകത്തും പരത്തുന്നതായിരിക്കും.'' (മജ്മൂഅ ഇശ്തിഹാറാത്ത് , വാള്യം 1, പേജ് 114-115)

**ബശീറിന്റെ മരണസംഭവത്തെ കുറിച്ചുള്ള ദൈവപരമായ പ്രഭാഷണം**

1888 നവംബർ 4-ന് സാഹിബ് സാദാ ബശീർ അവ്വൽ ദൈവവിധിയാൽ വഫാത്തായപ്പോൾ ശത്രുക്കളിൽനിന്നും എതിർപ്പിന്റെ കൊടുങ്കാറ്റ് വീശിയടിച്ചു. ഈ അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) എല്ലാവിധ ആക്ഷേപങ്ങൾക്കും മറുപടി നൽകിക്കൊണ്ട് ''ഹഖ്ഖാനീ തഖ്‌രീർ ബർ വാഖെഅ ബശീർ'' ബശീറിന്റെ മരണസംഭവത്തെ കുറിച്ചുള്ള ദൈവപരമായ പ്രഭാഷണം എന്ന പേരിൽ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി. പച്ചനിറത്തിലുള്ള കടലാസ്സിലായിരുന്നതിനാൽ സബ്സ് ഇശ്തിഹാർ അഥവാ പച്ചവിജ്ഞാപനം എന്ന പേരിൽ പിന്നീട് പ്രസിദ്ധമായി. ഈ വിജ്ഞാപനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ''ഈ വിനീതന്റെ ഭാഗത്തുനിന്നു പ്രസിദ്ധീകരിക്കപ്പെട്ട വിജ്ഞാപനങ്ങളിൽനിന്ന് ഈ മരണമടഞ്ഞ പുത്രൻ തന്നെയാണ് മുസ്‌ലിഹ് മൗഊദും ദീർഘായുഷ്മാനും എന്ന് ഞാൻ വാദിച്ചതായി ഒരു അക്ഷരംപോലും ഒരാൾക്കും സമർപ്പിക്കുവാൻ സാധ്യമല്ല.'' (സബ്സ് ഇശ്തിഹാർ, റൂഹാനി ഖസാഇൻ, വാള്യം 2, പേജ് 448)

അവിടന്ന് തുടർന്ന് പറയുന്നു: ''ഇൽഹാമുപരമായ നിലയിൽ മരിച്ച മകന്റെ വ്യക്തിപരമായ ശ്രേഷ്ഠതകൾ പ്രകടമായി എന്നതും ഓർമിക്കുക. അവന്റെ പേര് മുബശ്ശിർ എന്നും ബശീർ എന്നും നൂറുല്ലാഹ്, സ്വയ്ബ്, ചിരാഗ്ദീൻ തുടങ്ങിയ പേരുകളിലടങ്ങിയ സവിശേഷതകളും പ്രകാശവും അവന്റെ പ്രകൃതിയിൽത്തന്നെ അല്ലാഹു നിക്ഷേപിച്ചു. ആരെങ്കിലും വിശദമായ, വിശാലമായ വിജ്ഞാപനംതന്നെ പ്രസിദ്ധീകരിച്ചാലും ഈ നാമങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഒരുപക്ഷേ, മുസ്‌ലിഹ് മൗഊദും ദീർഘായുഷ്മാനും ഈ കുട്ടിയായിരിക്കും എന്ന് തന്റെ അഭിപ്രായം എഴുതിയാലും, ഉൾക്കാഴ്ചയുള്ളവരുടെ ദൃഷ്ടിയിൽ നമ്മുടെ ഈ ഇജ്തിഹാദീ വിവരണം ആക്ഷേപാർഹമാകുകയില്ല.'' (പച്ചവിജ്ഞാപനം, റൂഹാനിഖസാഇൻ, വാള്യം 2, പേ: 450-451)

ഇതേ പച്ചവിജ്ഞാപനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ കാരുണ്യത്തിന്റെ രണ്ട് അതിമഹത്തായ മാർഗങ്ങൾ വിവരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ഈ ലേഖനം അങ്ങേയറ്റം വിധിനിർണായകമാണ്. അദ്ദേഹം പറയുന്നു:

അല്ലാഹുവിന്റെ റഹ്മത്തിന്റെ ഇറക്കത്തിനും ആത്മീയാനുഗ്രഹം പ്രദാനം ചെയ്യുന്നതിനും രണ്ട് മാർഗങ്ങളുണ്ട്.

(1) ഒന്നാമതായി ഏതെങ്കിലും മുസീബത്തോ ദുഃഖമോ വ്യാകുലതയോ ഇറക്കിക്കൊണ്ട് ക്ഷമ കൈക്കൊള്ളുന്നവരുടെമേൽ പൊറുമയുടേയും കാരുണ്യത്തിന്റേയും വാതിലുകൾ തുറക്കുന്നു. ഏതുപോലെയെന്നാൽ അവൻ സ്വയം പറയുന്നു: *വ ബശ്ശിരിസ്സാബിരീൻ- അല്ലദീന ഇദാ അസാബത്ഹും മുസീബത്തുൻ ഖാലൂ ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ- ഉലാഇക്ക അലയ്ഹിം സലവാത്തുൻമ്മിർറബ്ബിഹിം വ റഹ്മത്തുൻ വ ഉലാഇക്ക ഹുമുൽമുഹ്തദൂൻ* (അൽബഖറ:155)

അതായത് നാം സത്യവിശ്വാസികളുടെമേൽ പല തരത്തിലുള്ള മുസീബത്തുകളും ഇട്ടു കൊണ്ടിരിക്കുന്നു എന്നതാണ് നമ്മുടെ പ്രകൃതി നിയമം. ക്ഷമ കൈക്കൊള്ളുന്നവരുടെമേൽ നമ്മുടെ കാരുണ്യം ഇറങ്ങുന്നു. വിജയത്തിന്റെ മാർഗങ്ങൾ അവർക്ക് തുറക്കപ്പെടുന്നു.

(2) അനുഗ്രഹവർഷത്തിന്റെ രണ്ടാമത്തെ മാർഗം റസൂൽമാരുടേയും പ്രവാചകന്മാരുടേയും ഇമാമീങ്ങളേയും ഔലിയാക്കളേയും ഖലീഫമാരേയും അയക്കലാകുന്നു. അവരെ പിൻപറ്റിക്കൊണ്ട് ജനങ്ങൾ നേർമാർഗത്തിലേക്ക് വരികയും അവരുടെ മാതൃക പിൻപറ്റിക്കൊണ്ട് മോക്ഷം കരസ്ഥമാക്കുകയും ചെയ്യുമാറാകാൻ. അതുകൊണ്ട് ഈ വിനീതന്റെ സന്താനങ്ങൾ മുഖേന ഈ രണ്ട് ഭാഗവും പ്രകടമാകാൻ ദൈവം ഇച്ഛിച്ചു. അതിനാൽ, ആദ്യം അവൻ പ്രഥമ ഇനമായ കാരുണ്യവർഷത്തിന് ബശീറിനെ അയച്ചു. ബശ്ശിരിസാബിരീൻ എന്നതിനുള്ള സാമഗ്രികൾ വിശ്വാസികൾക്കായി തയ്യാറാക്കിക്കൊണ്ട് തന്റെ ബശ്‌രിയ്യത്തിന്റെ സാരം പൂർത്തിയാക്കുമാറാകാൻ!

നാമിപ്പോൾ വിവരിച്ച കാരുണ്യത്തിന്റെ രണ്ടാമത്തെയിനം അതിന്റെ പൂർത്തീകരണത്തിന് അല്ലാഹു രണ്ടാമത്തെ ബശീറിനെ അയക്കുന്നതായിരിക്കും. ബശീർ അവ്വലിന്റെ മരണത്തിനുമുമ്പേ 1888 ജൂലായ് പത്തിലെ വിജ്ഞാപനത്തിൽ അവനെ കുറിച്ച് പ്രവചനം ചെയ്യപ്പെട്ടതുപോലെ. അല്ലാഹു ഈ വിനീതനുമേൽ പ്രകടമാക്കി, മറ്റൊരു ബശീർ നിനക്ക് നല്കപ്പെടുന്നതായിരിക്കും. അവന്റെ പേര് മഹ്മൂദെന്നുമാണ്. അവൻ തന്റെ പ്രവൃത്തികളിൽ ഉലുൽഅസം അഥവാ നിശ്ചയദാർഢ്യമുളളവനായിരിക്കുമെന്ന് അല്ലാഹു എന്നിൽ വെളിവാക്കിയിരിക്കുന്നു യഖ്‌ലു ഖല്ലാഹു മാ യശാഹു'' (സബ്സ് ഇശ്തിഹാർ, റൂഹാനിഖസായിൻ, വാള്യം 2, പേ 461-463, അടിക്കുറിപ്പ്)

ഈ പച്ചവിജ്ഞാപനം, മുസ്‌ലിഹ് മൗഊദിനെ സംബന്ധിച്ച പ്രവചനത്തെ മനസ്സിലാക്കുന്നതിനുള്ള താക്കോലാകുന്നു. ഈ പച്ചവിജ്ഞാപനത്തിൽ അല്ലാഹുവിന്റെ രണ്ടുതരത്തിലുള്ള കാരുണ്യങ്ങളെ സ്മരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുള്ളത്, ഈ വിനീതന്റെ സന്താനങ്ങൾ മുഖേന ഈ രണ്ടു ഭാഗവും പ്രകടമാകാൻ അല്ലാഹു ഇച്ഛിച്ചിരിക്കുന്നുവെന്ന കാര്യം പ്രകടമാക്കുന്നത് മുസ്‌ലിഹ് മൗഊദിന്റെ അസ്തിത്വം, ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ജഡില സന്താനങ്ങളിൽനിന്നുതന്നെയായിരിക്കുമെന്നാണ്. അല്ലാതെ ഭാവിയിൽ ഏതെങ്കിലും കാലത്ത് ആത്മീയ സന്താനങ്ങളായി വരുന്ന ബശീറിനെ സംബന്ധിച്ചല്ല. ഹദ്റത്ത് മസീഹ് മൗഊദി(അ) ഇപ്രകാരവും പറഞ്ഞിരിക്കുന്നു, അവൻ മുർസലീങ്ങളുടെയും നബിമാരുടെയും ഇമാമീങ്ങളുടെയും വലിയ്യുമാരുടെയും ഖലീഫമാരുടെയും സ്ഥാനത്ത് അവരോധിതനാകും. മുർസലിംകളുടെയും നബിമാരുടെയും സ്ഥാനത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെയായിരുന്നു ഉണ്ടായിരുന്നത്. അതുകൊണ്ട് ഈ വാഗ്ദത്തപുത്രൻ ഇമാമുമാരുടെയും വലിയ്യുമാരുടെയും ഖലീഫമാരുടെയും സ്ഥാനത്ത് നില കൊള്ളേണ്ടയാളായിരുന്നു. അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തെ പിൻപറ്റുന്നതു തന്നെയാണ് മോക്ഷത്തിനും നേർമാർഗത്തിനും നിദാനമെന്ന് വിശേഷിപ്പിച്ചത്.

**പ്രവചനത്തിന്റെ സാക്ഷാത്കാരം**

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ലേഖനങ്ങളിൽ പല സ്ഥലങ്ങളിലായി തന്റെ സുവിശേഷം നൽകപ്പെട്ട സന്താനങ്ങളെ സംബന്ധിച്ച് പരാമർശിച്ചിരിക്കുന്നു. ഓരോ മകനേയും മകളേയും സംബന്ധിച്ച് അവ

രുടെ ജനനത്തിനു മുമ്പേതന്നെ ഗ്രന്ഥത്തിലോ വിജ്ഞാപനത്തിലോ തെളിവ് നൽകുകയും ചെയ്തു. എന്നാൽ, പച്ചവിജ്ഞാപനത്തിൽ ഏതൊരു മകന്റെ ജനനത്തെ സംബന്ധിച്ചാണോ സുവാർത്തയുടെ പരാമർശമുള്ളത് അതിന്റെ പൂർത്തീകരണം എല്ലായ്പ്പോഴും ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദാണെന്ന് ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. അതിന് തെളിവായി താഴെകൊടുത്തിരിക്കുന്ന ഉദ്ധരണികൾ സമർപ്പിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ സിറാജെ മുനീറിൽ തന്റെ സത്യമായ പ്രവചനങ്ങളെ പരാമർശിച്ചുകൊണ്ട് പറയുന്നു. "ഞാൻ എന്റെ മകൻ മഹ്മൂദിന്റെ ജനനത്തെ സംബന്ധിച്ച് അവൻ ഇപ്പോൾ ജനിക്കുമെന്നും അവന് മഹ്മൂദെന്ന് പേര് വെക്കപ്പെടുമെന്നും അഞ്ചാമത്തെ പ്രവചനം നടത്തിയിരിക്കുന്നു. ഈ പ്രവചനം പച്ചനിറത്തിലുള്ള കടലാസിലാണ് പ്രസിദ്ധീകരിച്ചത്. അതിപ്പോഴും നിലവിലുണ്ട്. അത് ആയിരക്കണക്കിന്നാളുകളിൽ വിതരണം ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു. അതിനാൽ ആ പുത്രൻ പ്രവചനം ചെയ്യപ്പെട്ട കാലയളവിൽ ജനിക്കുകയും ഇപ്പോൾ 9 വയസ്സിലെത്തിയിരിക്കുകയും ചെയ്തിരിക്കുന്നു. (സിറാജെമുനീർ, റൂഹാനി ഖസായിൻ, വാള്യം 12, പേജ് 36)

സിറാജെ മുനീർ എന്ന ഗ്രന്ഥത്തിന്റെ അടിക്കുറിപ്പിൽ ഹദ്റത്ത് മസീഹ് മൗഊദി(അ) പറഞ്ഞിരിക്കുന്നു: "പച്ചവിജ്ഞാപനത്തിൽ ഒരുവിധ സന്ദേഹവുമില്ലാതെ വ്യക്തമായ വാക്കുകളിൽ ആൺകുട്ടിയുടെ ജനനത്തെ സംബന്ധിച്ച് വാഗ്ദാനമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മഹ്മൂദ് ജനിച്ചിരിക്കുന്നു. ഈ പ്രവചനം എത്ര മഹത്തരമാണ്. ദൈവഭയമുണ്ടെങ്കിൽ ശുദ്ധമായ ഹൃദയത്തോടെ ചിന്തിച്ചുനോക്കൂ."

തന്റെ ഗ്രന്ഥമായ അഞ്ചാമെ ആഥിമിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ പറയുന്നു: "പിന്നീട് മറ്റൊരു അടയാളം ഇതാണ്. ഇപ്പോഴുള്ള മൂന്ന് ആൺമക്കളുടേയും ജനനത്തിനു മുമ്പേ ഓരോരുത്തരുടേയും വരവിനെ സംബന്ധിച്ചുള്ള സുവാർത്ത നൽകപ്പെട്ടിരിക്കുന്നു. അതുകൊണ്ട് മൂത്ത പുത്രൻ മഹ്മൂദിന്റെ ജനനത്തെ സംബന്ധിച്ചും ആദ്യത്തെ മകന്റെ മരണത്തെ സംബന്ധിച്ചും പച്ച വിജ്ഞാപനത്തിൽ പേരോടുകൂടിത്തന്നെ വ്യക്തമായ പ്രവചനമുണ്ട്. ഇടയിലുള്ള മകനെ സംബന്ധിച്ച വാർത്ത പച്ചവിജ്ഞാപനത്തിന് മൂന്ന് വർഷംമുമ്പേ പ്രസിദ്ധീകരിക്കപ്പെട്ട വെള്ളവിജ്ഞാപനത്തിലുണ്ട്. ചെറിയ മകൻ ശരീഫ് അഹ്മദിനെ സംബന്ധിച്ച പ്രവചനം സിയാവുൽ ഹഖിലും നൂറുൽ ഇസ്‌ലാമിലുമുണ്ട്." (ഉമീമ അഞ്ചാമെ ആഥിം, റൂഹാനി ഖസാഇൻ, വാള്യം 11, പേജ് 299)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ സിർറുൽ ഖിലാഫയിൽ പറയുന്നു: അർത്ഥം, " ഞാൻ നിങ്ങളുടെ മുമ്പാകെ അത്ഭുതകരമായൊരു സംഭവം വിവരിക്കുകയാണ്. എനിക്ക് ബശീർ എന്നു പേരുള്ള ചെറിയൊരു മകനുണ്ടായിരുന്നു. അല്ലാഹു അവനെ മുലകുടിപ്രായത്തിൽത്തന്നെ മരിപ്പിച്ചു. അത് കഴിഞ്ഞപ്പോൾ അല്ലാഹു എന്നോട് വെളിപാടിലൂടെ അറിയിച്ചു, "നാം അവന് ഔദാര്യപൂർവം നിന്റെ പക്കൽ തിരിച്ചയക്കുന്നതാണ്.' അതുപോലെ തന്നെ "ബശീർ വന്നിരിക്കുന്നതായും താൻ നിങ്ങളെ വളരെയധികം സ്നേഹത്തോടെ കണ്ടുമുട്ടുന്നതായിരിക്കുമെന്നും എളുപ്പത്തിൽ വേർപിരിയുന്നതല്ലെന്നും പറയുന്നതായും ആ കുട്ടിയുടെ മാതാവ് ഒരു ദർശനത്തിൽ കണ്ടു. ഈ ഇൽഹാമിനും ദർശനത്തിനും ശേഷം അല്ലാഹു എനിക്ക് രണ്ടാമത്തെ മകനെ നൽകി. അപ്പോൾ ഇത് ആ ബശീർ തന്നെയാണെന്ന് ഞാൻ മനസ്സിലാക്കി. അല്ലാഹു തന്റെ സുവാർത്തയിൽ സത്യവാനാകുന്നു. അതുകൊണ്ട് ഞാൻ ആ പുത്രന്റെ പേര് ബശീർ എന്നുതന്നെ വെച്ചു. ഞാൻ അവന്റെ ശരീരത്തിൽ ബശീർ അവ്വ ലിന്റെ രൂപം കാണുന്നു. അതുകൊണ്ട് അല്ലാഹു രണ്ടുദാസരെ ഒറ്റനാമത്തിൽ പങ്കാളിയാക്കുന്നു എന്ന അവന്റെ ചര്യ സ്വപ്നം മുഖേന സ്ഥാപിതമായി." (സിർറുൽ ഖിലാഫ, റൂഹാനീ ഖസാഇൻ, വാള്യം 8, പേജ് 381)

പച്ചവിജ്ഞാപനം ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ തിർയാഖുൽ ഖുലൂബിൽ, മകൻ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ ജനനത്തെ സംബന്ധിച്ച് പറയുന്നു: "എന്റെ ജീവിച്ചിരിക്കുന്ന മകൻ മഹ്മൂദ് ജനിക്കുന്നിനുമുമ്പേ അവന്റെ ജനനത്തെ സംബന്ധിച്ച് എനിക്ക് ദർശനത്തിൽ അറിയിക്കപ്പെട്ടു. ഞാൻ മസ്ജിദിന്റെ ചുമരിൽ അവന്റെ പേര് മഹ്മൂദ് എന്ന് എഴുതപ്പെട്ടതായി കണ്ടു. അപ്പോൾ ഞാൻ ഈ പ്രവചനം പ്രസിദ്ധീകരിക്കുന്നതിന് പച്ചനിറത്തിലുള്ള കടലാസിൽ ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. അത് പ്രസിദ്ധീകരിക്കപ്പെട്ട തിയതി 1888 ഡിസംബർ 1 ആകുന്നു." (തിർയാഖുൽ ഖുലൂബ്, റൂഹാനി ഖസാഇൻ, വാള്യം 15, പേജ് 214)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തിർയാഖുൽ ഖുലൂബിൽ മറ്റൊരിടത്ത് പറയുന്നു: "എന്റെ മൂത്ത മകൻ മഹ്മൂദിന്റെ ജനനത്തെ സംബന്ധിച്ച് പച്ചവിജ്ഞാപനത്തിലുള്ള കടലാസിൽ പ്രസിദ്ധീകരിക്കപ്പെട്ട 1888 ജൂലായ് 10-ലെ വിജ്ഞാപനത്തിലും കൂടാതെ 1888 ഡിസംബർ 1-ലെ വിജ്ഞാപനത്തിലും പ്രവചനം ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു. പച്ചനിറത്തിലുള്ള വിജ്ഞാപനത്തിൽ ജനിക്കാനിരിക്കുന്ന പുത്രന്റെ പേര് മഹ്മൂദ് എന്ന് വെക്കപ്പെടുമെന്നും രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഈ വിജ്ഞാപനം മഹ്മൂദിന്റെ ജനനത്തിന് മുന്നേതന്നെ ലക്ഷക്കണക്കിനാളുകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു. അതുകൊണ്ട് നമ്മുടെ എതിരാളികളുടെ വീടുകളിൽ ഇപ്പോഴും ഈ പച്ചവിജ്ഞാപനം നൂറുക്കണക്കിന് കിടക്കുന്നുണ്ടായിരിക്കും. അതുപോലെതന്നെ 1886 ജൂലായ് 10-ലെ വിജ്ഞാപനവും ഓരോ വീടുകളിലും ഉണ്ടായിരിക്കാം. ശേഷം ഈ പ്രവചനത്തിന്റെ പ്രസിദ്ധി വിജ്ഞാപനങ്ങൾ പൂർണിമയിലേക്കെത്തുകയും അതറിയാത്തതായി മുസ്‌ലിമീങ്ങളിലും ക്രിസ്ത്യാനികളിലും ഹിന്ദുക്കളിലും ഒരു വിഭാഗവും ബാക്കിയില്ലാതിരിക്കയും ചെയ്കെ 1889 ജനുവരി 12-ന് ഹിജ്റ 1306 ജുമാദുൽ അവ്വൽ 9-ന് ശനിയാഴ്ച മഹ്മൂദ് പിറന്നു." (തിർയാഖുൽ ഖുലൂബ്, റൂഹാനി ഖസാഇൻ, വാള്യം 15, പേജ് 219)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ പ്രസിദ്ധമായ ഹഖീഖത്തുൽ വഹ്‌യിലും പച്ചവിജ്ഞാപനത്തിലെ പുലർച്ചയെപറ്റി വിവരിച്ചിരിക്കുന്നു. അദ്ദേഹം പറയുന്നു: "അതുപോലെതന്നെ എന്റെ ആദ്യത്തെ പുത്രൻ വഫാത്തായപ്പോൾ അജ്ഞരായ മൗലവിമാരും അവരുടെ ചങ്ങാതിമാരും ക്രിസ്ത്യാനികളും ഹിന്ദുക്കളും അവന്റെ മരണത്തിൽ വളരെയധികം സന്തോഷിച്ചു. അവരോട് വീണ്ടും വീണ്ടും പറയപ്പെട്ടു, 1886 ഫെബ്രുവരി 20-ലെ വിജ്ഞാനത്തിൽ ചില പുത്രന്മാർ മരിക്കുന്നതായിരിക്കുമെന്നും ഒരു പ്രവചനമുണ്ടെന്ന്! ഏതെങ്കിലും ഒരു മകൻ തീർച്ചയായും ചെറുപ്രായത്തിൽ മരണമടഞ്ഞേക്കാം. അപ്പോഴും അവർ ആക്ഷേപം ഉന്നയിക്കുന്നതിൽനിന്ന് വിട്ടുനിന്നില്ല. അപ്പോൾ അല്ലാഹു മറ്റൊരു പുത്രനെ സംബന്ധിച്ച് സുവാർത്ത നൽകി. അത് എന്റെ പച്ചവിജ്ഞാപനത്തിന്റെ ഏഴാമത്തെ പേജിൽ രണ്ടാമത്തെ സുതന്റെ ജനനത്തെ സംബന്ധിച്ച് നൽകിയിട്ടുണ്ട്. രണ്ടാം ബശീർ നല്കപ്പെടും. അവന്റെ രണ്ടാമത്തെ നാമം മഹ്മൂദാകുമെന്ന സുവാർത്തയുമുണ്ട്. 1888 സെപ്തംബർ 1 വരേക്കും അവൻ ജനിച്ചിട്ടില്ലെങ്കിലും അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം തന്റെ കാലയളവിനുള്ളിൽ തീർച്ചയായും ജനിക്കുന്നതായിരിക്കും. ഭൂമിയും ആകാശവും നീങ്ങിപോയേക്കാം. എന്നാൽ, അവന്റെ വാഗ്ദാനം നീങ്ങിപോകാൻ സാധ്യമല്ല. ഇതാണ് പച്ചവിജ്ഞാപനത്തിന്റെ ഏഴാം നമ്പർ പേജിലെ ഉദ്ധരണി. അതുപ്രകാരം 1889 ജനുവരിയിൽ ആൺകുട്ടി ജനിച്ചു. അവന്റെ പേര് മഹ്മൂദ് എന്ന് വെക്കപ്പെട്ടു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതുവരേയും ജീവിച്ചിരിക്കുന്നു. ഇപ്പോൾ 17-ാം വയസ്സിലാണുള്ളത്. (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ, വാള്യം 22, പേജ് 373-374)

ഹഖീഖത്തുൽ വഹ്‌യ് എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയ 34-ാം അടയാളത്തിൽ പച്ചവിജ്ഞാപനത്തിന്റെ തെളിവു നൽകിക്കൊണ്ട് ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ ജനനത്തെ കുറിച്ചുള്ള വിവരം ഇപ്രകാരം നല്കി:" ഞാനൊരു പച്ചവിജ്ഞാപനത്തിൽ ആയിരക്കണക്കിന് അനുകൂലികളിലും എതിരാളികളിലും ഈ പ്രവചനം പ്രസിദ്ധീകരിക്കുകയുണ്ടായി. ആദ്യത്തെ മകന്റെ മരണത്തിനു 70 ദിവസം കഴിഞ്ഞിട്ടുണ്ടാകില്ല ഈ മകൻ ജനിക്കുകയും അവന് മഹ്മൂദ് എന്ന് നാമകരണം ചെയ്യുകയും ചെയ്തു." (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ, വാള്യം 22, പേജ് 227)

തുടക്കത്തിൽ പറഞ്ഞു കഴിഞ്ഞതാണ്, ഹദ്റത്ത് മസീഹ് മൗഊദ്(അ) പച്ച വിജ്ഞാപനത്തിൽ അല്ലാഹുവിന്റെ രണ്ടു തരത്തിലുള്ള കാരുണ്യങ്ങളെ കുറിച്ച് പറഞ്ഞിരിക്കുന്നു. ആദ്യത്തെ തരത്തിന്റെ സാക്ഷാത്കാരം മർഹൂം ബശീർ അവ്വലാണെന്ന് പറഞ്ഞു. ദൈവികാനുഗ്രഹത്തിന്റെ രണ്ടാമത്തെ തരത്തിന്(അതായത് മുർസലീംകളുടേയും നബിമാരുടേയും ഇമാമുമാരുടേയും വലിയ്യുമാരുടേയും ഖലീഫമാരുടേയും ആവിർഭാവം) രണ്ടാമത്തെ ബശീർ നൽകപ്പെടുമെന്ന് വിളംബരം ചെയ്തു. അവന്റെ രണ്ടാമത്തെ പേര് മഹ്മൂദെന്ന് പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു മകന്റെ പേര് മാത്രം ബശീർ എന്നും മഹ്മൂദെന്നും വെച്ചു, മറ്റൊരു മകന്റേയും പേര് മഹ്മൂദെന്ന് വെച്ചിട്ടില്ല എന്ന കാര്യം വ്യക്തമാണ്. അതുകൊണ്ട് പച്ചവിജ്ഞാപനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതേ ബശീറിനേയും മഹ്മൂദിനേയും ഉലുൽഅസം അഥവാ നിശ്ചദാർഢ്യമുള്ളവൻ എന്ന് വിശേഷിപ്പിച്ചിരിക്കുന്നു

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വാഗ്ദത്ത പുത്രനെ സംബന്ധിച്ച് മറ്റു ചില സ്ഥലങ്ങളിലും പരാമർശിച്ചിട്ടുണ്ട്. ഉദാഹരണത്തിന് അവിടന്ന് തന്റെ ഗ്രന്ഥമായ ആയിനയെ കമലാത്തെ ഇസ്‌ലാമിൽ മുസ്‌ലിഹ് മൗഊദിനെ സംബന്ധിച്ചുള്ള പ്രവചനത്തിന്റെ അടിക്കുറിപ്പിൽ എഴുതുന്നു: "മസീഹ് മൗഊദ് അവതീർണനാകുമ്പോൾ അദ്ദേഹം വിവാഹം കഴിക്കുകയും അദ്ദേഹത്തിന് സന്താനങ്ങളുണ്ടാകുകയും ചെയ്യുമെന്ന് നബി(സ)തിരുമേനി അറിവ് നല്കിയിട്ടുണ്ട്. അല്ലാഹു മസീഹ് മൗഊദിന് തന്റെ പിതാവിനെതിരിൽ നിൽക്കാത്ത അല്ലാഹുവിന്റെ ആദരണീയരായ ദാസരിൽപെട്ട സ്വാലിഹായ സന്താനത്തെ നൽകുമെന്ന സൂചനയാണിതിലുള്ളത്. അല്ലാഹു നബിമാർക്കും വലിയ്യുമാർക്കും സന്താനങ്ങളെ സംബന്ധിച്ച സുവാർത്ത നൽകുമ്പോൾ, അവൻ സൽസന്താനങ്ങളെ നൽകാൻ വിധിക്കുമ്പോൾ മാത്രമാണ് നൽകുന്നത് എന്ന രഹസ്യവും ഇതിലടങ്ങിയിരിക്കുന്നു. ഈ വാഗ്ദത്ത സുതനെ സംബന്ധിച്ച സുവാർത്ത എനിക്ക് വർഷങ്ങൾക്കുമുമ്പേ നൽകപ്പെട്ടിരുന്നു; എന്റെ മസീഹ് മൗഊദ് വാദത്തിനുമുമ്പേ. (ആയിനയെ കമാലത്തെ ഇസ്‌ലാം, റൂഹാനിഖസാഇൻ, വാള്യം 5, പേജ് 578, അടിക്കുറിപ്പ്)

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ പ്രസിദ്ധമായ ഇഅ്ജാസുൽ മസീഹ് എന്ന ഗ്രന്ഥത്തിൽ പറയുന്നു: "നാം ഈ ലോകത്തുനിന്നു വിടപറഞ്ഞുകഴിഞ്ഞാൽ നമുക്കുശേഷം ഖിയാമത്തുനാൾവരെ മറ്റൊരു മസീഹും വരുന്നതല്ല. ആകാശത്ത് നിന്നും ആരും ഇറങ്ങുന്നതുമല്ല. ആരും ഗുഹയിൽനിന്നും പുറപ്പെട്ടുവരികയുമില്ല. എന്റെ രക്ഷിതാവിന്റെ വചനത്തിൽ സൂചിപ്പിക്കപ്പെട്ട വാഗ്ദത്ത പുത്രനല്ലാതെ." (ഇഅ്ജാസുൽ മസീഹ്, റൂഹാനീഖസാഇൻ, വാള്യം 18. പേജ് 73)

ഇതിന്റെ അടിക്കുറിപ്പിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും ഫയത്തസവ്വജു വ യൂദുലഹു എന്ന ഹദീഥിന്റെ ഉദ്ധരണി നൽകിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാഗ്ദത്ത പുത്രനെ സംബന്ധിച്ച പ്രവചനത്തെ ഫയത്ത സവ്വജു വ യൂലദുലഹു എന്ന നബി(സ)തിരുമേനിയുടെ ഹദീഥിനോട് യോജിപ്പിക്കുമ്പോൾ ഈ സുതൻ ജഡികസന്താനങ്ങളിൽനിന്നുമാകാൻ വിധിക്കപ്പെട്ടതാണെന്ന് സ്ഥാപിതമാകും. ഭാവിയിൽ ഏതെങ്കിലും കാലത്ത് ആത്മീയമായ നിലയിൽ മറ്റേതെങ്കിലും പുത്രനെ സംബന്ധിച്ച് പരാമർശിക്കുമ്പോൾ ഈ ഹദീഥിനോട് യോജിപ്പിച്ചു നോക്കേണ്ട ആവശ്യമില്ല.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹു എനിക്ക് അറിയിപ്പ് നൽകിയിരിക്കുന്നു, "ഞാൻ നിന്റെ ജമാഅത്തിനുവേണ്ടി നിന്റെ തന്നെ

സന്താനങ്ങളിൽപ്പെട്ട ഒരാളെ എഴുന്നേൽപിക്കുന്നതായിരിക്കും. അവന് തന്റെ സാമീപ്യംകൊണ്ടും വെളിപാടുകൊണ്ടും പ്രത്യേകത നൽകുന്നതാണ്. അവൻ മുഖേന സത്യം പുരോഗതി പ്രാപിക്കും. ഒരുപാടാളുകൾ സത്യത്തെ സ്വീകരിക്കുന്നതാണ്. അതുകൊണ്ട് ആ ദിനങ്ങളെ പ്രതീക്ഷിച്ചിരുന്നുകൊള്ളുക. അവരവരുടെ സമയത്ത് ഓരോരുത്തരും തിരിച്ചറിയപ്പെടുന്നതായിരിക്കും. സമയത്തിനു മുമ്പേ അവൻ നിസ്സാരമനുഷ്യനായി കാണപ്പെട്ടേക്കാം. അല്ലെങ്കിൽ ചില വഞ്ചകരുടെ ചിന്താഗതികൾ കാരണത്താൽ ആക്ഷേപത്തിന് കുറിമാനമായേക്കാം; ഒരു പരിപൂർണമനുഷ്യനാകുന്ന ആളും, വയറ്റിൽ രേതസ്കണമോ മാംസപിണ്ഡമോ ആയിരിക്കുന്നതുപോലെ! (രിസാല അൽവസിയ്യത്ത്, റൂഹാനിഖസാഇൻ, വാള്യം 20, പേജ് 306)

പക്ഷേ, വിജ്ഞാപനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ബശീർ രണ്ടാമൻ മഹ്മൂദിനെ മുർസലീങ്ങൾ, നബിമാർ, ഇമാമീങ്ങൾ, വലിയ്യുമാർ, ഖലീഫമാർ എന്നിവരുടെ റഹ്മത്തിന്റെ അനന്തരാവകാശിയെന്ന് പറഞ്ഞതുപോലെ, രിസാല അൽവസിയ്യത്തിൽ ഞാൻ അല്ലാഹുവിന്റെ പൂർണമായ ശക്തിപ്രതാപമാകുന്നു. എനിക്കുശേഷം രണ്ടാം ഖുദ്റത്തിന്റെ പ്രതിബിംബങ്ങളായ മറ്റു ചില അസ്തിത്വങ്ങളുമുണ്ടാകും എന്നതിനെ സൂചിപ്പിച്ചുകൊണ്ട് രണ്ടാം ശക്തിപ്രകടനത്തിന്റെ പ്രതിഫലനത്തിൽ ആ അവസാന ദിനങ്ങളിൽ തന്റെ വാഗ്ദത്തസുതനേയും ഉൾപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് ഈ പ്രവചനങ്ങൾ പ്രകാരം ഖുദ്റത്തെ ഥാനിയായുടെ പ്രഥമ പ്രതിബിംബം ഹദ്റത്ത് നൂറുദ്ദീൻ ഭേരവിയുടെ വഫാത്തിനുശേഷം അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്താനങ്ങളിൽനിന്ന് വാഗ്ദത്തസുതനായ ബശീർ രണ്ടാമനെതന്നെ രണ്ടാംശക്തിപ്രഭാവത്തിന്റെ രണ്ടാം പ്രഭാവമായി തിരഞ്ഞെടുക്കുകയുണ്ടായി; ഹദ്റത്ത് മസീഹ് മൗഊദ്(അ) എല്ലാവരും തിരിച്ചറിയപ്പെടുന്നത് അവരവരുടെ കാലത്താണെന്ന് പറഞ്ഞതുപോലെ. അതുകൊണ്ട് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് തന്നെയാണ് മുസ്‌ലിഹ് മൗഊദെന്ന് വരുംസമയം സ്ഥാപിച്ചു. മുസ്‌ലിഹ് മൗഊദിന്റെ പ്രവചനത്തിൽ അല്ലാഹു വിവരിച്ച അടയാളങ്ങൾ മുഴുവനും ഓരോന്നോരോന്നായി ഹദ്റത്ത് സാഹിബ് സാദാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്(റ)ന്റെ വ്യക്തിത്വത്തിൽ പൂർത്തിയായിരിക്കുന്നു.

1906–ൽ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഒരു കുടുംബപരമായ വിഷയത്തിന് ലാഹോറിലേക്ക് പോയി. ആ അവസരത്തിൽ പൈസ പത്രത്തിന്റെ എഡിറ്റർ മുൻശി മഹ്മൂദ് ആലം സാഹിബ്, സാഹിബ് സാദാ സാഹിബിന്റെ ലാഹോറിലുള്ള വരവിനെ സംബന്ധിച്ച് വാർത്ത നൽകിക്കൊണ്ട് പരിഹാസരൂപത്തിൽ എഴുതി. ''വലിയ മകൻ സന്താനങ്ങളുള്ള ആളാണെങ്കിലും മിഡിൽ തോറ്റിരിക്കുന്നു എന്നാണ് മനസ്സിലാകുന്നത്.മിർസാജിക്കുശേഷം അദ്ദേഹത്തിന്റെ സിംഹാസനത്തിന് അവകാശി ഈ മകനാണെങ്കിൽ പിന്നെ നല്ലതുപോലെ മതത്തെ നയിക്കുന്നതായിരിക്കും!' (അൽഹക്കം പത്രം, 1906 ജൂലായ് 17, പേജ് 2, കോളം 4)

പൈസാ പത്രത്തിന്റെ ഈ പത്രപ്രവർത്തകനുള്ള മറുപടി ആ സമയത്തുതന്നെ അൽഹക്കം പത്രത്തിന്റെ എഡിറ്റർ ഹദ്റത്ത് ശെയ്ഖ് ഇർഫാനി സാഹിബ് നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ പക്കൽനിന്നും ഒരു മറുപടി നൽകാൻ ബാക്കിയുണ്ടായിരുന്നു, ''മിർസാജിക്കുശേഷം ഈ കുട്ടി അദ്ദേഹത്തിന്റെ സിംഹാസനത്തിന് അവകാശിയാണെങ്കിൽ നല്ലപോലെ മതത്തെ നയിക്കും!' എന്ന് ഏതൊരു കുട്ടിയെ കുറിച്ചാണോ പറയപ്പെട്ടത് അല്ലാഹു ആ കുട്ടിയെ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫയാക്കിക്കൊണ്ട് അദ്ദേഹം മുഖേന അഹ്മദിയ്യത്തിന്റെ സന്ദേശം ലോകത്തിന്റെ അറ്റങ്ങളോളമെത്തിയത് ലോകത്തിന് കാണിച്ചുകൊടുത്തു. അവനിൽനിന്ന് സമുദായങ്ങൾ അനുഗ്രഹം കരസ്ഥമാക്കി. അവന്റെ അസ്തിത്വത്തിൽനിന്നും ഇസ്‌ലാം ദീനിന്റെ മാഹാത്മ്യവും ദൈവവചനത്തിന്റെ പെരുമയും ജനങ്ങൾക്കുമേൽ പ്രകടമായി. അവന്റെ മസീഹി ആത്മാവും റൂഹുൽ ഖുദുസിന്റെ അനുഗ്രഹത്തിൽ നിന്നും ഒരുപാടാളുകൾ രോഗങ്ങളിൽനിന്നും രക്ഷ പ്രാപിച്ചു. അവന്റെ ബുദ്ധിശക്തിയിൽനിന്നും ഒരു ലോകം പ്രയോജനമെടുക്കുകയും ഒരുപാട് ബന്ധനസ്ഥരുടെ മോചനത്തിന് കാരണമായി ആ കുട്ടി എതിരാളികളുടെ എതിർപ്പും ശാപപ്രാർഥനകളും ചീത്തവിളികളും പക്ഷപാതപ്രവർത്തനങ്ങളും ഫിത്നകളുമൊക്കെയായിട്ട് വേഗം വേഗം വളരുകയും ലോകത്തിന്റെ അറ്റങ്ങളോളം പ്രസിദ്ധിയാർജിക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വാക്കുകൾ എത്ര വ്യക്തമായി പുലർന്നു! അതായത് ''ഏതു കാര്യങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നുവോ, എത്രയോ തെറ്റുധാരണകൾ നിറഞ്ഞ ഇക്കാലത്ത് അവർ എത്രതന്നെ നിന്ദാദൃഷ്ടിയോടെ നോക്കിയാലും വരുംകാലം അതിൽനിന്നു വളരെയധികം പ്രയോജനമെടുക്കുമെന്ന് എനിക്കറിയാം.'' (മക്തൂബാത്തെ അഹ്മദ്, വാള്യം 1, പേജ് 305)

അല്ലയോ അല്ലാഹുവിന്റെ തിരഞ്ഞെടുക്കപ്പെട്ട മസീഹ് മഹ്ദീ! അങ്ങയ്ക്കുമേൽ ആയിരമായിരം റഹ്മത്തുകളും സലാമുകളും. ഞങ്ങൾ അങ്ങ് പറഞ്ഞുതന്ന അടയാളങ്ങളനുസരിച്ച് മുസ്‌ലിഹ് മൗഊദിനെ മനസ്സിലാക്കുകയും അദ്ദേഹത്തിന്റെ അനുഗൃഹീത അസ്തിത്വത്തിൽനിന്നും പ്രയോജനമെടുക്കുകയും വിജയത്തിന്റെ മാർഗങ്ങൾ മനസ്സിലാക്കുകയും ചെയ്തു. നജാത്തിന്റേയും ഫലാഹിന്റേയും വഴികളെ കുറിച്ച് അറിയുകയും ചെയ്തു.

(പേജ് 2ൽനിന്ന്)

**വസ്വിയ്യത്ത് ചെയ്യുന്നയാളെ അല്ലാഹു മുത്തഖിയാക്കുന്നു.**

മൂന്നാമത്തേത് വസ്വിയ്യത്തിന്റെ കാര്യമാണ്. ഇത് അല്ലാഹു നമുക്കുവേണ്ടി അങ്ങേയറ്റം സുപ്രധാനമായ കാര്യമായി വെച്ചിരിക്കുന്നു. ഇതുമുഖേന സ്വർഗത്തെ നമ്മുടെ അടുത്താക്കിയിരിക്കുന്നു. ആരുടെ മനസ്സിലാണോ ഈമാനും ഇഖ്ലാസ്വുമുള്ളത്- എന്നാൽ, അയാൾ വസ്വിയ്യത്തിന്റെ കാര്യത്തിൽ മടി കാണിക്കുന്നു- അവർ വസ്വിയ്യത്തിന്റെ ഭാഗത്തേക്ക് കുതിക്കാൻ ഞാനവരോടു പറയുകയാണ്. ഇതേ അലസതകൾ കാരണത്താൽ വലിയവലിയ ആത്മാർഥതയുള്ളവർ മരിക്കുന്നതായി കാണപ്പെടുന്നു. ഇന്നും നാളേയും പറഞ്ഞ് പറഞ്ഞ് അവർക്ക് മരണം വന്നു. പിന്നീട് ഇവരും മുഖ്ലിസ്സ്വീങ്ങളോടൊപ്പം ഖബറടക്കപ്പെട്ടിരുന്നെങ്കിലെന്നോർത്ത് മനസ്സ് ദുഃഖിക്കുകയും വേദനയുണ്ടാകുകയും ചെയ്യുന്നു. എന്നാൽ, ഖബറടക്കാൻ കഴിയുകയില്ല. അയാളുടെ മരണത്തിൽ എല്ലാവരുടേയും മനസ്സ്, അയാൾ ആത്മാർഥതയുള്ള ആളായിരുന്നുവെന്നും മറ്റുള്ള ആത്മാർഥതയുള്ളവരോടൊപ്പം മറവാടപ്പെടാൻ അർഹനായിരുന്നുവെന്നും പക്ഷേ, ചെറിയൊരു അശ്രദ്ധയും മടിയും ഇക്കാര്യത്തിൽ തടസ്സമായിവന്നുവെന്നും മനസ്സിലാക്കുന്നു. വരുമാനത്തിന്റെ പത്തിലൊന്നിനെക്കാൾ അധികം ചന്ദകൊടുക്കുന്നവർ നമ്മുടെ ജമാഅത്തിലുണ്ട്. എന്നാൽ, അവർ വസ്വിയ്യത്ത് ചെയ്യുന്നില്ല. അത്തരം സ്നേഹിതന്മാരും വസ്വിയ്യത്ത് ചെയ്യേണ്ടതാണ്. എന്നല്ല അത്തരം സ്നേഹിതന്മാർക്ക് ഒരു പ്രയാസവുമില്ല. പിന്നെ ഒരു രൂപയ്ക്ക് 5 പൈസയും 6 പൈസയും ചന്ദ കൊടുക്കുന്നവരുമുണ്ട്. പൈസയുടെ ആറിലൊന്നോ അരയണയോ ആണ് അവരെ വസ്വിയ്യത്തിൽനിന്ന് തടയുന്നത്. ചുരുക്കത്തിൽ കുറച്ചു കുറച്ച് പൈസകളുടെ വ്യത്യാസം കാരണത്താൽ നമ്മുടെ ജമാഅത്തിലെ ആയിരക്കണക്കിനാളുകൾ വസ്വിയ്യത്തിൽനിന്ന് തടയപ്പെടുകയും സ്വർഗത്തിന്റെ അടുത്തെത്തിയിട്ടും അതിൽ പ്രവേശിക്കാതിരിക്കുകയും ചെയ്യുന്നു.......അതുകൊണ്ട് എത്രത്തോളം കഴിയുമോ സ്നേഹിതന്മാർ വസ്വിയ്യത്ത് ചെയ്യേണ്ടതാണ്. വസ്വിയ്യത്ത് ചെയ്യുന്നതുകൊണ്ട് ഈമാനികമായ അഭിവൃദ്ധി തീർച്ചയായും ഉണ്ടാകുന്നുവെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. വസ്വിയ്യത്തു ചെയ്യുന്നവരെ മാത്രമെ ഈ മണ്ണിൽ ഖബറടക്കുകയുള്ളുവെന്ന് അല്ലാഹുവിന്റെ വാഗ്ദാനമുള്ളപ്പോൾ അവനെ മുത്തഖിയാക്കുകയും ചെയ്യുന്നു.(ഖുത്വ്ബാത്തെ മഹ്മൂദ്, വാള്യം 13, പേജ് 563)

**ആരു വസ്വിയ്യത്തു ചെയ്താലും അവർ ഒരു കാലത്ത് സ്വർഗവാസി അല്ലെങ്കിലും ജന്നത്തിയാക്കപ്പെടുന്നതാണ്.**

"ജമാഅത്തിലെ സ്നേഹിതന്മാരുടെ ശ്രദ്ധ ക്ഷണിക്കാനാഗ്രഹിക്കുന്ന മൂന്നാമത്തെ ഫർളായ കാര്യം വസ്വിയ്യത്താണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)എഴുതിയിരിക്കുന്നു, ഈമാനിന്റെ പരീക്ഷണത്തിനുള്ള മാർഗമാണ് വസ്വിയ്യത്ത്. സത്യവാനായ മുഅ്മിൻ ആരാണെന്ന് അവൻ അതുമുഖേന കാണാനാഗ്രഹിക്കുന്നു.......വസ്വിയ്യത്ത് എങ്ങനെയുള്ള കാര്യമാണെന്നാൽ അത് ദൃഢഗാഢപരമായ നിലയിൽ അല്ലാഹുവിന്റെ സമീപസ്ഥനാണെന്ന് പ്രകടിപ്പിക്കുന്നു. മുഅ്മിൻതന്നെയാണ് വസ്വിയ്യത്ത് ചെയ്യുന്നതെന്നതിൽ സംശയമൊന്നുമില്ല. എന്നാൽ, ഏതെങ്കിലും വ്യക്തിയിൽ കുറച്ചു ദൗർബല്യങ്ങളുണ്ടെങ്കിലും അയാൾ വസ്വിയ്യത്ത് ചെയ്യുമ്പോൾ ബിഹിശ്തി മഖ്ബറയിൽ സ്വർഗവാസി മാത്രമായിരിക്കും ഖബറടക്കപ്പെടുക എന്ന അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവന്റെ കർമങ്ങളെ ശരിയാക്കിയെടുക്കുന്നു എന്നതിലും സംശയമൊന്നുമില്ല. അതിനാൽ വസ്വിയ്യത്ത് ആത്മാവിന്റെ പരിഷ്കരണത്തിനുള്ള ശക്തമായ മാർഗമാണ്. എന്തുകൊണ്ടെന്നാൽ ആരു വസ്വിയ്യത്തു ചെയ്താലും അവർ ഒരു കാലത്ത് സ്വർഗവാസി അല്ലെങ്കിലും സ്വർഗവാസിയാക്കപ്പെടുന്നതാണ്. അയാളുടെ കർമങ്ങൾ കൂടുതൽ മോശമാണെങ്കിൽ അല്ലാഹു അയാളുടെ കപടത പ്രകടിപ്പിച്ച് അയാളെ വസ്വിയ്യത്തിൽനിന്ന് വേർപ്പെടുത്തുന്നതായിരിക്കും."(ഖുത്വ്ബാത്തെ മഹ്മൂദ്, വാള്യം 13, പേജ് 562)

**വസ്വിയ്യത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

വസ്വിയ്യത്ത് വ്യവസ്ഥിതി സമ്പൂർണമാകുമ്പോൾ തബ്‌ലീഗ് മാത്രമായിരിക്കുകയില്ല അതുകൊണ്ട് നടക്കുന്നത്. പ്രത്യുത ഇസ്‌ലാമിന്റെ ഇച്ഛയ്ക്കനുസരിച്ച് എല്ലാ മനുഷ്യരുടേയും ആവശ്യങ്ങൾ അതുമുഖേന നിറവേറ്റപ്പെടുന്നതായിരിക്കും. ദുഃഖങ്ങളും ഞെരുക്കങ്ങളും ലോകത്തുനിന്ന് വിപാടനം ചെയ്യപ്പെടുന്നതായിരിക്കും ഇൻശാഅല്ലാഹ്. യത്തീം ഭിക്ഷയാചിക്കുകയില്ല. വിധവകൾ ജനങ്ങളുടെ മുമ്പിൽ കൈനീട്ടുകയില്ല. ദരിദ്രൻ ദുഃഖിതനായി അലഞ്ഞുതിരിഞ്ഞു നടക്കുകയില്ല. കാരണം വസ്വിയ്യത്ത് കുട്ടികളുടെ മാതാവായിരിക്കും. യുവാക്കളുടെ പിതാവായിരിക്കും. സ്ത്രീകളുടെ മണവാളനായിരിക്കും. ബലാൽക്കാരമില്ലാതെ സ്നേഹത്തോടും മനഃസന്തോഷത്തോടുംകൂടി സഹോദരൻ സഹോദരന്റെ അതുമുഖേന സഹായിക്കുന്നതായിരിക്കും. അവന്റെ ദാനം നിഷ്ഫലമാകുകയില്ല. പ്രത്യുത കൊടുക്കുന്ന ഓരോരുത്തരും അല്ലാഹുവിൽനിന്ന് ഉത്തമമായ പ്രതിഫലം പ്രാപിക്കുന്നതായിരിക്കും. സമ്പന്നൻ നഷ്ടത്തിലാകുകയില്ല; ദരിദ്രനും! ജാതി ജാതിയോടു യുദ്ധം ചെയ്യുകയില്ല. പ്രത്യുത അവന്റെ ഔദാര്യം എല്ലാവരുടെമേലും വിശാലമായിരിക്കും."(നിള്വാമെ നൗ, അൻവാറുൽഉലൂം വാള്യം 16, പേജ് 600)

**വസ്വിയ്യത്തിന്റെ സ്വത്ത് മുഴുലോകത്തിനും ചെലവഴിക്കപ്പെടും**

അഹ്മദിയ്യത്തു മുഖേന ശേഖരിക്കപ്പെടുന്ന ധനം ഏതെങ്കിലും ഒരു രാജ്യത്ത് ചെലവഴിക്കപ്പെടുകയില്ല. പ്രത്യുത മുഴുലോകത്തിലേയും പാവപ്പെട്ടവർക്കുവേണ്ടി ചെലവഴിക്കപ്പെടുന്നതായിരിക്കും. ഹിന്ദുസ്താനിലെ പാവപ്പെട്ടവർക്കും പ്രയോജനപ്പെടുന്നതായിരിക്കും. ചൈനയിലെ പാവപ്പെട്ടവർക്കും പ്രയോജനപ്പെടുന്നതായിരിക്കും. ജപ്പാനിലെ പാവപ്പെട്ടവർക്കും പ്രയോജനപ്പെടുന്നതായിരിക്കും. ആഫ്രിക്കയിലെ പാവപ്പെട്ടവർക്കും പ്രയോജനപ്പെടുന്നതായിരിക്കും. അറേബ്യായിലെ പാവപ്പെട്ടവർക്കും പ്രയോജനപ്പെടുന്നതായിരിക്കും. ഇംഗ്ലണ്ട്, അമേരിക്ക, ഇറ്റലി, ജർമനി, റഷ്യാ എന്നീ രാജ്യങ്ങളിലെ പാവപ്പെട്ടവർക്കും പ്രയോജനപ്പെടുന്നതായിരിക്കും."(നിള്വാമെ നൗ, അൻവാറുൽഉലൂം വാള്യം 16, പേജ് 593)

**വസ്വിയ്യത്തു ചെയ്യുന്നവർ നവലോകക്രമത്തിന് അടിത്തറ പാകുന്നവർ**

"അതുകൊണ്ട് അല്ലയോ സ്നേഹിതന്മാരേ! വസ്വിയ്യത്ത് ചെയ്തിട്ടുള്ളവർ മനസ്സിലാക്കിക്കൊള്ളുക! നിങ്ങളിൽ ആരൊക്കെയാണോ നിങ്ങളുടെ സ്ഥലത്ത് വസ്വിയ്യത്ത് ചെയ്തിട്ടുള്ളത് അവൻ നവലോകക്രമത്തിന് അടിത്തറ പാകി; അവന്റേയും അവന്റെ കുടുംബത്തിന്റേയും സംരക്ഷണത്തിന്റെ അടിസ്ഥാനശിലയായ നവലോകക്രമത്തിന്!!(നിള്വാമെ നൗ, അൻവാറുൽഉലൂം വാള്യം 16, പേജ് 601)

അല്ലാഹു എല്ലാ അഹ്മദികൾക്കും എത്രയും വേഗം ഈ അനുഗൃഹീതവ്യവസ്ഥിതിയിൽ ചേരാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ. **(മൻസ്വൂർ അഹ്മദ് മസ്റൂർ)**

# ശുദ്ധിപ്രസ്ഥാനവും അതിന്റെ പ്രവചനവും ഹദ്റത്ത് മുസ്‌ലിഹ് മൗഊദു(റ)മായുള്ള അഭേദ്യ ബന്ധം.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്‌മദ് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)

വിവർത്തനം: മൗലവി സഫ്‌ർ അഹ്‌മദ് കോഴിക്കോട്

നദ്‌വത്തുൽ ഉലമായുടേയും അലിഗഢ് യൂനിവേഴ്സിറ്റിയുടെയും പ്രാന്തപ്രദേശങ്ങളിൽ താമസിക്കുന്ന ചില മൽക്കാന രജപുത്രന്മാരെ ഹിന്ദു പണ്ഡിറ്റുമാർ ശുദ്ധി ചെയ്തുകൊണ്ട് ഇസ്‌ലാമിൽനിന്ന് വ്യതിചലിപ്പിക്കുന്നുവെന്ന ഭയാനകമായ വാർത്ത ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലുള്ള ചില മുസ്‌ലിം നേതാക്കന്മാർക്ക് ലഭിച്ചു. മൗലാന ശിബ്‌ലി നുഅ്മാനിക്ക് ഈ വാർത്ത കേട്ടയുടനെ അതികഠിനമായ ആഘാതം ഏല്ക്കുകയുണ്ടായി. അതിന്റെ ഫലമായി അദ്ദേഹത്തിന്റെ ദേഷ്യവും ദുഖവും അകൃത്രിമമായി അദ്ദേഹം ഈ വരികളിൽ കോറിയിട്ടു:

''ഞാൻ പുറപ്പെട്ട നേരത്ത് എന്റെ അവസ്ഥക്ക് അവിടെയുണ്ടായിരുന്ന നദ്‌വയിലെ വിദ്യാർഥികൾ സാക്ഷിയാണ്. എന്റെ അവസ്ഥ ഇതായിരുന്നു. നിർലജ്ജമേ! ദുർഭാഗ്യവാന്മാരേ! മുങ്ങിമരിക്കൂ! ഈ സംഭവം നടന്നിരിക്കുന്നു. നദ്‌വയെ അഗ്നിക്കിരയാക്കുകയും അലിഗഢിനെ കത്തിക്കുകയും ചെയ്യുകയെന്നതല്ലാതെ മറ്റൊരു അസഭ്യവാക്കും നദ്‌വത്തുകാർക്ക് കേൾപിച്ചിട്ടില്ല. ഇതേ കാര്യമാണ് ഞാൻ അന്ന് പറഞ്ഞത്. ഇന്നും ഇതു തന്നെയാണ് പറയുന്നതും.' (ഹയാത്തെ ശിബ്‌ലി, പേജ് 557-558)

ഈ അവസ്ഥ ഉചിതമായ നിലയിൽ പരിഹരിക്കുന്നതിനുവേണ്ടി അദ്ദേഹം 1912 ഏപ്രിലിൽ ലക്നോവിൽ മുഴുവൻ ഇന്ത്യയിലെ മുസ്‌ലിം പണ്ഡിതന്മാരുടെ ഒരു കോൺഫ്രൻസ് വിളിക്കുകയുണ്ടായി.

അല്ലാമ ശിബ്‌ലിയുടെ ജീവിത ചരിത്ര രചയിതാവായ മൗലാനാ സയ്യിദ് സുലയ്മാൻ നദ്‌വി ഈ സംഭവത്തെ സ്മരിച്ചുകൊണ്ട് പറയുന്നു:

''എല്ലാ വിഭാഗക്കാരും ചേർന്നുകൊണ്ട് പ്രചാരണ പ്രവൃത്തി ചെയ്യണമെന്നായിരുന്നു മൗലാനാ ആഗ്രഹിച്ചിരുന്നത്. അതുകൊണ്ടുതന്നെ ഖാദിയാനിയുടെ ഖലീഫ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(സാഹിബ്) ഖ്വാജാ കമാലുദ്ദീൻ സാഹിബ് വരെയുള്ള ആളുകളെ പങ്കെടുപ്പിക്കുന്നതിൽനിന്ന് വിട്ടുനിന്നില്ല. അതുകൊണ്ടുതന്നെ ഖാദിയാനിയെ ഈ ജൽസയിൽ എന്തിന് പങ്കെടുപ്പിച്ചുവെന്നും എന്തിന് പ്രസംഗിക്കാനുള്ള അനുവാദം കൊടുത്തുവെന്നുമുള്ള ആക്ഷേപം മൗലാനക്കെതിരെ ഉന്നയിക്കുകയുണ്ടായി.'' (ഹയാത്തെ ശിബ്‌ലി, പേജ്: 569)

ഇതിന്റെ സ്വാധീനം മൗലാനാ ശിബ്‌ലിയിൽ ഇപ്രകാരമുണ്ടായി:

''മൗലാനാ രോഗിയും വ്യാകുലചിത്തനുമായിക്കൊണ്ട് അബ്ദുസ്സലാം സാഹിബിനേയും കൂട്ടി മുംബൈയിലേക്ക് പുറപ്പെട്ടു. രണ്ടു മൂന്ന് മാസം ചിന്തിച്ചതിനുശേഷം 1913 ജൂലായിൽ നദ്‌വയിൽ നിന്ന് രാജിവെച്ചുകൊണ്ട് സ്ഥാനഭ്രഷ്ഠനാവുകയും ചെയ്തു. കാര്യങ്ങളെല്ലാം കുഴഞ്ഞുമറിയുകയാണുണ്ടായത്.'' (ഹയാത്തെ ശിബ്‌ലി, പേജ് : 573)

ഈ സംഭവത്തിനുശേഷം മൽക്കാനയിലെ ഹിന്ദു പണ്ഡിതന്മാർ തുടർച്ചയായി മുസ്‌ലിമീങ്ങളെ ശുദ്ധി ചെയ്യുന്നതിൽ വ്യാപൃതരായി. എന്നാൽ, മുസ്‌ലിമീങ്ങൾ 'തങ്ങൾ ഖാദിയാനികളെ ഇസ്‌ലാമിക ജിഹാദിൽ പങ്കെടുക്കുന്നതിൽ നിന്ന് വേറിട്ടു നിറുത്തുന്നതിൽ വിജയിച്ചിരിക്കുന്നു' എന്ന സന്തോഷത്തിൽ തങ്ങളുടെ വീടുകളിൽ ഉറങ്ങിക്കിടന്നു. കാലം കടന്നുപോയി. ഇങ്ങേയറ്റം 1923 മാർച്ചിലെ നിർഭാഗ്യവാനായ സൂര്യൻ ഇന്ത്യയിലെ മുസ്‌ലിമീങ്ങളിൽ ആര്യസമാജികളിലെ നേതാക്കന്മാർ തങ്ങളുടെ വിജയഭേരി മുഴക്കുന്ന നിലയിലാണ് ഉദയം ചെയ്തത്. ഇസ്‌ലാമിന്റെ കഠിനശത്രുവായ ദയാനന്ദ് വളരെ അഭിമാനത്തോടുകൂടി ഇപ്രകാരം വിളംബരം ചെയ്തു:

''ആഗ്രയുടെ പ്രാന്ത പ്രദേശത്ത് രജ്പുത്തുകളെ വളരെ വേഗത്തിൽ ശുദ്ധി ചെയ്യിച്ചുകൊണ്ടിരിക്കുകയാണ്. ഇതുവരെ നാല്പതിനായിരത്തിമുന്നൂറ് (40300) രജ്പുത്ത് മൽക്കാന ആളുകൾ ഹിന്ദുവായികഴിഞ്ഞിരുന്നു................ ഇത്തരത്തിലുള്ള ആളുകൾ ഇന്ത്യയിലുള്ള എല്ലാ ഭാഗങ്ങളിലും കാണാൻ സാധിക്കും. ഇത് 50,60 ലക്ഷത്തിൽ കുറവല്ല. ഹിന്ദുക്കൾ ഇവരെ തങ്ങളിൽ ചേർക്കാനുള്ള പ്രവൃത്തി തുടരുകയാണെങ്കിൽ ഇവരുടെ അംഗസംഖ്യ ഒരു കോടിയോളം എത്തുമെന്നതിൽ എനിക്ക് അതിശയോക്തിയില്ല.'' (പ്രതാപ് പത്രം ലാഹോർ 1923 മാർച്ച് 16, പേജ് 4)

ഇത് വിളംബരം ഒരു ബോംബിന്റെ ഭയാനകമായ പൊട്ടിത്തെറിയായിരുന്നു. അത് ഇന്ത്യയിലുള്ള മുസ്‌ലിമീങ്ങളെ കിഴക്കുമുതൽ പടിഞ്ഞാറുവരെ ഇളക്കി മറിച്ചു. ഈ അത്ഭുതകരമായ അവസ്ഥയിൽ മുസ്‌ലിമീങ്ങൾ ഉണർന്നു. ഇതിന്റെ ഫലമായി മനസ്സ് നീറുകയും ഹൃദയം മുറിവേറ്റ നിലയിലാകുകും ചെയ്തു. ഹിന്ദുക്കൾ വെറും ഈയൊരു വിളംബരത്തിൽ മാത്രം ഒതുങ്ങിനിന്നിരുന്നില്ല. മറിച്ച് ശുദ്ധി പ്രസ്ഥാനത്തെ മുഴുവൻ ഇന്ത്യയിലും വ്യാപിപ്പിക്കാൻ വേണ്ടി പൊതുകാഹളം മുഴക്കി. മുസ്‌ലിമീങ്ങളിൽ അതൊരു കോളിളക്കം സൃഷ്ടിച്ചു. മുസ്‌ലിം പത്രങ്ങൾ മുസ്‌ലിമീങ്ങൾ അന്യോന്യമുള്ള ഭിന്നതകൾ മറന്നുകൊണ്ട് ഇസ്‌ലാമിക സേവനത്തിന് മുന്നോട്ടു വരണമെന്നും ഏതൊരു വിഭാഗത്തിനും എത്രകണ്ട് തൗഫീഖ് ലഭിക്കുന്നുവോ മൽക്കാനയിലെ മുസ്‌ലിമീങ്ങളെ മുർത്തദ്ദാകുന്നതിൽ നിന്ന് രക്ഷപ്പെടുത്താൻ ശ്രമിക്കേണ്ടതാണെന്നും മുസ്‌ലിം പണ്ഡിതന്മാരോടും നേതാക്കന്മാരോടും അപ്പീൽ ചെയ്യുകയുണ്ടായി. അങ്ങനെ പല മുസ്‌ലിം വിഭാഗങ്ങളുടെ ഭാഗത്തുനിന്നും പലവിധ പദ്ധതികളും തുടങ്ങുകയും ലക്ഷക്കണക്കിന് രൂപ സ്വരൂപിക്കാനുള്ള അപ്പീൽ പല സ്ഥലങ്ങളിലും പ്രചരിപ്പിക്കാനും തുടങ്ങി. ഇതേ പോലെ ജീവൽ ത്യാഗത്തിനുവേണ്ടി മുജാഹിദുകളെ ക്ഷണിക്കുകയുണ്ടായി. ശിയാക്കൾ തങ്ങളുടെ നിലയിൽ ഇതിനെ തടയിടാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചു. ആ സമയത്ത് പ്രസിദ്ധമായൊരു പത്രത്തിന്റെ എഡിറ്റർ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(സാഹിബ്)നെ പേരെടുത്തു പറഞ്ഞുകൊണ്ട് ഇപ്രകാരം വിളിച്ചു: ''അല്ലയോ ഇസ്‌ലാമിനോട് അനുകമ്പ കാണിക്കുന്നുവെന്ന് വാദം ഉന്നയിക്കുന്നവനേ! ഇന്ന് നീ എവിടെയാണ്. ഇന്ന് ഇസ്‌ലാമിനുവേണ്ടി ത്യാഗത്തിന്റെ മൈതാനം നിന്നെ തന്നിലേക്ക് വിളിക്കുകയാണ്. ഇന്ന് അവസരമാണ്. നീയും നിന്റെ ജമാഅത്തും തങ്ങളുടെ വാദത്തിന്റെ സത്യതയ്ക്കുള്ള തെളിവ് നല്കുക. ഈ ക്ഷണത്തിന് ഒരു ദിവസം മുമ്പേതന്നെ അതായത് 1923 മാർച്ച് 7-ാം തിയതി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ഈ വിഷയത്തെ കുറിച്ച് ജമാഅത്തിനെ അഭിസംബോധന ചെയ്യുകയും ജമാഅത്ത് എല്ലാവിധ ത്യാഗങ്ങൾക്കും തയ്യാറാവണമെന്ന് നിർദേശം നല്കുകയും ഈ ഫിത്ന ഇല്ലാതാക്കുന്നതിനുവേണ്ടി അദ്ദേഹം തയ്യാറാക്കിയ ഒരു സ്കീമിനെകുറിച്ച് ജമാഅത്തിന് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തിരുന്നു. എന്നിരുന്നാലും അമൃതസറിലെ വക്കീൽ പത്രത്തിന്റെ ഈ ക്ഷണത്തിന് വിശ്വാസപരമായ അഭിമാനം കാണിച്ചുകൊണ്ട് വളരെ പെട്ടെന്നുതന്നെ അദ്ദേഹം അതിന് നോട്ടീസ് മുഖേന മറുപടി എഴുതുകയും ഇതിനുവേണ്ടി മുമ്പേ തുടങ്ങിവെച്ച പരിശ്രമത്തെ കുറിച്ച് മുസ്‌ലിമീങ്ങൾക്ക് വ്യക്തമാക്കികൊടുക്കുകയും ചെയ്തു. കൂടാതെ ഇതിനുവേണ്ടി ഇന്ത്യയിലെ മുസ്‌ലിമീങ്ങളോട് 20 ലക്ഷം രൂപ ചന്ദ സ്വരൂപിക്കാനും ആഹ്വാനം ചെയ്തു. എന്നിട്ട് പറഞ്ഞു: എല്ലാ വിഭാഗക്കാർക്കും തങ്ങളുടെ വിഹിതത്തിൽ വരുന്ന സംഖ്യ സ്വയം പിരിക്കുകയും സ്വന്തമായി അവരുടെ നേതൃത്വത്തിൽത്തന്നെ ചെലവഴിക്കുകയും ചെയ്യാവുന്നതാണ്. ഈ കൂട്ടായ ഉത്തരവാദിത്വത്തിന്‌വേണ്ടി എല്ലാവരും പ്രത്യേക സംഘങ്ങളായി പോവേണ്ടതാണ്.'' വീണ്ടും പറഞ്ഞു: 'അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ 20 ലക്ഷമെന്നതിൽനിന്ന് ജമാഅത്തിന്റെ വിഹിതം 1/160 ആയിരിക്കും. അതായത് വെറും പതിമൂന്നായിരം രൂപയായിരിക്കും ജമാഅത്തിന്റെ വിഹിതം എന്നാൽ, താഴെ കൊടുത്ത രണ്ട് കാര്യങ്ങളെ പരിഗണിക്കുകയാണെങ്കിൽ ഈ ത്യാഗത്തിൽ ജമാഅത്തിന്റെ വിഹിതം ഇതിലും കുറവായി നിശ്ചയിക്കേണ്ടതാണ്.

1) ജമാഅത്തിൽ കോടീശ്വരൻ പോയിട്ട് ലക്ഷാധിപതിപോലുമില്ല. എന്നാൽ, മറ്റു മുസ്‌ലിം വിഭാഗങ്ങളിൽ പല കോടീശ്വരന്മാരോ ലക്ഷാധിപന്മാരോ ഉണ്ടാകും.

2) അടുത്ത കാലത്ത് അഹ്മദി സ്ത്രീകൾ ഇസ്‌ലാമികസേവനത്തിന്റെ മഹത്തായ ഉത്തരവാദിത്വം ഏറ്റെടുക്കുകയുണ്ടായി. അതായത് ബർലിൻ പള്ളി നിർമാണത്തിന്റെ ഭാഗമായി അമ്പതിനായിരം രൂപ നല്കാമെന്ന് വാഗ്ദാനം ചെയ്യുകയും ഈ സമയത്ത് അവർ ഈ ഉത്തരവാദിത്വം പൂർത്തിയാക്കുന്നതിൽ മുഴുകുകയും ചെയ്തിരിക്കുന്നു.

എന്നാലും ഇവിടെ പ്രസ്താവിച്ച രണ്ട് നേട്ടങ്ങളും കുറവായിരുന്നിട്ടുകൂടി പതിമൂന്നായിരം രൂപയിൽ നിന്ന് കുറക്കുന്നതിന് പകരം നിങ്ങൾ നിങ്ങളുടെ ജമാഅത്തിന്റെ കൂറും ത്യാഗത്തിന്റെ നിലവാരത്തേയും മുൻ നിറുത്തിക്കൊണ്ട് ശുദ്ധി പ്രസ്ഥാനത്തിന്റെ ഭാഗമായി അമ്പതിനായിരം പിരിക്കാനുള്ള വിളംബരം ചെയ്യുന്നുവെന്നുള്ള ദൃഢനിശ്ചയം അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം എടുക്കുകയുണ്ടായി. അത് ഇസ്‌ലാമിന്റെ അവകാശമായി ശുദ്ധി പ്രസ്ഥാനത്തിന്റെ ഗതി തിരിക്കുന്നതിന് വേണ്ടി ചെലവഴിക്കുന്നതാണ്.

ഏതൊരു സമയത്താണോ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) ഈ ഫിത്നയെ ചെറുക്കുന്നതിനുവേണ്ടി ജമാഅത്തിന്റെ വകയായി അമ്പതിനായിരം രൂപ വാഗ്ദാനം ചെയ്തത്, ആ സമയത്തുള്ള ജമാഅത്തിന്റെ സാമ്പത്തികാവസ്ഥ പരിശോധിക്കുന്നത് ഉചിതമായിരിക്കും. ഇന്നത്തെ നിലവാരത്തിൽ നോക്കുകയാണെങ്കിൽ അമ്പതിനായിരം രൂപയെന്നത് ഒരു നിസ്സാര സംഖ്യയാണ്. കാരണം ദീനിന്റെ സേവനത്തിന് സ്വന്തമായ നിലയിൽ അമ്പതിനായിരം രൂപയേക്കാൾ കൂടുതൽ കൊടുക്കുന്ന ആളുകൾ ജമാഅത്തിൽ കണ്ടേക്കാം. അങ്ങനെ ചെയ്യുന്നുമുണ്ട്. എന്നാൽ, ആ സമയത്തുള്ള അവസ്ഥ ഇന്നത്തെ അവസ്ഥയിൽ നിന്നു തികച്ചും ഭിന്നമാണ്. ഒന്നാമതായി ആ സമയത്തുള്ള പൈസയുടെയും ഈ സമയത്തുള്ള പൈസയുടെയും മൂല്യത്തിൽ വലിയ വ്യത്യാസമുണ്ട്. രണ്ടാമതായി അന്ന് ജമാഅത്തിന്റെ സാമ്പത്തികാവസ്ഥ വളരെ മോശമായിരുന്നു. വരുമാനമാർഗം വളരെ കുറവും പരിമിതവുമായിരുന്നു.

ശുദ്ധിപ്രസ്ഥാനത്തിന്റെ ഒരു വർഷം മുമ്പേ അതായത് 1922 മാർച്ചിലെ മുശാവറത്ത് റിപ്പോർട്ടിൽ ജമാഅത്ത് ഏതൊരു സാമ്പത്തിക തകർച്ചയിലൂടെയാണോ കടന്നു പോവുന്നത് അതിനെ എങ്ങനെ ഇല്ലാതാക്കാമെന്ന കാര്യം ചർച്ച ചെയ്യണമെന്ന ഒരു അജണ്ട വെച്ചതായി മനസ്സിലാക്കാൻ സാധിക്കും. ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ അഞ്ചുമന്റെയടുത്ത് പൈസ ഉണ്ടായിരുന്നില്ല. അത്രമാത്രം ദാരിദ്രത്തിലായിരുന്നു. ജീവനക്കാരുടെ പല മാസത്തെ ശമ്പളം കടമായി അഞ്ചുമനുണ്ടായിരുന്നു. അഞ്ചുമന്റെ കടം കുറയുന്നതിനു പകരം ദിനംപ്രതി ഭയാനകമായ അവസ്ഥയിൽ വർധിച്ചു വരികയാണ്. ജമാഅത്ത് ദരിദ്രാവസ്ഥയിലായിരിന്നിട്ടും ഇസ്‌ലാമിന്റെ ആഗോള വിജയത്തിനായി ഏതൊരു

ശ്രമത്തിലാണോ മുഴുകിയത് അതിന്റെ സാമ്പത്തി കാവശ്യങ്ങൾ മുഴുവനായി പൂർത്തിയാക്കുന്നത് പോകട്ടെ അതിന്റെ ചെറിയ ആവശ്യങ്ങൾപോലും ജമാഅത്തിന് കഴിവുണ്ടായിരുന്നില്ല. മുബല്ലിഗുമാർ അങ്ങേയറ്റം വേദനാജനകമായ അവസ്ഥയിലായിരുന്നത ജീവിതം നയിച്ചിരുന്നത്. വിദേശ രാജ്യങ്ങളിൽ മുബല്ലിഗുമാർ രോഗിയാവുകയാണെങ്കിൽ ചികിത്സിക്കാൻ പണമുണ്ടായിരുന്നില്ല. ഈ സാമ്പത്തിക പ്രതിസന്ധിയുടെയിടയിലും ജമാഅത്തിന്റെ വാർഷിക ബഡ്ജറ്റ് വളരെ കുറഞ്ഞ നിലയിൽ ഉണ്ടാക്കിയിട്ടും ജമാഅത്ത് ഏതൊരു പ്രതിസന്ധിയിലൂടെയാണോ കടന്നു പോയിട്ടുള്ളത് അതിനെ കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) മജ്‌ലിസ് ശൂറയുടെ പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി:

''വേറൊരു കമ്മിറ്റി അവർ 3,4 ആയിരം രൂപയുടെ കുറവ് വരുത്തി. പിന്നീട് ആ ബഡ്ജറ്റ് എന്റെയടുത്ത് വന്നു. ഞാൻ അതിൽ നിന്ന് മുപ്പതിനായിരം കുറച്ചു. പക്ഷേ, ഇത്രയും കുറച്ചിട്ടും അപ്രകാരംതന്നെ കുട്ടികളുടെ സ്റ്റൈപന്റ് കുറച്ചിട്ടും ആദ്യമേതന്നെ പുറത്ത് നിന്ന് കിട്ടുന്നതിനേക്കാളും വളരെ കുറച്ചാണ് കിട്ടുന്നത്. എന്നിട്ടും ഞാൻ അവരുടെ ശമ്പളത്തിൽനിന്ന് വീണ്ടും കുറച്ചു. ദരിദ്രരെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി വരൾച്ച അലൗൺസ് ലഭിച്ചുകൊണ്ടിരിക്കുന്ന ദരിദ്രർക്ക് അവരുടെ അലവൺസ് നിറുത്തിയിട്ടില്ല. പ്രത്യുത 60 രൂപയുടെ മുകളിൽ ശമ്പളം വാങ്ങിയവരിൽനിന്ന് 15 ശതമാനവും 100 രൂപ ശമ്പളം കിട്ടിയിരുന്നുവരിൽനിന്ന് 20 ശതമാനവും കുറച്ചു. അവർ ത്യാഗം വരിക്കേണ്ടതാണെന്ന് ഞാൻ പറഞ്ഞപ്പോൾ അവർ വളരെ സന്തോഷപൂർവം സ്വീകരിച്ചു. ഇവിടെയുള്ള ആളുകൾക്ക് ശമ്പളം കുറവാണ് കിട്ടുന്നത്. പക്ഷേ, ഗവൺമെന്റ് രണ്ടിരട്ടിയും മൂന്നിരട്ടിയും വർധിപ്പിക്കുകയുണ്ടായി. എന്നാൽ, നമ്മൾ വീണ്ടും കുറച്ചു. ഇതിലൂടെ ഭാരം കുറയുന്നതിനു പകരം ഇപ്പോഴും പല മാസങ്ങളിലെ ശമ്പളം കൊടുത്തിട്ടില്ല. ആദ്യം മൂന്ന് മാസത്തെ ശമ്പളമായിരുന്നു ബാക്കിയുണ്ടായിരുന്നത്. എന്നാൽ, ഇപ്പോൾ 5 മാസത്തെ ശമ്പളമാണ് ബാക്കിയുള്ളത്. ഇപ്പോഴത്തെ അവസ്ഥ ഇവർ ആദ്യമേതന്നെ കടം വാങ്ങിയിട്ടാണ് ഭക്ഷിച്ചിരുന്നത്. അതുകൊണ്ട് കടകൾ പാപരായി. ഒരുഭാഗത്ത് 5 മാസത്തോളം ശമ്പളം കിട്ടിയില്ല. മറുഭാഗത്ത് കടകളിൽ മുതലുമില്ല....... ഇവിടെ പല ആളുകളും പട്ടിണിയിലാണ്. ഇപ്പോൾ ഒരാൾ കടന്നുപോയി. അയാൾ പട്ടിണിയിലായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ രൂപം കണ്ടിട്ട് മനസ്സിലാക്കി. യഥാർഥത്തിൽ അയാൾ പല ദിവസങ്ങളിലായി പട്ടിണിയിലാണെന്ന്! ആ വ്യക്തി അയാൾക്ക് കഴിക്കാൻ കുറച്ചു ഭക്ഷണം നല്കി. എന്നാൽ, അതിൽ നിന്ന് പകുതി വഴിയിലുള്ള മറ്റൊരാൾക്ക് കൊടുത്തു. ഇപ്രകാരംതന്നെ വേറൊരാളെ കുറിച്ച് അയാൾ പട്ടിണിമൂലം അബോധാവസ്ഥയിലായെന്ന് കേട്ടു. ഞാൻ വീട്ടിലുള്ള ഭക്ഷണം കൊടുത്തുവിട്ടു. ഇവിടെ ഇത്തരത്തിലുള്ള ആത്മാർഥരായ ആളുകളുണ്ട് അവർ പട്ടിണിമൂലം മരിക്കാൻ തയ്യാറാകും. പക്ഷേ, ജോലി ഉപേക്ഷിക്കുകയില്ല. എന്നാൽ, ഇത്തരം ജീവനക്കാർ മരിക്കുമ്പോൾ സാമ്പത്തികമായ നിലയിൽ അങ്ങേയറ്റം മോശമായ സമയം വന്നുവെന്നത് നമ്മുടെ ജമാഅത്തിന് ഒരു കളങ്കമല്ലേ?''(റിപ്പോർട്ട്. മജ്‌ലിസെ മുശാവറത്ത് 1922, പേജ് 18,19)

ഈ അവസ്ഥയിലായിരുന്നു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) ജമാഅത്തിലെ സ്ത്രീകളുടെ മുമ്പിൽ ബർലിൻ മസ്ജിദ് നിർമാണത്തിന്റെ പദ്ധതി വെക്കുന്നത്. നമ്മൾ നമ്മുടെ സാമ്പത്തിക ബുദ്ധിമുട്ടുകളെ ദീനി ആവശ്യങ്ങളുടെ വഴിയിൽ തടസ്സം നിൽക്കാനനുവദിക്കരുതെന്ന കാര്യം അദ്ദേഹം ജമാഅത്തിനോട് വ്യക്തമാക്കുകയുണ്ടായി. ഇന്ന് ജർമനിയിൽ ഇസ്‌ലാമിക സേവനത്തിന് പുതിയതും വിശാലവുമായ മൈതാനം തുറന്നു കിടക്കുന്നു. അതിന്റെ ആവശ്യകത ഒരു നിലയ്ക്കും അവഗണിക്കാൻ സാധിക്കുകയില്ല. ലോക മഹായുദ്ധത്തിനുശേഷം ജർമൻ സമൂഹത്തിൽ മനഃശാസ്ത്രപരമായ നിലയിൽ യൂറോപ്പിലെ മറ്റു രാഷ്ട്രങ്ങളെ അപേക്ഷിച്ച് ഇസ്‌ലാം സ്വീകരിക്കാനുള്ള സാധ്യത കൂടുതൽ തെളിഞ്ഞിരിക്കുന്ന അവസ്ഥയാണുണ്ടായിരിക്കുന്നത്. ജമാഅത്ത് ആദ്യമേ തന്നെ കഠിനമായി സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുന്നുവെന്ന് പരിഗണിക്കാതെയാണ് ബർലിൽ മസ്ജിദ് നിർമാണത്തിന് ചന്ദ ആഹ്വാനം ചെയ്തത്. അഹ്മദീസ്ത്രീകൾ ബർലിൻ മസ്ജിദ് നിർമാണത്തിന് തങ്ങളുടെ മാർഗങ്ങളിലൂടെ മാത്രമേ പണം കൊടുക്കാവൂ എന്നും തങ്ങളുടെ ഭർത്താക്കന്മാരോട് ഒന്നുംതന്നെ ആവശ്യപ്പെടരുതെന്നും നിഷ്കർശിച്ചിരുന്നു. ഈ നിയന്ത്രണത്തിനുള്ള കാരണം, തീർച്ചയായും ജമാഅത്തിലെ പുരുഷന്മാർക്ക് ഈ സമയത്ത് കൂടുതൽ സാമ്പത്തിക ഭാരം സഹിക്കാനുള്ള ശക്തിയില്ലെന്നുള്ളതാണ്. സ്ത്രീകൾ തങ്ങളുടെ ആഭരണങ്ങൾ വിറ്റുകൊണ്ട് ഇസ്‌ലാമിന്റെ ഈ മഹത്തായ ആവശ്യം പൂർത്തിയാക്കുന്നതാണെന്ന് പ്രതീക്ഷിക്കുന്നു. അങ്ങനെ തന്നെയാണ് സംഭവിച്ചതും. എന്നാൽ, ഇത് മറ്റൊരു ചരിത്രമാണ്. അതിനെ കുറിച്ചുള്ള സ്മരണ അതിന്റെ സന്ദർഭത്തിൽ ചെയ്യുന്നതാണ്. ഈ സമയത്ത് ഇതിനെ കുറിച്ച് സ്മരിക്കാനുള്ള കാരണം, ഇന്ന് ശുദ്ധി അവസ്ഥയെ വായിക്കുന്ന ഒരാൾക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) മൽക്കാന ജിഹാദിനുവേണ്ടി അമ്പതിനായിരം ആവശ്യപ്പെടുമ്പോൾ ജമാഅത്ത് ഏത് അവസ്ഥയിലാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നതെന്നും ഇതിന് എന്ത് സ്ഥാനമാണുള്ളതെന്നും അറിയുന്നതിനു വേണ്ടിയാണ്. ഈ രണ്ട് ആവശ്യങ്ങളും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ ദൃഢനിശ്ചയത്തിനുള്ള സൂചന ലഭിക്കുന്നതോടൊപ്പം അദ്ദേഹത്തിന് തന്റെ റബ്ബിന്റെ അനുഗ്രഹത്തിലും സഹായത്തിലും അസാധാരണമായ വിശ്വാസവും തവക്കലുമുണ്ടായിരുന്നുവെന്ന കാര്യത്തിലേക്കും സാക്ഷ്യം നല്കുന്നു. അദ്ദേഹത്തിന് ഇത് അല്ലാഹുവിന്റെ പ്രവൃത്തിയാണെന്നും അവൻതന്നെ ഇത് പൂർത്തിയാക്കാനുള്ള സാമഗ്രികൾ ഒരുക്കുന്നതാണെന്നുമുള്ള ദൃഢവിശ്വാസമുണ്ടായിരുന്നു. പട്ടിണികിടക്കുന്ന ഈ ജമാഅത്ത് ഇസ്‌ലാമിന്റെ ആവശ്യങ്ങളെ തങ്ങളുടെ ആവശ്യങ്ങളുടെമേൽ മുന്തിക്കുകയും ത്യാഗത്തിന്റെ എല്ലാ ആവശ്യങ്ങളിലും മുമ്പേയുള്ളതിനെക്കാൾ ഉയർന്ന നിലയിൽ ആവേശത്തോടും സത്യഹൃദയത്തോടും ലബ്ബയ്ക്ക് പറഞ്ഞതായ അത്ഭുതമായൊരു മുഅ്ജിസത്ത് ലോകം കാണുകയുണ്ടായി. തീർച്ചയായും ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. എന്നാൽ, ഈ അനുഗ്രഹം മഹ്മൂദ് മുഖേന വെളിപ്പെടുകയുണ്ടായി. അല്ലാഹു ജമാഅത്തിന് മഹത്തായ നേതൃത്വത്തെയാണ് നല്കിയത്. അതിന്റെ ഫലമായി ഇസ്‌ലാമിക സേവനത്തിനായി ഈ അനുരക്തന്മാർ തങ്ങളുടെ രക്തത്തിന്റെ ഓരോ തുള്ളിയും സമർപ്പിക്കാൻ തയ്യാറാകുന്നു. ആ നേതാവ് ത്യാഗത്തിന്റെ എല്ലാ മേഖലകളിലേക്കും ആദ്യം സ്വയം കാലെടുത്തു വെക്കുകയും പിന്നെ ജമാഅത്തിനെ തന്റെ പിന്നിൽ കാലെടുത്തുവെക്കാൻ ക്ഷണിക്കുകയും ചെയ്യുന്നു.

അദ്ദേഹത്തിന്റെ പ്രവർത്തനത്തിൽ അത്ഭുതാവഹമായ ഉയർച്ചയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നാവിൽ അത്ഭുതകരമായ ഒരു ജാലവിദ്യയുണ്ടായിരുന്നു. അദ്ദേഹം ഇസ്‌ലാമിക സേവനത്തിന് ത്യാഗം ചെയ്യാൻ ജമാഅത്തിനെ ക്ഷണിക്കുമ്പോൾ ഹൃദയത്തിൽ അത്ഭുതകരമായ അവസ്ഥ ഉണ്ടാവുന്നു. ഖിദ്മത്ത് അഥവാ സേവനത്തിന്റെ ആവേശം കൊണ്ട് നെഞ്ചുപൊട്ടുന്നു. മുഹമ്മദ്(സ)ന്റെ ദീനിൽ അർപണം ചെയ്യാൻ ഹൃദയം വെമ്പൽ കൊള്ളുന്നു. ജമാഅത്ത് ആസക്തപരമായ നിലയിൽ അദ്ദേഹത്തിന്റെ പിന്നാലെ ഓടി. ഓരോ അഹ്മദിയും മറ്റൊരു അഹ്മദിയുടെ മുന്നിലെത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ബലഹീനരായ ആളുകൾ വീണ്ടും വലിഞ്ഞിഴഞ്ഞു ത്യാഗസ്ഥലത്തേക്ക് പോകുന്നു. വിവശരും ഭിന്നശേഷിക്കാരുമായ ആളുകൾ തങ്ങളുടെ അവസ്ഥ ഹൃദയവേദനയോടെ പദ്യത്തിലൂടെ പ്രകടിപ്പിക്കുന്നു.

*വൊ ഖുശ് ഖിസ്മത്ത് ഹെ ഇസ് മജ്‌ലിസ് മെ*
*ജോ ഗിർ പഡ് കെ ജാ പഹുൻചെ*
*കഭീ പാവോം പെ സർ രഖാ*
*കഭീ ദാമൻ സെ ജാ ലേട്ടേ*
*മെരെ ഹറാസ് പർ വൊ പർ*
*ശികസ്ത കിയാ കരേ ജിൻ കെ*
*ഹവാ മെ ഉഡ്ഗയേ നാലേ*
*ഗ്ഈ ബേക്കാർ യാ ഫർദേ*

വീണും ഇഴഞ്ഞും ഈ സദസ്സിൽ എത്തുന്നവൻ സൗഭാഗ്യവാനാണ്. ചിലപ്പോൾ കാലിൽ തല വെച്ചു. ചിലപ്പോൾ മടിയിൽപോയി കിടന്നും. രഹസ്യങ്ങൾ അറിയുന്ന സ്നേഹിതന്റെമേൽ അവർ എന്തു തോൽവി കൊണ്ടുവരാനാണ്; അവരുടെ കോപതാപാദികൾ കാറ്റിൽ പറന്നുപോയി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) ഈ പ്രസ്ഥാനത്തെ ജമാഅത്തിൽ ഏത് നിലയിലാണോ ചലിപ്പിച്ചതും ആര്യസമാജക്കാർക്കെതിരിൽ മുഷ്ടിയിൽ ഒതുങ്ങിയ അനുരക്തന്മാരേ അത്ഭുതകരമായ വിശ്വാസത്തോടുകൂടി അണിനിരത്തിയതുമെല്ലാം അഹ്മദിയ്യാ ചരിത്രത്തിൽ എപ്പോഴും തങ്കലിപികളാൽ എഴുതപ്പെടുന്നതാണ്.

ഏറ്റവുമാദ്യമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) പ്രവൃത്തിയുടെ വ്യവസ്ഥാപിതമായ പദ്ധതി തയ്യാറാക്കുകയും പെട്ടെന്നുതന്നെ അവസ്ഥ പരിശോധിക്കുന്നതിനുവേണ്ടി ചില വിദ്യാസമ്പന്നരുടെ മക്കളെ മൽക്കാന പ്രദേശങ്ങളിലേക്ക് അയക്കുകയും ചെയ്തതിനുശേഷം ഖുത്ബകളിലൂടെയും പ്രസംഗങ്ങളിലൂടെയും ജമാഅത്തിന് ഈ പ്രസ്ഥാനത്തിന്റെ അവസ്ഥയെ കുറിച്ച് പരിപൂർണമായ നിലയിൽ വ്യക്തമാക്കിക്കൊടുക്കുകയും ബുദ്ധിമുട്ടുകളെ കുറിച്ച് വിവരം നല്കുകയും ചെയ്തു. ഒരു വലിയ ശക്തിയുള്ള ശത്രുവുമായിട്ടാണ് നേരിടേണ്ടതെന്ന് വളരെ നല്ല നിലയിൽ വ്യക്തമാക്കിക്കൊടുക്കുകയുണ്ടായി. ആൾബലത്തിലായാലും, സാമ്പത്തിക നിലയിലായാലും അവർ വലിയവരാണ്. ഭൗതികമായ നിലയിൽ അഹ്മദിയ്യാ ജമാഅത്തിന് അവരുമായി ഒരു താരതമ്യവുമില്ല. ഇതിനുശേഷം ഇസ്‌ലാമിലെ ആദ്യകാല മുസ്‌ലിം മുജാഹിദുകളുടെ മഹത്തായ ത്യാഗങ്ങളെ കുറിച്ച് ഓർമപ്പെടുത്തിക്കൊണ്ട് ആബാലവൃദ്ധം ജനങ്ങളിൽ എല്ലാവരും തങ്ങളുടേതായതെല്ലാം ഇസ്‌ലാമിനുവേണ്ടി ത്യാഗം ചെയ്യാൻ സന്നദ്ധരാവുന്ന വിധത്തിൽ അവരുടെ ഹൃദയങ്ങളിൽ ഒരു തരം കോളിളക്കം സൃഷ്ടിച്ചു. എന്നാൽ, അദ്ദേഹം അവരുടെ ആവേശങ്ങളെ നിർഭയമായ പാതയിലൂടെ അനിയന്ത്രിതമായി വിട്ടുകളഞ്ഞില്ല. ജനകീയ പ്രകടനമെന്ന നിലയിൽ അവരുടെ ആവേശത്തെ പാഴാക്കിക്കളയാൻ അനുവദിച്ചില്ല. ഖാദിയാനിലെ തെരുവീഥികളിൽ ആവേശം നിറഞ്ഞ മുദ്രാവാക്യത്തിന്റെ ഒരു ശബ്ദം ഉയർന്നില്ല. ആര്യസമാജത്തിനെതിരെ ഒരു അസഭ്യവാക്കും ചൊരിഞ്ഞില്ല. പക്ഷേ, അഹ്മദീ സമൂഹം ദൃഢനിശ്ചയത്തോടുകൂടി നിരന്തരം പ്രവൃത്തിക്കാൻ തയ്യാറായി. ആദ്യമായി അദ്ദേഹം ജമാഅത്തിന്റെ ശ്രദ്ധ ദുആയിലേക്ക് തിരിച്ചു. ദുആയില്ലാതെകണ്ട് ഫലപ്രദമായ പ്രവൃത്തിപോയിട്ട് പ്രവൃത്തിക്കാനുള്ള തൗഫീഖും ലഭിക്കുന്നതല്ലെന്ന കാര്യം അവരിൽ വ്യക്തമാക്കുകയുണ്ടായി. ആ ബാലവൃദ്ധമാളുകൾ അവരുടെ കഴിവിന്നനുസരിച്ച് ദുആയിൽ മുഴുകി. മുഴുവൻ അഹ്മദികളും രാത്രിയെ പകലാക്കി മാറ്റുകയും രാത്രിയിൽ അല്ലാഹുവിന്റെ സന്നിധിയിൽ ചെയ്യുന്ന നിലവിളിയുടെ ശബ്ദം വീടുകളിൽനിന്ന് ഉയരാൻ തുടങ്ങുകയും ചെയ്തു. തഹജ്ജുദിൽ ഇസ്‌ലാമിന്റെ വിജയത്തിനുവേണ്ടി ദുആ ചെയ്യാനും അല്ലാഹുവിന്റെ മതത്തെ സഹായിക്കുന്ന ആളുകളെ സഹായിക്കുന്നതിനുവേണ്ടിയും അല്ലാഹുവിനോട് യാചിക്കാൻ തുടങ്ങി. ദുആയിലേക്ക് ശ്രദ്ധ തിരിച്ചതിനുശേഷം അദ്ദേഹം ജമാഅത്തിനെ ധനവും ജീവനും ത്യാഗം ചെയ്യാൻ ക്ഷണിക്കുകയും വരാനിരിക്കുന്ന പ്രയാണങ്ങളെക്കുറിച്ച് നല്ലവണ്ണം വ്യക്തമാക്കുകയുമുണ്ടായി. എല്ലാവിധ അപകടങ്ങളെകുറിച്ചും സൂചന നല്കിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: ''ഈ മാർഗത്തിൽ വളരെ ബുദ്ധിമുട്ടുള്ള സമയവും വരും. ചിലപ്പോൾ വിശപ്പു സഹിച്ചും ചിലപ്പോൾ വെയിലിലും ചിലപ്പോൾ തണുപ്പിലും ചിലപ്പോൾ നഗ്നപാദത്തോടും ചിലപ്പോൾ പഴയ വസ്ത്രത്തോടും ചിലപ്പോൾ തങ്ങളുടെ സാധനങ്ങൾ വഹിച്ചുകൊണ്ടും ചിലപ്പോൾ മറ്റുള്ളവരുടെ ഭാരം ചുമന്നുകൊണ്ടും നിങ്ങൾക്ക് ആഴ്ചകളോളം അല്ലെങ്കിൽ മാസങ്ങളോളം കഴിയേണ്ടിവരും. പാവപ്പെട്ട ഗ്രാമങ്ങളിൽ പോയി തെറ്റിലകപ്പെട്ട തങ്ങളുടെ

സഹോദരന്മാരെ വീണ്ടും ഇസ്‌ലാമിലേക്ക് ക്ഷണിക്കേണ്ടതായി വരും. അസഭ്യവാക്കുകൾകേട്ട് നിങ്ങൾ ക്ഷമ കാണിക്കണം. പീഢനങ്ങൾ സഹിച്ച് ദുഃആ ചെയ്യണം. മരുന്നില്ലാതെ എല്ലാവിധ രോഗങ്ങളും സഹിക്കേണ്ടതായി വരും. അതികഠിനമായ രീതിയിൽ പ്രവർത്തിക്കേണ്ടതായിവരും. ഭാര്യമക്കളെയും വിട്ടിലെ സമാധാനത്തിന്റെയും വിചാരം ഹൃദയത്തിൽ നിന്ന് എടുത്തുമാറ്റേണ്ടതായി വരും. ഇതെല്ലാം വ്യക്തമാക്കിയതിനുശേഷം നിങ്ങൾ ഇസ്‌ലാമിന്റെ സേവനത്തിന്റെ ത്യാഗത്തിലേക്ക് കുനിയുന്നതിൽ ധൈര്യം കാണിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങളോടൊപ്പമുണ്ടാവുമെന്നതും ലോകത്തിലെ ഒരു ശക്തിക്കും തങ്ങളുടെ ബാഹ്യമായ പ്രതാപവും സമ്പത്തും സംഘങ്ങളും ഉണ്ടായാൽ പോലും നിങ്ങളെ പരാജയപ്പെടുത്താൻ സാധിക്കുകയില്ലെന്നും നിങ്ങൾ അല്ലാഹുവിന്റെ ഇഷ്ടരായി മാറുന്നതാണെന്നും നിങ്ങൾക്ക് ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങൾ ലഭിക്കുന്നതാണെന്നും ഞാൻ ഉറപ്പ് തരുന്നു.

പ്രതിസന്ധിയിലും ബുദ്ധിമുട്ടിലും നിർഭയരായി ചാടാൻ തയ്യാറാവുന്ന, ദൃഢനിശ്ചയവും സ്ഥിരചിത്തയുമുള്ള മുജാഹിദുകളെ അദ്ദേഹം ജമാഅത്തിൽ നിന്ന് ആവിശ്യപ്പെടുകയുണ്ടായി. അവിടന്ന് ആദ്യമെതന്നെ മുന്നറിയിപ്പു നല്കി, പുറത്തുള്ള ശത്രുക്കളുമായിട്ടില്ല. പ്രത്യുത നിങ്ങളുടെ സ്വന്തം സഹോരന്മാരിൽനിന്ന് മുസ്‌ലിമെന്ന് പറയപ്പെടുന്ന പണ്ഡിതന്മാർ നിങ്ങൾക്കെതിരെ കുഫ്ർ ഫത്‌വ പുറപ്പെടുവിക്കുകയും അതുകാരണം നിങ്ങളുടെ മുന്നിലും പിന്നിലും ശത്രുക്കളുണ്ടായിരിക്കുകയും ചെയ്യും. എല്ലാ ഭാഗത്തുനിന്നും നിങ്ങളെ ആക്രമിച്ചുകൊണ്ടിരിക്കും. നിങ്ങളെ കാഫിറെന്നും ദജ്ജാലെന്നും ചിത്രീകരിക്കും. നിങ്ങളുടെ തബ്‌ലീഗിന്റെ ഫലമായി ഇസ്‌ലാം സ്വീകരിക്കുന്നതിനേക്കാൾ ആര്യന്മാരോ ക്രിസ്ത്യാനികളോ ആവുന്നതാണ് ഉത്തമമെന്ന് മുർതദ്ദായ മുസ്‌ലിമീങ്ങൾ പറയും. എന്നാൽ, ഒരു അഹ്‌മദി മുഖേനയും തൗഹീദിന്റെ വചനം വിളംബരപ്പെടുത്താൻ പാടില്ലെന്നും പറയപ്പെടും. പക്ഷേ, ഒരു ഭാഗത്ത് അദ്ദേഹം ഭൗതിക ഭീഷണികളെ കുറിച്ച് വളരെ നല്ല നിലയിൽ വ്യക്തമാക്കുന്നതോടൊപ്പം ഹൃദയത്തിൽ അല്ലാഹുവിന്റെ പ്രതാപത്തേയും മഹത്ത്വത്തേയും കുറിച്ചുള്ള ചിത്രവും ഏതുരീതിയിൽ കോറിയിടുന്നുവെന്നാൽ ദൈവഭയത്താൽ ഹൃദയം നിറയുകയും ഭൗതികമായ സൗഖ്യത്തിൽനിന്ന് ഹൃദയം വിരക്തമാകുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ ഖുത്‌ബ കേൾക്കുന്ന ഓരോരുത്തരും സംതൃപ്തിയോടും ആവേശത്തോടും ത്യാഗത്തോടൊപ്പം തങ്ങളുടെ ജീവിതവും ജീവിതത്തിന്റെ മുഴുവൻ സാധനങ്ങളും ഈ സേവനത്തിനായി സമർപ്പിക്കുന്നു.

ഈയവസരത്തിൽ അദ്ദേഹം ജമാഅത്തിനോട് ഏതൊരു മഹത്തായ സാമ്പത്തിക ത്യാഗത്തിന്റെ പ്രതീക്ഷ വെക്കുകയും ഏതൊരു വേഗത്തോടുകൂടി മുന്നോട്ട് പോവാൻ തയ്യാറായി നില്ക്കുന്നതിനെ സംബന്ധിച്ചുള്ള കാര്യം ഹദ്‌റത്ത് ശെയ്ഖ് മുഹമ്മദ് അഹ്‌മദ് സാഹിബ് മള്‌ഹർ ബി.എ,എൽ.എൽ.ബിയുടെ നിവേദനത്തിൽ നിന്ന് മനസ്സിലാക്കാം. ഹദ്‌റത്ത് ശെയ്ഖ് മുഹമ്മദ് അഹ്‌മദ് സാഹിബ് മള്‌ഹർ പറയുന്നു.

1923 ലെ മജ്‌ലിസെ മുശാവറത്തിൽ ഈ വിനീതനുമുണ്ടായിരുന്നു. ഹുദൂർ(റ) ശുദ്ധിപ്രസ്ഥാനത്തെ സംബന്ധിച്ച് പ്രസംഗിച്ചു. ഒരവസരത്തിൽ ഇപ്രകാരം പറഞ്ഞു: 'ആര്യസമുദായം തങ്ങളുടെ സമ്പത്തിന്റെ ശക്തിയിൽ ശുദ്ധിപ്രസ്ഥാനത്തെ വിജയിപ്പിക്കാമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ഈ നേരത്ത് എന്റെ ജമാഅത്തിന്റെ മൊത്തം സ്വത്തിന്റെ വില ഏകദേശം 2 കോടിയുടെ അടുത്തായിരിക്കും, ഈ എല്ലാ സ്വത്തും സമ്പത്തും ശുദ്ധിപ്രസ്ഥാനത്തിനെതിരിൽ ത്യാഗം ചെയ്യാൻ ഒരു മടിയും കാണിക്കുകയില്ല. ഈ കാര്യം ഹുദൂർ തിരുമനസ്സിന്റെ ദൃഢനിശ്ചയത്തെകുറിച്ച് ജമാഅത്ത് സന്തോഷപൂർവം എല്ലാം ത്യാഗം ചെയ്യുന്ന വിധത്തിൽ ജമാഅത്തിനെ തർബിയ്യത്ത് ചെയ്തു എന്ന കാര്യവും സ്ഥാപിതമാവുന്നു. പിന്നീടുള്ള സംഭവം ഈ അനുസരണത്തെ സ്ഥാപിക്കുകയും ചെയ്തു. ഹുദൂറിന്റെ പ്രസംഗത്തിലുള്ള വാചകം എവിടെയെങ്കിലും പ്രസിദ്ധീകരിച്ചതായി എനിക്ക് അറിവില്ല. എന്നാൽ എനിക്ക് ഈ കാര്യം നല്ലപോലെ ഓർമയുണ്ട് ഞാൻ പല സന്ദർഭങ്ങളിലായി സ്നേഹിതന്മാരോട് ഇത് പറഞ്ഞിട്ടുമുണ്ട്. 1923-ലെ മുശാവിറത്തിനു ശേഷം ഈ വിനീതന് ശുദ്ധിപ്രദേശത്ത് പ്രവർത്തിക്കാനുള്ള തൗഫീഖ് അല്ലാഹു നല്കിയിട്ടുണ്ട്.

ബുദ്ധിയിലും ആവേശത്തിലും ബാലൻസ് നിലനിറുത്തുന്ന ആളാണ് ഉന്നതവും വിജയപ്രദവുമായ നേതാവ്. അദ്ദേഹം മുഴുവൻ കാലയളവിലും ഈ ബാലൻസ് വളരെനല്ല നിലയിൽ നിലനിറുത്തിപോന്നു. അതിന്റെ ഫലമായി കാഴ്ചക്കാർ അനിയന്ത്രിതമായി ''മർഹബ'' ''അല്ലാഹു അക്ബർ'' എന്നീ മുദ്രാവാക്യങ്ങൾ വിളിക്കാൻ തുടങ്ങി. ഒരു ഭാഗത്ത് ഉന്നതവും ബുദ്ധിപരവുമായ പദ്ധതികൾ ജമാഅത്തിന്റെ മുമ്പാകെ വെച്ചു. അത് വ്യവസ്ഥാപിതമായ നിലയിൽ ജമാഅത്തിനു ഒരു പ്രോഗ്രാം സമർപിക്കുന്നു. ആവേശത്തിന്റേയും ഭാവനയുടേയും സ്വാധീനത്തിൽനിന്ന് പരിശുദ്ധവും തികച്ചും ബുദ്ധിപരവും അനുഭവജ്ഞാനത്തിന്റെ ലോകവുമായി ബന്ധപ്പെട്ടതാണ്. ഈ വ്യവസ്ഥിതി വളരെ ചിന്തിച്ചും പരിശ്രമിച്ചും ബുദ്ധിമുട്ടോടുകൂടിയും എല്ലാ ഭാഗത്തും ജലസേചനം ചെയ്യാനുള്ള വല വീശുന്ന രീതിയിലുള്ള നിയമമാണ് തയ്യാറാക്കിയത്. വെള്ളത്തിന്റെ ഓരോ തുള്ളിയും കൃഷിയുടെ വളർച്ചക്ക് ഉപയോഗപ്രദമാവണം. മറുഭാഗത്ത് അദ്ദേഹം വികാരങ്ങളിൽ തന്റെ ശബ്ദത്തിന്റെ തീജ്വാലകൊണ്ട് ഒരു കോളിളക്കം സൃഷ്ടിച്ചു. അതിന്റെ ഫലമായി എല്ലാ മനസ്സുകളിലും ത്യാഗത്തിന്റെ ആവേശം അലയടിച്ചുയർന്നുകൊണ്ടിരുന്നു. പിന്നീട് അദ്ദേഹം ഇതിനെ ഒരു വ്യവസ്ഥിതിയുടെ മഹത്തായ അണക്കെട്ട് കെട്ടിയിട്ട് വെള്ളപ്പൊക്കസമയത്ത് പാഴാക്കികളയുന്നതിന് പകരം വ്യവസ്ഥിതിയോടുകൂടി നദിയിൽ ഒഴുക്കിക്കൊണ്ട് ഏത് ഭൂമിയുടെ ഭാഗത്തേക്കും തിരിക്കുമ്പോൾ അത് പുതുജീവന് കാരണമാവുന്ന വിധത്തിലാണ് അതിനെ സംരംക്ഷിച്ചത്. ആവേശാധിക്യത്തിന്റെ അവസ്ഥ ഇപ്രകാരമാണ്. അദ്ദേഹം ആഗ്രഹിക്കുകയാണെങ്കിൽ ആയിരക്കണക്കിനുള്ള കൂറുള്ളവർ ശുദ്ധിയുദ്ധത്തിലേക്ക് തയ്യാറാകുമായിരുന്നു. എന്നാൽ, ഇപ്രകാരം ചെയ്യുന്നതുകൊണ്ട് പ്രയോജനത്തിനുപകരം നഷ്ടമുണ്ടാക്കുന്നതിനാണ് കൂടുതൽ സാധ്യതയെന്നു ചെറിയ കാലയളവിൽത്തന്നെ സമുദായത്തിന്റെ മുഴുവനും ശക്തിയുമുപയോഗിച്ച് ആവേശം തണുത്തു പോകുന്നതായിരിക്കുമെന്നും അദ്ദേഹത്തിന്നറിയാം. അതുകൊണ്ട് അദ്ദേഹം ആദ്യം വെറും 150 മുജാഹിദുകളെയാണ് ആവശ്യപ്പെട്ടത്. എന്നാൽ, കുറച്ച് കാലയളവിൽത്തന്നെ 1500 നടുത്ത് യുവാക്കളും വൃദ്ധന്മാരും തങ്ങളെ സ്വയം സമർപിക്കുകയുണ്ടായി. എന്നാൽ, അദ്ദേഹം വളരെ സൂക്ഷ്മതയോടുകൂടി അവസ്ഥയുടെ ആവശ്യത്തിനനുസരിച്ച് തിരഞ്ഞെടുക്കുകയും അവരെ പല ഗ്രൂപ്പുകളായി വീതിച്ചുകൊണ്ട് ഓരോ ഗ്രൂപിനും അമീർ നിശ്ചയിക്കുകയും അവർ തങ്ങളുടെ പ്രദേശത്ത് നിന്നുകൊണ്ട് ഏല്പിച്ച ഉത്തരവാദിത്വം നിറവേറ്റുകയെന്ന് നിർദേശിക്കുകയും അവരിലെല്ലാവരിലും ബഹുമാനപ്പെട്ട ചൗദ്‌രി ഫതഹ് മുഹമ്മദ് സാഹിബ് സിയാൽ(റ)നെ അമീറായി നിശ്ചയിക്കുകയും ചെയ്തു. അവർക്ക് നല്കിയ അടിസ്ഥാന നിർദേശങ്ങളുടെ ചുരുക്കം ഇപ്രകാരമാണ്. ഏതവസ്ഥയിലും അമീറിനെ അനുസരിക്കുക. ദേഹേച്ഛകളെ അമർത്തേണ്ടതായി വരും. കഠിനമായ പരീക്ഷണമുണ്ടായാൽ പോലും കുഴപ്പത്തിൽ നിന്ന് രക്ഷപ്പെടുക. മർദനമേൽക്കേണ്ടി വന്നാലും കൈ ഉയരാനുള്ള അനുവാദമുണ്ടാവുകയില്ല. ചുരുങ്ങിയത് മൂന്ന് മാസത്തേക്ക് വഖ്ഫ് ചെയ്യേണ്ടതായി വരും. ഈ കാലയളവിൽ എല്ലാവിധ ചെലവുകളും സ്വയം വഹിക്കേണ്ടതായിവരും. പ്രദേശവാസികളിൽ ഒരു വിധത്തിലുള്ള ധനപരമായോ അല്ലെങ്കിൽ സ്വന്തമായ നിലയിലോ ഭാരം ഇടാനുള്ള അനുവാദമുണ്ടാവുകയില്ല. ഭക്ഷണം കിട്ടിയില്ലെങ്കിൽ കടല ഭക്ഷിച്ചുകൊണ്ടും ഇനി കടലയും കിട്ടിയില്ലെങ്കിൽ ഇലകൾ ഭക്ഷിച്ചു ജീവൻ നിലനിറുത്തുക. തദ്ദേശവാസികളിൽനിന്ന് ആവിശ്യപ്പെട്ട് ഭക്ഷണം കഴിക്കാമെന്ന ധാരണ ഹൃദയത്തിലുണ്ടാവാൻ പാടില്ല. വെറും നാവുകൊണ്ട് ഉപദേശിക്കുക മാത്രമല്ല ചെയ്യേണ്ടത്. മറിച്ച് കഴിവിന്റെ പരമാവധി നിരാലംബരേയും ആവശ്യക്കാരേയും ശ്രദ്ധിക്കുകയും അവരെ സഹായിക്കുകയും ചെയ്യുക. ഈ അടിസ്ഥാനപരമായ നിർദേശത്തിന്റെ ദീപം കൈയിലേന്തി എത്ര പേരാണോ ഇതിനായി പുറപ്പെട്ടത് അവരെല്ലാം അനുസരണത്തിന്റെ അത്ഭുതാവഹകമായ കാഴ്ചയാണ് കാഴ്ചവെച്ചത്. ആദ്യകാല മുസ്‌ലിമീങ്ങളുടെ ഓർമ പുതുക്കുന്ന വിധത്തിലുള്ള അതിമഹത്തായ ത്യഗത്തിന്റെ മാതൃക നിലനിറുത്തുകയുണ്ടായി.

(തുടരും)

## അല്ലാഹു മനുഷ്യരെപോലെ സംസാരിക്കുന്നു.

''നമ്മുടെ ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമായ അല്ലാഹു നാമുമായി മനുഷ്യരെപോലെ സംസാരിക്കുന്നു. നാം ഏതെങ്കിലും ഒരു കാര്യം ചോദിക്കുകയും ദുആ ചെയ്യുകയും ചെയ്യുമ്പോൾ കരുത്തുറ്റ വാക്കുകളോടുകൂടി അവൻ മറുപടി നല്കുന്നു. ഈ പരമ്പര ആയിരംവട്ടം തുടർന്നാലും അവൻ മറുപടി തരാതിരിക്കുന്നില്ല. അവൻ തന്റെ സംസാരത്തിൽ അത്ഭുതകരമായ അദൃശ്യകാര്യങ്ങൾ വെളിപ്പെടുത്തുന്നു. അത്ഭുതകരമായ ശക്തിപ്രഭാവങ്ങളുടെ ദൃശ്യങ്ങൾ കാണിക്കുന്നു. അവൻ തന്നെയാണ് അതെന്ന് ഉറപ്പുവരുത്തിത്തരുന്നു. അവനെ ദൈവം എന്നു പറയേണ്ടതാണ്. ദുആകൾ സ്വീകരിക്കുന്നു. സ്വീകരിച്ച വിവരം അറിയിക്കുന്നു. അവൻ വലിയ വലിയ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നു. ജീവച്ഛവംപോലെ രോഗിയായവനെ ദുആകളുടെ ആധിക്യംകൊണ്ട് ജീവിപ്പിക്കുന്നു. ഈ എല്ലാ ഉദ്ദേശ്യങ്ങളും കാലേകൂട്ടി തന്റെ സംസാരത്തിലൂടെ അറിയിക്കുന്നു. ദൈവം, അതേ ദൈവംതന്നെയാണ്. അവൻ തന്റെ സംസാരംകൊണ്ട്-അത് ഭാവികാലത്ത് ഉണ്ടാകുന്ന സംഭവങ്ങൾ അടങ്ങിയതായിരിക്കും-താൻതന്നെയാണ് ഭൂമിയുടേയും ആകാശത്തിന്റേയും ദൈവമെന്ന് നമ്മളിൽ സ്ഥാപിക്കുന്നതാണ്. 'ഞാൻ നിന്നെ പ്ലേഗിന്റെ മരണത്തിൽനിന്ന് രക്ഷിക്കും' എന്ന് അവൻ തന്നെയാണ് എന്നെ സംബോധനചെയ്തുകൊണ്ടു പറഞ്ഞത്. അക്കാലത്ത് ഇങ്ങനെയുള്ള ഇൽഹാം എന്നെക്കൂടാതെ ആരാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. അവൻ എന്നേയും എന്റെ ഭാര്യയേയും എന്റെ മക്കളേയും എന്റെ വീടിന്റെ നാലു ഭിത്തിക്കുള്ളിൽ താമസിക്കുന്ന നല്ലവരേയും രക്ഷിക്കുമെന്ന തന്റെ ഉത്തരവാദിത്വം പ്രകടിപ്പിച്ചു.

**(നസീമെ ദഅ്‌വത്ത് പേജ് 82, റൂഹാനീ ഖസാഇൻ വാള്യം 19)**

# അഹ്മദി മുബല്ലിഗുമാരുടെ യാത്ര അയപ്പിന്റെ ഈമാൻ സംരക്ഷിക്കുന്ന ദൃശ്യം

**(ഖാദിയാൻ അൽഫള്‌ലിൽനിന്നെടുത്തത്)**

മാർച്ച് 24 രാവിലെ പത്തു മണി. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)ക്ക് അഹ്മദിയ്യ ദഅ്‌വത്ത് വ തബ്‌ലീഗ് ഖാദിയാൻ സംഘത്തിന്റെ ആഗ്രയിലുള്ള അമീറിന്റെ കമ്പി ലഭിച്ചു. 'ഞങ്ങൾക്ക് എത്രയും വേഗം 20 മുബല്ലിഗുമാരുടെ ആവശ്യമുണ്ട്.' ഹുദൂർ അതേസമയം തന്നെ എല്ലാ ഖാദിയാൻവാസികൾക്കും, അവരെല്ലാവരും എത്രയും വേഗം മസ്ജിദ് മുബാറക്കിൽ സംഘടിക്കാൻ അറിയിപ്പു കൊടുത്തു. ഖാദിയാനിലെ എല്ലായിടത്തും പരന്ന ഈ വാർത്ത ഒരു വൈദ്യുതിപ്രസരണമായിരുന്നു. സെക്കന്റുകൊണ്ട് മസ്ജിദ് മുബാറക് അഹ്മദീ സഹോദരങ്ങളെക്കൊണ്ട് നിറഞ്ഞു. ഖുദ്ദാമെല്ലാവരും ഹാജരായിട്ടുണ്ടെന്ന് ഹുദൂറിന് അറിയിപ്പുകൊടുത്തു.

മജ്‌ലിസെ മുശാവറത്തിൽ നിന്നെഴുന്നേറ്റ് ഹുദൂർ മസ്ജിദ് മുബാറക്കിലെത്തി. മജ്‌ലിസിലെ എല്ലാ അംഗങ്ങളും ഹുദൂറിന്റെ കൂടെയുണ്ടായിരുന്നു. ഹദ്റത്ത് സ്വാഹിബ് സാദ മിർസാ ബശീർ അഹ്മദ് എം.എ യോടൊപ്പം അത്യാവശ്യമായ പേപ്പറുകളുമെടുത്ത് ഞാനും വന്നു. ഇസ്‌ലാമിന്റെ നായകൻ വന്നു. അവിടെ ഇരിക്കുന്നവർ മനുഷ്യരല്ല പ്രത്യുത ബിംബമാണെന്ന് തോന്നുമാറ് മസ്ജിദ് മുഴുവൻ കാലിയായതുപോലെതോന്നി.

ഹുദൂർ മസ്ജിന്റെ മിഹ്‌റാബിൽ നിന്നു. തൗഹീദിന്റെ ശഹാദത്തും, നബി(സ)തിരുമേനിയുടെ ഖത്തമുന്നുബുവ്വത്തിന്റെ പ്രകടനത്തിനുംശേഷം സൂറ ഫാത്തിഹ ഓതി. ദീനിനുവേണ്ടി ധനവും സമയവും ബലിയർപ്പിക്കേണ്ടതിനെ സംബന്ധിച്ച് ഉപദേശ പ്രസംഗം നടത്തി. അത് ഫർളിനേയും (കടമ) ഫർള്കിഫായയേയും(സാമൂഹിക കടമ) നഫ്‌ലുകളേയും(ഐച്ഛിക കർമം) സംബന്ധിച്ചുള്ള യഥാർഥമായ പ്രകടനമായിരുന്നു. പറഞ്ഞു: ''ഈമാനികമായ കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് നഫ്‌ലുകൾ-അത് മനുഷ്യന്റെ ഇഷ്ടത്തിനനുസരിച്ചാണ് വെച്ചിട്ടുള്ളത് - നിറവേറ്റേണ്ടത് നിർബന്ധമാണ്.'' ഈ പ്രസംഗം പൂർണമായും പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ജമാഅത്തംഗങ്ങൾ അതു വായിക്കുകയും ചെയ്തിട്ടുണ്ട്. അവസാനമായി ഹുദൂർ അഭ്യർഥിച്ചു: ''ഇസ്‌ലാമിന്റെ സേവനത്തിന് 20 ഖുദ്ദാമിനെ ആവശ്യമുണ്ട്. അവരെക്കൊണ്ട് സൂര്യൻ ഖാദിയാനു വെളിയിൽ അസ്തമിക്കണം.''

ഹുദൂറിന്റെ നാവിൽനിന്ന് ഈ അർഥമുള്ള വാക്കുകൾ അനസാനിക്കേണ്ട താമസം സന്നിഹിതരായവരിൽ തന്മയീഭാവത്തിന്റെ ഒരു അവസ്ഥ പെട്ടെന്ന് പ്രകടമായി. ദീനിന്റെ സേവനാവേശത്താൽ മുഖങ്ങൾ വിളങ്ങിയുണർന്നു. ഓരോ ചെറിയവരും വലിയവരും ആഗ്രഹിച്ചിരുന്നത് താൻ ഈ സേവനത്തിനുവേണ്ടി മുന്നോട്ടു കുതിക്കണമെന്നും പോകാൻ പോകുന്ന ഈ ത്യാഗികളിൽ തന്റെ പേര് ഏറ്റവുമാദ്യം സ്വീകരിക്കപ്പെടണമെന്നുമായിരുന്നു. നാലുഭാഗത്തുനിന്നും ശബ്ദം ഉയരാൻ തുടങ്ങി. ''ഹുദൂർ മെ ഹാളിർ ഹൂം'' ''മുഝെ ഭേജ് ദീജിയെ'' അല്ലെങ്കിൽ ''ഹുദൂർ മുഝെ ഹുക്കും ദീജിയെ'' ''ഹദ്റത്ത് മേരീ ദർഖാസ്ത് ഖബൂൽ ഹൊ'' ''ആപ് കാ ഗുലാം ഹാളിർ ഹെ.'' ഹുദൂർ പറഞ്ഞു: ''അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ പേരെഴുതി നല്കുക.'' അപ്പോൾ ഓരോരുത്തരും പേപ്പറുകളും പേനകളും തിരയാൻ തുടങ്ങി. ചിലർ ബുക്കിൽനിന്ന് പേപ്പറുകൾ കീറുന്നു. ചിലർ ഗ്രന്ഥങ്ങളുടെ പേജ്! ചിലർ കവറിന്റെ മൂല കീറിയെടുത്ത് തങ്ങളുടെ പേരെഴുതുന്നു. കടലാസ് മതിയാകാതെ വരുമ്പോൾ ഒരു കഷണം പേപ്പറിൽ രണ്ടു പേരെഴുതാൻ തുടങ്ങുന്നു. ഇങ്ങനേയും ആവേശം ശമിക്കാതെ വരുകയും പേപ്പറുകളും പേനകളും തീരുകയും ചെയ്യുമ്പോൾ പത്രങ്ങളുടെ അടിക്കുറിപ്പുകളിൽ ലിസ്റ്റുകൾ ക്രമീകരിക്കപ്പെടുന്നു. തന്റെ മകൻ ഹാജരാണെന്ന് പിതാവ് പറയുന്നു. തന്നെത്തന്നെ മൂത്ത സഹോദരൻ സമർപിക്കുന്നു. അതിനോടൊപ്പം പറയുന്നു. ഹുദൂർ എന്റെ സഹോദരനേയും അയച്ചാലും. അപ്പോൾ നേരിട്ട് സമർപണം ചെയ്യാൻ ആവശ്യപ്പെടുന്നു. ഉത്തരം പറയുന്നു, ഞാനിവിടെ വരുമ്പോൾ അവനെ വേറൊരു ജോലി ചെയ്യാൻ ഏല്പിച്ചിട്ടാണ് വന്നത്. അവൻ പോകാൻ തയ്യാറാണെന്ന് എനിക്കറിയാം. മറുപടി വ്യക്തമാണ്, ഓരോരുത്തരും സ്വയമേവ തങ്ങളെ സമർപണം ചെയ്യുക. പേരെഴുതിക്കഴിഞ്ഞിരിക്കുന്നു. കടലാസ് ഹദ്റത്ത് ഇമാമിന്റെ കൈയിലെത്തുന്നു. സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബിന് കല്പനയുണ്ടാകുന്നു, ഞാൻ പറയുന്നവരുടെ പേരുകൾ എഴുതുക. ഹുദൂർ പേരു പറയുന്നു, മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതിക്കൊണ്ടുപോകുന്നു.

മാർച്ച് 25 ലെ അൽഫള്‌ലിന്റെ മദീനത്തുൽ മസീഹിൽ 60, 70 അപേക്ഷകൾ ഉണ്ടായിരുന്നുവെന്ന് നാം എഴുതിക്കഴിഞ്ഞതാണ്. എന്നാൽ, ഇപ്പോൾ എണ്ണിനോക്കിയപ്പോൾ അറിയാൻ കഴിഞ്ഞത് 119 പേർ അതേ ദിവസം അസ്റിനെ മുമ്പേ തങ്ങളെ സമർപിച്ചിരുന്നുവെന്നാണ്. സഹോദരങ്ങളുടെ ലിസ്റ്റ് ക്രമീകരിക്കപ്പെട്ടു. ഹുദൂർ പറഞ്ഞു: ''ഇനി ഞാൻ ആദ്യം എനിക്കു ലിസ്റ്റു കിട്ടികഴിഞ്ഞവരുടെ പേരുകൾ കേൾപ്പിക്കുകയാണ്.'' അങ്ങനെ ആദ്യം പേരു നല്കിയവരുടെ പേരുകൾ കേൾപ്പിക്കപ്പെട്ടു; പിന്നീട് തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരും. ഇവർ 20 പേർ വേറെയായിരുന്നു. ഈ കമ്പിസന്ദേശം വരുന്നതിനുമുമ്പേ രണ്ടുപേരെ അയക്കാനുള്ള പ്ലാൻ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. അതായത് ഒന്ന് ജനാബ് മൗലവി ചൗദരീ മുഹമ്മദ് അബ്ദുസ്സലാം ഖാൻ സാഹിബ് കാഗ്‌ഗഡ്ഢി ഫാളിൽ ഹിന്ദു ലിറ്ററേച്ചറും രണ്ടാമത്തെ സാഹിബ് നഹ്‌ഃകലിംഗ് അവതാരത്തിന്റെ കർത്താവ് മൗലവി അബ്ദുസ്സ്വമദ് സാഹിബ് പട്ടിയാലവിയും. അദ്ദേഹം ഈ നേരത്തും പേരു കൊടുത്തിരുന്നു. സംഘത്തോടൊപ്പം പോകുന്നതിന് ഇദ്ദേഹവും ഉൾപ്പെടുത്തപ്പെട്ടു.

അതിനുശേഷം പോകുന്നവർക്കുവേണ്ടി ഹുദൂർ ദുആ ചെയ്യിച്ചു. പോകാനുദ്ദേശിക്കുന്നവർക്കും അവിടെയുള്ളവർക്കുംവേണ്ടി. ഏതെങ്കിലും കാരണത്താൽ തങ്ങളുടെ പേരെഴുതിക്കാൻ കഴിയാത്തവർക്കുവേണ്ടിയും. അല്ലാഹു അവർക്കും ദീനിനു സേവനം ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ. അവരുടെ വഴിയിൽനിന്ന് തടസങ്ങൾ-അത് ഏതുതരത്തിലുള്ളതാണെങ്കിലും അകറ്റുമാറാകട്ടെ. ദുആ ദീർഘനേരം നീണ്ടുനിന്നു. മജ്‌ലിസ് പിരിച്ചുവിട്ടു. പോകുന്നവർ ദീനീസേവനത്തിനുപോകുന്നുവെന്നോർത്ത് സന്തോഷത്തിലായിരുന്നു. പേരുകൊടുത്തിരുന്നവർ ആവശ്യം പൂർത്തിയായതിനാലോ മറ്റെന്തെങ്കിലും കാരണത്താലോ അവർ ഇത്തവണ തിരഞ്ഞെടുക്കപ്പെട്ടില്ല, ഉദാസീനരായിരുന്നു. അങ്ങനെ ഒരാളുടെ നാവിൽനിന്ന് ഈ കവിതാശകലം പുറപ്പെട്ടു:

യാ റാനെ തേസ് ഗാം നെ അമൽ കൊ ജാലിയാ

ഹം മഹ്‌വെ നാലഃ ജർസ് കാരവാൻ രഹേ

അവർ തങ്ങളുടെ ഖിസ്മത്തിന്റെ തീരുമാനംകേട്ട് ഉദാസീനരായിരുന്നു. അവർക്ക് മുൻകടക്കാൻ അവസരം കിട്ടിയില്ല. പക്ഷേ, പോരാട്ടത്തിന്റെ ആദ്യസ്വഫ്ഫിൽനിന്ന് പോരാടാൻ പോകുന്ന തങ്ങളുടെ ആ സഹോദരങ്ങളുടെ ഭാഗ്യത്തിൽ സന്തോഷവാന്മാരായിരുന്നു. അങ്ങനെ പോകുന്നവർക്ക് നാലുഭാഗത്തുനിന്നും മുബാറക് ബാദ്, മുബാറക് ബാദ് എന്ന് പറയുന്നുണ്ടായിരുന്നു. പരസ്പരം ആശ്ലേഷിക്കുന്നുണ്ടായിരുന്നു. പോകുന്നവർക്കുവേണ്ടിയും ഇപ്പോൾ പോകാൻ സാധിക്കാത്തവർക്ക് എത്രയുംവേഗം പോകാൻകഴിയുന്നതിന് വേണ്ടിയും ദുആകൾ ചെയ്യാൻ അപേക്ഷിക്കുന്നുണ്ടായിരുന്നു. പോകുന്നവർ ഖിദ്മത്തെ ഇസ്‌ലാമിന്റെ ലഹരിയിൽ ഉന്മത്തരായിരുന്നു. സഹോദരങ്ങളെ കെട്ടിപ്പുണരുകയും സന്തോഷിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. തങ്ങളുടെ മംഗളകരമായ ശകുനത്തിൽ പുഷ്പങ്ങൾ കുരുക്കുന്നുണ്ടായിരുന്നില്ല. ചുരുക്കത്തിൽ വാക്കുകൾക്കതീതമായ ഒരു അവസ്ഥയായിരുന്നു അത്. അതേ കണ്ണുകൾ ആ ദൃശ്യം കണ്ടു. മനസ്സിൽ ഫോട്ടോ എടുക്കുകയും ചെയ്തു.

പരസ്പരം പറഞ്ഞ അനുഗൃഹീത സലാമിന്റെ ബഹളം അവസാനിച്ചു. പോകുന്നവർ തയ്യാറാകാൻ വീട്ടിൽ പോയി. രണ്ടുമണിക്കുമുമ്പേ മസ്ജിദ് മുബാറക്കിന്റെ താഴെ സംഘടിക്കാൻ തുടങ്ങി. അവരിൽ തങ്ങളുടെ യാത്ര കൂലിവേലയുടെ സഹായത്താൽ അവസാനിക്കുന്നവരുമുണ്ടായിരുന്നു. എന്നാൽ, അവരുടെ സാധനങ്ങൾ ഹ്രസ്വമാകാനുള്ള പരിധി ഇതായിരുന്നു, ഒന്ന് താഴെ വിരിക്കാനുള്ള തുണി, കുറച്ച് ധരിക്കാനുള്ള വസ്ത്രങ്ങളും! അതെല്ലാം ബിസ്തറിൽത്തന്നെ കെട്ടിവെച്ചിരുന്നു. അല്ലെങ്കിൽ കുറച്ച് ആവശ്യമുള്ള ഗ്രന്ഥങ്ങളുമുണ്ടായിരുന്നു. അതേ! മിക്കവരും വിശുദ്ധഖുർആൻ കഴുത്തിൽ തൂക്കിയിട്ടിരുന്നു. ഇത്രയുമായപ്പോൾ അസ്റിന്റെ നേരമായി. മസ്ജിദ് മുബാറക് നമസ്കാരക്കാരെക്കൊണ്ട് നിറഞ്ഞു. മേൽത്തട്ടിലും സ്വഫ്ഫുകളായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലാഹ് നമസ്കരിപ്പിച്ചു. മസ്ജിദിന്റെ താഴെയുള്ള നാൽക്കവല ഖാദിയാനിലെ സഹോദരങ്ങളെക്കൊണ്ട് നിറഞ്ഞു; പോകുന്ന ഖാഫ്‌ലയുടെ കൂടെ കുറച്ചുനേരം പേകുന്നതിനുവേണ്ടി. അങ്ങനെ ഇസ്‌ലാമിന്റെ നായകൻ തന്റെ പ്രിയപ്പെട്ട ഖുദ്ദാമിനെ യാത്ര അയക്കുന്നതിന് വീട്ടിൽനിന്ന് പുറപ്പെട്ടു. ആളുകളുടെ നദിയിൽ തിരമാലകളുണ്ടായി. അദ്ദേഹം ഏറ്റവും മുന്നിലായിരുന്നു. ഇപ്പോൾ ആവേശത്തിന്റേയും മതവിശ്വാസസ്നേഹത്തിന്റേയും ആത്മാർഥതയുടേയും ലോകമെന്തായിരുന്നുവെന്നാൽ മനുഷ്യൻ മനുഷ്യന്റെമേൽ വീഴുന്നുണ്ടായിരുന്നു. ഓരോരുത്തരുടേയും ശ്രമം എങ്ങനെയെങ്കിലും തങ്ങൾ അനുസരിക്കുന്ന ഇമാമിന്റെ അടുത്തുടെ നടക്കാനായിരുന്നു. കാരണം ഹുദൂർ വേഗത്തിൽ നടന്നിരുന്നു. അതുകൊണ്ട് സഹോദരങ്ങൾക്കും വേഗം നടക്കേണ്ടിവന്നു. അതിനോടൊപ്പം ഓരോരുത്തരും മുന്നോട്ടു ഗമിക്കുന്നതിനും ഹുദൂറിന്റെ സംസാരം കേൾക്കുന്നതിനുമുള്ള ശ്രമവും നടത്തുന്നുണ്ടായിരുന്നു. അതുകൊണ്ട് പൊടി ഉയർന്നിരുന്നു. പൊടികൊണ്ട് ആകശത്ത് ഒരു കാർമേഘംപോലെ രൂപം കൊണ്ടു. അതുകൊണ്ട് ഹുദൂറിന് ബുദ്ധിമുട്ടുണ്ടായി എന്നതിൽ സംശയമില്ല. എന്നാൽ, മഹത്തായ സ്വഭാവം നോക്കുക, ആ സ്നേഹത്തിന്റെ വർണശലഭങ്ങളിലേക്ക് അവരുടെ മനസ്സ് ചെറുതായിപോകുംവിധം നോക്കിയതുകൂടിയില്ല. ഒന്നര ഒന്നേമുക്കാൽ മൈൽ ദൂരം ഇങ്ങനെ അവസാനിച്ചു. വഴിയിൽ ഹുദൂർ കുറച്ച് ഉപദേശങ്ങളും

നല്കി. അല്ലാഹു നമുക്ക് അതനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

വളവിലുള്ള കിണറിന്റെ അടുത്തെത്തി. എല്ലാവരും വട്ടംകൂടി. ഇസ്‌ലാമിന്റെ നായകൻ വൃത്തത്തിന്റെ ഉള്ളിൽനിന്നു. സഹോദരങ്ങളെ ഇരുത്തി. പോകുന്നവരെ വിളിച്ച് വൃത്തത്തിനുള്ളിൽ ഇരുത്തി. ഖാദിയാനിന്റെ ഭാഗത്തേക്ക് മുഖമുയർത്തി നോക്കിയപ്പോൾ ദൂരദൂരവരെ വെള്ള തലപ്പാവുകൾത്തന്നെ തലപ്പാവുകൾ ചലിച്ചുകൊണ്ടിരിക്കുന്നത് കണ്ടു. എല്ലാവരും വന്ന് സംഘത്തിൽ ചേരുന്നതിനുവേണ്ടി കാത്തുനിന്നു. യാത്രപോകുന്ന സംഘത്തിന്റെ അമീർ ഹാജരെടുത്തു. രണ്ടുമൂന്നുപേർ പിന്നാലെ വരുന്നുണ്ടെന്ന് മനസ്സിലായി. അവരും പെട്ടെന്നു വരുന്നതിനുവേണ്ടി ഉറക്കെ വിളിച്ചു. അവരും വൃത്തത്തിലിരുന്നു. സമയം ഇടുങ്ങുന്നുണ്ടായിരുന്നു. യാത്ര അയക്കുന്നതിനു വേണ്ടി വളവിൽ വരുന്നവരുടെ ഒഴുക്ക് അപ്പോഴും തുടർന്നുകൊണ്ടിരുന്നു. അതുകൊണ്ട് ഹുദൂർ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് ഉപദേശ പ്രസംഗം തുടങ്ങി. ഇതിൽ അല്ലാഹുവിന് ശുക്ർ ചെയ്യാൻ പറഞ്ഞു. എന്നിട്ട് പറഞ്ഞു:''അൽഹംദുലില്ലാഹ് എന്നു പറയാൻ നാം തന്നെയാണ് അർഹതപ്പെട്ടിരിക്കുന്നത്. നമുക്ക് അവന്റെ ദീനിനു സേവനം ചെയ്യാൻ അവസരം കിട്ടുന്നു.'' പിന്നീട് ദുആകൾ ധാരാളമായി ചെയ്യുന്നതിന് ശക്തി ചെലുത്തി. അതായത് അല്ലാഹുവിന്റെ സഹായം കടാതെ ഒരു ജോലിയും അനുഗൃഹീതമാകുകയില്ല. ഫലപ്രദവുമാകുകയില്ല. അതിൽ വിജയിക്കുമെന്ന് ഉറപ്പുമില്ല. അദ്ദേഹം പറഞ്ഞു, ''നിങ്ങൾ ബലഹീനരാണ്. എന്നാൽ, ആകാശത്തുനിന്ന് ശക്തി പ്രാപിക്കാൻ ഈ ശക്തിയുള്ളവനുമായി തുന്നിചേർത്തുപിടിപ്പിക്കുക. കാരണം ആര്യസമാജക്കാരുടെ പത്രങ്ങൾ ഇപ്പോൾ മുൻകൂർ എന്ന നിലയിൽ ഒരു പുതിയദ്രോഹം ആരംഭിച്ചിരിക്കുകയാണ്. അതായത് എഴുതുന്നു: 'അഹ്‌മദി എല്ലായിടത്തും ഇപ്പോൾ ഫസാദുണ്ടാക്കാൻ ഒരുങ്ങിയിരിക്കുകയാണ്.' വാസ്തവത്തിൽ അഹ്‌മദികളുടെ അംഗസഖ്യ അങ്ങേയറ്റം കുറവായതല്ലാത്ത ഒരു പട്ടണവുമില്ലെന്ന് ലോകത്തിന് അറിയാം. എത്രത്തോളമെന്നാൽ, നൂറുകളിൽ കൂടുതൽ അംഗസംഖ്യ ഒരു നഗരത്തിലുമില്ല. അതും രണ്ടോ മൂന്നോ നഗരങ്ങളിലാണുള്ളത്. അഹ്‌മദികളുടെ കേന്ദ്രമായ പഞ്ചാബിലെ മിക്ക നഗരങ്ങളിലും കുറഞ്ഞ സംഖ്യകളിലാണ് അഹ്‌മദികളുള്ളത്. ഗ്രാമങ്ങളിലും അവരുടെ അവസ്ഥ ഇതുതന്നെയാണ്. എണ്ണിനോക്കുകയാണെങ്കിൽ വളരെ പ്രയാസപ്പെട്ട് മുഴുവനും അഹ്‌മദികളായുള്ള ഒന്നോ രണ്ടോ ഗ്രാമങ്ങളുണ്ടാകും. പകുതിയോ പകുതിയലധികമോ അംഗസംഖ്യയുള്ള 20, 30 ഗ്രാമങ്ങളുണ്ടാകും. അങ്ങനെയല്ലെങ്കിൽ ഗ്രാമങ്ങളിലും അഹ്‌മദികളുടെ എണ്ണം മറ്റു മുസ്‌ലിമീങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. ഇതിന്നെതിരിൽ ഹിന്ദുക്കളുടെ അംഗസംഖ്യ എല്ലായിടത്തും അധികമാണ്. ധനത്തിന്റേയും സ്വത്തിന്റേയും അടിസ്ഥാനത്തിൽ അഹ്‌മദി അവിടെ നില്ക്കട്ടെ, മറ്റു മുസ്‌ലിമീങ്ങളുടെമേലും അവർക്ക് മേൽക്കോയ്മ കരസ്ഥമാണ്.

രണ്ടാമത്തേത് അഹ്‌മദിയ ജമാഅത്ത് അതിന്റെ ക്യാരക്ടറിന്റെ അടിസ്ഥാനത്തിൽ എത്തരത്തിലുള്ളതാണ്. അത് സുഹൃത്തുക്കളും ശത്രുക്കളുമെല്ലാം ഒരുപോലെ അറിയുന്നു. അവർക്ക് ഫസാദുകളിൽനിന്ന് രക്ഷപ്പെടുന്നതിനും ദ്രോഹപ്രവൃത്തികൾക്കെതിരിൽ ദ്രോഹപ്രവൃത്തി ചെയ്യരുതെന്നുമുള്ള പാഠമാണ് ശക്തമായി നല്കപ്പെട്ടിരിക്കുന്നത്. അഹ്‌മദിയ്യ ജമാഅത്ത് അതനുസരിച്ച് പ്രവർത്തിക്കുന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്. എതിരാളികളുടെ ബലാൽക്കാരമായുള്ള പ്രവർത്തനങ്ങളെ അവർ അലിവോടെ നേരിടുന്നു. അവരുടെ കല്ലുകൾക്ക് മറുപടി ചിരിച്ചുകൊണ്ടും മൃദുഭാവത്തോടുംകൂടി നല്കുന്നു. അവരുടെ ചീത്തയ്ക്കുള്ള മറുപടി ദുആകൾകൊണ്ടു നല്കുന്നു. ഈയൊരു അടയാളം കാരണത്താലാണ് അഹ്‌മദി ജമാഅത്ത് രാപ്പകൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇൻശാഅല്ലാഹ് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും.'' അതുകൊണ്ട് ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് തന്റെ പ്രസിദ്ധമായ പദ്യത്തിലെ ഒരു വരി അനുസരിച്ച് പറഞ്ഞു:

പ്യാരോ ആമോഖ്ത ദറസ് വ വഫാ ഖാം ന ഹൊ

യാത്ര പോകുന്നവർക്ക് ബലാൽക്കാരമുണ്ടാകുമ്പോൾ ക്ഷമിക്കാനും അക്രമപരമായ പ്രവർത്തനങ്ങളെ നേരിടാതിരിക്കാനും ഉപദേശിച്ചു. പറഞ്ഞു: ''അടികൊള്ളുക, എന്നാൽ കൈ പൊക്കരുത്. ചീത്ത വിളികൾ കേൾക്കുക. അവർക്കുവേണ്ടി ദുആകൾ ചെയ്യുക. അതിലാണ് നിങ്ങളുടെ വിജയം.'' പ്രസംഗത്തിന്റെ ഈ ഭാഗം വളരെ ശക്തവും ആർദ്രപൂർണവുമായിരുന്നു. അവസാനം പറഞ്ഞു: ''യാത്ര പറഞ്ഞുപോകുന്ന സ്നേഹിതന്മാർക്ക് സമ്മാനം കൊടുക്കുക എന്നത് ചട്ടമാണ്. ഞാനും സമ്മാനം കൊടുക്കണമെന്ന് ആഗ്രഹിച്ചു. അത് നമ്മുടെ വീട്ടുകാർ(അതിൽ ഹദ്‌റത്ത് ഉമ്മുൽമുഅ്മിനീനും ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ രണ്ടു പെൺമക്കളും ഹദ്‌റത്ത് ഇമാമിന്റെ അഹ്‌ലെ ബയ്ത്ത് തുടങ്ങിയവരും)നല്കിയതാണ്. അത് ഈ സ്നേഹിതന്മാരുടെ സ്വദഖ എന്ന നിലയിൽ വഴിയിൽ ധർമം നല്കാൻ ഭായി അബ്ദുർറഹ്‌മാൻ സാഹിബിനെ ഏല്പിക്കുകയാണ്. അവിടുത്തെ ചില ദാനധർമപരമായ ആവശ്യങ്ങൾക്കും ചെലവഴിക്കുക. അതുകേട്ടപ്പോൾ എല്ലാ സ്നേഹിതന്മാരും എന്തെങ്കിലുമൊക്കെ കൊടുത്ത് ഈ ദാനധർമത്തിൽ പങ്കാളികളായി. സന്നിഹിതരായിരുന്ന എല്ലാവരും തങ്ങളുടെ ഇമാമിന്റെ കൈയിലാണ് കൊടുത്തത്. ഹുദൂർ ജസാക്കുമുല്ലാഹ് പറഞ്ഞ് അത് സ്വീകരിക്കുകയും തന്റെ കൈകൊണ്ട് സംഘത്തിന്റെ അമീറിന്റെ മടിയിൽ ഇട്ടുകൊണ്ടിരിക്കുകയും ചെയ്തു. ചിലർ പണം നല്കി, ചിലർ റുമാൽ നല്കി, ചിലർ പേഴ്സ് നല്കി, ചിലർ കത്തി നല്കി, ചിലർ ഈത്തപ്പഴം നല്കി. വയസ്സായ ഒരു അഹ്‌മദി മുബല്ലിഗുമാർക്ക് മൂന്നുനാലു സേർ(ഭാരം അളക്കാനുള്ള ഒരു തോത്, ഇന്ന് കേരളത്തിലോ ഇന്ത്യയുടെ ഇതര ഭാഗങ്ങളിലോ നിലവിലില്ല) ഭാരമുള്ള മധുരപലഹാരം പ്രാതലിന് നല്കി. സ്വദഖ എന്ന നിലയിൽ കിട്ടിയ ഈ ധനം 200 രൂപയോളമുണ്ടായിരുന്നു. അതിനുശേഷം ഹുദൂർ ദീർഘനേരം യാത്രാസംഘത്തിനുവേണ്ടി ദുആ ചെയ്തു. കണ്ണുകൾ നിറഞ്ഞിരുന്നു. ഹൃദയങ്ങൾ നെഞ്ചകങ്ങളിൽ ഇലാഹിന്റെ അർശിന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യുകയായിരുന്നു. എന്തോ കാരണത്താൽ പോകാൻ കഴിയാതിരുന്ന ചില സഹോദരങ്ങൾ നെടുവീർപ്പിടുകയും കരയുകയും ചെയ്യുന്നുണ്ടായിരുന്നു. ദുആയ്ക്കു ശേഷം എല്ലാവർക്കും സമാധാനമുണ്ടായി. ആദരണീയനായ ഇമാം സംഘാംഗങ്ങൾക്ക് കൈകൊടുക്കുകയും അവരെ യാത്ര അയക്കാൻ റോഡിൽ വരികയും ചെയ്തു. ജമാഅത്തംഗങ്ങൾ റോഡിൽ ദൂരദൂര വരെ നിന്നു. സംഘാംഗങ്ങൾ സഹോദരങ്ങളുടെ അണികളുടെ പിന്നിലും എന്നാൽ, തങ്ങളുടെ ഇമാമിന്റെ ദൃഷ്ടികളുടെ മുന്നിലും നിന്നു. ഖാഫ്‌ലയ്ക്കു പോകാനുള്ള കല്പന ഉണ്ടായി. എല്ലാവരും ഉറക്കെ അസ്സലാമുഅലയ്ക്കും പറഞ്ഞ് യാത്രപോയി. ഖാദിദ് ഹിസ്ബുല്ലാഹ് ദൃഷ്ടിയിൽനിന്ന് മറയുന്നതുവരെ തന്റെ മക്കളെ ഇമ വെട്ടാതെ നോക്കിക്കൊണ്ടിരിക്കുകയും ദുആകൾ ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. തിരിച്ചുവരവും ആദ്യത്തെ ഖാഫ്‌ല പോയ നേരത്തേതുപോലെതന്നെ നടന്നു. അതായത് നാലു നാല് ലൈനുണ്ടാക്കപ്പെടുകയും കസബയിൽ പ്രവേശിക്കുമ്പോൾ ഈരണ്ടു ലൈൻ വീതവും. ഫൽഹംദുലില്ലാഹ്.

ഇതാണ് ജമാഅത്ത്. ഇവരെയാണ് ആളുകൾ കാഫിർ എന്നു പറയുന്നത്. നഊദുബില്ലാഹ് ദജ്ജാലിന്റെ ജമാഅത്ത് എന്നു പറയുന്നു. ദീനീസേവനത്തിനുവേണ്ടി ഈ ആവേശത്തോടെ മുന്നോട്ടു ഗമിക്കുകയും അവരുടെ ഇമാം ഇത്ര വാത്സല്യത്തോടുകൂടി അവരെ ദീനീസേവനത്തിനുവേണ്ടി മുന്നോട്ടു നയിക്കുകയും ചെയ്യുന്നതിന് ഉദാഹരണമുണ്ടോ. ഉണ്ടെങ്കിൽ സമർപിക്കുക. പണംകൊടുത്താൽ ജോലിക്കാരെ ലഭിക്കുമായിരിക്കും. എന്നാൽ, ഓരോരുത്തരും ഒരു നിബന്ധനയോടുകൂടി പോകുകയും, സ്വയം തങ്ങൾക്കോ തങ്ങളുടെ കുട്ടികൾക്കോവേണ്ടി ഒരു പൈസയും എടുക്കാതെ എന്നല്ല തങ്ങളുടെ ആവശ്യങ്ങളും വീട്ടുകാരുടെ ആവശ്യങ്ങളും സ്വയം പൂർത്തികരിക്കുകയും പിന്നീടാണെങ്കിൽ അടിമകൾപോലും ചെയ്യാത്തവിധം പണിയെടുക്കുകയും ചെയ്യുന്ന ആളുകൾ എവിടെനിന്ന് കിട്ടാനാണ്. ഇതിൽനിന്നെല്ലാം ഈ ജമാഅത്ത് സത്യജമാഅത്താണെന്ന് തെളിയുന്നില്ലേ. സ്വല്ലല്ലാഹു അലയ്ഹി വ അലാ മുത്വായിഹീഅല്ഹിസ്സലാം.(അഖ്ബാർ അൽഫദ്ൽ ഖാദിയാൻ ദാറുൽഅമാൻ, 1923 ഏപ്രിൽ 2, പേജ് 3)

## വിഷയേച്ഛകൾക്ക് വശംവദനായവൻ നഷ്ടത്തിലാണ്

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്‌റത്ത് അഹ്‌മദ്(അ)പറയുന്നു: ''അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് അഭിപ്രായം തേടുമെന്ന് നമ്മൾ തീരുമാനിച്ചാൽ നമുക്ക് തീർച്ചയായും അഭിപ്രായം കിട്ടും. എന്നാൽ, വിഷയേച്ഛകൾക്ക് വശംവദനായവൻ നഷ്ടത്തിലാകുകതന്നെ ചെയ്യും. ചിലപ്പോൾ അവൻ ഇവിടെതന്നെ പിടിക്കപ്പെടും. അതുകൊണ്ട് അല്ലാഹു പറയുന്നു: എന്നോട് സംസാരിക്കുകയും എന്നോടൊപ്പം നടക്കുകയും ചെയ്യുന്ന വലിയ്യ് അതിൽ ലയിച്ചിരിക്കുകയാണ്. ലയനത്തിൽ എത്രകണ്ട് കുറവു വരുന്നുവോ അത്രകണ്ട് അവൻ അല്ലാഹുവിൽനിന്നകലെയാണ്. എന്നാൽ, അല്ലാഹു പറഞ്ഞതു പ്രകാരമുള്ള ലയനമാണെങ്കിൽ പിന്നെ അവന്റെ ഈമാന് അളവില്ല. അവനെ പിന്തുണച്ചുകൊണ്ട് അല്ലാഹു പറയുന്നു: *മൻ ആദ ലീ വലിയ്യൻ ഫഖദ് ആദൻതുഹൂ ബിൽഹർബി*(അൽഹദീഥ്) എന്റെ വലിയ്യോടു പോരാടുന്നവൻ എനിക്കെതിരെ പോരാടുന്നവനാണ്. മുത്തഖിയുടെ സ്ഥാനം എത്രമാത്രം ഉന്നതമാണെന്ന് ഇനി നിങ്ങൾ നോക്കുക. അവന്റെ സാമീപ്യം അല്ലാഹുവിന്റെ തിരുസന്നിധിയിൽ എന്താണെന്നുവെച്ചാൽ, അവനെ ബുദ്ധിമുട്ടിക്കുകയെന്നാൽ അത് അല്ലാഹുവിനെ ബുദ്ധിമുട്ടിക്കലായിത്തീരുന്നു. ആ സ്ഥിതിയിൽ അല്ലാഹു അവന്റെ എത്ര വലിയ സഹായിയായിരിക്കും?'' **(മൽഫൂദാത്ത് വാല്യം 1 പേജ് 8-10)**

# സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ദൈവദത്തമായ ഖുർആനിക ജ്ഞാനവും സേവനവും

**മാമൂനുർ റശീദ് തബ്‌രീസ്**
**നാഇബ് ഇൻചാർജ് ശുഅ്ബ താരീഖെ അഹ്മദിയ്യത്ത് ഖാദിയാൻ**

ഏതു കാര്യത്തോടാണോ മനുഷ്യന് സ്നേഹമുണ്ടാകുന്നത് അതിനെ സംബന്ധിച്ച് എല്ലാ രീതിയിലും സൂക്ഷ്മാന്വേഷണം നടത്തുക എന്ന കാര്യം മനുഷ്യപ്രകൃതിയിൽ അല്ലാഹു നിക്ഷേപിച്ചിരിക്കുന്നു. അതായത് അതിനെക്കുറിച്ച് തിരിച്ചറിവ് കരസ്ഥമാകണം. നമ്മൾ വിശുദ്ധ ഖുർആനിനെ കുറിച്ച് സംസാരിക്കുകയാണെങ്കിൽ, അതിനെക്കുറിച്ച് സ്നേഹത്തിന്റെ വാദമുന്നയിക്കുന്നവനും തീർച്ചയായും വിശുദ്ധ ഖുർആനിന്റെ ഓരോ വാക്കിലും ചിന്തിക്കുന്നവനും അവയിൽനിന്ന് ഈശ്വരീയ ജ്ഞാനത്തിന്റെ പോയന്റുകൾ പെറുക്കിയെടുക്കുന്നവനുമായിരിക്കും. പിന്നെ വിശുദ്ധ ഖുർആനോടു അവാച്യമായ സ്നേഹവും പരിശുദ്ധമായ ഹൃദയം ഉൾക്കൊള്ളുകയും ചെയ്യുന്ന ആൾക്കുമാത്രമെ ഖുർആനിക സേവനം ചെയ്യാൻ കഴിയുകയുള്ളു. അതുകൂടാതെ വിശുദ്ധ ഖുർആനിലുള്ള ആത്മീയജ്ഞാനങ്ങളുടെ കെട്ടഴിയുക എന്നത് അസംഭാവ്യമാണ്. ഈ അളവുകോലാണ് ഖുർആനിന്റെ പ്രേമിക്ക് വെച്ചിട്ടുള്ളത്. കാലം സാക്ഷിയാണ് സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ അളവുകോലനുസരിച്ച് ഖുർആനിന്റെ ഒരു സത്യവാനായ പ്രേമിയായിരുന്നു.

മാന്യ വായനക്കാരേ! പ്രേമം തലയിൽ കയറി പറയുന്നു, അവിടത്തെ ഖുർആനോടുള്ള പ്രേമത്തിന്റെ ഫലമായി മുസ്‌ലിമീങ്ങൾ ഇതുവരെ അറിയാതിരുന്ന വിശുദ്ധഖുർആനിന്റെ ജ്ഞാനങ്ങൾ നമുക്ക് അവിടന്ന് മുഖേന കരസ്ഥമായിരിക്കുന്നു. മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനത്തിൽ, മുസ്‌ലിഹ് മൗഊദ് മുഖേന ദൈവഗ്രന്ഥത്തിന്റെ സ്ഥാനം ജനങ്ങളിൽ പ്രകടമാകുമെന്ന് പറഞ്ഞിട്ടുണ്ട്. നമ്മൾ സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ജീവിതത്തിൽ ചിന്തിക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത് 20, 21 വയസ്സുള്ള ചെറു പ്രായത്തിൽത്തന്നെ അവിടന്ന് വിശുദ്ധ ഖുർആനിന്റെ ദറസ് നല്കാൻ തുടങ്ങിയിരുന്നു. അദ്ദേഹത്തിന്റെ സംബോധിതർ അക്കാലത്തെ ആദരണീയരായ ജലീലുൽഖദ്ർ സ്വഹാബത്തായിരുന്നു. അവരിൽ വിശുദ്ധ ഖുർആനിന്റെ ജ്ഞാനികളും ഇന്ത്യയിലെ വലിയ വലിയ മതപാഠശാലകളിൽനിന്ന് പഠിച്ചിറങ്ങിയ മഹത്തുക്കളുമുണ്ടായിരുന്നു. അത്തരം സ്വഹാബാക്കളുടെ സാന്നിധ്യത്തിൽ സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) 1910-ൽ വിശുദ്ധ ഖുർആനിന്റെ ദറസ് നല്കാൻ തുടങ്ങി. 1913-ന്റെ മധ്യത്തിൽ അവിടന്ന് ദിവസത്തിൽ രണ്ടുതവണ ദറസ് നല്കാൻ തുടങ്ങി. അന്ന് അദ്ദേഹത്തിന്റെ പ്രായം 23-നോടടുത്തായിരുന്നു. അവിടന്ന് സ്വുബ്ഹി നമസ്കാരത്തിനുശേഷവും ളുഹ്റിനുശേഷവും ദറസ് കൊടുക്കാറുണ്ടായിരുന്നു.(സവാനെഹെ ഫള്‌ലെ ഉമർ, വാല്യം 1, പേജ് 301, പ്രസാധനം ഖാദിയാൻ 2005)

അദ്ദേഹം ആദ്യത്തെ ജുമുഅ ഖുത്വ്ബ നല്കിയത് 1910 ജൂലായ് 29-ന് ഖലീഫത്തുൽമസീഹ് ഔവ്വൽ(റ)ന്റെ ജീവിതകാലത്തായിരുന്നു. ഇതിൽ അദ്ദേഹം *ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി വൽ ഇഹ്സാനി*യുടെ തനിപ്പുത്തനും ഈമാൻ ദൃഢീകരിക്കുന്നതുമായ വ്യാഖ്യാനം നല്കി.

ഇന്ത്യയിലെ പേരുകേട്ട ആലിമും സൂക്ഷ്മനിരീക്ഷകനുമായ മൗലാനാ അബ്ദുൽമാജിദ് ദരിയാബാദി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെ കുറിച്ച് എഴുതുന്നു: ''ഖുർആനിന്റേയും ഖുർആനിന്റെ ജ്ഞാനങ്ങളുടേയും പ്രചാരണവും ഇസ്‌ലാമിനെ ആഗോളതലത്തിൽ വിജയിപ്പിക്കുന്നതിനുള്ള തബ്‌ലീഗിലും ഏതൊരു ശ്രമമാണോ അദ്ദേഹം അത്യുത്സാഹത്തോടും ദൃഢനിശ്ചയത്തോടുംകൂടി തന്റെ സുദീർഘമായ ആയുസ്സിൽ തുടർന്നുകൊണ്ടുവന്നതിന് അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നല്കുമാറാകട്ടെ. വൈജ്ഞാനികമായ നിലയിൽ ഖുർആനികമായ യാഥാർഥ്യത്തിന്റേയും ഈശ്വരീയജ്ഞാനങ്ങളുടേയും ഏതൊരു വ്യാഖ്യാനവും വിവരണവും തർജമയുമാണോ അദ്ദേഹം ചെയ്തുംവച്ച് പോയത് അതിനും ഒരു ഉദാത്തവും വ്യതിരിക്തവുമായ നിലയുണ്ട്.''(സവാനെഹ് ഫള്‌ലെ ഉമർ, വാല്യം 3, പേജ് 168)

ഖുർആനിന്റെ സേവനത്തിൽ അവിടത്തെ അഭിമാനത്തിന് നിദാനമായ തഫ്സീർ, ''തഫ്സീറെ കബീറും തഫ്സീറെ സ്വഗീറും''എന്ന പേരിൽ അഹ്മദിയ ലോകത്ത് അറിയപ്പെടുന്നു. മറ്റുള്ളവരുടെ നാവിനേയും അദ്ദേഹത്തെ സ്തുതിക്കുന്നതിനുള്ള വാചകങ്ങൾ പുറപ്പെടുവിക്കുന്നതിന് പ്രേരിപ്പിക്കുന്നു. ഇന്ത്യയിലെ സുപ്രസിദ്ധ സാഹിത്യപണ്ഡിതൻ അല്ലാമ നിയാസ് ഫതഹ്പൂരി സാഹിബ് തഫ്സീറെ കബീർ വായിച്ചപ്പോൾ അദ്ദേഹത്തിന്റെ ചിന്തകളും വികാരങ്ങളും കുറച്ച് ഇങ്ങനെ ആയിരുന്നു:

മർഹൂമും മഗ്ഫൂറുമായ അല്ലാമ നിയാസ് ഫതഹ്പൂരിയുടെ വായനയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ സൂറ ഹൂദിന്റെ തഫ്സീർ വന്നപ്പോൾ അദ്ദേഹം അനിയന്ത്രിതനാകുകയും വജ്ദ് അഥവാ ആനന്ദാതിരേകാവസ്ഥയിൽ അദ്ദേഹം പരസ്യമായി അത് ഇങ്ങനെ പ്രകടിപ്പിക്കുകയും ചെയ്തു:

''തഫ്സീറെ കബീർ വാല്യം 3 ഈയിടെയായി എന്റെ മുമ്പിലുണ്ട്. ഞാൻ അതിനെ വലിയ അഗാധദൃഷ്ടിയോടെ നോക്കിക്കൊണ്ടിരിക്കുകയാണ്. ഖുർആൻ വായനയുടെ തികച്ചും പുതിയൊരു ചിന്താ കോണം അദ്ദേഹം ഉണ്ടാക്കിയിരിക്കുന്നുവെന്നതിൽ സംശയമില്ല. ഈ തഫ്സീർ അതിന്റെ രീതിയുടെ അടിസ്ഥാനത്തിൽ തികച്ചും ആദ്യത്തെ തഫ്സീറാണ്. ഇതിൽ ബുദ്ധിയേയും അനുകരണത്തേയും വളരെ മനോഹരമായി ഒരേ അഭിപ്രായമായി കാണിക്കപ്പെട്ടിരിക്കുന്നു. അങ്ങയുടെ സ്വന്തമായ വിജ്ഞാനവും അങ്ങയുടെ ദീർഘവീക്ഷണവും അങ്ങയുടെ അസാധാരണമായ ചിന്തയും വിവേകവും അങ്ങയുടെ മനോഹരമായ വാദവും അതിന്റെ ഓരോരോ വാക്കിൽനിന്നും പ്രകടമാണ്. ഞാനെന്തുകൊണ്ട് ഈ നേരത്ത് ഇതറിയാതെ പോയി എന്നതിൽ എനിക്ക് വിഷമമുണ്ട്. അഹോകഷ്ടം! അതിന്റെ എല്ലാ വാല്യങ്ങളും എനിക്കു കാണാൻ കഴിഞ്ഞിരുന്നെങ്കിൽ! ഇന്നലെ സൂറ ഹൂദിന്റെ തഫ്സീറിൽ ഹദ്റത്ത് ലൂത്വിന്റെ മേലുള്ള അങ്ങയുടെ ചിന്താഗതികൾ മനസ്സിലാക്കി മനസ്സ് ഞെട്ടിപ്പോയി. അനിയന്ത്രിതമായ ഈ കത്തെഴുതാൻ നിർബന്ധിതനായി. അങ്ങ് ഹാ ഉലാഇ ബനാത്തീ എന്നതിന്റെ തഫ്സീറെഴുതിക്കൊണ്ട് സാധാരണ വ്യാഖ്യാതാക്കളിൽനിന്ന് വേറിട്ട് സ്വീകരിച്ച വശം അതിനെ പ്രശംസിക്കുക എന്നത് എന്റെ കഴിവിൽ പെട്ടതല്ല. അല്ലാഹു അങ്ങയെ ദീർഘകാലം സലാമത്ത് വെക്കുമാറാകട്ടെ.''(കയശറ പേജ് 163)

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന് അല്ലാഹുവിന്റെ പ്രവചനങ്ങളനുസരിച്ച് വിശുദ്ധ ഖുർആനിന്റെ ജ്ഞാനം അല്ലാഹു പഠിപ്പിച്ചു. ചെറുപ്പന്നെ മുതൽ തന്നെ അദ്ദേഹത്തെ ഖുർആനിക ജ്ഞാനങ്ങൾ പഠിപ്പിക്കുന്നത് അല്ലാഹു തുടങ്ങിക്കഴിഞ്ഞിരുന്നു. സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്നെ പറയുന്നു:

''ഞാൻ ചെറിയ കുട്ടി തന്നെയായിരുന്നു. ഞാൻ സ്വപ്നത്തിൽ കിഴക്കോട്ടു മുഖം തിരിച്ചു നില്ക്കുന്നത് കണ്ടു. എന്റെ മുമ്പിൽ വിശാലമായൊരു മൈതാനമുണ്ട്. ആ മൈതാനത്ത് പാത്രം കൂട്ടിമുട്ടിക്കുമ്പോഴുണ്ടാകുന്നതുപോലെ ഒരു ശബ്ദമുണ്ടായി. ഈ ശബ്ദം അന്തരീക്ഷത്തിൽ പരന്നുകൊണ്ടുപോയി. അതെല്ലാം അന്തരീക്ഷത്തിൽ പരന്നു കഴിഞ്ഞതുപോലെ തോന്നി. അതിനുശേഷം ആ ശബ്ദത്തിന്റെ മധ്യഭാഗം രൂപാകൃതി പ്രാപിക്കാൻ തുടങ്ങി. അതിലൊരു ഫ്രെയിം വെളിപ്പെടാൻ തുടങ്ങി. ഫോട്ടോകളുടെ ഫ്രെയിംപോലെ. പിന്നീട് ആ ഫ്രെയിമിൽ കുറച്ച് നേർത്ത നിറങ്ങൾ ഉണ്ടാകാൻ തുടങ്ങി. അവസാനം ആ നിറം തെളിഞ്ഞ് ഒരു ചിത്രമായിത്തീർന്നു. ആ ചിത്രത്തിൽ ചലനമുണ്ടായി. അത് ജീവനുള്ള അസ്തിത്വമായി തീർന്നു. അതൊരു മലക്കാണെന്ന് ഞാൻ വിചാരിച്ചു. ആ മലക്ക് എന്നെ സംബോധന ചെയ്തു. മലക്ക് എന്നോടു, ഞാൻ നിന്നെ സൂറ ഫാത്തിഹായുടെ തഫ്സീർ പഠിപ്പിക്കട്ടെ? എന്ന് ചോദിച്ചു. അങ്ങ് എന്നെ തീർച്ചയായും പഠിപ്പിച്ചാലുമെന്ന് ഞാൻ പറഞ്ഞു. പിന്നീട് ആ മലക്ക് എന്നെ സൂറ ഫാത്തിഹായുടെ തഫ്സീർ പഠിപ്പിക്കാൻ തുടങ്ങി. അങ്ങനെ *ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ*വരെ എത്തി. അവിടെയെത്തിയിട്ട് അദ്ദേഹം എന്നോടു പറഞ്ഞു: ഈ സമയംവരെ എത്രത്തോളം തഫ്സീർ എഴുതിക്കഴിഞ്ഞുവോ അത് ഈ ആയത്തുവരെയാണ്. അതിനുശേഷമുള്ള ആയത്തുകളുടെ ഒരു തഫ്സീറും ഇതുവരെ എഴുതപ്പെട്ടിട്ടില്ല. പിന്നീട് അദ്ദേഹം എന്നോടു ചോദിച്ചു, അതിനുശേഷമുള്ള ആയത്തുകളുടെ തഫ്സീറും ഞാൻ നിന്നെ പഠിപ്പിക്കട്ടെയോ? ഹാ, എന്ന് ഞാൻ പറഞ്ഞു. അപ്പോൾ മലക്ക് എന്നെ *ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീമി*ന്റേയും അതിനുശേഷമുള്ള ആയത്തുകളുടേയും തഫ്സീർ പഠിപ്പിക്കാൻ തുടങ്ങി. അത് അവസാനിച്ചു കഴിഞ്ഞപ്പോൾ എന്റെ കണ്ണ് തുറന്നു. എന്റെ കണ്ണ് തുറന്നപ്പോൾ ആ തഫ്സീറിന്റെ ഒന്നു രണ്ട് കാര്യങ്ങൾ എനിക്ക് ഓർമയുണ്ടായിരുന്നു. പക്ഷേ, അതിനുശേഷം ഞാനുടനെ ഉറങ്ങിപ്പോയി. ഉണർന്നപ്പോൾ തഫ്സീറിന്റെ ഒരു ഭാഗവും ഓർമ ഉണ്ടായിരുന്നില്ല. അതിന് കുറച്ചുകാലം കഴിഞ്ഞപ്പോൾ എനിക്ക് ഒരു മജ്‌ലിസിൽ ഈ സൂറത്തിനെ കുറിച്ച് കുറച്ച് സംസാരിക്കേണ്ടിവന്നു. അതിന്റെ പുതിയപുതിയ അർഥങ്ങൾ എന്റെ ബുദ്ധിയിൽ ഇറങ്ങിക്കൊണ്ടിരിക്കുന്നതായി ഞാൻ കണ്ടു. മലക്ക് തഫ്സീർ പഠിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം ഇതാണെന്ന് ഞാൻ മനസ്സിലാക്കി. അങ്ങനെ ആ സമയം മുതൽ ഇന്നുവരെ എപ്പോഴും ഈ സൂറത്തിന്റെ പുതിയ പുതിയ അർഥങ്ങൾ എന്നെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിൽനിന്ന് നൂറുക്കണക്കിന്, ഞാൻ വിവിധ ഗ്രന്ഥങ്ങളിൽ എഴുതുകയും പ്രസംഗങ്ങളിൽ വിവരിക്കുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്. എന്നിട്ടും ആ ഖജനാവ് കാലിയായില്ല. ''(തഫ്സീറെ കബീർ, സൂറ ഫാത്തിഹ, പേജ് 6)

മറ്റൊരു അവസരത്തിൽ അവിടന്ന് പറഞ്ഞു: ''അല്ലാഹു അവന്റെ കൃപകൊണ്ട് മലക്കുകളെ എന്നെ പഠിപ്പിക്കുന്നതിനുവേണ്ടി അയച്ചു. ഒരു മനുഷ്യന്റേയും വിചാരത്തിലും ചിന്തയിലും വരാത്തതായ വിശുദ്ധ ഖുർആനിന്റെ ജ്ഞാനങ്ങൾ എനിക്കു പറഞ്ഞുതന്നു. അല്ലാഹു എനിക്കു പ്രദാനം ചെയ്ത ആ ജ്ഞാനവും എന്റെ നെഞ്ചകങ്ങളിൽ നിർഗളിച്ച ആ ഉറവയും ഭാവനാത്മകമോ അനുമാനപരമോ അല്ല. അത് എത്രമാത്രം ദൃഢഗാഢവും ഉറപ്പുള്ളതുമാണെന്നാൽ ഞാൻ മുഴുവൻ ലോകത്തേയും വെല്ലുവിളിക്കുകയാണ്, ഈ ലോകത്തിന്റെ മറയിൽ, അല്ലാഹുവിൽനിന്ന് തനിക്ക് ഖുർആൻ പഠിപ്പിക്കപ്പെട്ടു എന്നു വാദിക്കുന്ന ഏതെങ്കിലും വ്യക്തിയുണ്ടെങ്കിൽ ഞാൻ ഏതുനേരവും അയാളുമായി മത്സരിക്കാൻ തയ്യാറാണ്. പക്ഷേ, അല്ലാഹുവിൽനിന്ന് വിശുദ്ധ ഖുർആൻ പഠിപ്പിക്കപ്പെട്ട ഒരു വ്യക്തിയും ഈ ലോകത്തില്ലെന്ന് എനിക്ക് അറിയാം.''(സവാനെഹ് ഫള്‌ലെ ഉമർ, വാല്യം 3, പേജ് 138)

അല്ലാഹു അദ്ദേഹത്തിനു നല്കിയ ഖുർആനിന്റെ ആത്മീയ ജ്ഞാനത്തോടൊപ്പം അഹ്മദിയ്യത്തിന്റെ എതിരാളികളെ തഫ്സീർ എഴുതാൻ അദ്ദേഹം വെല്ലുവിളിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: 'വരിക! മുഖാമുഖം ഇരുന്നുകൊണ്ട് വിശുദ്ധ ഖുർ

**(ശേഷം പേജ് 21ൽ)**

# മക്കാവിജയം!

## ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ തൂലികയിലൂടെ

ഏർപ്പാടുകളെല്ലാം വളരെ ബുദ്ധിപൂർവകമായിരുന്നു. മുസ്‌ലിമീങ്ങൾ മക്കയിൽവെച്ച് മർദ്ദിക്കപ്പെട്ട നാളിൽ ഹദ്റത്ത് ബിലാലിനെ അദ്ദേഹത്തിന്റെ കാലിനു കയറിട്ടുകെട്ടി തെരുവുവീഥികളിലൂടെ മക്കക്കാർ വലിച്ചിഴച്ചിട്ടുണ്ടായിരുന്നു. മക്കാപട്ടണം ഹദ്റത്ത് ബിലാലിന് ശാരീരികമായ പീഡനങ്ങളും അവഹേളനങ്ങളും അപമാനങ്ങളുമല്ലാതെ രക്ഷ നൽകിയിരുന്നില്ല. ഈ വിമോചനനാളിൽ ഹദ്റത്ത് ബിലാലിന്റെ ഹൃദയം എത്രമാത്രം പ്രതികാരബദ്ധമായിരുന്നിരിക്കണം? അദ്ദേഹം അനുഭവിക്കേണ്ടി വന്ന ആ കിരാതമർദ്ദനങ്ങൾക്കെല്ലാം പ്രതിക്രിയ ചെയ്തു കൊള്ളാൻ അനുവദിക്കപ്പെടേണ്ടിയിരുന്നില്ലേ? അതെ, ഇസ്‌ലാം അനുവദിക്കുന്ന സീമകൾക്കുള്ളിൽ മാത്രം! ആകയാൽ, തന്റെ പഴയ മർദ്ദകരുടെ നേർക്കു വീശുവാനുള്ള വാൾ പുറത്തേക്കെടുക്കാൻ തിരുമേനി ബിലാലിനോടാവശ്യപ്പെട്ടില്ല. അതു അനിസ്‌ലാമികമാകുമായിരുന്നു. അതിനുപകരം ബിലാലിന്റെ സഹോദരന്റെ കൈയിൽ ഇസ്‌ലാമിക പതാക നൽകുകയും അദ്ദേഹത്തെ മൃഗീയമായി ഭേദ്യം ചെയ്ത മക്കക്കാരായ മർദ്ദകർക്കെല്ലാം ആ കൊടിക്കുകീഴിൽ രക്ഷയും സമാധാനവും വാഗ്ദാനം ചെയ്യാൻ ഹദ്റത്ത് ബിലാലിനെ ചുമതലപ്പെടുത്തുകയും ചെയ്തു. അതാണ് പ്രതികാരം! സ്വസഹോദരൻ കൈയിലേന്തിയ കൊടിക്ക് കീഴിൽ ശത്രുക്കളെയെല്ലാം രക്ഷയിലേക്കും സമാധാനത്തിലേക്കും ക്ഷണിച്ചുകൊണ്ട്, ഹദ്റത്ത് ബിലാൽ(റ) അതാ മക്കയിലൂടെ മാർച്ചു ചെയ്യുന്നു! അദ്ദേഹത്തിന്റെ പ്രതികാരവാഞ്ഛ ഇപ്പോൾ കെട്ടടങ്ങിക്കാണും! മക്കക്കാരെ രക്ഷയിലേക്ക് ക്ഷണിച്ചുകൊണ്ട് മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കെ വിജൃംഭിതമായ വികാരവായ്പിൽ ആ പ്രതികാരബോധം അലിഞ്ഞലിഞ്ഞു അപ്രത്യക്ഷമായിട്ടുണ്ടാവും!

മുസ്‌ലിമീങ്ങൾ മക്കയിലേക്ക് മാർച്ച് ചെയ്തുകൊണ്ടിരിക്കുമ്പോൾ, മുസ്‌ലിം സൈന്യത്തിന്റെ മാർച്ച്പാസ്റ്റ് നല്ലവണ്ണം നോക്കിക്കാണാൻ കഴിയുന്ന ഒരു സ്ഥാനത്ത് അബൂസുഫിയാനെയും സ്നേഹിതരെയും നിറുത്തുന്നതിന് നബി(സ) തിരുമേനി അബ്ബാസിനോട് കൽപിച്ചിരുന്നു. അബ്ബാസ്(റ) അപ്രകാരം ചെയ്തു. ആരുടെ ബലത്തിന്മേലാണോ മക്കക്കാർ ഇക്കാലമത്രയും ഇസ്‌ലാമിനെതിരെ നിരന്തരഗൂഢാലോചനകളിൽ ഏർപ്പെട്ടുകൊണ്ടിരുന്നത്, അതേ അറബ് ഗോത്രങ്ങൾ മാർച്ചു ചെയ്യുന്നത് അബൂസുഫിയാനും കൂട്ടാളികളും ആ കേന്ദ്രത്തിൽ നിന്നുകൊണ്ട് വീക്ഷിച്ചു. അന്നേദിവസം അവർ മാർച്ചു ചെയ്തതു അവിശ്വാസികളുടെ പട്ടാളക്കാരായിട്ടല്ല, വിശ്വാസിഭടന്മാരായിട്ടായിരുന്നു. അന്നേ ദിവസം അവരുയർത്തിയ മുദ്രാവാക്യങ്ങൾ വിഗ്രഹാരാധക മുദ്രാവാക്യങ്ങളല്ല, ഇസ്‌ലാമിക മുദ്രവാക്യങ്ങളായിരുന്നു. അന്നേ ദിവസം അവരണിയണിയായി മുന്നോട്ടു നീങ്ങിയത് നബി(സ)തിരുമേനിയുടെ ജീവിതത്തിന് വിരാമമിടാനല്ല, ആ പുണ്യപൂമാന്റെ ജീവനെ രക്ഷിക്കുന്നതിനുവേണ്ടി തങ്ങളുടെ ജീവൻ കുരുതികൊടുക്കാനായിരുന്നു. നബി(സ) തിരുമേനിയുടെ ചോരയൊഴുക്കാനല്ല, ആ മഹാത്മാവിനുവേണ്ടി തങ്ങളുടെ ചെഞ്ചോര ചൊരിയുവാനായിട്ടായിരുന്നു. നബി(സ)തിരുമേനിയുടെ സന്ദേശം പരക്കുന്നതിനെ തടയുകയും അറബ് ഐക്യനിരയെ ശക്തിപ്പെടുത്തുകയും ആയിരുന്നില്ല അവരുടെ ഉന്നം. ഇക്കാലമത്രയും തങ്ങൾ എതിർക്കുകയും അടിച്ചമർത്താൻ പാടുപെടുകയും ചെയ്ത അതേ സന്ദേശത്തെ ദിഗന്തങ്ങളിൽ മാറ്റൊലി കൊള്ളിക്കാനുള്ള ആവേശത്തിമർപ്പായിരുന്നു അന്നവരിൽ കാണപ്പെട്ടിരുന്നത്. മനുഷ്യജാതിയുടെ ഐക്യവും ഏകത്വവും ലോകത്ത് സ്ഥാപിക്കുകയായിരുന്നു അവരുടെ ലക്ഷ്യം!

ആ കാലാൾപ്പട അടിവെച്ചടിവെച്ചു മുന്നോട്ടു നീങ്ങി. ഒടുവിൽ, അശ്ജാഗോത്രക്കാർ അബൂസുഫിയാനിന്റെ ദൃഷ്ടിപഥത്തിലൂടെ നീങ്ങിത്തുടങ്ങി. ഭക്തിയും ആത്മത്യാഗപരമായ ആവേശവും അവരുടെ മുഖകമലങ്ങളിൽ പ്രതിഫലിച്ചിരുന്നു. അവരുയർത്തിയ മുദ്രാവാക്യങ്ങളിലും അവർ പാടിയ സമരഗാനങ്ങളിലും അതു പ്രകടമായിരുന്നു.

''ഇവർ ഏതാണ്?'' അബൂസുഫിയാൻ ചോദിച്ചു.

''അശ്ജാ ഗോത്രക്കാർ!''

അത്ഭുതപരതന്ത്രനായ അബൂസുഫിയാൻ പറഞ്ഞു: ''മുഹമ്മദിനോടു ഇവരോളം ശത്രുത പുലർത്തിയിരുന്നവർ ഈ അറബ് നാട്ടിൽ മറ്റൊരു ഗോത്രക്കാരുമുണ്ടായിരുന്നില്ല.''

''ദൈവാനുഗ്രഹമാണത്! സമയമെത്തിയപ്പോഴേക്കും അല്ലാഹു ഇസ്‌ലാമിന്റെ ശത്രുക്കളുടെ ഹൃദയങ്ങളിൽ പരിവർത്തനമുണ്ടാക്കി.'' അബ്ബാസ് ചൂണ്ടിക്കാട്ടി.

ഒടുവിലായി, അതാ നബി(സ)തിരുമേനി എഴുന്നെള്ളുന്നു! അൻസ്വാറും മുഹാജിറുകളും തിരുദൂതരുടെ ചുറ്റിലും അണിനിരന്നിരിക്കുകയാണ്. പോർച്ചട്ടകളണിഞ്ഞ ആ പടയാളികൾ രണ്ടായിരത്തോളമുണ്ടാകും. അവരെ നയിച്ചിരുന്നത് പുരുഷകേസരിയായ ഹദ്റത്ത് ഉമർ(റ)! ആ കാഴ്ച ആനന്ദപ്രദവും ഹൃദയഹാരിയുമായിരുന്നു. ആ മുസ്‌ലിമീങ്ങളിൽ ഭക്തിവിശ്വാസങ്ങളും നിശ്ചയദാർഢ്യവും ആവേശവും നിറഞ്ഞു തുളുമ്പി. അബൂസുഫിയാൻ ആ കാഴ്ച കണ്ടമ്പരന്നു പോയി!

''ഇവരേതാണ്?'' അബൂസുഫിയാൻ ചോദിച്ചു.

''അൻസ്വാറും മുഹാജിരീങ്ങളും. അവർ തിരുദൂതർക്ക് അകമ്പടി സേവിക്കുകയാണ്.'' അബ്ബാസ്(റ) മറുപടി നൽകി.

അബൂസുഫിയാൻ പ്രസ്താവിച്ചു:

''ലോകത്ത് ഒരു ശക്തിക്കുംതന്നെ ഇവരെ കീഴ്പ്പെടുത്താൻ കഴിയുകയില്ല. അബ്ബാസ്! ഭവാന്റെ സഹോദരപുത്രൻ ലോകത്തുവെച്ച് ഏറ്റവും പ്രതാപമുള്ള രാജാവായിത്തീർന്നിരിക്കുന്നു!''

''അബൂസുഫിയാൻ, അപ്പറഞ്ഞതു ശരിയല്ല! അദ്ദേഹം രാജാവല്ല, ഒരു പ്രവാചകനാണ്. ദൈവദൂതൻ!'' അബ്ബാസ്(റ) തിരുത്തിക്കൊടുത്തു.

''അതെയതെ, താങ്കൾ പറഞ്ഞപോലെ തന്നെ! ഒരു പ്രവാചകൻ; രാജാവല്ല!'' അബൂസുഫിയാൻ സമ്മതിച്ചു.

മുസ്‌ലിം സൈന്യം മാർച്ചു ചെയ്തുകൊണ്ടിരിക്കെ അൻസ്വാറിന്റെ ഒരു സേനാനായകനായ സഅ്ദ്ബിൻ ഉബാദാ, അബൂസുഫിയാൻ സൈന്യവ്യൂഹത്തെ വീക്ഷിച്ചു കൊണ്ടിരിക്കുന്നതു കണ്ടു. ബലം പ്രയോഗിച്ച് മക്കയിൽ പ്രവേശിക്കുവാൻ തങ്ങൾ അനുവദിക്കപ്പെട്ടിരിക്കുന്നുവെന്നും ഖുറയ്ശികൾ എളിമയിലാകാൻ പോകുന്നുവെന്നും സഅ്ദ് തദവസരത്തിൽ പറഞ്ഞുപോയി.

നബി(സ)തിരുമേനി അടുത്തെത്തിയപ്പോൾ അബൂസുഫിയാൻ ഉച്ചത്തിൽ വിളിച്ചു ചോദിച്ചു. ''അങ്ങ് അവിടത്തെ ഭ്രാതൃജനത്തെ കൂട്ടക്കൊല ചെയ്യാൻ അനുവദിച്ചിരിക്കുകയാണോ? അൻസ്വാറിന്റെ സൈന്യനായകനായ സഅ്ദ് അപ്രകാരം പറയുന്നത് കേട്ടല്ലോ. ഇന്നു കൊലദിനമാണെന്ന് അവർ പറയുന്നു. മക്കയുടെ പവിത്രതയെ ഗൗനിക്കാതെ തങ്ങൾ ചോരയൊഴുക്കുമെന്നും ഖുറയ്ശികളെ എളിമയിലാക്കുമെന്നും അവർ പറയുന്നു. അല്ലയോ പ്രവാചകരേ, അങ്ങ് ഏറ്റവും ബഹുമാന്യനാണ്. അങ്ങ് കാരുണ്യവാനാണ്; ധന്യനാണ്; അങ്ങയുടെ ജനം ചെയ്തുപോയ തെറ്റുകളെല്ലാം അങ്ങ് പൊറുക്കുകയും മറക്കുകയും ചെയ്യില്ലേ?''

അബൂസുഫിയാനിന്റെ അഭ്യർഥന ഫലിച്ചു! മക്കാനഗരത്തിലെ തെരുവീഥികളിൽവെച്ച് അവഹേളിക്കപ്പെടുകയും ഹിംസിക്കപ്പെടുകയും ചെയ്ത അതേ മുസ്‌ലിമീങ്ങൾ, മക്കക്കാരാൽ സ്വന്തം ഭവനങ്ങളിൽ നിന്ന് ആട്ടിയോടിക്കപ്പെടുകയും പൈശാചികമായി മർദ്ദിക്കപ്പെടുകയും ചെയ്ത അതേ മുസ്‌ലിമീങ്ങൾ, തങ്ങളുടെ ആ പഴയ മർദ്ദകരുടെ നേരെ കാരുണ്യവും അനുകമ്പയും ചൊരിയുകയായി!

അവർ പറഞ്ഞു: ''അല്ലയോ പ്രവാചകരേ, ഞങ്ങളോട് മക്കക്കാർ ചെയ്ത കൊടുംക്രൂരതകളെയും മർദ്ദനങ്ങളെയും കുറിച്ചറിഞ്ഞ അൻസ്വാർ പ്രതികാരത്തിനു ഒരുമ്പെട്ടേക്കാം; അവരെന്താണ് ചെയ്യുകയെന്നു ഞങ്ങൾക്ക് മനസ്സിലാകുന്നില്ല!''

നബി(സ)തിരുമേനി അബൂസുഫിയാനിന്റെ നേരെ തിരിഞ്ഞു കൊണ്ടുപറഞ്ഞു; ''സഅ്ദ് പറഞ്ഞത് തികച്ചും തെറ്റാണ്. ഇന്നു കൊലദിനമല്ല, ഇന്നു മാപ്പിന്റെ ദിവസമാകുന്നു! ഖുറയ്ശികളും കഅ്ബ ദേവാലയവും ദൈവത്താൽ ആദരിക്കപ്പെടും!''

പിന്നീടദ്ദേഹം സഅ്ദിനെ വിളിച്ചു വരുത്തുകയും അൻസ്വാറിന്റെ കൊടി സഅ്ദിന്റെ മകനായ ഖയ്സിന് ഏൽപിച്ചു കൊടുക്കാൻ കൽപ്പിക്കുകയും ചെയ്തു. (ഹിശാം, വാല്യം.2) ഇങ്ങനെ അൻസ്വാറിന്റെ നേതൃത്വം സഅ്ദിൽ നിന്ന് ഖയ്സിനു കിട്ടി. അതു ഒരു ബുദ്ധിപൂർവമായ നടപടിയായിരുന്നു. അതു മക്കക്കാരുടെ ക്ഷോഭവികാരങ്ങളെ അടക്കുകയും അൻസ്വാറിനെ നിരാശയിൽനിന്നു രക്ഷിക്കുകയും ചെയ്തു.

മുസ്‌ലിം സൈന്യം മാർച്ച് ചെയ്തുകൊണ്ടിരിക്കുമ്പോൾ അബൂസുഫിയാനോടു ഉടൻ മക്കയിലേക്ക് പുറപ്പെട്ടു കൊള്ളാനും അവിടെച്ചെന്നു നബി(സ)തിരുമേനി സമാഗതനായിരിക്കയാണെന്ന് പ്രഖ്യാപിക്കുകയും അവർക്കെല്ലാം രക്ഷ ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വിവരിച്ചു കൊടുക്കുകയും ചെയ്യാനും അബ്ബാസ്(റ) ആവശ്യപ്പെട്ടു. ഈ സമാധാനനിർദ്ദേശങ്ങളുമായി അബൂസുഫിയാൻ ദ്രുതഗതിയിൽ മക്കത്തെത്തി. എന്നാൽ, മുസ്‌ലിമീങ്ങളോട് ശത്രുത പുലർത്തുന്നതിൽ കുപ്രസിദ്ധയായിരുന്ന അബൂസുഫിയാനിന്റെ ഭാര്യ ഹിന്ദ് ആയിടയിൽ അദ്ദേഹത്തെ കണ്ടുമുട്ടി. ഇസ്‌ലാമിന്റെ നേരെ കഠിനമായ ശത്രുത പുലർത്തിയിരുന്നെങ്കിലും ഹിന്ദ് ധൈര്യവതിയായിരുന്നു. ഹിന്ദ് അബൂസുഫിയാനിന്റെ താടിരോമം പിടിച്ചു നിറുത്തുകയും ഭീരുവായ തന്റെ ഭർത്താവിനെ കൊന്നു കളയാൻ മക്കക്കാരോടു പറയുകയും ചെയ്തു. തങ്ങളുടെ നഗരത്തിന്റെ മാനത്തിനും രക്ഷക്കുംവേണ്ടി ജീവത്യാഗം ചെയ്യാൻ മക്കക്കാരെ പ്രേരിപ്പിക്കുന്നതിനു പകരം അബൂസുഫിയാൻ അവരെ സമാധാനത്തിലേക്ക് വിളിക്കുകയായിരുന്നല്ലോ!

പക്ഷേ, ഹിന്ദ് വിഡ്ഢി വേഷം കെട്ടുകയാണെന്നു അബൂസുഫിയാന് അറിയാമായിരുന്നു. അദ്ദേഹം പറഞ്ഞു, ''ആ കാലമെല്ലാം കഴിഞ്ഞുപോയി. വീട്ടിൽ പോയി വാതിലടച്ചു കൂടിക്കോളൂ. ഞാൻ മുസ്‌ലിംസൈന്യത്തെ കണ്ടവനാണ്. അറബ് രാജ്യം മുഴുവൻ ഒന്നിച്ചാലും ഇനി അവരെ ജയിക്കാനാവില്ല!''

മക്കക്കാർക്ക് രക്ഷ വാഗ്ദാനം ചെയ്തുകൊണ്ടുള്ള നബി(സ)തിരുമേനിയുടെ പ്രഖ്യാപനവും അതിനുള്ള ഉപാധികളും അബൂസുഫിയാൻ വിവരിച്ചു കൊടുത്തു. ഇതുകേട്ടപ്പോൾ മക്കക്കാർ നബി(സ)തിരുമേനി രക്ഷാസങ്കേതങ്ങളായി പ്രഖ്യാപിച്ച ഭവനങ്ങളിലേക്ക് ഓടിത്തുടങ്ങി. ഈ പ്രഖ്യാപനത്തിൽ 11 പുരുഷന്മാരെയും നാലു സ്ത്രീകളെയും ഒഴിച്ചു നിറുത്തിയിരുന്നു. അവർ ചെയ്ത കുറ്റങ്ങൾ വളരെ ഗുരുതരങ്ങളായിരുന്നു. നബി(സ)തിരുമേനിയിൽ വിശ്വസിച്ചില്ലെന്നതോ മുസ്‌ലിമീങ്ങൾക്കെതിരെയുള്ള യുദ്ധത്തിൽ പങ്കു

ചേർന്നുവെന്നതോ അല്ല, മറക്കാനും പൊറുക്കാനും കഴിയാത്ത വിധം പൈശാചിക ക്രൂരതകൾ പ്രവർത്തിച്ചു എന്നതായിരുന്നു അവരുടെ കുറ്റം. എന്നാൽ, അവരിൽ നാലു പേരെ മാത്രമെ കൊല്ലുകയുണ്ടായുള്ളൂ.

തങ്ങളോടു യുദ്ധം ചെയ്യുകയോ മക്കക്കാർ ആദ്യമായി ആക്രമണം നടത്തുകയോ ചെയ്യാത്തിടത്തോളം പട്ടാളക്കാരെ പൊരുതാനനുവദിക്കരുതെന്ന് ഖാലിദ് ബിൻ വലീദിനോടു നബി(സ) തിരുമേനി കൽപിച്ചിട്ടുണ്ടായിരുന്നു. എന്നാൽ, ഖാലിദ് പ്രവേശിച്ച ഭാഗത്തെ ജനങ്ങൾ നബി(സ) തിരുമേനിയുടെ സമാധാനപ്രഖ്യാപനത്തിലെ ഉപാധികൾ ശരിക്കും മനസ്സിലാക്കിയിരുന്നില്ല. ആ ഭാഗത്ത് നിലയുറപ്പിച്ചിരുന്ന മക്കക്കാരുടെ ഭടന്മാർ ഖാലിദിനെ എതിർക്കുകയും പോരിനു വിളിക്കുകയും ചെയ്തു. തുടർന്നുണ്ടായ സംഘട്ടനത്തിൽ പന്ത്രണ്ടോ പതിമൂന്നോ പേർ മരിച്ചു. (ഹിശാം, വാള്യം2, ഭാഗം.217) ഖാലിദ് ക്ഷിപ്രകോപിയായ ഒരാളായിരുന്നു. ആരോ നബി(സ)തിരുമേനിക്ക് ഈ വസ്തുത റിപ്പോർട്ടു ചെയ്യുകയും ഖാലിദിനെ തടയാനപേക്ഷിക്കുകയും ചെയ്തു. ഖാലിദ് യുദ്ധം നിറുത്തിയില്ലെങ്കിൽ മക്കക്കാർ മുഴുവനും കൂട്ടക്കൊലക്കിരയാകുമെന്നും അയാൾ പറഞ്ഞു.

നബി(സ)തിരുമേനി ഉടൻ ഖാലിദിനെ വിളിച്ചു വരുത്തി.

''യുദ്ധം ചെയ്യരുതെന്ന് ഞാൻ വിലക്കിയിരുന്നില്ലേ?'' നബി(സ)തിരുമേനി ചോദിച്ചു.

''അതെ അങ്ങ് വിലക്കിയിട്ടുണ്ട്. എന്നാൽ, ഇവർ ആദ്യം ഞങ്ങളെ ആക്രമിക്കുകയും ഞങ്ങളുടെ നേർക്ക് അമ്പെയ്യുകയുമുണ്ടായി. കുറച്ചു നേരം ഞാൻ അടങ്ങിയിരിക്കുകയും ഞങ്ങൾ യുദ്ധം ചെയ്യാനാഗ്രഹിക്കുന്നില്ലെന്ന് അവരെ അറിയിക്കുകയും ചെയ്തു. അവരതു കേൾക്കുകയോ ആക്രമണം നിറുത്തുകയോ ചെയ്തില്ല. ആകയാൽ, ഞാൻ പ്രത്യാക്രമണം നടത്തുകയും അവരെ പിരിച്ചയക്കുകയുമാണ് ചെയ്തത്.'' ഖാലിദ്(റ) പറഞ്ഞു. അന്നേ ദിവസമുണ്ടായ ഒരേ ഒരു അനഭിലഷണീയ സംഭവം ഇതായിരുന്നു. അങ്ങനെ ഒരു രക്തരഹിതവിപ്ലവത്തിലൂടെ മക്ക കീഴടക്കപ്പെട്ടു. മുഹമ്മദ് മുസ്തഫാ(സ) ജേതാവായി മക്കത്ത് പ്രവേശിച്ചു!

നബി(സ)തിരുമേനി എവിടെയാണ് തങ്ങുക എന്നു അവർ അന്വേഷിച്ചപ്പോൾ, 'അഖീലേ! എനിക്ക് താമസിക്കാൻ വല്ലൊരു വീടും ബാക്കിയായിട്ടുണ്ടോ?'' എന്നു നബി(സ)തിരുമേനി ചോദിച്ചു. അഖീൽ നബി(സ)തിരുമേനിയുടെ ഒരു പിതൃസഹോദരപുത്രനായിരുന്നു. നബി(സ)തിരുമേനി മദീനയിൽ അഭയാർഥിയായി താമസിക്കുന്ന കാലത്ത് അദ്ദേഹത്തിന്റെ സ്വത്തുക്കളെല്ലാം ബന്ധുക്കൾ വിറ്റുകളഞ്ഞിരുന്നു. തന്റേതെന്നവകാശപ്പെടാൻ തക്ക ഒരു വീടും ബാക്കിയുണ്ടായിരുന്നില്ല. നബി(സ)തിരുമേനി പറഞ്ഞു: ''ഞാൻ ഖീഫ് ബനീ കിനാനായിൽ തങ്ങും.'' ഇതു ഒരു തുറന്ന സ്ഥലമായിരുന്നു. നബി(സ)തിരുമേനിയെ തങ്ങളുടെ ഇഷ്ടത്തിനൊത്ത് പെരുമാറിക്കൊള്ളാൻ തങ്ങൾക്ക് വിട്ടുതരാത്ത പക്ഷം ബനൂ ഹാശിമുമായും ബനൂ അബ്ദിൽമുത്വലിബുമായും തങ്ങൾക്ക് ഒരു ഇടപാടുമില്ലെന്നു ഖുറയ്ശികളും ബനൂകിനാനാ ഗോത്രവും ഒരുമിച്ചുകൂടി പ്രതിജ്ഞ ചെയ്തതിവിടെവെച്ചായിരുന്നു! ബനൂ അബ്ദിൽ മുത്വലിബുമായും തങ്ങൾക്ക് ഒരു ഇടപാടുമില്ലെന്നും ഖുറയ്ശികളും ബനൂഹാശിമുമായും തങ്ങൾ ഒരുവിധ ക്രയവിക്രയവും നടത്തുന്നതല്ലെന്നും അവർ പ്രഖ്യാപിച്ചിരുന്നു. ഈ പ്രഖ്യാപനത്തെ തുടർന്നാണ് നബി(സ)തിരുമേനിയും പിതൃവ്യനായ അബൂത്വാലിബും കുടുംബവും നബിയുടെ അനുയായികളും മക്കക്കാരാൽ ബഹിഷ്ക്കരിക്കപ്പെടുകയും മൂന്നുകൊല്ലക്കാലം അബൂത്വാലിബ് താഴ്‌വാരത്തിൽ ഉപരോധിക്കപ്പെടുകയും ചെയ്തത്.

അതുകൊണ്ട് മക്കയിൽ തങ്ങുന്നതിന് നബി(സ) തിരുമേനി തിരഞ്ഞെടുത്ത ആ സ്ഥലം പ്രത്യേകം പ്രാധാന്യമുള്ളതായിരുന്നു. മുഹമ്മദിനെ തങ്ങൾക്കേൽപിച്ചു തരുന്നില്ലെങ്കിൽ അബൂത്വാലിബിന്റെ ഗോത്രവുമായി തങ്ങൾ സമാധാനത്തിൽ വർത്തിക്കുകയില്ലെന്ന് മക്കക്കാർ യോഗം ചേർന്നു പ്രമേയം പാസ്സാക്കിയത് അവിടെ വെച്ചായിരുന്നു. ഇന്നിതാ, നബി(സ)തിരുമേനി അതേ സ്ഥാനത്ത് വന്നു നിൽക്കുകയാണ്! അദ്ദേഹം മക്കക്കാരോട് ഇപ്രകാരം പറയുന്നതു പോലെ തോന്നി: ''ഇവിടെ ഞാൻ വരണമെന്നല്ലേ നിങ്ങൾ ആവശ്യപ്പെട്ടത്? ഇതാ ഞാൻ വന്നിരിക്കുന്നു! പക്ഷേ, നിങ്ങൾ ആഗ്രഹിച്ചതിൻ പ്രകാരമല്ല; നിങ്ങളുടെ ഒരിരയായും നിങ്ങളുടെ കാരുണ്യത്തിനും ദയക്കും വിധേയനായും ഞാനിവിടെ വരണമെന്നാണല്ലോ നിങ്ങൾ ആഗ്രഹിച്ചത്? പക്ഷേ, ഞാനിന്നു പ്രതാപശാലിയായി തിരിച്ചു വന്നിരിക്കുന്നു. എന്റെ ജനം മാത്രമല്ല, അറേബ്യരാജ്യം മുഴുവനും ഇന്നെന്നോടൊപ്പമാണ്. എന്നെ നിങ്ങൾക്ക് വിട്ടു തരണമെന്ന് നിങ്ങളെന്റെ ഗോത്രത്തോടാവശ്യപ്പെട്ടു. അതിനുപകരം നിങ്ങളെ അവർ എനിക്ക് ഏൽപിച്ചു തന്നിരിക്കുകയാണ്!''

ഈ വിജയദിനം ഒരു തിങ്കളാഴ്ചയായിരുന്നു. നബി(സ)തിരുമേനിയും അബൂബക്ർ സിദ്ദീഖും ഥൗർ ഗുഹയിൽനിന്നു മദീനയിലേക്ക് യാത്ര പുറപ്പെട്ടതും ഒരു തിങ്കളാഴ്ചയായിരുന്നു. അന്നേ ദിവസം ഥൗർ മലയിൽ നിന്നുകൊണ്ട് മക്കയെ നോക്കി നബി(സ)തിരുമേനി ഹൃദയം പൊട്ടുമാറ് ഇപ്രകാരം പറഞ്ഞു: ''അല്ലയോ മക്കാ! മറ്റേതൊരിടത്തേക്കാളും നീ എനിക്ക് പ്രിയങ്കരമാണ്. എന്നാൽ, നിന്റെ മക്കൾ എന്നെ ഇവിടെ ജീവിക്കാൻ അനുവദിക്കുന്നില്ല!'' നബി(സ)തിരുമേനി ഒട്ടകപ്പുറത്തേറിക്കൊണ്ടാണ് മക്കത്ത് പ്രവേശിച്ചത്. ഒട്ടകത്തിന്റെ ജീനിത്തുമ്പ് പിടിച്ചുകൊണ്ട് അബൂബക്ർ സിദ്ദീഖ്(റ) ഒപ്പം നടക്കുകയായിരുന്നു. നടന്നുകൊണ്ടിരിക്കെ അദ്ദേഹം ഖുർആനിലെ 'അൽഫതഹ്' എന്ന സൂറത്ത് ഓതിക്കൊണ്ടിരുന്നു. എത്രയോ കൊല്ലങ്ങൾക്ക് മുമ്പേ തന്നെ മക്കാവിജയത്തെ കുറിച്ച് ആ അധ്യായത്തിൽ പ്രവചനം ചെയ്യപ്പെട്ടിരിക്കുന്നു.(നബിയോം ക സർദാർ, തർജമ: എൻ അബ്ദുർറഹീം സാഹിബ്)

(പേജ് 19ൽനിന്ന്)

ആനിന്റെ ഏതെങ്കിലും ആയത്തിനോ റുക്കൂയിനോ തഫ്സീർ എഴുതുക. ആർക്കുവേണ്ടിയാണ് അല്ലാഹു ദൈവജ്ഞാനത്തിന്റേയും യാഥാർഥ്യങ്ങളുടേയും നദി ഒഴുക്കുന്നതെന്ന് നോക്കുക. ആർക്കാണ് അല്ലാഹു ജ്ഞാനങ്ങളുടെ സമുദ്രം പ്രദാനം ചെയ്യുന്നതെന്ന് നോക്കുക. ഞാൻ അവരുടെ ദൃഷ്ടിയിൽ ജാഹിലാണ്. അറിവില്ലാത്തവനാണ്. കുട്ടിയാണ്. അനുഭവമില്ലാത്തവനാണ്. അപ്പോൾപ്പിന്നെ ഞാനുമായി മത്സരിക്കാൻ അവർക്ക് എന്തു പ്രയാസമാണുള്ളത്? അവർ എന്തുകൊണ്ട് മൈതാനത്തിലെ പൗരുഷമുള്ളവനായിക്കൊണ്ട് അല്ലാഹുവിന്റെ ഗ്രന്ഥം മുഖേന തീരുമാനമെടുക്കുന്നില്ല. എന്തിനാണ് ഭീരുവായ കുറുക്കന്മാരെപോലെ മറഞ്ഞിരുന്ന ആക്രമിക്കുന്നത്?(തഖ്രീർ ജൽസ സാലാന 1919, മർത്തബ ശെയ്ഖ് റഹ്മത്തുല്ലാഹ് സാഹിബ്, പ്രസാധനം 1934, സെപ്റ്റംബർ)

എതിരാളികൾ അതിൽ തൃപ്തരല്ലാതായപ്പോൾ സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അവർക്ക് കൂടുതൽ എളുപ്പമാർഗം നിർദേശിച്ചു. അദ്ദേഹം പറഞ്ഞു:

''ഞാനും പല പ്രാവശ്യവും വെല്ലുവിളിച്ചിട്ടുണ്ട്. നറുക്കിട്ട് ഏതെങ്കിലും സ്ഥലം തിരഞ്ഞെടുക്കുക. ഇതിനു സമ്മതമല്ലെങ്കിൽ ഏതൊരു സ്ഥലമാണോ നിങ്ങൾക്ക് കൂടുതൽ സൗകര്യമായിട്ടുള്ളത് അവിടെപോയി എത്രകാലം വേണമെങ്കിലും ചിന്തിക്കുക. എന്നോടു പറയുകയും വേണ്ട. പിന്നീട് എന്റെ മുമ്പിൽവന്ന് അതിന്റെ തഫ്സീർ എഴുതുക. എന്നാൽ, ജ്ഞാനങ്ങളുടെ കവാടങ്ങൾ എന്നിലാണോ തുറക്കുന്നത് അതോ അവരിലാണോ തുറക്കുന്നതെന്ന് ലോകം പെട്ടെന്നു കാണുന്നതാണ്. എന്നാൽ, മുന്നിൽ വരാൻ ഒരുത്തനും ധൈര്യമുണ്ടായില്ല.''(അഖ്ബാർ അൽഫള്ൽ 1938 മാർച്ച് 7)

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), അദ്ദേഹത്തിന്റെ ആരോഗ്യം മിക്കപ്പോഴും മോശമായിരുന്നിട്ടും അതിസൂക്ഷ്മമായ ദൃഷ്ടികൊണ്ട് വിശുദ്ധ ഖുർആൻ വ്യാഖ്യാനിച്ചു. അത് ഖുർആനോടുള്ള പ്രേമമൊന്നു മാത്രമായിരുന്നു. അദ്ദേഹം ഖുർആനിക സേവനത്തിന്റെ ഈ മഹത്തായ പ്രവൃത്തി ചെയ്തു കാണിച്ചു. അദ്ദേഹത്തിന്റെ ദറസ്സുൽഖുർആനിന്റെ പരമ്പര തഫ്സീറെ കബീർ എന്ന പേരിൽ 10 വാല്യങ്ങളിൽ പ്രസിദ്ധീകരിച്ചു. ഇതിനു പുറമെ തഫ്സീറെ സ്വഗീർ എന്നപേരിൽ അവിടത്തെ വിശുദ്ധ ഖുർആനിന്റെ വചനാധിഷ്ഠിതമായ തർജമയും അവിടത്തെ ശ്ലാഘനീയമായ കർമമാണ്. അവിടന്ന് മുഖേന വിശുദ്ധ ഖുർആനിന്റെ തഫ്സീറിൽ പുതിയൊരു വർണം കാണാൻ കഴിഞ്ഞു. അവിടന്ന് വിശുദ്ധ ഖുർആനിന്റെ ആയത്തുകളെ സംബന്ധിച്ച് മുൻകഴിഞ്ഞ ഖുർആൻ വ്യാഖ്യാതാക്കൾക്കുണ്ടായ തെറ്റുകളും തിരുത്തുകയുണ്ടായി. തഫ്സീർ എഴുതുന്നതിന്നിടയിൽ മറ്റുള്ളവരുടെ ആക്ഷേപങ്ങൾക്ക് മറുപടി എഴുതുകയും അതിനെ ഖണ്ഡിക്കുകയും ചെയ്തു. ഇതു മാത്രമല്ല, അവിടന്നെഴുതിയ തഫ്സീറിൽ വിശദമായി സൂറത്തുകളുടേയും ആയത്തുകളുടേയും ക്രമീകരണത്തേയും അതിനു വിശുദ്ധ ഖുർആനിലെ മറ്റു സൂറത്തുകളും ആയത്തുകളുമായുള്ള ബന്ധവും വ്യക്തമാക്കുകയും ചെയ്തു. സൂറത്തിന്റേയും ആയത്തുകളുടേയും ഇറക്കത്തിന്റെ പശ്ചാത്തലവും ഖുർആനിക പ്രവചനങ്ങളുടെ വിശദമായ സ്മരണയും ആ പ്രവചനങ്ങൾ പൂർത്തിയായതിന്റെ വിശദീകരണവും ചരിത്രങ്ങൾ ഉദ്ധരിച്ചുകൊണ്ട് വിവരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഈ പ്രവൃത്തി ലോകം നിലനില്ക്കുവോളം മുസ്‌ലിമീങ്ങളുടെ ഹൃദയാന്തരങ്ങളിൽ സുസ്ഥിരമായി നിലനില്ക്കുന്നതായിരിക്കും. എപ്പോഴും എല്ലാ അഹ്മദികളുടേയും മനസ്സിൽനിന്ന് അദ്ദേഹത്തിനുവേണ്ടി ഈ ദുആ പുറപ്പെടുന്നതായിരിക്കും, മില്ലത്ത് കെ ഇസ്ഫിദാഇ പർ റഹ്മത്ത് ഖുദാ കരേ.

**ജബ് ഗുസർ ജായേംഗെ ഹം തുംപെ പഡേഗ സബ് ബാർ**
**സുസ്തിയാ തർക് കരോ താലിബെ ആരാമ് നഃ**

*''ഞങ്ങൾ ഇവിടെനിന്ന് കടന്നുപൊയ്ക്കഴിഞ്ഞാൽ എല്ലാ ഭാരവും നിങ്ങളിലായിരിക്കും വന്നു വീഴുക. അലസതകളെല്ലാം കൈവെടിയുക. ഭൗതികസുഖം അന്വേഷിച്ച് നടക്കുന്നവനാകാതിരിക്കുക.''*

*പ്രവൃത്തിയെടുത്ത് ശീലമില്ലെങ്കിൽ അതു ചെയ്യാൻ പ്രയാസമായിരിക്കും. ഉത്തരവാദിത്വം വരുമ്പോൾ അപ്പോൾ കാണാം എന്ന ചിന്ത തെറ്റാണ്. ഇന്നുമുതൽതന്നെ ദീനിനു സേവനം ചെയ്യാനുള്ള ശീലമുണ്ടാക്കുകയാണ് വേണ്ടത്.*

**- മുസ്‌ലിഹ് മൗഊദ്(റ)**

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**മെയ് 24, ഞായറാഴ്ച 2015**

**(ലക്കം 7-42-ൽനിന്ന് തുടർച്ച)**

ജേർണലിസ്റ്റ്: സ്റ്റേറ്റ് ഓഫ് ദ യൂണിയനിൽ നല്കിയ ഒരു പ്രഭാഷണത്തിൽ ഒബാമ പറഞ്ഞു: അന്തരീക്ഷ മാറ്റത്തേക്കാൾ നമ്മുടെ ഭാവിതലമുറക്ക് ഭീഷണിയായി മറ്റൊന്നുമില്ല. ഇതു സംബന്ധിച്ച് അങ്ങയുടെ വീക്ഷണമെന്താണ്?

ഹുദൂർ അൻവർ: അതിനുശേഷം ഒരു രാഷ്ട്രീയക്കാരനായ സെനറ്റർ മറ്റൊരു പ്രസ്താവന നടത്തിയിരുന്നു: അദ്ദേഹം പറഞ്ഞത് അതു ശരിയല്ലെന്നാണ്. ഇവർ അന്തരീക്ഷമാറ്റവും കൊണ്ടിരിക്കുകയാണ്. ഇപ്പോൾ അതിനേക്കാൾ വലിയ ഭീഷണി നിങ്ങൾ പരസ്പരം നടത്തുന്ന അക്രമമാണ്. അന്തരീക്ഷ മാറ്റത്തെ കുറിച്ച് ശാസ്ത്രജ്ഞരും അന്തരീക്ഷ വിദഗ്ധരും പറയുന്നത് കുറച്ച് വർഷങ്ങൾക്കുശേഷം പല ദശകങ്ങൾക്ക് ശേഷമാണ് മാറ്റമുണ്ടാവുക എന്നാണ്. നോർത്ത് പോളിലും ഇത്തരത്തിലുള്ള പ്രദേശങ്ങളിലും മറ്റും ഖനീഭവിച്ചിരിക്കുന്ന ഐസ് മുമ്പേയും സംഭവിച്ചതുപോലെ ഉരുകുന്നതായിരിക്കും. അതിനുശേഷം അത് വീണ്ടും ഖനീഭവിക്കാൻ തുടങ്ങി. അന്തരീക്ഷ മാറ്റം ഒരു സമസ്യ തന്നെയാണ്. എന്നാൽ, ഇതിന്റെ മറവിൽ അമേരിക്കയുടെ ലക്ഷ്യം എന്താണെന്ന് നോക്കുക. ഇവരുടെ ഓരോ പ്രസ്താവനയും കേവലം ഇതിൽമാത്രം പരിമിതമാക്കി വെക്കരുത്. ചിന്തിച്ചു നോക്കേണ്ടതാണ്. ഒരു തെളിവ് ഇവർ നല്കുന്നു. നിങ്ങൾ പുറന്തള്ളുന്ന കാർബൺ എമേഷൻ തുടങ്ങിയവ കാരണത്താൽ വളരെയധികം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. അന്തരീക്ഷത്തിൽ താപം വർധിച്ചുകൊണ്ടിരിക്കുന്നു. ഇതു കാരണത്താൽ ഓസോൺപാളികളിൽ വിള്ളലുകളുണ്ടാകുന്നു. അല്ലെങ്കിൽ പൊട്ടിപോയി. ഇപ്രകാരമുള്ള നീണ്ട കഥകൾ കേൾപ്പിക്കുകയും ഇതനുസരിച്ച് പ്രവർത്തിക്കാന് നമ്മളോട് പറയുകയും ചെയ്യുന്നു. കുറയ്ക്കുമെന്ന്, ഇന്ന് അമേരിക്ക വിളംബരപ്പെടുത്തുന്നുണ്ട്. എന്നാൽ ചൈന പറയുന്നത്, നിങ്ങളുടെ തന്ത്രം ഞങ്ങൾക്കറിയാമെന്നാണ്. നിങ്ങൾ പുരോഗതി കൈവരിച്ചു. ഞങ്ങളേക്കാൾ നൂറുവർഷം മുമ്പേ നിങ്ങളിതെല്ലാം അന്തരീക്ഷത്തിൽ തുറന്നു വിട്ടു. ഇനി ഞാൻ നൂറുവർഷംവരെ, ഈ സ്ഥാനത്തെത്താതുവരെ ഇത്രമാത്രം പുരോഗതി കൈവരിക്കുന്നതുവരെ, നിങ്ങൾക്കെതിരിൽവന്ന് നിങ്ങളെ വലിച്ച് താഴെയിടാത്തതുവരെ ഞാനിത് വിശ്വസിക്കുകയില്ല. ഇപ്പോൾ കുറ്റം നിങ്ങളുടേതായിരിക്കും. പിന്നീട് നൂറുവർഷത്തിനുശേഷം അത് ഞങ്ങളുടേതായിരിക്കും. യഥാർഥ കാര്യമെന്തെന്നാൽ, ഏതൊരു ലോകമാണോ develop ചെയ്തുകൊണ്ടിരിക്കുന്നത് അവർ develop ചെയ്യരുത്. നിങ്ങൾ അവരുടെ കീഴിൽതന്നെ ഇരിക്കുക. ചൈനയും ഇന്ത്യയും ഉയർന്നു വന്നാൽ തങ്ങളുടെ സമ്പത്ത് വ്യവസ്ഥിതി തകരുമെന്നാണ് അമേരിക്ക പറയുന്നത്. അതുകൊണ്ട് അന്തരീക്ഷ മാറ്റത്തിനു വേണ്ടി ഓലിയിടുകയാണ്. അന്തരീക്ഷത്തിൽ ഉണ്ടാകുന്ന മാറ്റം കാരണത്താലാണോ ഇതര രാജ്യങ്ങൾ ഉണ്ടായതെന്നതാണ് ഉയരുന്ന ചോദ്യം. ആദ്യം സ്വന്തം പ്രദേശത്തെ സംരക്ഷിക്കുക. എന്നാൽ അവരത് ചെയ്യുന്നില്ല.

ജേർണലിസ്റ്റ്: അങ്ങ് കാണുന്ന ഏറ്റവും വലിയ വിപത്ത് മൂന്നാം ലോക മഹായുദ്ധമാണോ?

ഹുദൂർ അൻവർ: ഞാനൊരു ഭൗതിക നേതാവല്ല. ഏറ്റവും വലിയ ഭീഷണി ഞാൻ കാണുന്നത് അല്ലാഹുവിൽ നിന്നുള്ള അകൽച്ചയാണ്. തുടർന്ന് അവൻ ശിക്ഷ ഇറക്കുന്നു. നബിമാരെ ജനങ്ങൾ സ്വീകരിക്കാത്തതിൽ അല്ലാഹു ശിക്ഷിക്കാറില്ല. അക്രമങ്ങൾ വ്യാപിക്കുമ്പോഴാണ് അവൻ ശിക്ഷിക്കുന്നത്. ലോകത്ത് അക്രമങ്ങൾ പെരുകുകയാണ്. ഇസ്‌ലാം അവസാനിക്കുന്നു. മുസ്‌ലിമീങ്ങളുടെ കഴുത്തുകൾ അറുക്കപ്പെടുന്നു. നിങ്ങൾതന്നെ ഇപ്പോൾ പറഞ്ഞു. അവികസിത രാജ്യങ്ങൾ കൂടുതൽ വികസിതരാവാൻ വികസിത രാജ്യങ്ങൾ സമ്മതിക്കുകയില്ല. വികസിച്ചു വരുന്ന സമൂഹങ്ങൾക്കുവേണ്ടി എന്തെങ്കിലും ഉപരോധം ഏർപ്പെടുത്തുന്നതിനെപ്പറ്റി വികസിതസമൂഹങ്ങൾ പ്രശ്നങ്ങളുയർത്തിക്കൊണ്ടിരിക്കുന്നു. അന്തരീക്ഷ മാറ്റംതന്നെ ഒരു പ്രശ്നമാണ്. അതിനെക്കുറിച്ച് മീറ്റിംഗുകൾ നടന്നു വരുന്നു. അന്തരീക്ഷ മാറ്റത്തിന്റെ പ്രശ്നം കഴിഞ്ഞ 2 ദശകങ്ങളായി ചർച്ച ചെയ്തു വരുന്നു. എത്രപേർ മരിച്ചു എന്നതിനെ കുറിച്ചും ഇവരുടെ ബോംബുകളും യുദ്ധങ്ങളും കാരണം എത്രപേർ മരിച്ചു എന്നതിനെ കുറിച്ചും ഒരൊച്ചയും ബഹളവും ഉയരുന്നില്ല.

ഈ വാർത്ത തെറ്റാണോ ശരിയാണോ എന്ന റിയില്ല. ജനങ്ങൾ ഇപ്പോൾ ഇതും പറയുന്നുണ്ട്: പടർന്നുപിടിക്കുന്ന വിവിധ രോഗങ്ങളുടെ വൈറസുകൾ ഇവർതന്നെ ഒരിക്കൽ പുറത്തു വിടുന്നു. തുടർന്ന് അതിന്റെ ചികിത്സക്കുള്ള മരുന്ന് മുഖേന വ്യവസായത്തെ കൊഴുപ്പിക്കുന്നു. ചിലപ്പോൾ ഭ്രാന്തൻ പശുവിന്റെ പ്രശ്നം ഉയർന്നു വരുന്നു. ചിലപ്പോൾ പക്ഷിപ്പനിയുടെ പ്രശ്നം ഉയർന്നു വരുന്നു. ചിലപ്പോൾ ആഫ്രിക്കയിൽ വ്യാപിച്ച അബോള ഉയരുന്നു. മനുഷ്യൻ അവന്റെ പരിധികൾ മറികടക്കുമ്പോൾ ദൈവത്തിന്റെ പ്രകൃതി നിയമം അവിടെ ചലിക്കാൻ തുടങ്ങുന്നു. ഇപ്പോൾ നോക്കുക, മുമ്പേയുള്ള ജനവാസത്തെ അപേക്ഷിച്ച് വനങ്ങളായിരുന്നു കൂടുതൽ. ഈ പ്രശ്നം ഉയർത്തപ്പെടുന്നു. അക്രമം തുടങ്ങുകയും അകാരണമായി ദൈവം വെച്ചിരിക്കുന്ന സന്തുലിതാവസ്ഥ മോശമാക്കുകയും ചെയ്യുമ്പോൾ അതിന്റെ സ്വാഭാവിക ഫലമായി ഇതും വെളിപ്പെടുന്നു. പാക്കിസ്താനിൽ ജനസംഖ്യ വർധിക്കുന്നു എന്നത് ശരിയാണ്. എന്നാൽ, പാക്കിസ്താനിലെ വടക്കൻ പ്രദേശം എന്നല്ല, റാവൽപ്പിണ്ടിയുടെ ഉയർന്ന പ്രദേശത്ത് പോയാൽ എല്ലാ പ്രദേശവും ഒരു കാലഘട്ടത്തിൽ വളരെ വലിയ ഹരിതാഭ മേഖലയായിരുന്നുവെന്നുകാണാം. ഇടതൂർന്ന വന മേഖലയായിരുന്നു. സവാത്തിന്റെ പ്രദേശത്ത്, കശ്മീരിന്റെ പ്രദേശത്ത്, പിന്നീട് നീലംവേലിയും മറ്റും പ്രദേശങ്ങളിലെ ചില മേഖലകളും വളരെ ഘോരവനമേഖലയായിരുന്നു. ഇവയെല്ലാം ജനങ്ങളും രാഷ്ട്രീയക്കാരും ചേർന്ന് മരങ്ങൾ മുറിച്ച് മുറിച്ച് സ്വന്തം വനമേഖലകൾ വിറ്റ് ചൂഷണം ചെയ്തു. പുതിയത് നട്ടതുമില്ല. പുതിയത് നടുന്നതുവരെ ഉണ്ടായ നഷ്ടം നികത്താൻ കഴിയില്ല.

ജേർണലിലിസ്റ്റ്: അങ്ങ് ലോകനേതാക്കൾക്കും കത്തെഴുതിയിരുന്നു. അങ്ങ് പ്രഭാഷണങ്ങളും നല്കി. ഗ്രന്ഥവും പ്രസിദ്ധീകരിച്ചു. ലോകം സമാധാനത്തിലേക്ക് പോകാതിരിക്കുമ്പോൾ അങ്ങയ്ക്ക് എപ്പോഴെങ്കിലും നിരാശ തോന്നിയിട്ടുണ്ടോ?

ഹുദൂർ അൻവർ: ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ(റ)യുടെ ഒരു കവിതയുണ്ട്. വളരെ നല്ലതാണ്.

*മായൂസ് വ ഗംസദഃ*
*കോയി ഉസ്കേ സിവാ നഹീം.*
*ഖബ്ളേ മേം ജിസ്കെ ഖബ്ള*
*സയ്ഫെ ഖുദാ നഹീം.*

(ഏതൊരുവന്റെ കൈയിലാണോ ദൈവത്തിന്റെ വാളില്ലാത്തത് അവനെക്കൂടാതെ നിരാശനും ദുഖിതനുമായി മറ്റാരുമില്ല.)

അല്ലാഹുവിൽ ദൃഢവിശ്വാസമുള്ള ഒരാൾ നിരാശനാവുകയില്ല.. അയർലൻഡിൽ എന്നോട് ഏതോ ഒരു പത്രപ്രവർത്തകൻ ഇതേ കാര്യം ചോദിച്ചിരുന്നു. ഞാൻ പറഞ്ഞു: ഞങ്ങൾ ഉപേക്ഷിച്ചു പോകുന്നവരല്ല. ഞങ്ങൾ ചെയ്തുകൊണ്ടേയിരിക്കും. പരിശ്രമിച്ചു കൊണ്ടേയിരിക്കും. യാഥാർഥ്യം ലോകം മനസ്സിലാക്കുന്ന ഒരു നാൾവരും, എല്ലാം ശരിയാവുകയും ചെയ്യും. ഇതുതന്നെയാണ് ഉയർന്നു വരുന്ന ജനതകളുടെ രീതി. ഇതേപോലെ തന്നെയാണ് സംഭവിക്കുന്നത്. നിരാശനായാൽ ഇരുന്നു കഴിഞ്ഞു. അവസാനിച്ചു കഴിഞ്ഞു. ഞാൻ നിരാശനായാൽ നിങ്ങൾ തികച്ചും നിരാശരാകും. കത്തുകളെ കുറിച്ചുള്ള കാര്യമാണ് ഇനി ശേഷിക്കുന്നത്. ഒബാമ സാഹിബിന്റെ ഡിപ്പാർട്ട്മെന്റിലെ ഒരു പൊളിറ്റിക്കൽ അഡ്വൈസർ സ്വയം എന്നെ കണ്ടിട്ട് അദ്ദേഹത്തോട് സംസാരിക്കുമെന്ന് പറഞ്ഞിരുന്നു. ഇതുവരെ മറുപടി ഒന്നും കിട്ടിയിട്ടില്ലെന്നത് എന്നെ വിസ്മയിപ്പിച്ചു. കുറച്ചു നാളുകൾക്കു ശേഷം മറുപടി ലഭിച്ചു. പ്രയാസം ഉണ്ടായിക്കൊണ്ടിരിക്കുന്നതായി തോന്നുന്നു. അതിനു ശേഷം വീണ്ടും മറുപടി വന്നു: ഞങ്ങളുടെ നേതാക്കന്മാരായിട്ടുണ്ടായിരുന്നവർ തല പുകഞ്ഞാലോചിക്കുകയാണ്. ഈ കത്തിന് മറുപടി നല്കുക എന്നത് വളരെ ബുദ്ധിമുട്ടാണെന്നും അതുകൊണ്ട് മറുപടി നല്കേണ്ടതില്ലെന്നുമാണ് അദ്ദേഹം പറഞ്ഞത്.

കനഡയുടെ പ്രധാനമന്ത്രി മുമ്പേ ചെറിയൊരു മറുപടി എനിക്ക് നല്കിയിരുന്നു. അദ്ദേഹത്തിന്റെ ഒരു ഡെപ്യൂട്ടി സാന്ദർഭികമായി എന്നെ കണ്ടു. അദ്ദേഹത്തോട് സംസാരിച്ചപ്പോൾ കുറച്ച് ദിവസത്തിനു ശേഷം കുറച്ചു കൂടി നല്ല മറുപടി വന്നു. അവർ പ്രവർത്തനരംഗത്താണെന്ന് അതിൽ മറുപടിയുണ്ട്. ഡേവിഡ് കാമറൂൺ മാത്രമാണ് എനിക്ക് ശരിയായ മറുപടി നല്കിയത്. അദ്ദേഹം എനിക്കെഴുതി: 'ഞങ്ങൾ അറ്റോമിക് ശക്തി കുറക്കാൻ ശ്രമിച്ചു വരുന്നു. റഷ്യയെ പുറത്താക്കിയ കാരണത്താൽ ഇപ്പോൾ ജീ-7 ആയി മാറിയ ജീ-8 രാജ്യങ്ങളെ കൊണ്ടും കുറപ്പിക്കാൻ ശ്രമിച്ചു വരുന്നു. 2020നുള്ളിൽ സ്വന്തം ന്യൂക്ലിയർ ശക്തി കുറച്ച് മൂന്നിലൊന്നാക്കാൻ സാധിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഇതേപോലെ ബാക്കിയുള്ളവരും കുറയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു.

എന്നാൽ, ഈ വിശദീകരണത്തിനുശേഷവും ചില രാജ്യങ്ങൾ ആണവശക്തി വർധിപ്പിക്കുന്നതിൽ മുൻകടക്കുകയാണ്. ഇസ്രായേൽ പ്രധാനമന്ത്രിയ്ക്കും ഞാൻ കത്തെഴുതിയിരുന്നു. എന്നാൽ, എന്ത് ഫലം! അമേരിക്ക ജപ്പാനിൽ നടത്തിയ ആണവാക്രമണത്തെ ന്യായീകരിച്ചുകൊണ്ട് അവർ പറയുന്നത് ലക്ഷം പേര് കൊല്ലപ്പെട്ട പ്രസ്തുത ആക്രമണം ചെയ്യാതിരുന്നെങ്കിൽ യുദ്ധം നീണ്ടു പോകുകയും ഇതിലും കൂടുതൽ പേര് മരിക്കുകയും ചെയ്യുമായിരുന്നുവെന്നാണ്. അതുകൊണ്ട് യുദ്ധം തടുക്കുന്നതിനായി ഇറാനിന്റെമേൽ ആറ്റം ബോംബിട്ടാൽ അതിനും നമ്മുടെ പക്കൽ ന്യായീകരണമുണ്ട്. ഒപ്പംതന്നെ അവർ ആക്രമിക്കുകയില്ലെന്നും ചേർത്തു പറഞ്ഞു. എന്നാൽ, പ്രശ്നം അവർ ഉയർത്തിക്കൊണ്ട് വരികയും ഇറാനിന്റെ മേൽ ഇത് ആരോപിക്കുകയും ചെയ്തു. ഇപ്പോൾ ഇറാനിന്റെ കൈയിൽ ന്യൂക്ലിയർ ശേഷി കൈവരിക്കാനുള്ള സംവിധാനമുണ്ടെങ്കിൽ ഈ ഭീഷണിക്കുശേഷം പിന്മാറി നിൽക്കാൻ സാധിക്കുമോ? ഇനി ഇറാൻ നടപടി സ്വീകരിച്ചാൽ അമേരിക്കയുടെ നിർദ്ദേശമനുസരിച്ച് എല്ലാ വൻശക്തികളേയും അതിനെതിരെ ഒരുമിപ്പിക്കും. ഒരു ഭ്രാന്തന്റെ

ഉദാഹരണം ഞാൻ പറയാറുണ്ട്. ആളുകൾക്കെതിരെ സംസാരിക്കുന്ന ഒരു ഭ്രാന്തൻ റബ്‌വയിലുണ്ടായിരുന്നു. ശക്തരായ ഈ ആളുകൾ തന്നെ വീഴ്ത്തുകയും കൊല്ലുകയും ചെയ്യുന്നു. അടിച്ചടിച്ച് എന്നെ തറയിൽ വീഴ്ത്തുന്നു. തന്റെ കഴുത്ത് ഞെരിക്കുന്നു. തന്റെ കണ്ണുകൾ പുറത്തേക്ക് വരുമ്പോൾ ശ്വാസം മുട്ടുമ്പോൾ ചോദിക്കുന്നു, എടാ കണ്ണു പുറത്തേക്കെടുക്കുന്നോ. ഇവനെ ഇനിയും അടിക്ക്. ഇതാണ് ഇവരുടെ അവസ്ഥ. ഇവർ ആദ്യം അടിക്കുന്നു. എന്നിട്ട് പറയുന്നു. ഇവൻ കണ്ണുരുട്ടി കാണിക്കുന്നുവെന്ന്! ഇനിയും അടിക്കാൻ! ഈ നയങ്ങളെല്ലാം ദജ്ജാലിന്റേതാണ്.

പത്രപ്രവർത്തകൻ: ലോകം ഇപ്പോൾ രണ്ടു ബ്ലോക്കുകളായിട്ടുണ്ട്. അതുകൊണ്ട് ഇവരുടെ നേതൃത്വത്തെ അതായത് ഒബാമയേയും പുട്ടിനേയും കാണാനുള്ള അവസരം അങ്ങയ്ക്ക് ലഭി ക്കുകയാണെങ്കിൽ എന്താണ് പറയുക?

ഹുദൂർ അൻവർ: താങ്കൾ അവസരമുണ്ടാക്കുക, ഞാനെന്താണ് പറയേണ്ടതെന്ന് പിന്നീട് പറയാം.

പത്ര പ്രവർത്തകൻ: ഇത് അവസാനത്തെ ചോദ്യമാണ്. ജർമനിക്ക് അങ്ങ് നല്കുന്ന സന്ദേശമെന്താണ് ?

ഹുദൂർ അൻവർ: ജർമനിക്കു വേണ്ടിയുള്ള എന്റെ സന്ദേശം ഇതാണ്. വിശാലമനസ്കത കാണിച്ചു കൊണ്ട് ജർമനി യൂറോപ്യൻ യൂണിയനെ സംരക്ഷിച്ചിരിക്കുന്നു. ഇതു സംരക്ഷിച്ചു വന്നാൽ രക്ഷപെടും. നമ്മുടെ പ്രധാനമന്ത്രി സാഹിബ് ഇതിനെതിരെ നീങ്ങുന്നുണ്ടെങ്കിലും ഇതിന്റെ വർധിച്ച ഭാരവും ജർമനിയുടെമേലാണ് വരുന്നത്. ഇതാണെങ്കിലും യൂറോപ്പിന്റെ ഈ ശക്തിയെ നിലനിറുത്തേണ്ടത് അനിവാര്യമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇപ്പോൾ ജർമനി രാഷ്ട്രം എന്ന നിലയിൽ വേറിട്ടു പോകുന്ന പ്രശ്നമേയില്ല. എന്നല്ല, യൂറോപ്യൻഭൂഖണ്ഡവും ഒരു രാജ്യമായി കഴിഞ്ഞിട്ടുണ്ട്. മത്സരം അമേരിക്കയുമായിട്ടാണ്. സാമ്പത്തികമായും നിങ്ങൾ താഴോട്ട് പോകുന്നു. ഡോളർ ശക്തി പ്രാപിച്ചു വരികയാണ്; യൂറോ താഴേക്കും. ഏറ്റവും വലിയ ആയുധം ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയാണ്. സ്വന്തം വ്യവസായം വളരെ വലുതാണെന്നു തന്നെയാണ് നിങ്ങളുടെ വാദം. സ്വന്തം മാർക്കറ്റ് ചൈനയിലും ഇന്ത്യയിലും ഏഷ്യയിലും ഇതര സ്ഥലങ്ങളിലും ആഫ്രിക്കയിലും പോയെന്നും നിങ്ങൾ വാദിക്കുന്നു. എന്നാൽ, ഒരു പരിധിവരെയാണ് ഇതുള്ളത്. മറ്റുള്ളവരുടെ പർച്ചെയ്സിംഗ് ശക്തി ഏതു പരിധി വരെയുണ്ടെന്നതാണ് പ്രശ്നം. നിങ്ങളുടെ വ്യവസായങ്ങൾ പോകുന്ന രാജ്യങ്ങളുടെ സേച്ചുവേഷൻ പോയന്റ് എവിടെവരെയുണ്ട്?

സൗദ്യ അറേബ്യയും മറ്റും പെട്രോൾ ഉൽപ്പാദന രാജ്യങ്ങളെ കുറിച്ച് മുമ്പേ ജനങ്ങൾ പറയാറുണ്ടായിരുന്നത് വലിയ നീളമുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നുവെന്നും ജോലിക്കും സാധനം വാങ്ങാൻ സൂപ്പർമാർക്കറ്റിലും ബാങ്കിലും മറ്റും പോകുമ്പോൾ പാർക്കിംഗിൽ അര മണിക്കൂർ വാഹനങ്ങൾ സ്റ്റാർട്ടാക്കി വെക്കുന്നുവെന്നും ശീതീകരണ സംവിധാനം വാഹനം ചൂടാകാതിരിക്കാന് ഓണാക്കി വെക്കുന്നുവെന്നുമൊക്കെയാണ്. എന്നാൽ, ഇപ്പോൾ അവസ്ഥ എന്താണ്? ചെറിയ വാഹനങ്ങൾ ഉപയോഗിക്കുന്നു. മുമ്പേ മാറ്റുന്നതുപോലെ അത്രയും പെട്ടെന്ന് ഇപ്പോൾ ടയറുകൾ മാറ്റാറില്ല. വാഹനങ്ങൾ പെട്ടെന്ന് ഓഫ് ചെയ്തു വെക്കുന്നു. എന്നല്ല, ഇപ്പോൾ ആട്ടോമാറ്റിക് സംവിധാനം കാറുകളിൽ വന്നിട്ടുണ്ട്. ട്രാഫിക് ലൈറ്റിനുവേണ്ടി ബ്രേക്ക് ചെയ്യുമ്പോൾത്തന്നെ കാറ് ഓഫാകുന്നു. അതുകൊണ്ട് സാമ്പത്തികപ്രതിസന്ധി ഏറ്റവും വലിയ ആയുധമാണ്. അതുകൊണ്ട് സ്വന്തം സമ്പത്ത് വ്യവസ്ഥിതിയിൽ കൂടുതൽ ശ്രദ്ധ നല്കിക്കൊണ്ട് ജർമനിയെ കൂടുതൽ ശക്തിപ്പെടുത്തുക. ജർമനിയുടെ സമ്പത് വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടാണ് യൂറോപ്പിന്റെ സമ്പത്ത് വ്യവസ്ഥിതി സ്ഥിതി ചെയ്യുന്നത്.

ജേർണലിസ്റ്റ്: ജർമൻ ജനതക്ക് നല്കുന്ന സന്ദേശമെന്താണ്?

ഹുദൂർ അൻവർ: ഒരു സഹിഷ്ണുതയുടെ കഴിവ് നിർബന്ധമായും ഉണ്ടാക്കിയിരിക്കുകയാണ്. എന്തായാലും അവരിലുള്ള സഹിഷ്ണുതയും ശ്രേഷ്ഠതയുംകൊണ്ട്, എത്രയെത്ര ജനതകളാണോ ഇവിടെവന്ന് താമസിക്കുന്നത്, അല്ലെങ്കിൽ താമസിച്ചു കഴിഞ്ഞിട്ടുള്ളത് അവർ ജർമൻ ജനതയുടെ ഭാഗമായി കഴിഞ്ഞിരിക്കുന്നു. അവരെ സ്വന്തം ജനതയുടെ ഭാഗമാക്കുക എന്നതാണ് എന്റെ സന്ദേശം. ജർമൻ ജനതയും ഒരു ജനതയല്ല. കഴിഞ്ഞ 200 ഉം 400 ഉം വർഷങ്ങളിലെ ചരിത്രങ്ങളിലേക്ക് പോകുകയാണെങ്കിൽ ഇവരിലും വിവിധ ജനതകൾ കൂടിച്ചേർന്നിരിക്കുന്നുവെന്ന് കാണാം. അതുകൊണ്ട് ശ്രേഷ്ഠത കാണിക്കേണ്ടതുണ്ട്. പുറത്തുനിന്നു വന്നവരെ നിങ്ങളിൽ ലയിപ്പിക്കുക. പുറത്തുനിന്നു വന്ന ലക്ഷക്കണക്കിന് തുർക്കികളും മറ്റു ഏഷ്യൻജനതകളും അവരുടെ കടമകൾ മനസ്സിലാക്കുക. ഞങ്ങൾ ഈ രാജ്യത്തിന്റെ ഭാഗമാണ്. സ്വന്തമാക്കിയ ഈ രാജ്യത്തോട് കൂറോടുകൂടി ജീവിതം നയിക്കേണ്ടതുണ്ട്. പുറത്തുനിന്നു വന്ന ഈ രാജ്യത്തോട് കൂറുള്ളവർ ജർമൻ ജനതയെ മാനിക്കേണ്ടതാണ്.

**കുടുംബപരമായ കൂടിക്കാഴ്ച**

6.23-ന് ഈ ഇന്റർവ്യൂ സമാപിച്ചു. ശേഷം ഹുദൂർ കുടുംബപരമായ കൂടിക്കാഴ്ചയ്ക്ക് തുടക്കമിട്ടു. ഇന്നത്തെ ഈ സായാഹ്ന സെഷനില് 44 കുടുംബങ്ങളിലെ 187 വ്യക്തികളും 50 പേർ വ്യക്തിഗതമായും പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തി.

ജർമനിയിലെ 60 ജമാഅത്തിൽനിന്നു വന്ന ഈ അംഗങ്ങളിൽ ചിലർ ദീർഘദൂരം യാത്ര ചെയ്താണ് എത്തിയത്. ഹാനോവറിൽനിന്നു 350 ഉം മ്യൂണിച്ചിൽ നിന്നു 395 കിലോമീറ്ററും ബെർലിനിൽ നിന്നു 550 കിലോമീറ്ററും ദൂരം യാത്ര ചെയ്താണ് കൂടിക്കാഴ്ച്ക്കെത്തിയത്.

കൂടിക്കാഴ്ചകളുടെ ഈ പ്രോഗ്രാം 09.00 മണിവരെ നീണ്ടുനിന്നു. ശേഷം ഹുദൂർ ലണ്ടനിലെ പ്രൈവറ്റ് സെക്രട്ടറി ഓഫീസിൽ സേവനം ചെയ്യുന്ന മുബല്ലിഗ് അബ്ദുൽ ഖബീർ രിള്‌വാൻ സാഹിബിന്റെ വലീമാ പരിപാടിയിൽ പങ്കുകൊണ്ടു. ബയ്ത്തുസ്സബൂഹിലെ ഒരു ഹാളിൽ ഇതിന്റെ സംവിധാനം ഒരുക്കിയിരുന്നു.

ശേഷം ഹുദൂർ മഗ്‌രിബ്-ഇശാഅ് നമസ്കാ രങ്ങൾ ജംഅ് ജമാഅത്തായി നമസ്കരിപ്പിച്ചു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങി.

## 2015 ജൂൺ 3 ബുധനാഴ്ച

രാവിലെ 4.30-ന് ഹുദൂർ സുബ്ഹി നമസ്കരിപ്പിച്ചു. രാവിലെ ഓഫീസ് സംബന്ധമായ കത്തുകളും മറ്റു കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും ആവശ്യമായ മാർഗ നിർദേശങ്ങൾ നല്കുകയും ചെയ്തു. വിവിധ ഓഫീസ് സംബന്ധമായ വിവിധ പ്രവർത്തനങ്ങളിൽ ഹുദൂർ മുഴുകി.

**കൂടിക്കാഴ്ചകൾ**

12.15-ന് ഹുദൂർ ഓഫീസിൽ വന്നു. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾക്ക് തുടക്കമിട്ടു. ഇന്ന് രാവിലെത്തെ ഈ സെഷനിൽ 41 കുടുംബത്തിൽ നിന്നുമുള്ള 162 പേർ തങ്ങളുടെ ഇമാമുമായി കൂടിക്കാഴ്ച നടത്തി സായൂജ്യരായി. എല്ലാവരും ഹുദൂറുമൊത്ത് ഫോട്ടോയും എടുത്തു.

വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും നല്കി. ഫ്രാങ്ക്ഫോർട്ട് ജമാഅത്തിനെ കൂടാതെ ജർമനിയിലെ വിവിധ പട്ടണങ്ങളിൽ സ്ഥിതി ചെയ്യുന്ന 27 ജമാഅത്തുകളിൽ നിന്നു വന്ന കുടുംബങ്ങളാണ് ഹുദൂറിനെ ദർശിച്ച് സായൂജ്യരായത്. ഇവരിൽ കാസിലിൽ നിന്നു വന്നവർ 200 ഉം ആഖനിൽനിന്നു വന്നവർ 267 ഉം കിലോമീറ്റർ യാത്ര ചെയ്താണെത്തിയത്. എല്ലാ ഓരോരുത്തരും തങ്ങളുടെ ഇമാമിൽനിന്നു അനുഗ്രഹങ്ങൾ സ്വരുക്കൂട്ടി പുറത്തു വന്നുകൊണ്ടിരുന്നു. രോഗികൾ രോഗശമനത്തിനു വേണ്ടിയും പ്രയാസങ്ങളിൽ വലയുന്നവർ അത് ദൂരീകരിക്കാൻ വേണ്ടിയും ഹുദൂറിനോട് ദുആക്കപേക്ഷിക്കുകയും മനഃശാന്തി പ്രാപിച്ച് ചിരിക്കുന്ന മുഖങ്ങളുമായി പുറത്തുവന്നു. ചിലർ തങ്ങളുടെ വിവിധ പ്രശ്ന പരിഹാരങ്ങൾക്കായി ഹുദൂറിനോട് ദുആക്കപേക്ഷിച്ചപ്പോൾ മറ്റു ചിലർ കച്ചവടവുമായി ബന്ധപ്പെട്ട് മാർഗനിർദേശങ്ങൾ തേടുന്നുണ്ടായിരുന്നു. വിദ്യാർഥി വിദ്യാർഥിനികൾ പരീക്ഷകളിൽ വിജയിക്കുന്നതിനുവേണ്ടി ഹുദൂറിനോടി ദുആക്ക് അപേക്ഷിച്ചു. ചുരുക്കത്തിൽ എല്ലാവരും ഹുദൂറിന്റെ ദുആകളിൽ ഭാഗഭാക്കായി. ദുആകളുടെ ഖജനാവുകളുമെടുത്ത് അവരുടെ പ്രയാസങ്ങളും കഷ്ടങ്ങളും ശാന്തി സമാധാനമായി, മനഃസമാധാനമായിമാറി. ഈ അനുഗൃഹീത നിമിഷങ്ങൾ എന്നെന്നേക്കുമായി അവർക്ക് ദാഹശമനമായി. കൂടിക്കാഴ്ചകളുടെ ഈ പ്രോഗ്രാം 02.30 വരെ നീണ്ടുനിന്നു.

അതുകഴിഞ്ഞ് ഹുദൂർ ളുഹ്ർ-അസ്ർ നമസ്കാരത്തിന് വന്നു.

**ജനാസ നമസ്കാരങ്ങൾ**

**ഹാളിറും ഗാഇബും**

ളുഹ്ർ-അസ്ർ നമസ്കാരങ്ങൾക്കു മുമ്പേ ഹുദൂർ അൻവർ ചുവടെ പേരു ചേർക്കുന്ന 3 പേരുടെ ഹാജർ ജനാസയും 4 പേരുടെ ഗായിബ് ജനാസയും നമസ്കരിപ്പിച്ചു.

1. ജർമനിയിലെ മൻഹെയിം ജമാഅത്തിലെ അംഗമായ യൂസുഫ് ബക്ർ സാഹിബ് 2015 ജൂൺ 1-ന് എഴുപതാമത്തെ വയസ്സില് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹം സ്കേന്റിനേവിയായിലെ മുൻ മിഷണറിയായ സയ്യിദ് കമാൽ യൂസുഫ് സ്വാഹിബിന്റെ ഇളാപ്പയാണ്.

2. മനൻഹെയിം, ജർമനിയിലെ ജമാഅത്തംഗമായ അൻവാറുല്ലാഹ് ഖാൻ സ്വാഹിബ് 2015 ജൂൺ 1-ന് എഴുപത്തിയഞ്ചാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പാക്കിസ്താനിലെ അതിർത്തി സംസ്ഥാനമായ വാപ്ഡായിൽ തൊഴിൽ സംബന്ധമായി നീണ്ട കാലം താമസിച്ചിരുന്ന ഇദ്ദേഹത്തിന് വിവിധ അവസരങ്ങളിൽ ജമാഅത്തിന്റെ എതിരാളികളുടെ ഭാഗത്തുനിന്ന് അതികഠിനമായ ഭീഷണിയുണ്ടായിരുന്നു. സെപ്റ്റംബർ 2014-ൽ അദ്ദേഹം രോഗാവസ്ഥയിൽ ജർമനിയിൽ വന്നു.

3. ജർമനിയിലെ നാദിർ അൽത്വാഫ് സ്വാഹിബിന്റെ മകൻ അസീസം സാറം അഹ്റോസ് 2015 ജൂൺ 1-ന് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ജനിച്ചതിനുശേഷം 3 ആഴ്ച വരെ ആശുപത്രിയിൽ ചികിത്സയിലായിരുന്ന സാറം അഹ്റോസ് തുടർന്ന് അല്ലാഹുവിന് പ്രിയപ്പെട്ടവനായി.

**ജനാസ ഗായിബ്.**

1. റബ്‌വയിലെ അൻവാറുൽ ഹഖ് സാഹിബിന്റെ മകൾ സഅ്ദിയ ഫഖർ സാഹിബ 2015 ഏപ്രിൽ 15-ന് 28-ാം വയസ്സിൽ കഠിനമായ പനിയെ തുടർന്ന് വഫാത്തായി.ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. നുസ്റത്ത് ജഹാൻ അക്കാഡമിയിൽ അധ്യാപികയായിരുന്ന സഅ്ദിയ എം ടീ എ ടീമിലെ സഹായിയും മഹല്ലിലെ ഊർജസ്വലയായ പ്രവർത്തകയും ആയിരുന്നു. വിശുദ്ധ ഖുർആനിന്റെ തർജമ ക്ലാസുകൾ കൃത്യമായി എടുത്തിരുന്ന ഈ യുവതിരത്നം മൂസിയ ആയിരുന്നു.

2. ലാഹോറിലെ അഹ്മദ് ദീൻ സാഹിബിന്റെ മകൻ മുനീറുദ്ദീൻ അഹ്മദ് സ്വാഹിബ് 2013 ജനുവരി 13 ന് 78-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. കറാച്ചിയിലെ മാൽ വകുപ്പിൽ നീണ്ട കാലം സേവനം അനുഷ്ഠിച്ചിരുന്ന മുനീർ സാഹിബ് ചന്ദകൾ നല്കുന്നതിൽ കൃത്യത പാലിച്ചിരുന്നു. ഇതര സാമ്പത്തിക പദ്ധതികളിൽ വളരെ ആവേശത്തോടെ പങ്കെടുത്തിരുന്നു. ഖിലാഫത്തുമായി

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 02-09 February 2022 Issue-5-6

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

സ്നേഹബന്ധം പുലർത്തിയിരുന്ന അദ്ദേഹം വളരെ നിഷ്കളങ്കനും കൂറ് പുലർത്തുന്ന വ്യക്തിയുമായിരുന്നു. ഉറക്കെ വിശുദ്ധ ഖുർആൻ തിലാവത്ത് ചെയ്തിരുന്നു.

3. കാനഡ ജമാഅത്തംഗമായ മുഹമ്മദു മുനീർ അഖ്തർ സ്വാഹിബ് 2015 മെയ് 16-ന് 84-ാം വയസ്സിൽ കാനഡയിലെ ടൊറന്റോയിലൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 2001-ൽ പാക്കിസ്താനിലെ ഇസ്ലാമാബാദിൽ നിന്ന് അദ്ദേഹം കാനഡയിലെത്തിയിരുന്നു. ബയ്ത്തുൽ ഇസ്ലാം മിഷൻ ഹൗസിൽ 10 വർഷം വരെ വളരെ അധ്വാനത്തോടും ആത്മാർഥതയോടും സേവനം നിർവഹിച്ചിരുന്നു. ഇസ്ലാമാബാദിൽ സെക്രട്ടറി ഉമൂറെ ഖാരിജയായും സേവനം അനുഷ്ഠിച്ചിരുന്നു.

4. ജർമനിയിലെ മഹ്ദിയാബാദ് ജമാഅത്തംഗമായ റായെ ശംശീർ അലി ഖാൻ സ്വാഹിബിന്റെ മകൻ 47-ാം വയസ്സിൽ ഒരു ട്രക്ക് അപകടത്തിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ബന്ധങ്ങൾ നിലനിറുത്തുന്ന വ്യക്തിയും നിസ്വാർഥ സേവകനും അഹ്മദിയ്യാ ഖിലാഫത്തിനുവേണ്ടി ഹൃദയാത്മനാ ജീവിതം ഉഴിഞ്ഞുവെച്ച വ്യക്തിയുമായിരുന്നു. ജർമനിയിൽ വരുന്നതിനു മുമ്പേ റബ്വയിലെ ഒരു മസ്ജിദിൽ സുരക്ഷാപരമായ ഡ്യൂട്ടി നല്കിക്കൊണ്ട് മൗലവിമാരുടെ കല്ലേറിൽ ഗുരുതരമായി പരിക്കേറ്റിരുന്നു. എന്നാൽ, ഇദ്ദേഹത്തിനെതിരിൽത്തന്നെ കേസ്സെടുക്കപ്പെട്ടു. ആശുപത്രിയിലേക്ക് പോകുന്നതിനു മുമ്പേ ജയിലിലിടക്കപ്പെട്ടു. ഇപ്രകാരം അദ്ദേഹം അല്ലാഹുവിന്റെ വഴിയിൽ തടവിൽകഴിഞ്ഞ വ്യക്തി(അസീറാനെ റാഹെ മൗലാ) എന്ന പദവിക്കും അർഹനായി. മഹ്ദിയാബാദിൽ ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദായി സേവനം നിർവഹിച്ച അദ്ദേഹത്തിന് ഇതര സേവനങ്ങൾ ചെയ്യുന്നതിനും തൗഫീഖ് ലഭിച്ചു.

അല്ലാഹു പരേതാത്മക്കൾക്കെല്ലാം മഗ്ഫിറത്ത് നല്കുമാറാകട്ടെ. തന്റെ തൃപ്തിയുടെ സ്വർഗത്തിൽ അല്ലാഹു അവർക്ക് ഇടം നല്കുമാറാകട്ടെ. അവരുടെ ബന്ധുക്കൾക്ക് ക്ഷമ നല്കുമാറാകട്ടെ. അവരുടെ സൽഗുണങ്ങളെ സജീവമാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

അതിനുശേഷം ഹുദൂർ അൻവർ ളുഹർ-അസ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങി.

**കുടുംബപരമായ കൂടിക്കാഴ്ചകൾ**

6.30ന് ഹുദൂർ ഓഫീസിലെത്തി. കൂടിക്കാഴ്ചാ പ്രോഗാമിന് തുടക്കമിട്ടു. ഇന്നത്തെ സായാഹ്ന സെഷനിൽ 48 കുടുംബങ്ങളിൽ നിന്നുമുള്ള 221 അംഗങ്ങൾ തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറുമായി മുലാഖാത്ത് ചെയ്തു. എല്ലാവരും ഹുദൂറുമൊത്ത് ഫോട്ടോ എടുത്തും സായൂജ്യരായി.

ജർമനിയിലെ 39 വിവിധ ജമാഅത്തുകളിൽനിന്നു വന്ന ഈ കുടുംബങ്ങൾ ഒസ്നാബ്രൂക്കിൽ (*OSNABRUC*)നിന്ന് 330 കിലോമീറ്ററും ഹംബർഗിൽ നിന്ന് 500 കിലോമീറ്ററും ബെർലിനി ൽ നിന്നു 500 കിലോമീറ്ററും യാത്രചെയ്താണ് കൂടിക്കാഴ്ചക്കെത്തിയത്.

ജർമൻ ജമാഅത്തുകളെ കൂടാതെ പാക്കിസ്താൻ, അമേരിക്ക, കാനഡ, മാലി എന്നീ വിദേശരാജ്യങ്ങളിൽ നിന്നു വന്ന അംഗങ്ങളും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുഞ്ഞുങ്ങൾക് ചോക്ലേറ്റും ഹുദൂർ നല്കി.

**ആമീൻ പരിപാടി**

09.19 വരെ നീണ്ടു നിന്ന കൂടിക്കാഴ്ചാ പരിപാടിക്കുശേഷം ഹുദൂർ മസ്ജിദിന്റെ പുരുഷന്മാരുടെ ഹാളിലേക്ക് വന്നു. ആമീൻ പരിപാടിക്ക് തുടക്കമിട്ടു.

ചുവടെ ചേർക്കുന്ന 29 കുട്ടികളിൽ നിന്ന് ഓരോരോ ആയത്ത് ഹുദൂർ കേട്ടു. ഒടുവിൽ ദുആക്ക് നേതൃത്വം നല്കി.

ഇതിൽ പങ്കെടുത്തവരുടെ പേരുകൾ താഴെ ചേർക്കുന്നു.

അമ്മാർ ഫള്ലെ ഉമർ ബർകലെ, ദാനിയാൽ മസ്ഊദ്, അബ്ദുല്ലാഹ് അഹ്മദ്, മുദ്ദഥ്ഥിർ അഹ്മദ്, ജാദിബ് അഹ്മദ്, ഫാത്തിഹ് അഹ്മദ്, മലിക്ക് വഖാർ, അത്വാഉല്ലാഹ് നാസ്വിർ, ഫാറാൻ അഹ്മദ്, ഈശാൻ മലിക്ക്, ദീഷാൻ ഹാശിർ

മലാഇക്ക ബർകലെ, ഖൗല സ്വബാഹത്ത് ഭട്ടി, ആലിയാ ഭട്ടി, അത്വിയ്യത്തുൽ ഹയ്യ് അഹ്മദ്, സബീക്ക ആമിർ, സാരിയാ അഹ്മദ്, ദാനിയ്യാ സാഹിദ്, ഗസാല അഹ്മദ്, ആലിയാ മസ്ഊദ്, അതീഖ ഖാൻ, സബീക്ക മഹ്മൂദ് സന്ധൂ, ഹദീഖ ഫാറൂസ്, ശാലീൻ ജാവേദ്, ആയിദാ കലീം, അത്വിയ്യത്തുല് വക്കീൽ ബിലാൽ, ബാസിമാ ഇറം ഖാൻ, അദീബാ മഹ്മൂദ്, അത്വിയ്യത്തുൽ വക്കീൽ ഈമാൻ.

ആമീൻ പരിപാടിയെ തുടർന്ന് ഹുദൂർ മഗ്രിബ്-ഇശാ ജംആക്കി നമസ്കരിപ്പിച്ചു.

മാസ്റ്റർ അബ്ദുൽഖുദ്ദൂസ് സ്വാഹിബ് ശഹീദിന്റെ കുടുംബം ഇന്ന് ഹോളണ്ടിൽനിന്ന് ജർമനിയിൽ എത്തിയിരുന്നു. ഈ കുടുംബം ഹുദൂറിനെ ഒരു നോക്ക് കാണാൻ സ്റ്റെപ്പിന്റെ ഭാഗത്ത് കാത്തു നിന്നിരുന്നു. ഹുദൂർ വാത്സല്യത്തോടെ ആ കുടുംബത്തിന്റെ അടുക്കൽനിന്നു. ശഹീദ് മർഹൂമിന്റെ ഭാര്യ, മക്കൾ എന്നിവരോട് സംസാരിച്ചു. ശഹീദ് മർഹൂമിന്റെ കുടുംബം തങ്ങളുടെ ജീവിതത്തിൽ നടത്തുന്ന ആദ്യ കൂടിക്കാഴ്ചയായിരുന്നു ഇത്. അസാധാരണമായ നിലയിൽ മനഃസംതൃപ്തി ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച അവരിൽ സൃഷ്ടിച്ചു. അവരുടെ ദുഃഖങ്ങൾക്ക് സമാധാനമേകി. അസ്വസ്ഥതകൾ ശാന്തി സമാധാനത്തിലേക്കു വഴിമാറി.

അവരോട് സംസാരിച്ച ഹുദൂർ അൻവർ അവരുടെ അവസ്ഥകൾ അന്വേഷിച്ചു. താമസ സംബന്ധമായി ഭാരവാഹികൾക്ക് നിർദേശം നല്കി.

## 2015 ജൂൺ 4 വ്യാഴാഴ്ച

രാവിലെ 4.30ന് ഹുദൂർ സ്വുബ്ഹി നമസ്കരിപ്പിച്ചു. രാവിലെ ഓഫീസ് സംബന്ധമായ കത്തുകളും റിപ്പോർട്ടുകളും പരിശോധിച്ചു. മാർഗനിർദേശങ്ങൾ നല്കി.

02.00 മണിക്ക് ഹുദൂർ ളുഹർ-അസ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു.

**ജർമൻ രാഷ്ട്രീയ പ്രവർത്തകൻ**

**ഡോക്ടർ ജിസി ഹുദൂറിനെ കാണുന്നു**

വൈകുന്നേരം 04.30-ന് ഹുദൂർ ഓഫീസിലെത്തി. ഇടതുപക്ഷ പാർട്ടിയുടെ പാർലമെന്റ് ലീഡർ ഡോക്ടർ ജിസി ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ എത്തിയിരുന്നു.

ഹുദൂർ: താങ്കളെ കാണാൻ കഴിഞ്ഞതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.

ഡോക്ടർ ജിസി: എനിക്കും അതിയായ സന്തോഷമുണ്ട്. വർത്തമാനകാല അവസ്ഥയിൽ ഞാൻ വളരെ അസ്വസ്ഥനാണ്. എന്നാൽ, ഞാൻ നിരാശനല്ല. ശീതയുദ്ധം അവസാനിച്ചപ്പോൾ ഒരു ലോകക്രമം ഉണ്ടായിരുന്നു. എന്നാലിപ്പോൾ ഒരു ലോകക്രമവുമില്ല. ഓരോ ഭാഗത്തും അഴിഞ്ഞാട്ടമാണ്. മുസ്ലിം രാഷ്ട്രങ്ങൾക്കും പടിഞ്ഞാറൻ രാജ്യങ്ങൾക്കും ഇടയിൽ അപകടകരമായ നിലയിൽ നാഗരികതയുടെ ഒരു ഏറ്റുമുട്ടൽ തുടങ്ങിയിട്ടുണ്ട്. മിഡിൽ ഈസ്റ്റിൽ ശക്തിനേടുന്നതിനും ഭരണകൂടത്തിനും വേണ്ടി യുദ്ധം തുടരുന്നു. ജർമനിയിലും മുസ്ലിമീങ്ങൾക്കെതിരിൽ ഒരു ഭീതി നിലനില്ക്കുന്നു. ബെർലിനിൽ മസ്ജിദ് നിർമാണം നടക്കേണ്ടിയിരുന്നപ്പോൾ ഒരു ജർമൻ വിഭാഗത്തിൽ നിന്ന് ബഹളമുണ്ടായി, എതിർപ്പുണ്ടായി. അവിടുത്തെ മേയർ നമ്മുടെ പാർട്ടിയുമായി ബന്ധമുള്ള വ്യക്തിയായിരുന്നു എന്നത് ഭാഗ്യമായി. ഈ എതിർപ്പ് നിലനിന്നെങ്കിലും അദ്ദേഹം തന്റെ കാര്യത്തിൽ ഉറച്ചു നിന്നു. ഇപ്പോൽ അവിടെ മസ്ജിദുണ്ട്. ഓരോ കാര്യവും സാധാരണ നിലയിലാണ്. അന്തരീക്ഷം ശാന്തനിർഭരമാണ്. നിലനിന്നിരുന്ന ഭയം അകാരണമായിരുന്നുവെന്ന് ഇപ്പോൾ ജനങ്ങൾക്ക് മനസ്സിലായി വരുന്നു.

ജർമനിയിൽ കാണപ്പെടുന്ന ഒരു കാര്യം കൂടി ഉണ്ട്. മുസ്ലിമീങ്ങൾ എണ്ണത്തിൽ കൂടുതലുള്ള സ്ഥലങ്ങളിൽ വലതുപക്ഷ പാർട്ടികൾക്ക് വോട്ട് നല്കപ്പെടാറില്ല. മുസ്ലിമീങ്ങൾ കുറവുള്ള പ്രദേശങ്ങളിൽ വലതുപക്ഷ പാർട്ടികൾക്ക് കൂടുതൽ വോട്ട് ലഭിക്കുന്നു. മുന്നിൽ വന്നു കൊണ്ടിരിക്കുന്ന ഈയൊരു ഭയം വളരെ അപകടകരമാണ്. കൂടാതെ മീഡിയയും ഈ സാഹചര്യത്തിൽ അവരുടെ പങ്ക് നിർവഹിക്കുന്നു. മിഡിൽ ഈസ്റ്റിലെ വിവിധ രാജ്യങ്ങളായ ലബനാൻ, സിറിയ, ഇറാഖ്, ലിബിയ തുടങ്ങിയ സ്ഥലങ്ങളിൽ ഞാൻ പോയിരുന്നു. എനിക്ക് വളരെ നല്ലതായി തോന്നി. അവരുടെ അവസ്ഥ നല്ലതായിരുന്നു.

ലോകത്തിന്റെ നിലവിലുള്ള അവസ്ഥയെ കുറിച്ചുള്ള ഹുദൂറിന്റെ വിചാരമെന്താണെന്ന് അറിയാൻ സാധിച്ചാൽ എനിക്കത് വളരെ സന്തോഷം നല്കുന്ന കാര്യമാണ്. ഒരു മതവുമായും ബന്ധമില്ലാത്ത ഒരു പ്രത്യേകതരം വ്യക്തിയാണ് ഞാൻ.

ഹുദൂർ: മനുഷ്യത്വത്തെ കുറിച്ച് ദൃഢവിശ്വാസമുള്ള ഒരു വ്യക്തിക്ക് ദാസന്മാരുടെ അവകാശങ്ങൾ നിർവഹിക്കാൻ സാധിക്കുന്നു. ലോകത്തിന്റെ വർത്തമാനകാല അവസ്ഥയുടെ കാര്യം പറഞ്ഞാൽ ശീത യുദ്ധം അവസാനിച്ചതിനുശേഷം ഒരു കാലംവരെ ലോകത്ത് സമാധാനമുണ്ടായിരുന്നു. പിന്നീട് 1991-ൽ ഇറാഖിൽ യുദ്ധം തുടങ്ങി. കുവൈറ്റിന്റേമേൽ കടന്നുകയറ്റം നടത്തി. അതിന്റെ ഫലമായി ഇറാഖിന്റെ മേൽ അമേരിക്ക ആക്രമണം നടത്തി. ഈ യുദ്ധത്തിൽ അമേരിക്കക്ക് വലിയൊരു പങ്കുണ്ടായിരുന്നു. എല്ലാവരുടേയും മുമ്പിലുള്ളതുപോലെ ലോകസമാധാനത്തിന് ഇപ്രകാരം കോട്ടം സംഭവിച്ചു. യൂറോപ്പിലും ജർമനിയിലും ഒരു കാലഘട്ടംവരെ എല്ലാം നല്ല സാഹചര്യമായിരുന്നു. ഇവിടെ ചെറിയ ചെറിയ പാർട്ടികൾ മുസ്ലിമീങ്ങൾക്കെതിരിൽ ഉയർന്നു വന്നിരുന്നു. എന്നാൽ, അവർക്ക് വലിയ പങ്കൊന്നുമുണ്ടായിരുന്നില്ല. പിന്നീട് 2008ൽ സാമ്പത്തിക പ്രശ്നം വന്നു. സാഹചര്യങ്ങൾ തികച്ചും മോശമായി. മറ്റുള്ളവരുടെ സമ്പത്ത് വ്യവസ്ഥിതി എങ്ങനെ പിടിക്കാം എന്നതിലേക്ക് ഈ സാമ്പത്തിക പ്രശ്നം എല്ലാവരുടേയും ലക്ഷ്യങ്ങളെ തിരിപ്പിച്ചു. പിന്നീട് സാമ്പത്തിക പ്രശ്നങ്ങൾക്ക് ഇടയിൽ യൂറോപ്പിന്റേയും യൂറോപ്പിതരരുടേയും പ്രശ്നങ്ങൾ ഉയർന്നു വന്നു. സാഹചര്യങ്ങൾ മോശമാകുന്നതിൽ മീഡിയക്കും വലിയ പങ്കുണ്ട്. ഭീതിയുടെ അന്തരീക്ഷം തുടങ്ങാനിരുന്നതിനെ മീഡിയ വളരെയധികം കൂടുതലായി പെരുപ്പിച്ചുകാട്ടി. തന്മൂലം ഇതിന് കൂടുതൽ പ്രാധാന്യം കൈവന്നു.

(തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin